**ധനകാര്യം**

## 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം.
ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും
ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാംനമ്പർ ധനാഭ്യർത്ഥനയുടേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാംനമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2024-25 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2024-25 | | | | |
|---|---|---|---|---|---|---|
| | | 15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം. | 7986,13,23,000 | 148,21,34,000 | 16050,52,47,000 | 296,42,68,000 | 16346,95,15,000 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 350,25,35,000 | 63,00,01,000 | 700,50,73,000 | 126,00,01,000 | 826,50,74,000 |
| XXIX | കൃഷി | 1007,68,67,000 | 126,46,16,000 | 2015,37,35,000 | 252,92,32,000 | 2268,29,67,000 |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാംനമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാംനമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: മൂന്ന് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതുമാണ്. ഇനിപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XVII

## വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉച്ചഭക്ഷണ പദ്ധതിക്ക് സമയബന്ധിതമായി ഫണ്ട് അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലബാർ മേഖലയിൽ പുതിയ പ്ലസ് ടു ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് മറ്റ് പ്രദേശങ്ങളിലെ കുട്ടികൾ കുറഞ്ഞ ബാച്ചുകൾ മലബാറിലേക്ക് മാറ്റണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർവ്വകലാശാലകളിൽ നാലുവർഷ കോഴ്സുകൾ നടപ്പിലാക്കുമ്പോൾ അധ്യാപകരുടെ ജോലിഭാരം വർധിക്കുന്നത്

ഒഴിവാക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമന അംഗീകാരം, തസ്തിക നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളിൽ രണ്ടുവർഷമായിട്ടും തീർപ്പുകൽപ്പിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിന് പകരം, ക്ലാസുകളിൽ അധിക സീറ്റുകൾ

അനുവദിക്കുന്നതുവഴി ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂളുകളിലെ സൗജന്യ ഉച്ചഭക്ഷണ പദ്ധതിക്കുള്ള ഫണ്ടിന്റെ കുടിശ്ശികയടക്കം വിതരണം ചെയ്യുന്നതിനും ഭക്ഷ്യസാധനങ്ങളുടെ വിപണി വിലയ്ക്ക് അനുസൃതമായി നിരക്ക് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിൽ

പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭിന്നശേഷി സംവരണം സമയബന്ധിതമായി നടപ്പാക്കിക്കൊണ്ട് സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ

നിർത്തലാക്കാൻ തീരുമാനം കൈക്കൊണ്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അക്കാദമിക വർഷം ആരംഭിക്കുന്നതിനുമുമ്പ് സ്കൂളുകളിലെ കുടിവെള്ള സ്രോതസ്സുകൾ മാലിന്യമുക്തമാണെന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൗമാരക്കാരായ വിദ്യാർത്ഥികളിലെ ആത്മഹത്യാ പ്രവണത തടയുന്നതിനും മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനും പാഠ്യപദ്ധതിയിൽ

പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ഏകീകരണം നടപ്പാക്കുന്നത് സംബന്ധിച്ച് അധ്യാപകരും പൊതുസമൂഹവും ഉയർത്തിയിട്ടുള്ള ആശങ്കകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂൾ പാചക തൊഴിലാളികളുടെ വേതന കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്ലസ് വൺ അഡ്മിഷനുവേണ്ടിയുള്ള മൂന്നാം ഘട്ട അലോട്ട്മെന്റും അവസാനിച്ചപ്പോൾ മലപ്പുറം ജില്ലയടക്കമുള്ള മലബാർ മേഖലയിൽ ഇഷ്ടപ്പെട്ട സ്കൂളുകളിലേയ്ക്കോ കോഴ്സുകളിലേയ്ക്കോ അഡ്മിഷൻ ലഭിക്കാതെ ആയിരക്കണക്കിന് വിദ്യാർത്ഥികളും രക്ഷിതാക്കളും കടുത്ത ആശങ്കയിലാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്

2. ശ്രീ. ടി. വി. ഇബ്രാഹിം

3. ഡോ. എം. കെ. മുനീർ

4. ശ്രീ. കെ. പി. എ. മജീദ്

5. ശ്രീ. എൻ. ഷംസുദ്ദീൻ

6. ശ്രീ. പി. ഉബൈദുള്ള

7. ശ്രീ. സനീഷ്കുമാർ ജോസഫ്

8. ശ്രീ. സജീവ് ജോസഫ്

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

## ധനാഭ്യർത്ഥന നമ്പർ XXIV- തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും

ഡോ. എം. കെ. മുനീർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഐ.ടി. മേഖലയിലെ ചൂഷണം അവസാനിപ്പിക്കാൻ നടപടി

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രജിസ്റ്റർ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നതായുള്ള പരാതിയിന്മേൽ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിമാനയാത്രക്കൂലി അടിക്കടി വർദ്ധിപ്പിക്കുന്നതുമൂലം ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ

നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രവാസി ക്ഷേമപദ്ധതികൾ ക്രിയാത്മകമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗിഗ് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ഉടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനും നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം അടക്കമുള്ള വിവരശേഖരണം നടത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ ക്ഷേമനിധി ബോർഡുകളിൽനിന്നും നല്കിവന്നിരുന്ന പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ മുടങ്ങിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്:സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (യുവാക്കൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം:സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെ ഒഴിവാക്കിക്കൊണ്ട് യൂണിവേഴ്സിറ്റികളിലും സ്കൂളുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും താൽക്കാലിക അടിസ്ഥാനത്തിൽ സ്വന്തക്കാരെയും പാർട്ടിക്കാരെയും നിയമിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. ജെ. വിനോദ്

2. ശ്രീ. അനൂപ് ജേക്കബ്

3. ശ്രീ. ടി. വി. ഇബ്രാഹിം

4. ഡോ. എം. കെ. മുനീർ

5. ശ്രീ. കെ. പി. എ. മജീദ്

6. ശ്രീ. എൻ. ഷംസുദ്ദീൻ

7. ശ്രീ. പി. ഉബൈദുള്ള

8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. ടി. സിദ്ദിഖ്

11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

12. ശ്രീ. എം. വിൻസെന്റ്

13. ശ്രീ. സി. ആർ. മഹേഷ്

**ധനാഭ്യർത്ഥന നമ്പർ XXIX – കൃഷി**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ഡോ. എം. കെ. മുനീർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കനത്ത ചൂടിലും വരൾച്ചയിലും

സംസ്ഥാനത്തെ കർഷകർക്കുണ്ടായ നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം എന്നിവമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കർഷകരിൽനിന്നും നെല്ല് സംഭരിച്ച ഇനത്തിൽ കൊടുത്ത് തീർക്കാനുള്ള തുക നൽകുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വരൾച്ചമൂലം സംസ്ഥാനത്ത് ഈ വർഷമുണ്ടായ കൃഷിനാശത്തിലൂടെ ദുരിതത്തിലായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നെല്ല് സംഭരണത്തിൽ ക്രമക്കേടുകൾ

നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നെല്ലിന്റെ സംഭരണവില ഉൾപ്പെടെ നെൽക്കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നാളികേരത്തിന്റെ താങ്ങുവില ഉയർത്തുന്നതിനും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റബ്ബർ വിലസ്ഥിരത ഉറപ്പാക്കുന്നതിനും കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കർഷക ക്ഷേമനിധി ബോർഡിന്റെ സ്കീം അംഗീകരിച്ച് പ്രവർത്തനമാരംഭിക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (കർഷകരിൽനിന്നും നെല്ല് സംഭരിച്ചതിനുള്ള പ്രതിഫലത്തുക പി.ആർ.എസ്. ആയി നൽകി അവരുടെ പേരിലുള്ള വായ്പയാക്കി മാറ്റിയ നടപടി കർഷകരുടെ സിബിൽ സ്കോറിനെ ദോഷകരമായി ബാധിച്ചതായും അതുമൂലം അവർക്ക് കാർഷിക വായ്പകൾ എടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാര വിതരണത്തിന് സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റബ്ബർ കർഷകർ നേരിടുന്നതായി

പറയപ്പെടുന്ന പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിക്കുക വഴി പച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യ കർഷകർക്ക് പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വിലയും കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരവും അവകാശമാക്കി മാറ്റുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറി ഉല്പന്നങ്ങൾ കോഴിക്കോട് വിമാനത്താവളം വഴി കയറ്റുമതി ചെയ്യുന്നതിന് പ്രത്യേക പദ്ധതികളും നടപടികളും ആവിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. ഡോ. എം. കെ. മുനീർ
3. ശ്രീ. കെ. പി. എ. മജീദ്
4. ശ്രീ. എം. ഷംസുദ്ദീൻ
5. ശ്രീ. നജീബ് കാന്തപുരം
6. ശ്രീ. പി. ഉബൈദുള്ള
7. ശ്രീ. സി. ആർ. മഹേഷ്
4. ശ്രീ. ടി. ജെ. വിനോദ്

മി. സ്പീക്കർ: പൊതുചർച്ച ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സമയകൃത്യത പാലിക്കേണ്ടതാണ്.

**ചർച്ച**

ഡോ. കെ. ടി. ജലീൽ: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്നോളം അനുവർത്തിച്ചിരുന്ന രീതിയിൽനിന്ന് വ്യത്യസ്തമായി ഈ അദ്ധ്യയന വർഷംമുതൽ നാമൊരു നവപാതയിലൂടെ സഞ്ചരിക്കാൻ പോവുകയാണ്. മൂന്ന് വർഷത്തെ ഡിഗ്രി കോഴ്സ് നാലുവർഷകോഴ്സാകുന്നതോടെ ഡിഗ്രിയുടെ ഘടനയും സിലബസ്സുമെല്ലാം മാറുകയാണ്. പ്രൊഫഷണൽ കോഴ്സുകൾക്ക് മാത്രം പരിചിതമായിരുന്ന തൊഴിൽ പരിശീലനം ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേയ്ക്കുകൂടി ഒരുപക്ഷെ വ്യാപിച്ചേക്കാം. യു.ജി.സി. മുന്നോട്ടുവയ്ക്കുന്ന എല്ലാ നിർദേശങ്ങളും കോപ്പിയടിക്കേണ്ട കാര്യം സംസ്ഥാനങ്ങൾക്കില്ല. ഒരു വർഷം പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് കൊടുക്കണമെന്നാണ് യു.ജി.സി. പുതിയ ഡിഗ്രി കോഴ്സുകളെക്കുറിച്ച് പറയുന്നത്. രണ്ടാം വർഷം പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന കുട്ടികൾക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റും മൂന്നാം വർഷം ഡിഗ്രി പഠനം പൂർത്തിയാക്കി പുറത്തുപോകുന്ന കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റും നാല് വർഷം ഡിഗ്രി പഠനം പൂർത്തിയാക്കി

പുറത്തിറങ്ങുന്ന കുട്ടികൾക്ക് Honours Degree സർട്ടിഫിക്കറ്റും നൽകുമെന്നാണ് യു.ജി.സി.-യുടെ നിർദേശം. കേരളം അതിൽ രണ്ട് നിർദേശങ്ങൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. ഒന്നാം വർഷ പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകുകയെന്നുള്ളതും രണ്ട് വർഷം പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകുകയെന്നുള്ളതും കേരളം നിരാകരിച്ചിരിക്കുകയാണ്. എന്നാൽ, മൂന്നാം വർഷം പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റും നാലാം വർഷം പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് Honours Degree സർട്ടിഫിക്കറ്റും നൽകും. വിദേശ സർവ്വകലാശാലകളിൽ നാലുവർഷം Honours Degree കോഴ്സെടുക്കുന്ന കുട്ടികൾക്ക് പോസ്റ്റ് ഗ്രാജ്യുവേഷൻ ഒരു വർഷംകൊണ്ട് പൂർത്തിയാക്കാനാകും. അവിടെ എം.എസ്. (മാസ്റ്റർ ഓഫ് സയൻസ്) പോസ്റ്റ് ഗ്രാജ്യുവേഷന് ഒരു വർഷത്തെ കാലാവധി മാത്രമേയുള്ളൂ. തത്വത്തിൽ പ്ലസ് ടു കഴിഞ്ഞാൽ നാലുവർഷത്തിനുപുറമെ ഒരുവർഷം കൂടി ചേർത്ത് അഞ്ച് വർഷമെന്ന രീതിയിലാണ് പുതുതായി നിലവിൽ വന്നിരിക്കുന്ന സംവിധാനം. സമാനമായ രീതിതന്നെ കേരളത്തിലും നടപ്പിലാക്കണം. അതിനെക്കുറിച്ചുള്ള

ആലോചനകൾ സഗൗരവം മുന്നോട്ടുപോകേണ്ടതുണ്ട്. രണ്ട് വർഷത്തെ പി.ജി. കോഴ്സുകളെന്നത് ഒരു വർഷത്തെ പി.ജി. കോഴ്സെന്ന നിലയിലേയ്ക്ക് മാറേണ്ടതായി വരും. സിലബസ്സിന്റെ ഉള്ളടക്കത്തെക്കുറിച്ച് യു.ജി.സി. മുന്നോട്ടുവയ്ക്കുന്ന നിർദേശം കേരളത്തിൽ എത്രത്തോളം പ്രായോഗികമാണെന്ന കാര്യം ഗൗരവത്തോടെതന്നെ കാണേണ്ടതുണ്ട്. നാലുവർഷത്തെ ഡിഗ്രി കോഴ്സുകൾക്ക് മൂന്ന് വിഷയങ്ങൾ കുട്ടികൾ തിരഞ്ഞെടുക്കുന്നു. ഒരു വർഷം പൂർത്തിയാകുമ്പോൾ അതിൽ കുട്ടികൾക്ക് ആഭിമുഖ്യമില്ലാത്ത ഒരു വിഷയം ഒഴിവാക്കപ്പെടുന്നു അതായത്, മൈനർ വിഷയമായി മാറുന്നു. രണ്ടാം വർഷം പൂർത്തിയായാൽ കുട്ടികൾക്ക് ഇതേ രീതി അവലംബിക്കാവുന്നതാണ്, അതായത്, അവർക്ക് താല്പര്യമില്ലാത്ത രണ്ടാമത്തെ വിഷയവും ഡ്രോപ്പ് ചെയ്താൽ അതും മൈനർ വിഷയമായി മാറും. മൂന്നാം വർഷവും നാലാം വർഷവുമാണ് കുട്ടികൾ മെയിൻ സബ്ജക്ടാണ് പഠിക്കുന്നത്. നിലവിൽ ഈ രീതി IISER (Indian Institute of Science Education and Research)-ൽ മാത്രമാണ് നിലനിൽക്കുന്നത്. ഒരു കുട്ടി ഡിഗ്രിക്ക് ഫിസിക്സ്, ബയോളജി, കെമസ്ട്രി എന്നീ വിഷയങ്ങൾ പഠിക്കാനായി തിരഞ്ഞെടുത്താൽ ആദ്യവർഷം

ഈ മൂന്ന് വിഷയങ്ങളും ആ കുട്ടി ഒരുമിച്ച് പഠിക്കണം. ഒന്നാം വർഷം പൂർത്തിയാകുമ്പോൾ ഈ മൂന്നിൽനിന്ന് ഏതെങ്കിലുമൊരു സബ്ജക്ട് അവർക്ക് മൈനർ സബ്ജക്ടാക്കി മാറ്റാം. അടുത്ത വർഷം അതായത്, രണ്ടാമത്തെ വർഷം ബാക്കി രണ്ട് വിഷയങ്ങൾ മാത്രമെ പഠിക്കേണ്ടതുള്ളൂ. രണ്ടാം വർഷം പൂർത്തിയായാൽ ആ രണ്ട് വിഷയങ്ങളിലൊന്ന് ഡ്രോപ്പ് ചെയ്ത് ഒരു വിഷയം പ്രധാന വിഷയമാക്കി മാറ്റേണ്ടതായി വരും. മൂന്നാം വർഷവും നാലാം വർഷവും ഈ പ്രധാന വിഷയം മാത്രമായിരിക്കും പഠിക്കേണ്ടത്. ഇത്തരമൊരു സംവിധാനം നമ്മുടെ നാട്ടിൽ നിലവിൽ വരുമ്പോൾ ഇവിടത്തെ ഗവൺമെന്റ് കോളേജുകളിൽ, എയ്ഡഡ് കോളേജുകളിൽ അതിനുള്ള ഇൻഫ്രാസ്ട്രക്ച്ചറുകൾ ഉണ്ടോയെന്ന കാര്യം പരിശോധിക്കപ്പെടണം. കേരളത്തിലെന്ന് മാത്രമല്ല, ഇന്ത്യയിൽത്തന്നെ വളരെ പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ IISERs-ലെ പഠനസൗകര്യങ്ങൾ എങ്ങനെ ഇവിടത്തെ കോളേജുകളിൽ ഒരുക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച ഗഹനമായ ചർച്ചകളുണ്ടാകേണ്ടതായിട്ടുണ്ട്. ഇന്ത്യയിലെ സ്വാതന്ത്ര്യാനന്തര പഠന സമ്പ്രദായത്തെ പലരും വിമർശിക്കുന്നത് കണ്ടിട്ടുണ്ട്. ലോകത്തിലെ ഏത്

പ്രശസ്തമായ സ്ഥാപനങ്ങളോ കമ്പനികളോ പരിശോധിച്ചാൽ അവിടെയൊക്കെയും നമ്മുടെ പരമ്പരാഗതരീതിയിൽ പഠനം പൂർത്തീകരിച്ച നിരവധി കുട്ടികളെയും പ്രഗത്ഭരെയും കാണാൻ കഴിയും. അടിസ്ഥാനപരമായ പരിഷ്കാരങ്ങൾ കൊണ്ടുവരുമ്പോൾ അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചുകൂടി നാം ബോധവാന്മാരാകേണ്ടതുണ്ട്. ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ ആവശ്യമായ മാറ്റങ്ങൾ സിലബസ്സിൽ വരുത്തണം. പ്ലസ് ടു പഠന സൗകര്യം മലബാറിൽ പ്രത്യേകിച്ചും മലപ്പുറത്ത്, ഹയർ സെക്കന്ററി സംവിധാനം നിലവിൽ വന്ന അന്നുമുതൽ ഒരു പ്രശ്നമായി നിലനിൽക്കുകയാണ്. കഴിഞ്ഞ 8 വർഷമായി ഉയർന്നുവന്നിട്ടുള്ള പ്ലസ് ടു സീറ്റ് കുറവ് എന്ന രീതിയിലുള്ള പ്രചരണം ദുരുപദിഷ്ടമാണ്. എന്നാണോ പ്ലസ് ടു ആരംഭിച്ചത് അന്നുമുതൽ ഈ പ്രശ്നം മലബാറിലും മലപ്പുറത്തും നിലനിൽക്കുന്നുണ്ട്. പ്രീഡിഗ്രി കോളേജുകളിൽനിന്നും ഡീലിങ്ക് ചെയ്തത് ആര് ഭരിക്കുന്ന സമയത്താണ്? അന്നുമുതൽ ഈ പ്രശ്നം നിലനിൽക്കുന്നു. കേരളത്തിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം മാറിമാറി ഭരിക്കുന്ന പതിവാണ് ഇക്കാലമത്രയും നിലനിന്നിരുന്നത്. എന്നാൽ 2021-ലാണ് അതിനൊരു മാറ്റമുണ്ടായത്.

2015-16-ൽ യു.ഡി.എഫ്. ഭരണത്തിന്റെ അവസാന വർഷം മലപ്പുറത്ത് പ്ലസ് ടുവിന് പ്രവേശനം കിട്ടാതെ SCOLE-Kerala (State Council for Open and Life Long Education)-ൽ സ്വകാര്യ പഠനത്തിന് രജിസ്റ്റർ ചെയ്തിരുന്ന കുട്ടികളുടെ എണ്ണം 25000-ത്തിലധികമാണ്.

2023-24 അധ്യയന വർഷത്തിൽ മലപ്പുറത്ത് SCOLE-കേരളയിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം 12000 ആയി ചുരുങ്ങിയിരിക്കുകയാണ്. പ്രതിപക്ഷം വിമർശിക്കുന്നതിൽ തെറ്റില്ല; പക്ഷേ യാഥാർത്ഥ്യവുംകൂടി അവർ പറയണ്ടേ? 25000-ൽ നിന്നും സീറ്റ് കിട്ടാത്ത കുട്ടികളുടെ എണ്ണം 12000 ആയി കുറച്ച ബഹുമാനപ്പെട്ട മന്ത്രി വി. ശിവൻകുട്ടിയെ അഭിനന്ദിക്കുന്നതിന് പ്രതിപക്ഷം തയ്യാറാകണ്ടേ? 185 പ്ലസ് ടു സ്കൂളുകൾ മലബാറിൽ മാത്രമായി അനുവദിച്ച മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബിയെ മറക്കാൻ എങ്ങനെ മലബാറുകാർക്കും മലപ്പുറത്തുകാർക്കും സാധിക്കും? ചരിത്രത്തിലാദ്യമായിട്ടായിരുന്ന അന്നത്തെ വി. എസ്. സർക്കാരിന്റെ ഭരണകാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി ആ പ്രദേശത്ത് അത്തരത്തിൽ സ്കൂളുകൾ അനുവദിച്ചത്.

മലപ്പുറത്തെ കുട്ടികൾ പതിനൊന്നും പന്ത്രണ്ടും ക്ലാസുകളിൽ മാത്രം, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിച്ചാൽ മതിയോ? ഇവിടെ ചില ആളുകൾ പറയുന്നത് കേട്ടാൽ പതിനൊന്നും പന്ത്രണ്ടും ക്ലാസിൽ ഫീസ് കൊടുത്ത് പഠിക്കാൻ കഴിയില്ലെന്ന് തോന്നും. അൺ എയ്ഡഡ് സ്കൂളുകളിൽ സീറ്റുകൾ വർധിപ്പിക്കാനേ പാടില്ല. അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ മലപ്പുറം ജില്ലയിൽ 93000-ൽ അധികമാണ്. ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെ സൗജന്യ വിദ്യാഭ്യാസമാണ്. എന്തിന്, നമ്മുടെ കുട്ടികൾ ഫീസ് കൊടുത്ത് അൺ എയ്ഡഡ് സ്കൂളുകളിൽ പോകണം? ആ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് കൊണ്ടുവരാൻ വേണ്ടിയാണ് പൊതുവിദ്യാഭ്യാസ യജ്ഞം ഈ സർക്കാർ തുടങ്ങിയത്. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നന്നാക്കുന്നതിനും കൂടുതൽ കുട്ടികൾ വരുമെന്നുള്ള പ്രതീക്ഷയിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പണം അനുവദിക്കപ്പെട്ട ജില്ല മലപ്പുറമാണെന്ന കാര്യം മറക്കരുത്.

മലപ്പുറം ജില്ലയിലെ സി.ബി.എസ്.ഇ. സ്കൂളുകളിൽ മുപ്പതിനായിരത്തിലധികം കുട്ടികൾ പഠിക്കുന്നു. മലപ്പുറം ജില്ലയിലെ സി.ബി.എസ്.ഇ. അൺ എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ ഒന്നേകാൽ ലക്ഷം കുട്ടികളാണ് പഠിക്കുന്നത്. ഇക്കഴിഞ്ഞ അധ്യയന വർഷം പതിനായിരത്തിലധികം കുട്ടികളാണ് അൺ എയ്ഡഡ് സ്റ്റേറ്റ് സ്കൂളുകളിൽനിന്നും സി.ബി.എസ്.സി. സ്കൂളുകളിൽ നിന്നുമായി പത്താം ക്ലാസ് പാസായത്. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ഭാഷയിൽ പറഞ്ഞാൽ, ഈ പതിനായിരത്തിലധികം കുട്ടികൾ ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെ 'കേക്ക്' തിന്ന് വളർന്നവരാണ്. എന്നാൽ അവർക്ക് പതിനൊന്നും പന്ത്രണ്ടും ക്ലാസുകളിൽ കഴിക്കാൻ 'ബ്രെഡ്' മതിയെന്നാണ് അവർ പറയുന്നത്. ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെ ഫീസ് കൊടുത്ത് പഠിക്കേണ്ട വല്ല കാര്യവുമുണ്ടോ, ശ്രീ. ടി. വി. ഇബ്രാഹിം? നമ്മുടെ ജില്ലയിൽ അപ്രകാരം പഠിക്കുന്ന ഒന്നേകാൽ ലക്ഷം കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് കൊണ്ടുവരുന്നതിന് ഒരു ക്യാമ്പയിൻ നടത്താൻ ഇത്തരം സമരങ്ങൾക്ക് നേതൃത്വം നൽകുന്ന സംഘടനകൾ തയ്യാറുണ്ടോ? തയ്യാറാകില്ല; കാരണം

അവരെല്ലാം ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെയുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്നവരാണ്. ഏത് സംഘടനയ്ക്കാണ് വിദ്യാഭ്യാസ കച്ചവടം ഇല്ലാത്തത്; മുസ്ലീം ലീഗിനോട് അഫിലിയേറ്റ് ചെയ്തുനിൽക്കുന്ന, ഇന്ന് സമരത്തിന്റെ മുൻപന്തിയിലുള്ള എല്ലാ സംഘടനകൾക്കും അൺ എയ്ഡഡ് സ്കൂളുകളില്ലേ; ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെ 'കേക്ക്' തിന്നാം, എന്നാൽ പതിനൊന്നാം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും നമുക്ക് 'ബ്രെഡ്' മതി എന്നുപറയുന്നതിൽ എന്ത് ന്യായമാണുള്ളത്?

ഒന്നാം ക്ലാസുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നതിന് സൗകര്യമൊരുക്കണമെന്നതാണ് എന്റെ അഭിപ്രായം. അത് ഏതെങ്കിലും ഒന്നോരണ്ടോ ക്ലാസുകളിൽ മാത്രം പോരാ; എല്ലാ ക്ലാസുകളിലും ആ സൗകര്യം വേണം. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനാൽ ഒന്നേകാൽ ലക്ഷത്തിലധികം കുട്ടികൾ മലപ്പുറത്ത് ഫീസ് കൊടുത്ത് പഠിക്കുന്ന സാഹചര്യം ഒഴിവാക്കണം. മലപ്പുറം ജില്ലയിൽ പതിനായിരമോ പതിനയ്യായിരമോ  കുട്ടികൾക്കല്ല, പ്ലസ് വണ്ണിനും പ്ലസ് ടുവിനും ഫീസ്

കൊടുത്ത് പഠിക്കേണ്ടിവരുന്ന സാഹചര്യമുള്ളതെന്നകാര്യം ആരും മറന്നുപോകരുത്. അതിനുവേണ്ടി ഒരു ക്യാമ്പയിൽ നടത്തുന്നതിന് മുസ്ലീം ലീഗിന്റെ സുഹൃത്തുക്കൾ തയ്യാറാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

പ്ലസ് വണ്ണിനും പ്ലസ് ടുവിനും ഫീസ് കൊടുത്ത് പഠിക്കുന്നതിനെ സംബന്ധിച്ച് ഘോരഘോരം പ്രസംഗിക്കുന്ന ആരും ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെ ഫീസ് കൊടുത്ത് പഠിക്കുന്ന സംവിധാനത്തെക്കുറിച്ച് പറയുന്നില്ല. സർക്കാർ പുതുതായി  നിർമ്മിച്ച കെട്ടിടങ്ങളിലേക്ക് സൗജന്യ വിദ്യാഭ്യാസം ലഭിക്കുന്നതിനായി നമ്മുടെ കുട്ടികളെ അയച്ചുകൂടേ? ഒരു ചെറുവിരൽപോലും അതിനെതിരായി അനക്കാൻ ഇവർക്കാർക്കും ഇന്നുവരെയും കഴിഞ്ഞിട്ടില്ല.

മലബാറിന്റെയും മലപ്പുറത്തിന്റെയും പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. ഇരുപതോളം വരുന്ന ഗവൺമെന്റ് ഹൈസ്കൂളുകളെ മുഴുവനും പ്ലസ് ടു സ്കൂളുകളായി ഉയർത്തി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതോടൊപ്പം  പുതിയ ബാച്ചുകൾ മലപ്പുറം ജില്ലയിൽ അനുവദിച്ചുകൊണ്ട് കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യവും ഒരുക്കണം. ഐ.ടി.സി./-ഐ.ടി.ഐ.-യിലെ പഠനം രണ്ടുവർഷംകൊണ്ട് അവസാനിക്കുന്ന സ്ഥിതിയിൽനിന്നും മാറ്റമുണ്ടായത് ഒന്നാം പിണറായി

സർക്കാരിന്റെ കാലത്താണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി ഐ.ടി.ഐ.-യിൽ പഠിച്ച ഒരു കുട്ടിക്ക് രണ്ട് വർഷത്തെ ഐ.ടി.ഐ. പഠനം കഴിഞ്ഞാൽ പോളിടെക്നിക്കിൽ ലാറ്ററൽ എൻട്രിയിൽ ഡിപ്ലോമയ്ക്ക് ചേരാനുള്ള സാഹചര്യമൊരുക്കിയ സർക്കാരാണിത്. ഡിപ്ലോമയ്ക്കുശേഷം അവർക്ക് ലാറ്ററൽ എൻട്രിയിലൂടെ എഞ്ചിനീയറിംഗിന് ചേരാൻ സാധിക്കും. മുസ്ലീം ലീഗിന്റെ കൈയിൽ എല്ലാ അധികാരങ്ങളും ഉണ്ടായിരുന്ന കാലത്ത് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ തടസ്സം നിന്നതും സ്കൂളുകൾ മലബാറിലും മലപ്പുറത്തും മാത്രമായി കൊടുക്കരുതെന്ന് പറഞ്ഞതും കോൺഗ്രസ് നേതാക്കന്മാരാണ്. അഞ്ചാം മന്ത്രി സ്ഥാനം ലീഗിന് നൽകിയപ്പോൾ അത് വലിയ പ്രശ്നങ്ങളുണ്ടാക്കുമെന്നും സാമുദായിക സന്തുലിതത്വം നഷ്ടപ്പെടുത്തുമെന്നും പറഞ്ഞത് ഇടതുപക്ഷമല്ല. സ്വന്തം കഴിവുകേട് മറച്ചുവയ്ക്കാൻ മറ്റുള്ളവരെ പഴി ചാരുന്നത് എന്തിനുവേണ്ടിയാണ്? ഇപ്പോൾ നടന്നാൽ നടന്നു; ഇനിയൊരിക്കലും നടക്കില്ലെന്ന് ലീഗിന് അറിയാം. നിങ്ങൾക്കൊരിക്കലും നടത്താൻ സാധിക്കാത്തത് ഇടതുപക്ഷത്തിനേ കഴിയൂവെന്ന ഉത്തമബോധ്യമുള്ളതുകൊണ്ടാണ് ഇടതുപക്ഷം ഭരിക്കുമ്പോൾ നിങ്ങൾ

സമരാഭാസവുമായി രംഗത്തുവരുന്നത്. 2015-ലും 2016-ലും 25000 കുട്ടികൾ മലപ്പുറം ജില്ലയിൽ പ്ലസ് വണ്ണിനും പ്ലസ് ടുവിനും SCOLE-കേരളയിൽ രജിസ്റ്റർ ചെയ്തപ്പോൾ ഈ സമരം നടത്തിയവർ എവിടെയായിരുന്നു?

വിശുദ്ധ ഖുറാനിൽ വിഖ്യാതമായ ഒരു വചനമുണ്ട് -

"ലിമ തഖൂലൂന മാലാ തഫ്അലൂൻ കബുറ മഖ്തൻ ഇന്തല്ലാഹ്!"

"നിങ്ങൾ ചെയ്യാത്തതാണോ നിങ്ങൾ മറ്റുള്ളവരോട് കല്പിക്കുന്നതും പറയുന്നതും; അതിനേക്കാൾ വലിയ പാപം മറ്റൊന്നില്ല." അതാണ് എനിക്ക് എന്റെ സുഹൃത്ത് ശ്രീ. ടി. വി. ഇബ്രാഹിമിനെ ഓർമ്മിപ്പിക്കാനുള്ളത്.

ശ്രീ. മാണി സി. കാപ്പൻ: സർ, കേരള സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2024-25 സാമ്പത്തിക വർഷം അവതരിപ്പിച്ച തീർത്തും നിരാശാജനകമായ ബഡ്ജറ്റിനെയും അതിന്റെ അടിസ്ഥാനത്തിൽവന്ന ധനാഭ്യർത്ഥനയെയും ഞാൻ ശക്തമായി എതിർക്കുകയാണ്.

ഈ സർക്കാരിന്റെ ഓരോ ബഡ്ജറ്റ് കഴിയുമ്പോഴും കർഷക ആത്മഹത്യയുടെ എണ്ണം കൂടിവരുന്നു. ഈ അടിസ്ഥാനപ്രശ്നം

പരിഹരിക്കുന്നതിന് എന്ത് നിർദേശമാണ് ഈ ബഡ്ജറ്റിലുള്ളത്? റബ്ബർ കർഷകർക്ക് 250 രൂപ അടിസ്ഥാന വില കൊടുക്കുമെന്ന മോഹനസുന്ദര വാഗ്ദാനം നൽകി അധികാരത്തിലെത്തിയവർ ബഡ്ജറ്റിൽ കേവലം 10 രൂപ മാത്രം വർധിപ്പിച്ച് റബ്ബർ കർഷകരെ പരസ്യമായി അവഹേളിക്കുകയാണ് ചെയ്തിട്ടുള്ളത്. നെല്ലിന്റെ താങ്ങുവില കേന്ദ്രസർക്കാർ വർധിപ്പിക്കുന്നതിന് ആനുപാതികമായി വർധിപ്പിക്കാൻ കഴിയാത്ത സർക്കാരാണ് ഭക്ഷ്യരംഗത്തെ സ്വയംപര്യാപ്തതയെപ്പറ്റി പറയുന്നത്.

ഭക്ഷ്യവിളകൾ വ്യാപകമായി കൃഷി ചെയ്യുന്ന സ്ഥലമാണ് കോട്ടയം ജില്ലയിലെ പാലാ. സീസണിൽ മാത്രം ലഭ്യമാകുകയും വളരെപ്പെട്ടെന്ന് കേടാകുകയും ചെയ്യുന്ന ധാന്യങ്ങൾ, കിഴങ്ങുവർഗങ്ങൾ, സുഗന്ധവിളകൾ, പഴവർഗങ്ങൾ, പച്ചക്കറികൾ, തോട്ടവിളകൾ എന്നിവ വ്യാപകമായി ഇവിടെ കൃഷി ചെയ്തുവരുന്നു. ഈ അവസ്ഥ പരിഹരിക്കുന്നതിന് പാലാ കേന്ദ്രമാക്കി ഭക്ഷ്യവിളകൾ സംഭരിച്ച് മൂല്യവർധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്ന ഒരു കോൾഡ് സ്റ്റോറേജും ഫുഡ് പാർക്കും സ്ഥാപിക്കുകയാണെങ്കിൽ അതിലൂടെ

ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും എല്ലാ സീസണിലും ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും നിരവധി ആളുകൾക്ക് തൊഴിലവസരം നൽകുന്നതിനും സാധിക്കും. ലോകബാങ്കിന്റെ സഹായത്തോടെ കേരളസർക്കാർ 1400 കോടിരൂപ മുടക്കി 'കേരള അഗ്രോ ബിസിനസ്സ് കമ്പനി' രൂപീകരിച്ച് സർക്കാർ-സ്വകാര്യ സംയുക്ത സംരംഭമായ കേരള അഗ്രോ ബ്രാൻഡിൽ കൃഷി-മൃഗസംരക്ഷണ-ക്ഷീര വകുപ്പുകളുടെ നേതൃത്വത്തിൽ Value Added Agriculture Mission (VAAM) ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും പിന്നീട് അതുസംബന്ധിച്ച് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഗവൺമെന്റ് ഉടമസ്ഥതയിൽ യാതൊരു വ്യവസായ സ്ഥാപനങ്ങളും സംരംഭങ്ങളുമില്ലാത്ത പാലായിൽ ഭക്ഷ്യവിളകളുടെ സംഭരണ-സംസ്കരണ ശാലയും ഫുഡ് പാർക്കും സ്ഥാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പ്രകടന പത്രികയിൽ ക്ഷേമ പെൻഷനുകളുടെ തുക പ്രതിമാസം 2500 രൂപയായി വർധിപ്പിക്കുമെന്ന് വാഗ്ദാനം നൽകി അധികാരത്തിലേറിയവർ പെൻഷൻ കാലാനുസൃതമായി വർധിപ്പിച്ചില്ലെന്ന് മാത്രമല്ല; ഇപ്പോൾ ആറ് മാസത്തിലധികം കുടിശ്ശികയുമാണ്. സർക്കാർ കോടതിയിൽ സമർപ്പിച്ച

സത്യവാങ്മൂലത്തിൽ ഇത് പൗരന്റെ അവകാശമല്ലെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഒരു ഇടതുപക്ഷ സർക്കാരിന് എങ്ങനെയാണ് ഇത്തരത്തിൽ സത്യവാങ്മൂലം നൽകാൻ സാധിക്കുന്നത്? കുടിശ്ശിക നൽകുന്നതിനുള്ള ഒരു മാർഗവും ബഡ്ജറ്റിൽ പറയുന്നില്ല. ബഡ്ജറ്റിലെ 'പ്ലാൻ ബി' എന്തെന്ന് ധനകാര്യവകുപ്പ് വ്യക്തമാക്കിയിട്ടില്ലെങ്കിലും ഇടുക്കിയിലെ മറിയക്കുട്ടി അത് പ്രാവർത്തികമാക്കിയിരിക്കുന്നു. ഈ മാതൃക കേരളത്തിലെ മുഴുവൻ ജനങ്ങളും പിന്തുടരണമെന്നാണോ സർക്കാർ ആഗ്രഹിക്കുന്നതെന്ന ചോദ്യം ബഡ്ജറ്റിലൂടെ കണ്ണോടിക്കുമ്പോൾ ഒരു സാധാരണക്കാരന്റെ മനസ്സിൽ ഉണ്ടാകുന്നു. മികച്ച വിദ്യാഭ്യാസവും തൊഴിലും തേടി യുവജനങ്ങൾ വിദേശങ്ങളിലേക്ക് കൂട്ടപലായനം നടത്തുകയാണ്. വിദ്യാഭ്യാസത്തിനായി ഫീസിനത്തിലും മറ്റ് ചെലവിനങ്ങളിലുമായി ലക്ഷക്കണക്കിന് രൂപ മുടക്കിയാണ് ഓരോ കുട്ടിയുടെയും മാതാപിതാക്കൾ അവരെ വിദേശങ്ങളിലേയ്ക്ക് അയയ്ക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഒരേസമയം മസ്തിഷ്കശോഷണവും ധനശോഷണവും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് എത്രനാൾ കണ്ടില്ലെന്ന് നടിക്കാനാകും; അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ജനിച്ച

മണ്ണിൽ നിലനിർത്താൻ എന്തുപദ്ധതിയാണ് ഈ സർക്കാരിനുള്ളത്? എന്റെ നിയോജകമണ്ഡലത്തിൽ പാലാ സെന്റ് ജോസഫ് എഞ്ചിനീയറിംഗ് കോളേജും പാലാ സെന്റ് ജോസഫ് കാറ്ററിംഗ് കോളേജുമുണ്ട്. അവർ അവിടെയൊരു ലോ കോളേജിനുവേണ്ടിയുള്ള അപേക്ഷ നൽകിയിരുന്നു. ഇവിടത്തെ വിദ്യാർഥി/ വിദ്യാർഥിനികൾ പൂനെയിലും ബോംബെയിലും ഡൽഹിയിലും മറ്റും പോയാണ് ലോ പഠിക്കുന്നത്. എന്തുകൊണ്ട് പാലായിൽ ഒരു ലോ കോളേജ് അനുവദിച്ചുകൂടാ? ബി.എസ്.സി. നേഴ്സിംഗിന്റെ അഡ്മിഷനുവേണ്ടി കുട്ടികൾ നെട്ടോട്ടം ഓടുകയും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുകയുമാണ്. പത്ത് ശതമാനം ബി.എസ്.സി. നേഴ്സിംഗ് സീറ്റുകൾ വർധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകാൻ മാർഗമില്ല. ഇതുമായി ബന്ധപ്പെട്ട് പ്രധാന അധ്യാപകർക്കുണ്ടായിട്ടുള്ള സാമ്പത്തിക ബാധ്യതമൂലം ആ സ്ഥാനം ഏറ്റെടുക്കാൻ ആരും തയ്യാറാകാത്ത അവസ്ഥയാണുള്ളത്. ഭാവിതലമുറയോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരിന് ഇത് ഭൂഷണമാണോ; ഇത് വിദ്യാഭ്യാസരംഗത്തെ മേന്മക്കുറവിന്റെയും തകർച്ചയുടെയും ഉത്തമ ഉദാഹരണങ്ങളല്ലേ? സാമ്പത്തിക

പുരോഗതിയുണ്ടെങ്കിൽ ഏത് സംസ്ഥാനത്തിനും വികസനമുണ്ടാക്കാൻ സാധിക്കും. കൃത്യമായ നികുതി പിരിവിലൂടെ മാത്രമേ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ സാധാരണക്കാരനെ ഞെക്കിപ്പിഴിയുന്ന സർക്കാർ, സർക്കാരിന്റെ ധൂർത്ത് പദ്ധതികളിലൂടെ വൻകിട നികുതിദായകരെ സ്പോൺസർമാരാക്കി നികുതി പിരിവിൽ പൂർണ്ണ പരാജയമെന്ന് തെളിയിച്ചിരിക്കുകയാണ്. മദ്യത്തിന് വില കൂട്ടിയും ദിവസംപ്രതി അച്ചടിക്കുന്ന ലോട്ടറികളുടെ എണ്ണം വർധിപ്പിച്ചും നാടുനീളെ എ.ഐ. ക്യാമറകൾ സ്ഥാപിച്ചും പെട്രോളിയം ഉല്പന്നങ്ങൾക്ക് സെസ് ഏർപ്പെടുത്തിയും സമസ്ത മേഖലകളിലും നികുതികൾ വർധിപ്പിച്ചിട്ടും സർക്കാരിന്റെ ധൂർത്തും കെടുകാര്യസ്ഥതയും വർധിച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുമ്പോൾ കേന്ദ്ര അവഗണന എന്ന പല്ലവി പാടാനാണെങ്കിൽ എന്തിനാണ് ഇങ്ങനെയൊരു ബഡ്ജറ്റ്? കടത്തിൽനിന്നും കടത്തിലേക്ക് കൂപ്പുകുത്തുന്ന ബഡ്ജറ്റിലെ പദ്ധതികളൊക്കെ നടപ്പാക്കാൻ എവിടെ നിന്നാണ് പണം കണ്ടെത്തുന്നതെന്ന ചോദ്യം അതീവ ഗൗരവമുള്ളതാണ്. കടം വാങ്ങി കൃഷിയോ, വ്യവസായമോ, കച്ചവടമോ,

നടത്തി അതിൽനിന്നുള്ള ആദായംകൊണ്ട് കടം തിരിച്ചടച്ച് ആസ്തികൾ വർധിപ്പിക്കുന്നത് നാട്ടിലെ സാധാരണക്കാർ ചെയ്യുന്ന കാര്യമാണ്; അത് നാട്ടുനടപ്പുമാണ്. എന്നാൽ കടം വാങ്ങി ധൂർത്തടിച്ച് പൗരപ്രമുഖകർക്ക് വിരുന്നൊരുക്കുന്ന ഒരു സർക്കാരിന് വികസനത്തെപ്പറ്റി പറയാൻപോലും അർഹതയില്ല. പ്രഖ്യാപനങ്ങൾ ഒരു വഴിക്കും, നടപ്പാക്കൽ വേറൊരു വഴിക്കും പോകുന്നത് എക്കാലവും നമ്മൾ കണ്ടുവരുന്നതാണ്. മുൻ ബഡ്ജറ്റ് പദ്ധതികൾ എത്രകണ്ട് മുന്നേറിയെന്നും എത്ര പാഴായിയെന്നുമുള്ള അവലോകനവും ആത്മപരിശോധനയും നല്ലതാണ്. മുൻകാല കായികതാരമെന്ന നിലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുവേണ്ടി കളിക്കുകയും യൂണിവേഴ്സിറ്റി ക്യാപ്റ്റനാകുകയും ഈ സ്റ്റേറ്റിനുവേണ്ടി മൂന്നുവർഷം കളിക്കുകയും കെ.എസ്.ഇ.ബി.-യിൽ സേവനമനുഷ്ഠിക്കേ, ഒന്നരവർഷം വോളിബോൾ പ്ലേയറായിരിക്കുകയും ചെയ്ത എനിക്ക് 1975 മുതൽ 1990 വരെയുള്ള കാലഘട്ടം സ്പോർട്സിന്റെ പുഷ്കലകാലമായിരുന്നു. ആ കാലഘട്ടത്തിൽ മുഖ്യമന്ത്രിമാരായിരുന്ന സി. അച്യുതമേനോനും കെ. കരുണാകരനും പി.കെ. വാസുദേവൻ നായർക്കും ഇ. കെ. നായനാർക്കുമൊക്കെ സ്പോർട്സിനോട്

താല്പര്യമുണ്ടായിരുന്നു. അന്ന് സ്പോർട്സ് ക്വാട്ടയുണ്ടായിരുന്നു; എന്തുകൊണ്ട് അത് തിരിച്ചുകൊണ്ടുവന്നുകൂടാ? അതുകൊണ്ട് ഈ കാലഘട്ടത്തിന്റെ പ്രതിസന്ധികളെ കരുത്തോടെ നേരിട്ട് കൂടുതൽ ശക്തമായി മുന്നേറാനുള്ള നിർദേശങ്ങളൊന്നുമില്ലാത്ത പൊള്ളയായ പ്രഖ്യാപനങ്ങൾ മാത്രം ആവർത്തിച്ചിട്ടുള്ള ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുകയാണ്. രാജ്യം കണ്ട ഏറ്റവും വലിയ തട്ടിപ്പ്, ബി.ജെ.പി. സർക്കാരിന്റെ നേതൃത്വത്തിൽ പരീക്ഷയുമായി ബന്ധപ്പെട്ടുനടത്തിയ കുംഭകോണത്തെ ആദ്യം ഞാൻ അപലപിക്കുകയാണ്. ബി.ജെ.പി.-യുടെ പോളിസിയായ 'വൺ നേഷൻ വൺ ടാക്സ്', 'വൺ നേഷൻ വൺ ഇലക്ഷൻ', 'വൺ നേഷൻ വൺ ലാംഗ്വേജ്', 'വൺ നേഷൻ വൺ കൾച്ചർ' എന്ന പോളിസിയുടെ ഭാഗമായിത്തന്നെയാണ് 'വൺ നേഷൻ വൺ ടെസ്റ്റ്' എന്ന രീതിയിൽ എല്ലാ ടെസ്റ്റുകളും ഒന്നിച്ച് ഒരു ഏജൻസിക്ക് നൽകിക്കൊണ്ട് നാഷണൽ ടെസ്റ്റിംഗ് ഏജൻസിയെ (NTA) ചുമതലപ്പെടുത്തി രാജ്യവ്യാപകമായി പരീക്ഷ നടത്താൻ തീരുമാനിച്ചത്. ബി.ജെ.പി.-യുടെ ആ

പോളിസിയിലെ പൊള്ളത്തരങ്ങൾ, അതിന്റെ പിന്നിലുള്ള യഥാർഥ താല്പര്യമെന്താണെന്ന് വിളിച്ചോതുന്നതായിരുന്നു. രാജ്യം കണ്ട ചരിത്രത്തിലെ ഏറ്റവും വലിയ കുംഭകോണത്തിനാണ് നമ്മളെല്ലാം സാക്ഷിയായത്. മത്സര പരീക്ഷകളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തിക്കൊണ്ട് അഭ്യസ്തവിദ്യരായ ഈ നാട്ടിലെ യുവജനങ്ങളുടെ ഭാവിയുടെ ആരാച്ചാർമാരായാണ് NTA മാറിയത്. തിരഞ്ഞെടുപ്പ് ദിവസംതന്നെ നീറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിക്കാൻ കാണിച്ച തിടുക്കം ഈ അഴിമതി നടന്നത് ബോധപൂർവ്വമാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ബി.ജെ.പി. സർക്കാർ ഈ തിരഞ്ഞെടുപ്പിനെ നേരിടുമ്പോൾ, അതിന് ഫണ്ടുണ്ടാക്കാനുള്ള തന്ത്രംകൂടി ഇതിന്റെ പിന്നിലുണ്ടായിരുന്നോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതൊരു ഓർഗനൈസ്ഡ് ക്രൈമും കറപ്ഷനുമാണ്. അതുകൊണ്ട് കേന്ദ്രമന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാൻ രാജിവയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 5000 രൂപ മുതൽ 50 ലക്ഷം രൂപവരെ വാങ്ങി ഡാർക്ക് നെറ്റിൽ ചോദ്യ പേപ്പറുകൾ വിതരണം ചെയ്തുകൊണ്ടാണ് ഇവർ പരീക്ഷ നടത്തിയത്. ഏറ്റവും വലിയ മാനസിക പ്രശ്നങ്ങളാണ് അതുസംബന്ധിച്ച് വിദ്യാർഥികൾക്കും

ഉദ്യോഗാർഥികൾക്കും ഉണ്ടായിട്ടുള്ളത്. നീറ്റ്/നെറ്റ് പരീക്ഷകളുടെ സമയം എന്നുപറഞ്ഞാൽ, പ്രായത്തിന്റെയും കരിയറിന്റെയും ഏറ്റവും പ്രധാനപ്പെട്ട ഡിസിഷൻ രൂപപ്പെടുത്തേണ്ട സമയമാണ്. വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ ഏറ്റവും വലിയ ആശങ്കയുള്ള സമയമാണത്. ആ സമയത്ത് വിദ്യാർഥികളുടെ കരിയറിനെ എത്തിപ്പിടിക്കാൻ നടത്തുന്ന പരീക്ഷ ഇത്തരത്തിൽ അഴിമതിയിലൂടെ അവരുടെ പ്രതീക്ഷകളെ ഇല്ലാതാക്കിയിരിക്കുകയാണ്. ഒരു വിദ്യാർഥിയെ സംബന്ധിച്ചിടത്തോളം പി.ജി. കഴിഞ്ഞ് കരിയർ തിരഞ്ഞെടുക്കാനുള്ള പ്രധാനഘട്ടമാണ് നെറ്റ് എക്സാം എന്ന് നമുക്കെല്ലാവർക്കുമറിയാം. ഞാനും പി.ജി. കഴിഞ്ഞ സമയത്ത് വല്ലാത്തൊരു മാനസിക സംഘർഷത്തിലൂടെയാണ് കടന്നുപോയത്. വലിയൊരു ഡിപ്രഷന്റെ സമയത്താണ് ഞാൻ നെറ്റിന്റെ പരീക്ഷ എഴുതുന്നത്. വളരെ കഷ്ടപ്പെട്ട് തയ്യാറെടുത്താണ് പരീക്ഷ എഴുതിയത്. ആ പരീക്ഷയിൽ നെറ്റ് ക്വാളിഫൈഡ് ആയാൽ അല്ലെങ്കിൽ ജെ.ആർ.എഫ്. ലഭിച്ചാൽ തുടർന്ന് പഠിക്കാൻ സാധിക്കും. ആ പ്രതീക്ഷയോടുകൂടി പരീക്ഷയെഴുതി നെറ്റും, ജെ.ആർ.എഫും. ലഭിച്ച ഒരാളാണ് ഞാൻ. അത് ലഭിച്ചപ്പോഴാണ്

അതുവരെയുണ്ടായിരുന്ന മാനസിക സംഘർഷത്തിന് അവസാനമുണ്ടായത്. ഏകദേശം 9 ലക്ഷംപേർ ഇതിലും വലിയ ആശങ്കയിലാണ്. തൊഴിലില്ലായ്മ രൂക്ഷമായ, ആ കഷ്ടപ്പാടിന്റെ സമയത്ത് പരീക്ഷ എഴുതിയ 9 ലക്ഷംപേർ റിസൽറ്റ് കാത്തിരിക്കുമ്പോഴാണ് അവർക്ക് ഇത്തരമൊരു അവസ്ഥ വന്നത്. ജോലിയില്ലാതെ, തുടർന്ന് പഠിക്കാനുള്ള ആശങ്കയിൽ നിൽക്കുന്ന വിദ്യാർത്ഥികളെയെല്ലാം വഴിയാധാരമാക്കി. 23 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളിൽ നീറ്റ് എക്സാമിന്റെ ഫീസ് ജനറൽ കാറ്റഗറിക്ക് 1700 രൂപയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ഒ.ബി.സി.-ക്കും 1600 രൂപയുമാണ്. 23 ലക്ഷത്തിലധികംവരുന്ന വിദ്യാർത്ഥികൾ പണം നൽകി എഴുതിയ ആ പരീക്ഷയിൽ വലിയ ക്രമക്കേട്, കുംഭകോണമാണ് നടന്നിരിക്കുന്നത്.

എയർ ഇന്ത്യ വിറ്റു; അതുപോലെ ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ എല്ലാം വിൽപ്പനയ്ക്കുവച്ചു. രാജ്യത്തിന്റെ പ്രതിരോധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പായ ഡിഫൻസിലെ പൊതുമേഖലാസ്ഥാപനങ്ങളടക്കം വിൽപ്പന ചരക്കാക്കിയിട്ടുള്ള ബി.ജെ.പി.

സർക്കാർ ഈ രാജ്യത്തെ യുവജനങ്ങളുടെ/വിദ്യാർഥികളുടെ പ്രതീക്ഷയായ ചോദ്യപേപ്പർപോലും തെരുവിൽ വിൽപ്പനയ്ക്ക് വച്ചുവെന്ന അപകടകരമായ സാഹചര്യത്തിലേയ്ക്കാണ് വന്നിട്ടുള്ളത്. എല്ലാം വിൽപ്പനയ്ക്കാണ് വച്ചിരിക്കുന്നത്; ഇതിൽ നമുക്ക് അത്ഭുതമൊന്നും തോന്നേണ്ട കാര്യമില്ല. ഈ രാജ്യത്തെ സംരക്ഷിക്കുന്ന സൈനികർ മരണപ്പെട്ടപ്പോൾ അവർക്കുവേണ്ടി കൊണ്ടുവന്ന ശവപ്പെട്ടിയിൽപ്പോലും കുംഭകോണം നടത്തിയവരാണ് ഇന്ന് രാജ്യത്തെ വിദ്യാർഥികളുടെ പ്രതീക്ഷകൾക്ക് ശവപ്പെട്ടി ഒരുക്കിക്കൊണ്ട് ഇത്തരത്തിലുള്ള കുംഭകോണം നടത്തിയിരിക്കുന്നത്. അതുകൊണ്ട് ഇതിനെ അപലപിക്കുകയും കേന്ദ്രമന്ത്രി മാപ്പ് പറയുക മാത്രമല്ല രാജിവയ്ക്കണം; ബി.ജെ.പി. രാജ്യത്തോട് മാപ്പ് പറയണം. ചട്ടം 130 പ്രകാരം ഇതുസംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്തതുകൊണ്ട് അതിലേയ്ക്ക് ഞാൻ കൂടുതലായി കടക്കുന്നില്ല. നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല വലിയ പരിവർത്തനത്തിന്റെ പാതയിലാണ്. കേരളത്തിലെ 8 സർവകലാശാലകളും 359 കോളേജുകളും NAAC (National Assessment and Accreditation Council) അക്രെഡിറ്റേഷൻ ലഭിച്ച സമയത്താണ് കേരള യൂണിവേഴ്സിറ്റിയും എം.ജി. യൂണിവേഴ്സിറ്റിയും എ പ്ലസ്

പ്ലസ് ഗ്രേഡും കാലിക്കറ്റ്, കൊച്ചിൻ, ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റികൾ എ പ്ലസ് ഗ്രേഡും കരസ്ഥമാക്കി ദേശീയതലത്തിൽ നമുക്ക് അഭിമാനകരമായ നേട്ടമുണ്ടാക്കിയത്. കേരളത്തിലെ 21 കോളേജുകൾ എ പ്ലസ് പ്ലസ് നേടിയിട്ടുണ്ട്. അഖിലേന്ത്യാതലത്തിൽ എ പ്ലസ് പ്ലസ് ഗ്രേഡ് കരസ്ഥമാക്കിയ 147 കോളേജുകളിൽ 21 എണ്ണവും കേരളത്തിലാണെന്നതിൽ നമുക്ക് അഭിമാനിക്കാം. അതിനുകാരണം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചിട്ടയായ പ്രവർത്തനങ്ങളാണ്. എ പ്ലസ് നേടിയ 39 കോളേജുകളും എ ഗ്രേഡ് നേടിയ 62 കോളേജുകളുമുണ്ട്. ക്വാളിറ്റി വർധിപ്പിച്ചുകൊണ്ട് വിജ്ഞാനസമൂഹമായി കെട്ടിപ്പടുക്കാനുള്ള നിരന്തരമായ പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നടക്കുകയാണ്. കേന്ദ്ര പോളിസിയുടെ ഭാഗമായിട്ടാണെങ്കിൽപ്പോലും കേരളത്തിന്റേതായ രീതിയിലാണ് 4 വർഷ ബിരുദ പഠനം ഇവിടെ നടപ്പാക്കുന്നത്; അതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ ഇവിടെ പറഞ്ഞു. എന്നാൽ മൈനർ കോഴ്സ് തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് ചെറിയൊരു ആശങ്ക നിലനിൽക്കുന്നുണ്ട്. അതായത് സബ്സിഡിയറി

അല്ലെങ്കിൽ ഓപ്ഷണൽ കോഴ്സ് തിരഞ്ഞെടുക്കുമ്പോൾ അതേ ഡിപ്പാർട്ടുമെന്റിൽനിന്നും തിരഞ്ഞെടുക്കാൻ പറ്റില്ല എന്നൊരു ഓപ്ഷനുണ്ടെന്നാണ് പലരും പറയുന്നത്. അങ്ങനെയുള്ളൊരു സാധ്യതയുണ്ടെങ്കിൽ അതേ ഡിപ്പാർട്ടുമെന്റിൽത്തന്നെ, ഇലക്ടീവ് കോഴ്സുകൾ അനുസൃതമായി വരികയാണെങ്കിൽ അത് തിരഞ്ഞെടുക്കാനുള്ള അവകാശംകൂടി നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്, അല്ലെങ്കിൽ അത് വലിയ ചർച്ചയ്ക്ക് വഴിവയ്ക്കും. സെയിം സബ്ജക്ടുമായി ബന്ധപ്പെട്ട് സെയിം ഡിപ്പാർട്ടുമെന്റ് വ്യത്യസ്തങ്ങളായ കോഴ്സുകൾ നൽകുന്നുണ്ടെങ്കിൽ അത് ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

കേന്ദ്രസർക്കാർ സ്കോളർഷിപ്പുകൾ വെട്ടികുറയ്ക്കുമ്പോൾ കേരളത്തിൽ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, മുഖ്യമന്ത്രിയുടെ പ്രതിഭാ സ്കോളർഷിപ്പ്, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ ഇപ്പോഴും നൽകുന്നുണ്ട്; ഈ വർഷവും അത് തുടരണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ വിദ്യാഭ്യാസമേഖല കച്ചവടവൽക്കരിക്കപ്പെടുകയും സ്വകാര്യവൽക്കരിക്കപ്പെടുകയും ചെയ്യുന്നൊരു കാലഘട്ടമാണിത്. നമ്മൾ

ഇതിനെ അഡ്രസ് ചെയ്യേണ്ടതുണ്ട്. കാരണം കേരളത്തിലെ വിദ്യാർഥികൾ പുറത്തുപോയി പഠിക്കുകയാണ്. 2022-23 കാലഘട്ടത്തിൽ ഇന്ത്യയിലെ നിയമസഭകൾ പാസ്സാക്കിയ ബില്ലുകളിൽ അധികവും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടതാണ്. സ്വകാര്യ സർവകലാശാലകളും വിദേശ സർവകലാശാലകളും ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ആ ബില്ലുകൾ. തമിഴ്നാട്ടിൽ മാത്രം 6 ഗ്രീൻഫീൽഡ് യൂണിവേഴ്സിറ്റികൾക്കാണ് 2022-ൽ അംഗീകാരം നൽകിയത്. 100 ഏക്കർ ഭൂമിയും 50 കോടി രൂപ നിക്ഷേപവുമുണ്ടെങ്കിൽ ആർക്കും സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയുമെന്ന രീതിയാണ് ഇന്നുള്ളത്. തമിഴ്നാട്ടിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സും ഫീസും അവർക്കുതന്നെ തീരുമാനിക്കാവുന്ന രീതിയാണുള്ളത്. അത്തരത്തിൽ 31 പുതിയ കോളേജുകൾ അവിടെ ആരംഭിച്ചു. ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഡ്, ഗോവ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള നിരവധി കോളേജുകൾക്ക് ആരംഭം കുറിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ആന്ധ്രാപ്രദേശിൽ മാത്രമാണ് മെഡിക്കൽ, ഡെന്റൽ, അലൈഡ് സബ്ജക്ടുകൾക്ക് 50 ശതമാനം സർക്കാർ ക്വാട്ട നിശ്ചയിച്ചിട്ടുള്ളത്. മറ്റ് യൂണിവേഴ്സിറ്റികളിൽ 35

ശതമാനം സർക്കാർ ക്വാട്ട നിശ്ചയിച്ചിട്ടുണ്ട്. ഗോവയിലും മറ്റ് ചില സംസ്ഥാനങ്ങളിലും സ്ഥിരം ഭൂമിയില്ലെങ്കിൽപ്പോലും ലീസിനെടുത്ത ഭൂമിയിൽ കോഴ്സ് തുടങ്ങാൻ സാധിക്കുമെന്ന രീതിയിൽ എത്തിച്ചേർന്നിട്ടുണ്ട്. തെലുങ്കാനയിലെ ബ്രൗൺഫീൽഡ് യൂണിവേഴ്സിറ്റിയുടെയും ഗ്രീൻഫീൽഡ് യൂണിവേഴ്സിറ്റിയുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടന്നിട്ടുണ്ട്. അതിൽ ഗ്രീൻഫീൽഡ് യൂണിവേഴ്സിറ്റിയിൽ റിസർവേഷനോ മറ്റൊന്നുമോ വേണ്ട, പൂർണ്ണമായും മാനേജ്മെന്റിനുതന്നെ കാര്യങ്ങൾ തീരുമാനിക്കാം. ഇതിനെതിരെ പ്രതികരിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് കേരളം മാറിയില്ലെങ്കിൽ വരുംനാളുകളിൽ നമ്മുടെ കുട്ടികൾ വലിയ ഫീസ് നൽകി പുറത്ത് പഠിക്കുന്ന രീതിയിലേക്ക് മാറും. മറ്റ് സംസ്ഥാനങ്ങൾ വിദേശ യൂണിവേഴ്സിറ്റികളുമായി ടൈ-അപ് ഉണ്ടാക്കുന്നതിന് നിരന്തരമായ പ്രവർത്തനങ്ങൾ നടത്തുകയാണ്. അതുകൊണ്ട് അതിനെ അഡ്രസ് ചെയ്യുന്ന രീതിയിൽ കേരളത്തിൽ സ്ഥാപനങ്ങൾ ആരംഭിച്ച് മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും ആളുകളെ ഇവിടേക്ക് കൊണ്ടുവരാനുള്ള

പ്രവർത്തനങ്ങൾ പ്രോ-ആക്ടീവായി ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

പാഠ്യപദ്ധതി പരിഷ്കരണം, മൂല്യനിർണയം എന്നിവയുമായി ബന്ധപ്പെട്ട നിരന്തരമായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പ് നടത്തുകയാണ്. പത്താം ക്ലാസിൽ കുട്ടികളെ മിനിമം മാർക്ക് നൽകി തോൽപ്പിക്കുന്ന രീതിയിലേക്ക് അധ്യാപകർ ചെയ്യുന്ന പ്രവർത്തനമായി അത് മാറരുതെന്നാണ് എനിക്ക് പറയാനുള്ളത്. പഠനത്തിൽ പിന്നോട്ടുനിൽക്കുന്ന കുട്ടികളെ ലേണിംഗ് ഡിസ്എബിലിറ്റിയാണോ മറ്റ് പ്രശ്നമാണോയെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ക്വാളിറ്റി വർധിപ്പിക്കാനുള്ള പ്രത്യേക പരിപാടികൾ എട്ടാം ക്ലാസ് മുതൽതന്നെ നടത്തണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. വിദ്യാർഥികളുടെ മാനസികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും കൗൺസിലർമാരെ നിയമിക്കണം. ഉപജില്ലാതലത്തിലെങ്കിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ സേവനങ്ങൾ റഫറൻസ് സർവീസിലൂടെ ആഴ്ചയിലൊരിക്കൽ ലഭിക്കുന്ന രീതിയിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഡിജിറ്റൽ

ഡീ-അഡിക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ അഡ്രസ് ചെയ്യാനുള്ള പദ്ധതികൾ നടപ്പാക്കണം. സാക്ഷരതാ മിഷൻ ലേണിംഗ് സൊസൈറ്റിയായി മാറുമ്പോൾ ലൈഫ് ലോംഗ് ലേണിംഗ് ഫെസിലിറ്റേറ്റർ അല്ലെങ്കിൽ കോ-ഓർഡിനേറ്റർ എന്ന് പ്രേരക്മാരുടെ പേര് മാറ്റുകയും തുല്യതയുടെകൂടെ കൂടുതൽ വൈവിധ്യങ്ങളായ കോഴ്സുകൾ ജനങ്ങൾക്ക് പഠിക്കാൻ കഴിയുന്ന അന്തരീക്ഷത്തിലേയ്ക്ക് മാറുകയും വേണം. പ്രേരക്മാർക്ക് നൽകുന്ന തുച്ഛമായ വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അറിയിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഈ സർക്കാരിനെതിരെ ജനവിധിവന്ന സാഹചര്യത്തിൽ ഈ സർക്കാർ കൊണ്ടുവരുന്ന ധനാഭ്യർഥനകളെ ശക്തമായി എതിർക്കുന്നു. തിരഞ്ഞെടുപ്പിൽ ജനങ്ങൾ തിരസ്കരിച്ച ഈ സർക്കാരിന്റെ ധനാഭ്യർഥനകളെ എങ്ങനെ ഞങ്ങൾ പിന്തുണയ്ക്കും?

എന്റെ നിയോജകമണ്ഡലത്തിലുണ്ടായ ഒരു കാര്യം സൂചിപ്പിക്കാം. അവിടെ കഴിഞ്ഞദിവസം ശക്തമായ മഴയെത്തുടർന്ന് വലിയൊരു

ചുഴലിക്കാറ്റുണ്ടായി. വില്ലേജ് ഓഫീസർ നൽകിയ കണക്കനുസരിച്ച് ആ ചുഴലിക്കാറ്റിൽ ചെങ്ങമനാട് പഞ്ചായത്തിലെ 9, 10 വാർഡുകളിലെ വെണ്ണിപ്പറമ്പ്, നെടുവന്നൂർ പ്രദേശങ്ങളിലെ 20 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. 2 വീടുകൾ പൂർണ്ണമായും നശിക്കുകയും 18 എണ്ണത്തിന് ഭാഗികമായ കേടുപാടുകൾ സംഭവിക്കുകയും കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമികമായ കണക്കെടുത്താൽ ഇപ്പോൾ 4 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. വാഴകൾ (കുലച്ചവാഴ, കുലയ്ക്കാത്ത വാഴ), ജാതി തുടങ്ങിയവ നശിച്ചു. നിരവധി കർഷകർ ധർമ്മസങ്കടത്തിലാണ്. അവർക്ക് അടിയന്തര സഹായം നൽകുന്നതുകൂടാതെ, അതിന്റെ കണക്കെടുത്ത് സമയബന്ധിതമായി ആ പാവപ്പെട്ടവരെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഡിസാസ്റ്ററുമായി ബന്ധപ്പെട്ട വിഷയം റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്നതിനാൽ ഈ വിഷയം ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയായ കെ. രാജന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എസ്.ഡി.ആർ.എഫ്. (State Disaster Response Force)-ൽനിന്ന് സാധാരണ കുറച്ച് പണം അനുവദിക്കുകയാണ് ചെയ്യുന്നത്. രണ്ട് വീടുകൾ പൂർണ്ണമായും

തകർന്നിട്ടുള്ളതിനാൽ ഈ നാശനഷ്ടത്തിന്റെ ഗൗരവം കണക്കിലെടുത്ത് സി.എം.ഡി.ആർ.എഫ്.-ൽനിന്നുകൂടി ഫണ്ട് അനുവദിച്ച് അവർക്ക് തക്കതായ നഷ്ടപരിഹാരം നൽകണമെന്നകാര്യം ഈ സഭയുടെയും ഗവൺമെന്റിന്റെയും മന്ത്രിമാരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

കൃഷി വകുപ്പിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ KAMCO (Kerala Agro Machinery Corporation Limited)-യുടെ അവസ്ഥ വളരെ ദയനീയമാണ്. 37 വർഷം തുടർച്ചയായി ലാഭത്തിലായിരുന്ന Kerala Agro Machinery Corporation എന്ന പൊതുമേഖലാ സ്ഥാപനം കഴിഞ്ഞ രണ്ടുവർഷമായി നഷ്ടത്തിലാണ്. KAMCO-ൽ കാർഷിക ഉപകരണങ്ങളുടെ ഉല്പാദനം കഴിഞ്ഞ രണ്ടുമാസമായി പൂർണമായും നിലച്ചിരിക്കുകയാണ്. ഉല്പാദനം എത്രയുംവേഗം പുനഃരാരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. കാരണം ഇവിടെനിന്നാണ് മറ്റുള്ള സംസ്ഥാനങ്ങളിലേയ്ക്ക് ട്രാക്ടർ ഉൾപ്പെടെയുള്ള മെഷീനുകൾ കയറ്റി അയയ്ക്കുന്നത്. കഴിഞ്ഞ 8 വർഷമായി KAMCO തൊഴിലാളികൾക്ക് ശമ്പള വർധനവുണ്ടായിട്ടില്ലെന്നുമാത്രമല്ല, ഉണ്ടായിരുന്ന പല ആനുകൂല്യങ്ങളും നിർത്തലാക്കുകയും ചെയ്തു. 2020 ജൂലൈ 1 മുതലുള്ള

ദീർഘകാല കരാറിന്റെ 4 വർഷക്കാലാവധി കഴിയാൻ ദിവസങ്ങൾ മാത്രമേയുള്ളൂ. ചർച്ചയ്ക്കുള്ള ഗ്രേഡ് ലൈസൻസുപോലും ഈ സർക്കാർ കൊടുത്തിട്ടില്ല. ഈ സ്ഥാപനം കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥയിലേയ്ക്ക് ഒരുകാരണവശാലും പോകാൻ പാടില്ല. കെടുകാര്യസ്ഥതയും ഒരു സ്ഥിരം എം.ഡി. ഇല്ലാത്തതും KAMCO-യുടെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിനായി സർക്കാർ അടിയന്തരമായി ഇടപെടണം. രണ്ടുവർഷമായി KAMCO 45 കോടി രൂപയോളം കടമെടുത്തിട്ടുണ്ട്. 1984 മുതൽ 2022 വരെ 37 വർഷം ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനമായിരുന്നു KAMCO. ഈ സ്ഥാപനം കോടിക്കണക്കിന് രൂപയാണ് ലാഭവിഹിതമായി സർക്കാരിന് കൈമാറിയിട്ടുള്ളത്. ആയതിനാൽ ഈ പ്രതിസന്ധി ഘട്ടത്തിൽ KAMCO-യ്ക്ക് കുറഞ്ഞത് 30 കോടി രൂപയോളം പ്രവർത്തന മൂലധനമായി സർക്കാർ നൽകണം. അവിടെ ജനാധിപത്യ രീതിയിൽ പ്രതിക്ഷേധിച്ച തൊഴിലാളികൾക്ക് മാനേജ്മെന്റ് നോട്ടീസ് നൽകുകയാണ് ചെയ്തിരിക്കുന്നത്. അത്ര വലിയ അസഹിഷ്ണുതയാണ് മാനേജ്മെന്റ് സമരത്തോട് കാണിക്കുന്നത്. അവിടത്തെ തൊഴിലാളി നേതാവ്

മുൻ എം.എൽ.എ. ശ്രീ. പി. ജെ. ജോയ് ഈ വിഷയം പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. KAMCO-യുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നത് വെസ്റ്റ് ബംഗാൾ, ത്രിപുര, തമിഴ്നാട്, അസം എന്നീ സംസ്ഥാനങ്ങളിലാണ്. KAMCO ഉൽപാദിപ്പിക്കുന്ന ഉപകരണങ്ങൾ വിറ്റഴിക്കുന്നതിന് ഈ വർഷത്തെ സബ്സിഡി ഓപ്പണാക്കാത്തത് ഒരു പ്രധാന പ്രശ്നമാണ്. അതുകൊണ്ട് സർക്കാരും ബഹുമാനപ്പെട്ട മന്ത്രിയും താൽപ്പര്യമെടുത്ത് ഇതിനൊരു പരിഹാരം കാണണമെന്നാണ് ഇത്തരുണത്തിൽ ഓർമ്മപ്പെടുത്താനുള്ളത്. താങ്ങുവില വർദ്ധനവിന്റെ ഗുണഫലം നെൽകർഷകർക്ക് നൽകാൻ സർക്കാർ തയ്യാറാകണം. കർഷക വിരുദ്ധ സമീപനം അവസാനിപ്പിച്ചുകൊണ്ട് കേന്ദ്ര വിഹിതത്തിലുണ്ടായ വർദ്ധനവിന് ആനുപാതികമായി സംസ്ഥാന വിഹിതവും വർദ്ധിപ്പിച്ച് മാന്യമായ സംഭരണവില നെൽകർഷകർക്ക് നൽകുവാൻ തയ്യാറാകണമെന്നാണ് സർക്കാരിനോടും ബഹുമാനപ്പെട്ട മന്ത്രിയോടും നെൽകർഷകർക്കുവേണ്ടി അഭ്യർത്ഥിക്കാനുള്ളത്.

പ്ലസ് ടു വിഷയത്തിൽ വലിയ ചർച്ചകൾ നടന്നു. ബഹുമാനപ്പെട്ട മന്ത്രി ഇടപെടുന്ന സാഹചര്യമുണ്ടായി. ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. ഇന്ന് രാവിലെ പറഞ്ഞ വാദം തന്നെയാണ് എനിക്കും ഉന്നയിക്കാനുള്ളത്. എറണാകുളം ജില്ലയിൽ പ്ലസ് ടുവിന് ആവശ്യത്തിന് സീറ്റുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുന്നുണ്ട്. ചിലപ്പോൾ നമ്മുടെ കുട്ടികൾക്ക് പ്ലസ് ടുവിന് സീറ്റ് ലഭിക്കുന്നത് രണ്ടും മൂന്നും ബസ് കയറി പോകേണ്ട ദൂരത്തിലുള്ള സ്കൂളുകളിലാണ്. പ്രത്യേകിച്ച് പെൺകുട്ടികളെ ഇത്രയും ദൂരത്തുള്ള സ്കൂളുകളിലേയ്ക്ക് വിടാൻ മാതാപിതാക്കൾക്ക് ഭയമുണ്ട്. ഇങ്ങനെയുള്ള പ്രതിസന്ധികളുണ്ട്. മലപ്പുറം ജില്ലയിൽ മാത്രമല്ല, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സർ പറഞ്ഞതുപോലെ ഇതുപോലെയുള്ള പ്രശ്നങ്ങൾ കേരളത്തിൽ എവിടെയൊക്കെയാണുള്ളതെന്നത് ഈ കമ്മിറ്റി പരിശോധിച്ച് പരിഹാരം കണ്ടെത്തണം. പ്ലസ് ടു സീറ്റുകൾ അനുവദിച്ചതിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ പറഞ്ഞു. യു.ഡി.എഫ്.-ന്റെ കാലത്ത് എത്രയോ സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചു. എല്ലാ പഞ്ചായത്തിലും പ്ലസ് ടു അനുവദിച്ചത് യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഉമ്മൻ ചാണ്ടി

സർക്കാരായിരുന്നു. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിച്ചത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. സർക്കാർ പ്ലസ് ടുവിന് അധിക ബാച്ച് അനുവദിച്ച സാഹചര്യത്തിൽ കെ.എസ്.യു., എം.എസ്.എഫ്., എസ്.എഫ്.ഐ. അടക്കമുള്ള പല സംഘടനകളും സമരം ചെയ്തത് ന്യായമാണെന്ന് വന്നിരിക്കുകയാണ്. വിദ്യാർത്ഥി സംഘടനകൾ നടത്തിയ സമരത്തിനെതിരെ സ്വാഭാവികമായും കേസ് എടുക്കും. അങ്ങനെ കേസ്സെടുത്ത് ജയിലിൽ വരെ പോയിട്ടുണ്ട്. അങ്ങ് വിദ്യാർത്ഥി നേതാവായി വളർന്നുവന്ന ആളല്ലേ? അങ്ങ് എസ്.എഫ്.ഐ.-യുടെ പ്രസിഡന്റുമായിരുന്നു. വലിയ മനസ്സുള്ള പ്രിയങ്കരനായ മന്ത്രി എല്ലാത്തിനും പോസിറ്റീവായ മറുപടിയാണ് ഇന്ന് രാവിലെ നൽകിയത്. അതുകൊണ്ട് അങ്ങ് ഇടപെട്ട് ഈ വിദ്യാർത്ഥി നേതാക്കന്മാർക്കെതിരെയുള്ള കേസ് പിൻവലിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ഇത്തരുണത്തിൽ എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്.

പാവപ്പെട്ട പാചകത്തൊഴിലാളികൾക്ക് എല്ലാ മാസവും കൃത്യമായി ശമ്പളം ലഭിക്കുന്നില്ല. നമ്മുടെ വിദ്യാർത്ഥികൾക്ക് സർക്കാർ നടപ്പിലാക്കുന്ന

പദ്ധതി പ്രാവർത്തികമാക്കുന്ന പാചകത്തൊഴിലാളികൾക്കാണ് ശമ്പളം ലഭിക്കാതിരിക്കുന്നത്. എറണാകുളം ജില്ലയിൽ മാത്രമല്ല, ഒട്ടുമിക്ക ജില്ലകളിലേയും പാചകത്തൊഴിലാളികൾക്ക് ശമ്പളം ലഭിക്കുന്നില്ല. അത് പരിഹരിക്കാൻ സർക്കാർ തയ്യാറാകണം. കഴിഞ്ഞ ദിവസം ശ്രീ. എ. പി. അനിൽ കുമാർ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ഈ മന്ത്രിസഭയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട ഒരു മന്ത്രിയില്ല. അത് ഒരു ഗൗരവമുള്ള വിഷയമാണ്. മുന്നോക്കക്കാരെയും പിന്നാക്കക്കാരെയും ദളിതരെയും എല്ലാവരെയും ചേർത്തുപിടിക്കുന്ന ഒരു സമീപനമാണ് ഇന്ന് കേരളത്തിലുണ്ടായിട്ടുള്ളത്. പക്ഷേ, എസ്.സി. വിഭാഗത്തിൽനിന്നും ഒരു മന്ത്രിയില്ലാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. സർക്കാർ അത് ഗൗരവമായി കാണണം. അതിനൊരു പരിഹാരം കണ്ടെത്തേണ്ടത് ഈ സർക്കാരും ഇവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷവുമാണ്. അതിന് പരിഹാരം കാണണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. മുന്തിരിയിൽനിന്ന് വീഞ്ഞും കൽക്കരിയിൽനിന്ന് തീയും വെള്ളത്തിൽനിന്ന് വെളിച്ചവും ഉണ്ടാകുന്നതുപോലെ എന്നെഴുതിയ ഫ്രഞ്ച് കവി Paul Eluard-ന്റെ വരികളിൽ വിരിയുംവണ്ണം ഈ ഭൂമിയിൽ അത്ഭുതംകൂറി പിറക്കുന്ന ഒരു ശിശുവിനെ മനുഷ്യൻ എന്ന മഹാപ്രകാശമാക്കി പരിവർത്തനം ചെയ്യുന്ന ചേതോഹരമായ പ്രക്രിയയാണ് വിദ്യാഭ്യാസം. ഈ നാടിന്റെ വിദ്യാഭ്യാസത്തെ മതനിരപേക്ഷവും പുരോഗമനാത്മകവുമായ അടിത്തറയിൽനിന്നുകൊണ്ട് വിശ്വോത്തരമാതൃകയാക്കിത്തീർക്കാൻ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന കേരളത്തിന്റെ മഹനീയ പാരമ്പര്യത്തിൽ അർത്ഥവത്തായി തുടരുന്ന ഇടതുപക്ഷ സർക്കാരിനെ ഞാൻ അഭിവാദ്യം ചെയ്യാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ പരിഷ്കരണത്തിലെ ഏറ്റവും ചരിത്രപരമായ ചുവടുവയ്പ്പ് പാഠ്യപദ്ധതി പരിഷ്കരണമാണ്. 2007-നുശേഷം ആദ്യമായുണ്ടായ പാഠ്യപദ്ധതി പരിഷ്കരണത്തിൽ ശ്രീ. വി. ശിവൻകുട്ടി എന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാലത്തിന്റെ എല്ലാ ജ്ഞാനധാരകളെയും

സന്നിവേശിപ്പിച്ചുവെന്നത് മാത്രമല്ല പ്രത്യേകത. പാഠപുസ്തകത്തിൽ വർഗ്ഗീയത തിരുകികയറ്റാനും ചരിത്രത്തെ വളച്ചൊടിക്കാനും ശ്രമിക്കുന്ന ഇക്കാലത്ത് ശ്രീനാരായണഗുരുദേവൻ ലോകത്തിന് സമ്മാനിച്ച 'സോദരത്വേന' എന്ന ആശയത്തിൽനിന്നും സ്വീകരിച്ച ചെയ്തെടുത്ത 'മനുഷ്യൻ സമം മനുഷ്യൻ' എന്ന സമഭാവന ദർശനത്തെ കേരളത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ആധാര പ്രേരണയാക്കിത്തീർത്ത ശ്രീ. വി. ശിവൻകുട്ടി എന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി ആദരവോടെ അഭിനന്ദിക്കുകയാണ്. മൂന്ന് വയസ്സ് മുതൽ എട്ട് വയസ്സ് വരെയുള്ള കാലയളവാണ് ഒരു മനുഷ്യൻ രൂപപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട ഘട്ടമെന്ന് നമുക്കറിയാം. അങ്കണവാടികൾ, കിന്റർ ഗാർട്ടനുകൾ, പ്ലേ സ്കൂളുകൾ എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്ന അറിവിന്റെ ആദ്യ പരിലാളനകളാണ് ആജീവനാന്ത മുദ്രകളായി തീരുന്നത്. 1926-ൽ Bertrand Russell എഴുതിയ ‘ On Education’ എന്ന പുസ്തകത്തിൽ, കുട്ടിക്കാലത്തുതന്നെ അരുതുകളുടെ അതിരുകൾ തീർത്ത അച്ചടക്കമാണ് പഠിപ്പിക്കേണ്ടതെന്ന നമ്മുടെ അബദ്ധധാരണകളെക്കുറിച്ച് പറയുന്നുണ്ട്. ഇപ്പോഴും ‘ A’ for apple, ‘ B’ for boy എന്ന് മാത്രം പഠിപ്പിക്കുന്ന

അദ്ധ്യാപകന്റെ വാമൊഴികളെ അതുപോലെ അനുകരിക്കേണ്ടവരാണ് വിദ്യാർത്ഥികൾ എന്ന് നാം ചിന്തിക്കുമ്പോൾ ഒരു പുതിയ വാക്ക് അന്വേഷിക്കാനുള്ള കുരുന്നുകളുടെ സ്വാതന്ത്ര്യത്തെപ്പോലും അരിഞ്ഞുകളയുകയാണ്. കുഞ്ഞുങ്ങളുടെ happiness index ആധാരമാക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് ' മോണ്ടിസോറി' . അങ്കണവാടി വേറൊരു വകുപ്പിന്റെ തണലിലായിരിക്കാം. പക്ഷേ കേരളത്തിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന് സമഗ്രമായതും ആഴമുള്ളതും സർഗ്ഗാത്മകവുമായ ഒരു നയം രൂപീകരിക്കാൻ ഈ സർക്കാർ മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കേരളത്തിലെ സ്കൂളുകളിൽ 5,000 കോടിയോളം രൂപ രണ്ട് ഇടതുപക്ഷ സർക്കാരുകളും നിക്ഷേപിച്ചു. അദ്ധ്യാപകർ സമർപ്പിത മനസ്സുള്ളവരാണ്. ചില സ്കൂളുകൾ മാത്രം മികച്ചതാകുന്നത് എന്തുകൊണ്ടാണെന്നതിന് ഉത്തരം ഒന്നേയുള്ളൂ. ഒരു സ്ഥാപനത്തെ നയിക്കേണ്ടതും നടത്തേണ്ടതും എങ്ങനെയാണെന്നതിനും സ്കൂൾ മാനേജ്മെന്റിന് ആവശ്യമായ പ്ലാനിംഗ്, റിസോഴ്സ് മാനേജ്മെന്റ്, ഓർഗനൈസേഷണൽ ബിഹേവിയർ എന്നിവയ്ക്കും ആവശ്യമായ പരിശീലനം

നമ്മൾ അദ്ധ്യാപകർക്ക് നൽകുന്നുണ്ടോ; Data-Driven Decisions എടുക്കാൻ നമ്മുടെ അദ്ധ്യാപകരെ പ്രാപ്തരാക്കുന്നുണ്ടോ? സീമാറ്റ് പോലെയുള്ള സ്ഥാപനങ്ങളുണ്ട്. സ്കൂൾ മാനേജ്മെന്റ് സ്ട്രാറ്റജിയുടെ അടിസ്ഥാനത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള ടെക്നോളജികൾ ഉപയോഗിച്ചുകൊണ്ട് നമ്മുടെ സ്കൂളുകളെ നന്നായി നടത്താൻ അവരെ പരിശീലിപ്പിക്കാനാകണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ച് പറയുമ്പോൾ മനസ്സിലേയ്ക്ക് വരുന്നത് Matt Miller-റുടെ Artificial Intelligence for Educators (AI for Educators) എന്ന പുസ്തകമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതയിലേറി ഭൂമിയുടെ കുറുകെ പറക്കുകയാണ് മനുഷ്യർ. വരും കാലഘട്ടങ്ങളിൽ മുഴുവൻ ഭാവിയെയും വലയം ചെയ്തുനിൽക്കുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസായിരിക്കുമെന്നതിനാൽ ക്ലാസ്സ് മുറികളിൽനിന്ന് ആ സാങ്കേതിക വിദ്യയെ മാറ്റിനിർത്താൻ സാധിക്കുന്നത് എങ്ങനെയാണ്? പേഴ്സണലൈസ്ഡ് ലേണിംഗിന്റെ കാര്യത്തിൽ അദ്ധ്യാപകന്റെ ബോധനപ്രക്രിയയെ/പെഡഗോഗിയെ സർഗ്ഗാത്മമാക്കുന്ന കാര്യത്തിൽ അതിനപ്പുറം നാം തന്നെ പറയുന്ന ഓരോ പഠിതാവിനെയും വിലയിരുത്തേണ്ടത്

ഏറ്റവും ആഴത്തിലും സമഗ്രവുമാകണമെന്നാണ്. ആ വിലയിരുത്തലിന്റെയും ഇവാല്യുവേഷന്റെയും കാര്യത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ നമുക്കാകണമെന്നുള്ള ഒരു നിർദേശം കൂടി ഞാൻ വയ്ക്കുകയാണ്. ഓരോ കുട്ടിയും സൃഷ്ടിയുടെ മഹത്തായ മാതൃകയാണ്. ഓരോ കുഞ്ഞും യുണീക്കാണെന്ന് നാം പറയുന്നു. നിർഭാഗ്യവശാൽ വിദ്യാഭ്യാസത്തിൽ ഇത്രയും മാറ്റമുണ്ടാകുമ്പോഴും ഓരോ കുട്ടിയിലും അന്തർലീനമായ അഭിരുചികളും അലിഞ്ഞുചേർന്നിട്ടുള്ള ആഭിമുഖ്യങ്ങളും ശാസ്ത്രീയമായി കണ്ടുപിടിക്കാൻ നമുക്ക് ഇപ്പോഴുമാകുന്നില്ല. അതുകൊണ്ട് ഒരു ഇൻഡിവിഡ്വൽ മാസ്റ്റർ പ്ലാൻ കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും ഉണ്ടാകണമെന്ന നിർദേശമാണുള്ളത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുകൊണ്ട് ഇക്കാര്യത്തിൽ ലോകത്ത് ഒരുപാട് മാതൃകകളുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ, അവർ എവിടെ എത്തിച്ചേരണമെന്ന്......., പി.ജി. കഴിഞ്ഞിട്ടും എന്താകണമെന്ന ഒരു സങ്കോചം ഉണ്ടായിരുന്നതായി ശ്രീ. മുഹമ്മദ് മുഹസിൻ പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി. അതായത് ശരിയായ ഒരു തീരുമാനമെടുക്കാൻ കഴിയുന്നില്ല. Aptitude mapping

പ്രധാനമാണ്. കേരളത്തിലെ കുഞ്ഞുങ്ങളുടെ അഭിരുചികളെ നിർണ്ണയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മികച്ച സ്ഥാപനങ്ങളുമായും വിദഗ്ദരുമായും അവരെ കണക്ട് ചെയ്യുകയും വേണം. ഒരു കുഞ്ഞിന് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് മാത്രമല്ല കൊടുത്തുവിടേണ്ടത്. കുഞ്ഞുങ്ങളുടെ അഭിരുചി അടങ്ങിയ ഇൻഡിവിഡ്വൽ മാസ്റ്റർ പ്ലാൻകൂടി നൽകണം. ആ കുഞ്ഞിനൊപ്പം മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ഉന്നം പിഴയ്ക്കാത്ത സ്വപ്നങ്ങൾക്കൊപ്പം സഞ്ചരിക്കാൻ സഹായിക്കണമെന്ന നിർദേശംകൂടി മുന്നോട്ടുവയ്ക്കുന്നു. റാന്നി എം. എൽ. എ. എന്ന നിലയിൽ എന്റെ നിയോജകമണ്ഡലത്തിൽ 'നോളജ് വില്ലേജ് ' എന്ന പദ്ധതി നടപ്പാക്കുകയാണ്.

ചെയർപേഴ്സൺ: യെസ്......

ശ്രീ. പ്രമോദ് നാരായൺ: സർ, എനിക്കുമുമ്പ് സംസാരിച്ച അംഗത്തിന് രണ്ട് മിനിട്ട് അധികം അനുവദിച്ചു. അങ്ങ് പൂർത്തിയാക്കാൻ അനുവദിക്കണം. അങ്കണവാടികൾ മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെയുള്ള മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മികവ് ലക്ഷ്യമാക്കുന്ന ആ പദ്ധതിയുടെ ഭാഗമായി ‘ Skills and Innovation Hub’ റാന്നിയിൽ സ്ഥാപിക്കാൻ

ശ്രമിക്കുകയാണ്. കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ക്യാപിറ്റലായി, അതോടൊപ്പം സൈബർ സെക്യൂരിറ്റിയുടെ ഭാഗമായി, ഡിസൈൻ വാല്യു എന്നിവ ഉൾപ്പെടുന്ന ഒരു വലിയ പദ്ധതിയാണ്. ആ മാതൃകാ പദ്ധതിക്ക് കേരള സർക്കാർ നൽകുന്ന അംഗീകാരത്തിനും വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകുന്ന പിന്തുണയ്ക്കും ഞാൻ നന്ദി പറയാൻ ആഗ്രഹിക്കുകയാണ്. മുതിർന്നവർ ജാതിയുടെ പല തരത്തിലുള്ള ഭേദങ്ങളുടെ അതിർത്തികൾ വരയുകയാണ്. അത് മായ്ക്കാൻ കഴിയുന്നത് കുഞ്ഞുങ്ങൾക്കാണ്. കുഞ്ഞുങ്ങൾ ഭൂമിയെ ഒരു ഉദ്യാനം പോലെ സുന്ദരമാക്കും. ഏത് പദ്ധതിയും നടപ്പിലാക്കുമ്പോൾ കുഞ്ഞുങ്ങളുടെ ചിരിക്കുന്ന മുഖവും അവരുടെ ആനന്ദവും അവരെ മികച്ച മനുഷ്യരാക്കുക എന്ന ലക്ഷ്യവുമായിരിക്കണം നമ്മുടെ ചിന്തകളും സ്വപ്നങ്ങളും എന്നുപറഞ്ഞുകൊണ്ട് ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. യാതൊരു യാഥാർത്ഥ്യബോധവുമില്ലാത്ത ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അതിന്റെ ധനാഭ്യർത്ഥനയാണ് ഈ അവസരത്തിൽ

നടക്കുന്നത്. കടം കിട്ടാത്തതിന്റെ പേരിൽ പരിതപിക്കുന്ന ഒരു സർക്കാരായി കേരളത്തിലെ സർക്കാർ മാറിയിട്ടുണ്ട്. കടം വാങ്ങിയതിന്റെ പലിശ കൊടുക്കാൻ വീണ്ടും കടം ചോദിക്കേണ്ട ഗതികേടിലേയ്ക്ക് നമ്മുടെ സംസ്ഥാനം മൂക്കുകുത്തി വീഴുകയാണ്. കടം കിട്ടിയാൽ മാത്രമേ വികസനം നടത്തുകയുള്ളൂ എന്ന രീതിയിലേയ്ക്കാണ് കാര്യങ്ങൾ എത്തിയിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പിന്റെയും മറ്റെല്ലാ വകുപ്പുകളുടെയും പാസ്സാക്കി കിട്ടേണ്ട തുകയുടെ കണക്ക് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചാണ് ഞാൻ ആമുഖമായി സൂചിപ്പിക്കുന്നത്. കേരളത്തിലെ അനവധി സ്കൂളുകളുടെയും കോളേജുകളുടെയും കെട്ടിടങ്ങൾ പരിതാപകരമായ അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. പ്രത്യേകിച്ച് സർക്കാർ പ്രൈമറി സ്കൂളുകളിലെ ധാരാളം കെട്ടിടങ്ങൾ വളരെ മോശമായ അവസ്ഥയിലാണ്. അവർക്ക് കൂടുതൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നു. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. പ്രമോദ് നാരായൺ അധ്യാപകരുടെ സമർപ്പണത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഇന്ന് ആയിരക്കണക്കിന് അധ്യാപകരുടെ നിയമസഭാ സമരത്തെ ഞങ്ങൾ അഭിവാദ്യം ചെയ്യുകയുണ്ടായി. അധ്യാപക

സമൂഹത്തോടും വിദ്യാഭ്യാസ മേഖലയോടും കേരള സർക്കാർ അനുവർത്തിച്ചുകൊണ്ടിരിക്കുന്ന നിഷേധാത്മക സമീപനം തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അധ്യാപകർ നിയമസഭയിലേയ്ക്ക് മാർച്ച് ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം തിരുത്തണം. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി രണ്ടുദിവസം മുമ്പുവരെ പറഞ്ഞ ഒരു കാര്യം ഇന്ന് തിരുത്തിയത് ഏറെ സന്തോഷകരമാണ്. അദ്ദേഹം യാഥാർത്ഥ്യബോധം ഉൾക്കൊള്ളുന്ന ഒരു വ്യക്തിയാണ്. വ്യക്തിപരമായി അദ്ദേഹത്തോട് സംസാരിക്കുമ്പോൾ നമുക്കത് ബോധ്യമാകും. മലപ്പുറം ജില്ലയടക്കമുള്ള മലബാർ മേഖലകളിൽ സീറ്റ് അധികമാണെന്നായിരുന്നു വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിരുന്നത്. എന്നാൽ, മലപ്പുറത്ത് ഏഴായിരത്തിലധികം സീറ്റുകളുടെയും പാലക്കാടിൽ ആയിരത്തി എഴുന്നൂറിൽപ്പരം സീറ്റുകളുടെയും കാസർഗോഡിൽ ഇരുന്നൂറ്റി അൻപത്തിരണ്ട് സീറ്റുകളുടെയും കുറവുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതിൽ നന്ദിയുണ്ട്. പ്ലസ് വൺ സീറ്റ് അപര്യാപ്തതയുമായി ബന്ധപ്പെട്ട് സമരം ചെയ്ത എം.എസ്.എഫ്. സംസ്ഥാന പ്രസിഡന്റ് പി. കെ. നവാസും ജനറൽ സെക്രട്ടറി സി. കെ. നജാഫ് അടക്കമുള്ള കുട്ടികൾ ജയിലിലാണ്. ഇവിടെ ശ്രീ.

അൻവർ സാദത്ത് സൂചിപ്പിച്ചതുപോലെ അവരെ എന്തിനാണ് ജയിലിലടച്ചത്; അവർ സമരം ചെയ്തതുകൊണ്ടാണ് ഇപ്പോൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുപോലും കണ്ണ് തുറക്കേണ്ടി വന്നത്. ഞങ്ങളുടെ സമരം അസ്ഥാനത്താണെന്നാണ് ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചത്. അങ്ങനെയാണെങ്കിൽ എസ്.എഫ്.ഐ. സമരം ചെയ്തത് എന്തിനാണ്; എം.എസ്.എഫ്.-ന്റെയും കെ.എസ്.യു.-ന്റെയും സമരം കണ്ട് പൊതുസമൂഹത്തിലും വിദ്യാർത്ഥി സമൂഹത്തിലും പിടിച്ചുനിൽക്കാൻ കഴിയാത്തതുകൊണ്ടാണ് രണ്ട് ദിവസം മുമ്പ് മലപ്പുറം കളക്ടറേറ്റിലേയ്ക്ക് എസ്.എഫ്.ഐ. നേതാക്കളുടെ നേതൃത്വത്തിൽ സമരം ചെയ്തത്. എസ്.എഫ്.ഐ.-യ്ക്കും കെ.എസ്.ടി.എ.-യ്ക്കുപോലും സമരം ചെയ്യേണ്ട ഗതികേടിലേയ്ക്ക് ഈ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസവകുപ്പ് മാറിക്കൊണ്ടിരിക്കുകയാണ്. രണ്ടംഗ കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തി മലപ്പുറത്തും മലബാർ മേഖലയിലും പുതിയ ബാച്ചുകൾ അനുവദിക്കുമെന്നാണ് മന്ത്രി അറിയിച്ചിട്ടുള്ളത്. ആവശ്യമുള്ളത്ര ബാച്ചുകൾ അനുവദിക്കണം. കുറവ് കണക്കാക്കുന്നത് എങ്ങനെയാണ്; മുപ്പത് ശതമാനം മാർജിനൽ ഇൻക്രീസ്

കൊടുത്തുകൊണ്ടാണ് ചെയ്യുന്നത്. ഒരു ക്ലാസിൽ അറുപത്തഞ്ച് മുതൽ എഴുപത് കുട്ടികളെ വരെ ഇരുത്തി പഠിപ്പിക്കുന്ന അവസ്ഥ നമുക്കെല്ലാവർക്കും അറിയാം. നാൽപത് മുതൽ അൻപത് ശതമാനം വരെ മാർജിനൽ ഇൻക്രീസ് കൊടുത്താൽ സീറ്റ് മിച്ചമാണെന്ന് വീണ്ടും പറയും. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എത്ര സീറ്റുകളുടെ കുറവുണ്ടെന്ന് യാഥാർത്ഥ്യബോധത്തോടുകൂടി പറയണം. മാർജിനൽ ഇൻക്രീസ് പാടില്ല. KER (Kerala Education Rules)-ന്റെ ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസ് പ്രകാരം ഒരു ക്ലാസിൽ പരമാവധി അൻപത് കുട്ടികളെയാണ് ഇരുത്തേണ്ടത്. കുട്ടികളുടെ എണ്ണം കൂടുതലായാൽ പഠിപ്പിക്കാൻ കഴിയില്ല. പഠിപ്പിച്ചാലും കുട്ടികളുടെ വിദ്യാഭ്യാസം ഗുണമേന്മയുള്ളതാകില്ല. ഇതുസംബന്ധിച്ച് ധാരാളം പഠന റിപ്പോർട്ടുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുകൊണ്ട് യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് പുതിയ ബാച്ചുകൾ ആരംഭിക്കുകയും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും ചെയ്യണം. അപ്ഗ്രേഡ് ചെയ്യുമ്പോൾ സർക്കാർ സ്കൂളുകൾക്ക് മാത്രമായി നിജപ്പെടുത്തരുത്. ഹയർ സെക്കൻഡറിയിൽ കൂടുതൽ വിദ്യാർത്ഥികളും സയൻസ് ഗ്രൂപ്പ് പഠനത്തിനായി എയ്ഡഡ് സ്കൂളുകളിലാണ് ചേരുന്നത്. കഴിഞ്ഞ വർഷവും

സീറ്റ് ഒഴിഞ്ഞ് കിടക്കുന്നുവെന്ന് പറഞ്ഞതിന്റെ യാഥാർത്ഥ്യം എന്താണ്; സർക്കാർ സ്കൂളുകളിൽ സയൻസ് ബാച്ച് തിരഞ്ഞെടുക്കാൻ കുട്ടികൾ തയ്യാറല്ല. കാരണം അവിടെ ലാബ്, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ പരിമിതമാണ്. അതാണ് സത്യം. അക്കാര്യം പറയുമ്പോൾ നിങ്ങൾ കൊഞ്ഞനം കുത്തിയിട്ട് കാര്യമില്ല. അതാണ് യാഥാർത്ഥ്യം. മലപ്പുറത്ത് സയൻസ് ഗ്രൂപ്പിൽ ആവശ്യത്തിന് സീറ്റുകളുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സൂചിപ്പിച്ചിരുന്നു. അത് തെറ്റാണ്. മുഴുവൻ വിഷയങ്ങൾക്കും A+ കിട്ടിയ കുട്ടികളുടെ എണ്ണം ഞാൻ തരാം. അതുകൊണ്ട് സയൻസ് ബാച്ച് അനുവദിക്കില്ലെന്ന നിലപാട് സ്വീകരിക്കരുത്. സർക്കാർ സ്കൂളുകളിൽ മാത്രമേ ബാച്ച് അനുവദിക്കുകയുള്ളൂവെന്ന തീരുമാനവും ഉണ്ടാകരുതെന്നാണ് സൂചിപ്പിക്കാനുള്ളത്. കൂടാതെ അപ്ഗ്രേഡ് ചെയ്യാത്ത എല്ലാ ഹൈസ്കൂളുകളും അപ്ഗ്രേഡ് ചെയ്യണമെന്നും ഞാൻ ആവശ്യപ്പെടുന്നു. ഡോ. കെ. ടി. ജലീൽ ഇവിടെ ഒരു കള്ളക്കണക്ക് പറഞ്ഞിട്ടുണ്ടായിരുന്നു. ഞങ്ങൾ ഭരിക്കുന്ന സമയത്താണ് സീറ്റുകളുടെ അസന്തുലിതാവസ്ഥ വന്നത് എന്നതാണ്. 1990-91 കാലഘട്ടത്തിൽ ഇ. കെ. നായനാർ ഭരിക്കുമ്പോഴാണ് ആദ്യമായി +2

സമ്പ്രദായം ആരംഭിക്കുന്നത്. ഞങ്ങളാണ് ആരംഭിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സത്യത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ടി. എം. ജേക്കബ് പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നപ്പോൾ അതിനെ എതിർത്ത് സമരം ചെയ്ത് തോൽപ്പിച്ചവരാണ് എസ്.എഫ്.ഐ. മാർക്സിസ്റ്റ് പാർട്ടിക്കും എസ്.എഫ്.ഐ.-യ്ക്കും ബുദ്ധി വൈകി മാത്രമേ ഉണ്ടാകു എന്നുള്ളതുകൊണ്ട് ഒരു അഞ്ചെട്ട് വർഷം കഴിഞ്ഞപ്പോൾ അവർക്കുതന്നെ ഹയർ സെക്കൻഡറി ബാച്ച് തുടങ്ങേണ്ടിവന്നു. 1990-ൽ ആരംഭിച്ചപ്പോൾ 31 ബാച്ചുകൾ അനുവദിച്ചു. അതിൽ ഇരുപത്തൊന്ന് എണ്ണവും തെക്കൻ മേഖലയിലാണ് കൊടുത്തത്. പത്തെണ്ണം മാത്രമാണ് മലബാർ മേഖലയ്ക്ക് ലഭിച്ചത്. പിന്നീട് 1991-ൽ അൻപത്തി നാല് ബാച്ചുകൾ അനുവദിച്ചു. അപ്പോൾ 33 ബാച്ചുകൾ തെക്കൻ മേഖലയിൽ നൽകി. 23 ബാച്ചുകൾ മാത്രമാണ് പാലക്കാട് മുതലുള്ള മലബാർ മേഖലയിൽ നൽകിയത്. ഞാൻ പറയുന്ന കണക്കാണിത്. എന്റെ 1448-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി നൽകിയ 217 പേജുള്ള മറുപടി എന്റെ കൈവശമുണ്ട്. ഏതൊക്കെ കാലഘട്ടത്തിൽ ആരെല്ലാം എവിടെയെല്ലാമാണ്

+2 ബാച്ച് അനുവദിച്ചതെന്ന് അതിൽനിന്നും മനസ്സിലാക്കാൻ കഴിയും. കണക്കുകൾ വ്യക്തമാണ്. 1998-ൽ ഇടതുപക്ഷമാണ് ഭരിക്കുന്നത്. മലബാറിലും മലപ്പുറത്തും വളരെ ചുരുക്കം സ്കൂളുകളും ബാച്ചുകളും അനുവദിച്ചതാണ് ഈ അസന്തുലിതാവസ്ഥ വർദ്ധിച്ചുവരാൻ കാരണം. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് 236 സർക്കാർ സ്കൂളുകളിൽ ഹയർ സെക്കൻഡറി ബാച്ച് അനുവദിക്കുകയും അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. പിന്നീട് 2011-16 കാലഘട്ടത്തിൽ ഉമ്മൻ ചാണ്ടി സർക്കാർ 1412 ബാച്ചുകൾ അനുവദിച്ചു. 226 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹയർ സെക്കൻഡറി ബാച്ചുകൾ ആരംഭിച്ചു. അതുസംബന്ധിച്ച എല്ലാ കണക്കുകളും ഇവിടെയുണ്ട്. സമയം അനുവദിക്കാത്തതിനാൽ ഞാൻ സുദീർഘമായി സംസാരിക്കുന്നില്ല. കഴിഞ്ഞ മന്ത്രിസഭയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീൽ ഇവിടെ അൺഎയ്ഡഡ്-സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളെക്കുറിച്ച് വിരോധം പറയുകയുണ്ടായി. അദ്ദേഹം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഗവൺമെന്റ്, എയ്ഡഡ് കോളേജുകൾ തുടങ്ങുന്നതിനുപകരം മുഴുവൻ സെൽഫ് ഫിനാൻസിംഗ്

കോളേജുകളാണ് തുടങ്ങിയതെന്ന കാര്യം നിഷേധിക്കാൻ കഴിയില്ല. മാത്രമല്ല, ഈ സഭയിൽ തന്നെയുള്ള ഇടതുപക്ഷത്തിലെ എത്ര അംഗങ്ങൾ അൺഎയ്ഡഡ് സ്ഥാപനങ്ങൾ നടത്തുന്നുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം, ഞാൻ പേര് പറയുന്നില്ല. അതുകൊണ്ട് സെൽഫ് ഫിനാൻസിംഗ് കോളേജുകളോടുള്ള വിരോധമൊന്നും ഇവിടെ പറയേണ്ട. പൊതുവിദ്യാഭ്യാസ രംഗത്തെ കാലാകാലങ്ങളിൽ ശക്തിപ്പെടുത്തിയത് യു.ഡി.എഫ്. ആണ്. അക്കാര്യത്തിൽ യാതൊരുസംശയവും വേണ്ട. ഞങ്ങൾ അതേ തീരുമാനവുമായി ഇനിയും മുന്നോട്ടുപോകും.

ഉന്നതവിദ്യാഭ്യാസ മേഖല വളരെ പ്രയാസം നേരിടുകയാണ്. നിലവിൽ നാലുവർഷത്തെ ബിരുദ കോഴ്സ് ആരംഭിക്കാൻ പോകുകയാണ്. ഇതുവരെ സിലബസ് തയ്യാറാക്കുകയോ എന്താണ് അതിലെ ഉള്ളടക്കമെന്ന് പറയുകയോ ചെയ്യുന്നില്ല. അതുപോലെ നാലുവർഷത്തെ കോഴ്സാകുമ്പോൾ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നുപോലും പറയാതെയാണ് കോഴ്സ് ആരംഭിക്കാൻ പോകുന്നത്.

<u>ചെയർപേഴ്സൺ</u>: യെസ്.... പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിലടക്കം കുത്തഴിഞ്ഞ രീതിയിലാണ് വിദ്യാഭ്യാസവകുപ്പ് മുന്നോട്ടുപോകുന്നത്. മലപ്പുറത്തെ പ്ലസ് വൺ സീറ്റിന്റെ അനുപാതം ഇവിടെ പറയുകയുണ്ടായി. കേരളത്തിലെ വിദ്യാർത്ഥികളുടെ എണ്ണം പരിശോധിച്ചാൽ അതിൽ ഇരുപതുശതമാനം വിദ്യാർത്ഥികളും മലപ്പുറത്താണ് പഠിക്കുന്നത്. എന്നാൽ 11.2 ശതമാനം വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമേ മലപ്പുറത്ത് നിലവിലുള്ളൂ. എന്നാൽ 2.3 ശതമാനം കുട്ടികൾ പഠിക്കുന്ന മറ്റൊരു ജില്ലയിൽ 5.5 ശതമാനം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. പ്രാദേശിക വിഷയമാക്കി മാറ്റരുതെന്നുള്ളതുകൊണ്ട് ഞാൻ ആ ജില്ലയുടെ പേര് പറയുന്നില്ല. ഈ അസന്തുലിതാവസ്ഥ തിരുത്തണം. ഒരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുസ്ലീം ലീഗിന് മുഖം നഷ്ടപ്പെട്ടുവെന്ന് ഇവിടെ പറയുകയുണ്ടായി. നഷ്ടപ്പെടാൻ മുഖമെങ്കിലുമുള്ള പാർട്ടിയാണ് ഇന്ന് മുസ്ലീം ലീഗ് എന്നുള്ളതാണ് മുസ്ലീം ലീഗിന്റെ ഗുണമെന്ന് പറയുന്നത്. എന്നാൽ മാർക്സിസ്റ്റ് പാർട്ടി മുഖംപോലുമില്ലാതെ ശിരസ്സറ്റ കബന്ധമായി ഇന്ത്യയിലെ രാഷ്ട്രീയ മ്യൂസിയത്തിലേയ്ക്ക് രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള പഠന

ഗവേഷണ വിഷയമായി മാറിയിട്ടുണ്ടെന്നതാണ് വസ്തുത. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.) വീണ്ടും രാഷ്ട്രീയ ധ്രുവീകരണത്തിനുവേണ്ടി ശ്രമിച്ചു. 1987-ലെ മുല്ല-മുക്രി പെൻഷൻ വിഷയത്തിൽ അവർ സംസാരിച്ചത് എല്ലാവർക്കുമറിയാം. 2016-ൽ മുസ്ലീം പഞ്ചായത്ത് രൂപീകരിക്കുന്നുവെന്ന രാഷ്ട്രീയ വർഗ്ഗീയ ധ്രുവീകരണമാണ് നടന്നത്. കേരളത്തിൽ അടുത്ത തിരഞ്ഞെടുപ്പിലും മാർക്സിസ്റ്റ് പാർട്ടി ആ രീതിയിലേയ്ക്കാണ് പോകുന്നുവെന്നതിന്റെ വ്യക്തമായ തെളിവുകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ഞങ്ങൾക്ക് പറയാനുള്ളത് സി.പി.ഐ(എം.) അങ്ങനെയുള്ള രീതികളിലേയ്ക്ക് പോകാതെ യാഥാർത്ഥ്യബോധത്തോടുകൂടി രാഷ്ട്രീയത്തെ സമീപിക്കണമെന്നാണ്. ബി.ജെ.പി.-യുടെ സ്വരത്തിൽ വർഗ്ഗീയത സംസാരിച്ച് രാഷ്ട്രീയനേട്ടം കൊയ്ത് അടുത്ത തിരഞ്ഞെടുപ്പിൽ വിജയിക്കാനുള്ള തന്ത്രം മെനയരുതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. മുകേഷ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ജനാധിപത്യം കരുത്തുകാട്ടിയ ദേശീയതലത്തിലുള്ള

വിധിയെഴുത്തിന്റെ ആഹ്ലാദം പങ്കുവച്ചുകൊണ്ടാണ് ഞാൻ ഈ സഭയിൽ നിൽക്കുന്നത്. നമ്മുടെ രാജ്യം പിന്തുടർന്നുപോന്ന നാനാത്വത്തിൽ ഏകത്വമെന്ന ആശയത്തെ തകർത്തുകൊണ്ട് എല്ലാം ഏകത്വത്തിൽ എന്ന പ്രതിലോമ നിലപാട് സ്വീകരിച്ചതിനുള്ള തിരിച്ചടിയാണ് ബി.ജെ.പി. നേതൃത്വം ഏറ്റുവാങ്ങിയിട്ടുള്ളത്. ഏക സിവിൽ കോഡ്, ഏക തിരഞ്ഞെടുപ്പ്, ഏകീകൃത നികുതി തുടങ്ങി രാജ്യത്ത് ഏകകക്ഷി ഭരണമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയപ്പോൾ ജനങ്ങൾ ഇടപെടുകയായിരുന്നുവെന്ന് നമുക്കറിയാം. ഞാൻ ഇക്കാര്യം പറയുമ്പോൾ കൊല്ലത്ത് ലോക്സഭാ സ്ഥാനാർത്ഥിയായ ഞാൻ പരാജയപ്പെട്ട കാര്യമാകും നിങ്ങൾ കൂട്ടിച്ചേർക്കാൻ ശ്രമിക്കുന്നത്. അതെ, ജനവിധിയെ ഞാൻ അംഗീകരിക്കുന്നു. രാജ്യത്തെ നയിക്കാൻ ശ്രീ. നരേന്ദ്ര മോദിയല്ല വേണ്ടതെന്ന ചിന്ത ജനങ്ങൾക്കുണ്ടായപ്പോൾ രൂപപ്പെട്ട മുന്നേറ്റമായിരുന്നു നാം കണ്ടത്. ഞാനും എന്റെ മുന്നണിയും രാജ്യത്തിന്റെ ഐക്യത്തിനും സാംസ്കാരിക വൈവിദ്ധ്യത്തിന്റെ സംരക്ഷണത്തിനും വേണ്ടിയാണ് വോട്ട് തേടിയത്. ഇക്കാര്യമാണ് ജനങ്ങളെ ബോധ്യപ്പെടുത്താൻ പരിശ്രമിച്ചത്.

നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക വൈവിദ്ധ്യം നിലകൊള്ളുന്നത് നമ്മുടെ ഭരണഘടന നൽകുന്ന ഉറപ്പിലാണ്. ആ ഭരണഘടനയിൽ മാറ്റം വരുത്താൻ നാന്നൂറിലധികം സീറ്റുകൾവേണ്ടി വരുമെന്നായിരുന്നു ബി.ജെ.പി. സഖ്യം ജനങ്ങളോട് പറഞ്ഞത്. നാന്നൂറ് സീറ്റ് കിട്ടിയാൽ ഭരണഘടന ഭേദഗതി ചെയ്യുമെന്ന് ബി.ജെ.പി. എം.പി. അനന്ത് കുമാർ ഹെഗ്ഡെ പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി. ഇത്തരം പ്രഖ്യാപനങ്ങൾ കേട്ട് ന്യൂനപക്ഷങ്ങളും ദളിതരും അരക്ഷിതരായി. ഇടതുപക്ഷമാകട്ടെ, ഭരണഘടന മുൻനിർത്തിയുള്ള പ്രചാരണത്തിന് തുടക്കമിടുകയും ചെയ്തു. ഇന്ത്യൻ ഭരണഘടന മുൻനിർത്തി പ്രചാരണം നടന്ന രാജ്യത്തെ ആദ്യ തിരഞ്ഞെടുപ്പാണിത്. ഭരണഘടന സംരക്ഷണത്തിനായി ജനങ്ങൾ വിധിയെഴുതുകയും ചെയ്തു. ഭരണഘടനയെ മുൻനിർത്തിയുള്ള പ്രചാരണത്തിന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി തിരഞ്ഞെടുപ്പിനും എത്രയോകാലം മുമ്പുതന്നെ തുടക്കംകുറിച്ചുവെന്ന് ഓർക്കേണ്ടതാണ്. ഭരണഘടനാ നിർമ്മാണ സഭയിൽ പ്രതിപക്ഷത്തിന്റേതാണ് പാർലമെന്റെന്ന് ഡോ. ബി. ആർ. അംബേദ്കർ പ്രഖ്യാപിച്ച കാര്യം ഈ സന്ദർഭത്തിൽ ഓർത്തുപോകുകയാണ്. ഡോ. ബി.

ആർ. അംബേദ്കറിന്റെ ജനാധിപത്യത്തെക്കുറിച്ചുള്ള ആ സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതിൽ ഇടതുപക്ഷ പാർട്ടികളും അവരുടേതായ പങ്കുവഹിച്ചുവെന്ന് പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ഇതിന്റെ പ്രതിഫലനം സംസ്ഥാന ബഡ്ജറ്റിലും കാണുവാൻ കഴിഞ്ഞു. ഭരണഘടന സാക്ഷരത വ്യാപനത്തിനാണ് ബഡ്ജറ്റ് ഊന്നൽ നൽകുന്നത്. നമ്മുടെ രാജ്യം റിപ്പബ്ലിക് ആയതിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന 2025 ജനവരി 26-നകം കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഭരണഘടനാ സാക്ഷരത കൈവരിക്കാനുള്ള പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശത്തെ അഭിനന്ദിക്കുന്നു. ഈ ബഡ്ജറ്റിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് 1032 കോടി രൂപ വകയിരുത്താനുള്ള തീരുമാനമാണ്. വിദ്യാഭ്യാസമേഖലയ്ക്ക് ഊന്നൽ നൽകികൊണ്ട് ഭാവി തലമുറയ്ക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ പ്രതിജ്ഞാബദ്ധമാണെന്ന് ഈ നടപടിയിലൂടെ ഇടതുസർക്കാർ ബോധ്യമാക്കുന്നു. ഒരുകാലത്ത് സാക്ഷരതയെന്നാൽ എഴുത്തും വായനയും അറിയുകയെന്നായിരുന്നു. ഇന്ന് ആ സ്ഥിതി മാറിയിരിക്കുന്നു. വ്യാജ

വാർത്തകൾ ഉയർത്തുന്ന വെല്ലുവിളികളെ തിരിച്ചറിയേണ്ടത് സാക്ഷരതയുടെ ആദ്യപടിയായി തീർന്നിരിക്കുന്നു. പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി മാധ്യമ വിവരസാക്ഷരത പരിപാടി നടപ്പിലാക്കികൊണ്ട് സർക്കാർ ഇതിന് തുടക്കം കുറിച്ചിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസും അതിന്റെ അനുബന്ധ സാങ്കേതികവിദ്യകളും നമ്മുടെ രാഷ്ട്രീയത്തിലും സമൂഹത്തിലും ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ പരിശീലനം തുടരുന്നതിന് 1 കോടി രൂപയാണ് വിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്.

2014-ൽ അഴിമതി വിരുദ്ധത, 2019-ൽ ദേശസുരക്ഷ, 2024-ൽ മോദി ഗ്യാരണ്ടി ഒരു ജനാധിപത്യ രാജ്യം എങ്ങനെ ഒരു വ്യക്തിയിലേയ്ക്ക് കേന്ദ്രീകരിക്കപ്പെട്ടുവെന്ന് തിരിച്ചറിയാൻ മൂന്നുകാലഘട്ടങ്ങളിൽ ബി.ജെ.പി. ഉയർത്തിയ മേൽപറഞ്ഞ മൂന്നുമുദ്രാവാക്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. ഇടതുപക്ഷം വ്യത്യസ്തമാകുന്നത് ഇവിടെയാണ്. ഞങ്ങൾ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി രാജ്യത്തിന്റെ ഐക്യത്തിനുവേണ്ടിയാണ് പ്രചാരണം നടത്തിയത്. ഇനിയും ഈ നിലപാട് മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യും.

ഇപ്പോൾ യൂറോ കപ്പ് ഫുട്ബോൾ മത്സരം നടന്നുവരികയാണ്. ഫുട്ബോൾ പ്രേമികൾ അതിന്റെ ലഹരിയിലാണ്. മുമ്പ് ഒരു പ്രമുഖ ഫുട്ബോൾ ടീം, മത്സരം കഴിഞ്ഞുവന്നപ്പോൾ മാധ്യമങ്ങളുടെ വിമർശനങ്ങളോടും ചോദ്യങ്ങളോടും പ്രതികരിച്ചത് ഞാൻ ഈ സന്ദർഭത്തിൽ ഓർത്തുപോകുകയാണ്. എന്തുകൊണ്ട് തോറ്റുവെന്നായിരുന്നു ചോദ്യം. എതിരാളികളായ പതിനൊന്ന് പേരോടുമാത്രമല്ല നിഷ്പക്ഷരായി നിൽക്കേണ്ട റഫറിമാരോടും ഞങ്ങൾക്ക് എതിരിടേണ്ടിവന്നു എന്നതായിരുന്നു പരാജിതരായ ആ ടീമിന്റെ മറുപടി. അതേ മറുപടി ഞാൻ ഇവിടെ ആവർത്തിക്കുന്നു. നിഷ്പക്ഷത പുലർത്തേണ്ട ഉത്തരവാദിത്വമുള്ള പല മാധ്യമങ്ങളുടെയും നിലപാടിനെയാണ് ഞാൻ ഉദ്ദേശിച്ചത്. എന്നാൽ നാല് വോട്ടിനുവേണ്ടി വേഷംകെട്ടുന്നവരെ നിഷ്പക്ഷത പാലിക്കേണ്ടവർ അകമഴിഞ്ഞ് പിന്തുണയ്ക്കുന്നതും കാണാം. വേഷംകെട്ടുകാർ ഇന്നുമാത്രമല്ല മുമ്പുമുണ്ടായിരുന്നു. കവി വൈലോപ്പിള്ളി ശ്രീധരമേനോൻ ഇത്തരം വേഷം കെട്ടലുകൾ കണ്ടുമടുത്തിട്ടാവണം 'അരിയില്ലാഞ്ഞിട്ട്' എന്ന കവിത എഴുതിയതെന്ന് തോന്നുന്നു. പട്ടിണി കാരണം ഒരു സാധുമനുഷ്യൻ മരിച്ചുപോയി. മരണ വിവരം അറിഞ്ഞെത്തിയ അയൽവാസികളിൽ ചില പ്രമാണിമാരും ശവദാഹം

നടത്താൻ മുന്നിട്ടുനിൽക്കുകയാണ്. അവരെയാരെയും അതുവരെ അവിടെ കണ്ടിട്ടില്ല. ചിലർ മാവ് വെട്ടുന്നു, ചിലർ വേലി തട്ടുന്നു, മുറുക്കാൻപൊതിയുമായി മുറ്റത്തുനിൽക്കുന്ന കരക്കാരൻ പട്ടിണി കാരണം മരിച്ച ആളിന്റെ വിധവയോട് ശവദാഹ ചടങ്ങിന് ചുറ്റും വിതറാൻ കുറച്ച് ഉണക്കലരി വേണമെന്ന് ആവശ്യപ്പെട്ടു. അരിയുണ്ടായിരുന്നെങ്കിൽ അദ്ദേഹം അന്തരിക്കുമായിരുന്നില്ലല്ലോ എന്നായിരുന്നു മരിച്ച ആളുടെ ഭാര്യയുടെ മറുപടി. വൈലോപ്പിള്ളിയുടെ ഈ കവിത ഞാൻ പ്രതിപക്ഷത്തിനായി സമർപ്പിക്കുകയാണ്. എവിടെയൊരു ദുരന്തമുണ്ടായാലും അവിടെയെത്തി ബഹളം കാണിച്ചും മാധ്യമ വാർത്ത ഉറപ്പുവരുത്തുന്ന രീതിയെ പതിറ്റാണ്ടുകൾക്ക് മുമ്പ് വിഭാവനം ചെയ്തുകൊണ്ട് വൈലോപ്പിള്ളി ഇങ്ങനെ എഴുതിയതാവണമെന്നാണ് അനുമാനിക്കുന്നത്. ആ പാവം മനുഷ്യൻ ജീവിച്ചിരുന്ന കാലത്ത് അയാളെ തിരിഞ്ഞുനോക്കാത്തവർ അയാളുടെ ജീവൻ പോയപ്പോൾ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാൻ ഓടിയെത്തിയിരിക്കുന്നുയെന്ന് പറഞ്ഞുകൊണ്ടാണ് വൈലോപ്പിള്ളി കവിത അവസാനിപ്പിക്കുന്നത്. ഈ കവിത ഓർക്കുമ്പോൾ ഒരു നാടകം കൂടി എന്റെ ഓർമ്മയിൽ വരാറുണ്ട്. ചങ്ങനാശ്ശേരി ഗീഥാ നാടക സമിതി ചാച്ചപ്പന്റെ

സംവിധാനത്തിൽ അവതരിപ്പിച്ച നാടകമാണ്. ഒരാൾ 14 ദിവസം പട്ടിണി കിടന്ന് മരിച്ചുവെന്ന പത്രവാർത്ത കാണുന്ന ചാച്ചപ്പന്റെ കഥാപാത്രം ആ വാർത്ത എഴുതിയ വ്യക്തിയോട് ഇതിത്ര കൃത്യമായി എങ്ങനെ അറിഞ്ഞുവെന്ന് ചോദിക്കുന്നു. താൻ ഓരോ ദിവസവും ആ പട്ടിണിക്കാരനെ സന്ദർശിക്കുമായിരുന്നെന്ന് പത്രക്കാരൻ മറുപടി പറഞ്ഞു. അയാൾ ജീവിച്ചിരിപ്പുണ്ടോയെന്ന് അറിയുന്നതിനുവേണ്ടി 14 ദിവസവും അയാളെ അന്വേഷിച്ച നിങ്ങൾ ഒരു നേരം അയാൾക്ക് ഭക്ഷണം വാങ്ങി നൽകിയിരുന്നെങ്കിൽ അയാൾ മരിക്കില്ലായിരുന്നല്ലോയെന്ന് നാടകത്തിലെ മുഖ്യ കഥാപത്രം ആ പത്രക്കാരനോട് ചോദിച്ചു. ബ്രേക്കിംഗ് ന്യൂസ് എവിടെ കിട്ടും? പത്രം മുന്നോട്ട് പോകണമെങ്കിൽ ബ്രേക്കിംഗ് ന്യൂസ് വേണം. ഇപ്പോൾ സോഷ്യൽ മീഡിയയെന്ന ഓമനപ്പേരിലാണ് ഇവരെല്ലാം അറിയപ്പെടുന്നത്. ഇലക്ഷനിൽ അവരെല്ലാം പൂണ്ട് വിളയാടി. വിവാദ വിഷയങ്ങളിൽ സംസ്ഥാനത്തെ പ്രതിപക്ഷവും മാധ്യമങ്ങളിലെ ഒരു വിഭാഗവും പിന്തുടരുന്ന ശൈലിയെ സമർത്ഥിക്കുവാൻ ചങ്ങനാശ്ശേരി ഗീഥയുടെ നാടകത്തിലെ ഈ ചോദ്യം ധാരാളമാണ്.

ഒരു കാലത്ത് കേരളീയ സമൂഹം ചർച്ച ചെയ്തിരുന്ന ഒരു തർക്ക വിഷയമുണ്ട്. കല കലയ്ക്കുവേണ്ടിയോ കല ജീവിതത്തിനുവേണ്ടിയോ; സാഹിത്യ നിരൂപകരും കലാകാരൻമാരും രണ്ട് പക്ഷത്തായി അണിനിരന്ന കാലഘട്ടമായിരുന്നു. രണ്ട് വാദഗതികളുടെയും സമന്വയമാണ് കൂടുതൽ സത്യം. കല ജീവിതം തന്നെ എന്ന തിരിച്ചറിവോടെയാണ് കലാ, സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കായി 170 കോടി രൂപ വകയിരുത്തിയത്. കലയുടെ ശക്തിയെക്കുറിച്ച് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഏറ്റവും ആധികാരികമായി പറയാൻ സാധിക്കും. കലാസാഹിത്യ പ്രസ്ഥാനങ്ങൾ എക്കാലത്തും മതേതരത്വത്തിനും പുരോഗമന നിലപാടുകൾക്കും ഒപ്പം നിന്ന ചരിത്രമാണ് നമുക്കുള്ളത്.

മതം വ്യക്തിയുടെ സ്വകാര്യതയാണെന്നും അതിൽ രാഷ്ട്രം ഇടപെടേണ്ടതില്ലെന്നുമുള്ള ധീരമായ പ്രഖ്യാപനം നടത്തിയ ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമാണ് നമ്മുടെ ദേശീയത. സി.പി.ഐ.(എം) ഇത്തരം ദേശീയ കാഴ്ചപ്പാടുകളിലൂടെയാണ് പ്രവർത്തിക്കുന്നത്. തന്റെ ചിതാഭസ്മം ഗംഗയിൽ ഒഴുക്കുന്നത് സംബന്ധിച്ച് മഹാനായ ജവഹർലാൽ നെഹ്റു 1954-ൽ

അദ്ദേഹത്തിന്റെ മരണപത്രത്തിൽ ഇങ്ങനെയാണ് രേഖപ്പെടുത്തിയത്, ചിതാഭസ്മത്തിൽ ഒരു ഭാഗം അലഹബാദിൽവച്ച് ഗംഗയിൽ ഒഴുക്കണം അതിന് മതസംബന്ധമായ യാതൊരു പ്രാധാന്യവുമില്ല, ബാക്കി വിമാനത്തിൽനിന്ന് വയലേലകളിൽ വിതറണം. ഇത്തരം മതേതര കാഴ്ചപ്പാടിനെ തകർക്കാനുള്ള നീക്കത്തെയാണ് സി.പി.ഐ.(എം) ഈ തിരഞ്ഞെടുപ്പിലും എതിർത്തത്. നെഹ്റു മാത്രമല്ല ആദരണീയരായ നമ്മുടെ പല നേതാക്കളും ഇത്തരം കാഴ്ചപ്പാടുള്ളവരായിരുന്നു. വ്യത്യസ്ത കാലങ്ങളിൽ ശക്തിപ്പെട്ട ദേശീയതയ്ക്ക് വിഭിന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽപ്പെട്ട നേതാക്കന്മാർ ആശയപരമായ പിന്തുണ നൽകിയ ചരിത്രമാണ് നമ്മുടെ നാട്ടിലുള്ളത്. ഈ പാരമ്പര്യത്തെ തകർക്കാനാണ് സംഘ്പരിവാർ ശക്തികൾ ശ്രമിക്കുന്നത്. അതിനെ തുറന്ന് എതിർക്കുന്നതിൽ ഇടതുപക്ഷം ഒരിക്കലും പിന്നോട്ടുപോയിട്ടില്ല. ഇത്തരം തുറന്ന എതിർപ്പ് കാരണമാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെതിരെ കേന്ദ്രം പകപോക്കൽ നയം പിന്തുടരുന്നത്. കേന്ദ്ര അവഗണനയ്ക്കെതിരെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾ ഡൽഹിയിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പല

മുഖ്യമന്ത്രിമാരും ദേശീയ നേതാക്കളും ആ പ്രതിഷേധ യോഗത്തിൽ അഭിസംബോധന ചെയ്ത് സംസാരിച്ചിരുന്നു. അക്കൂട്ടത്തിൽ കാശ്മീർ മുൻ മുഖ്യമന്ത്രി ശ്രീ. ഫാറൂഖ് അബ്ദുല്ല നടത്തിയ പ്രസംഗത്തിനായിരുന്നു കൂടുതൽ കൈയ്യടി ലഭിച്ചത്. ദേശീയ രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിയന്ത്രിച്ചിട്ടുള്ള 86-കാരനായ ശ്രീ. ഫാറൂഖ് അബ്ദുല്ല ഇങ്ങനെയാണ് പ്രസംഗം ഉപസംഹരിച്ചത്, ജനാധിപത്യ ക്രമത്തിൽ തിരഞ്ഞെടുപ്പിൽ ജയവും തോൽവിയും സാധാരണമാണ്. ജയത്തിൽ അഹങ്കാരം പാടില്ല, ഇന്ന് ജയിക്കുന്നവർ നാളെ തോൽക്കേണ്ടി വരും എന്ന് ഓർത്തുകൊള്ളണം. ജാതി പറഞ്ഞും വർഗീയത പ്രചരിപ്പിച്ചും വിജയിക്കാമെന്ന് കരുതുന്നവർക്ക് അടിതെറ്റുമെന്ന മുന്നറിയിപ്പായിരുന്നു ജീവിതം ഒരുപാട് കണ്ട ശ്രീ. ഫാറൂഖ് അബ്ദുല്ലയുടെ അന്നത്തെ പ്രസംഗം. ഈ പ്രസംഗവും എന്റെ പ്രതിപക്ഷ സ്നേഹിതർക്കായി സമർപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. പൊതുവിദ്യാഭ്യാസം നഷ്ടക്കച്ചവടമാണെന്ന് പറഞ്ഞ് സർക്കാർ

സ്കൂളുകൾ അടച്ചുപൂട്ടാൻ തയ്യാറായവരാണ് ഇപ്പോൾ വിദ്യാഭ്യാസത്തെക്കുറിച്ച് വലിയ ഗീർവാണ പ്രസംഗങ്ങൾ നടത്തുകയും മുതലക്കണ്ണീർ ഒഴുക്കുകയും ചെയ്യുന്നത്. എന്തായാലും അവർ കഴിഞ്ഞ കാലത്തേയ്ക്ക് ഒന്ന് തിരിഞ്ഞുനോക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

കുട്ടികൾക്ക് ഇരുന്ന് സുഖമായി പഠിക്കാൻ ആവശ്യമായ പുതിയ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും 45000-ൽ അധികം സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ സ്കൂൾ അന്തരീക്ഷം തന്നെ മാറുന്ന അവസ്ഥയാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരിക്കുന്നത്. ഇതൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് വിദ്യാഭ്യാസം ആകെ കുഴപ്പത്തിലാണെന്ന് വരുത്തി തീർക്കാൻ വേണ്ടിയുള്ള പ്രവർത്തനം നടത്തുന്നത് സത്യത്തിൽ ഈ കേരളത്തിലെ ജനങ്ങളെ അപമാനിക്കുന്നതിന് തുല്യമാണ്. അപമാനിക്കുന്ന കാര്യത്തെക്കുറിച്ച് ഞാൻ പിന്നാലെ പറയുന്നുണ്ട്.

കൃഷിക്കാർ വല്ലാത്ത ബുദ്ധിമുട്ടിലും പ്രയാസത്തിലുമാണെന്നാണ് കൃഷിയുമായി ബന്ധപ്പെട്ട് പറയാനുള്ളത്. കേന്ദ്ര സർക്കാർ നെല്ല് സംഭരിച്ച

വകയിൽ ആയിരത്തി ചില്വാനം കോടി രൂപ ബാക്കിവച്ചു. എന്നാൽ നമുക്ക് ഇപ്പോഴും ആ തുക കൊടുത്തു തീർക്കാൻ സാധിച്ചില്ല, മിക്കവാറും നൽകിക്കഴിഞ്ഞിട്ടുണ്ട്. തുക ലഭിക്കാത്തവർക്ക് ഇനിയും അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ അവരുടെ കാര്യം ബുദ്ധിമുട്ടിലാകുമെന്ന വസ്തുത ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും നൽകാത്ത ഉയർന്ന താങ്ങുവില കേരളത്തിൽ നൽകുന്നുണ്ട്. എന്നാൽ നെല്ലിന്റെ ഉൽപ്പാദനച്ചെലവ് വർധിച്ചതോടൊപ്പം ഫെർട്ടിലൈസറിന്റെ വിലയിലും ഉഴവ് കൂലിയിലും വല്ലാത്ത വർധനയുണ്ടായി. ഈ പ്രതിസന്ധികളുടെ നടുവിൽനിന്നുകൊണ്ട് കൃഷിക്കാരെ സഹായിക്കാനായി താങ്ങുവില കുറച്ചുകൂടി വർധിപ്പിക്കുവാൻ തയ്യാറാകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. മുമ്പ് തമിഴൻ പറഞ്ഞ ഒരു ചൊല്ലുണ്ട്, 'കാഞ്ചിട്ടും പോച്ച് പേഞ്ചിട്ടും പോച്ച്' അതുപോലെയാണ് ഇപ്പോഴത്തെ സ്ഥിതി. കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ വരൾച്ചയാണ് കഴിഞ്ഞ വർഷമുണ്ടായത്. ആ വരൾച്ചയുടെ ഭാഗമായി കൃഷിക്കാരന്റെ വിളയെല്ലാം നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായതിനെയാണ് കാഞ്ചി പോച്ച് എന്നതുകൊണ്ട്

ഉദ്ദേശിച്ചത്. ഇപ്പോൾ മഴ ധാരാളം പെയ്തുകൊണ്ടിരിക്കുന്ന കാലയളവാണ് അതുമൂലം വിള തേഞ്ഞുപോകുന്ന (നഷ്ടപ്പെടുന്ന) അതിനെയാണ് പേഞ്ചി പോച്ച് എന്നുപറഞ്ഞത്. അങ്ങനെ വരൾച്ചയിലും കനത്ത മഴയിലും കൃഷിക്കാരന് വിള നഷ്ടം സംഭവിക്കുകയാണ്. അതിനാൽ നിർത്തിവച്ചിരിക്കുന്ന വിള ഇൻഷ്വറൻസ് പുനഃസ്ഥാപിച്ച് അത് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. എം. മുകേഷ് സഖാവ് പത്രങ്ങളെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ എനിക്ക് ഒരു കാര്യം ഓർമ്മ വരികയാണ്. കേരള ബാങ്ക് രൂപീകരണം എന്നത് ഇന്ത്യ രാജ്യത്ത് ഒരു സംസ്ഥാനത്തും ഇല്ലാത്ത പരീക്ഷണമാണ്. ഏഷ്യയിലെ ഒന്നാമതാണ് ഇന്ന് കേരള ബാങ്ക്. ഇന്നലെ വാർത്താമാധ്യമങ്ങൾ കേട്ടതിൽ പാതി കേൾക്കാത്തതിൽ പാതി റിസർവ് ബാങ്ക് കേരള ബാങ്കിനെ ഡീ ഗ്രേഡ് ചെയ്തുവെന്ന് നാട്ടിലാകെ ഒരു പ്രചരണം നടത്തി. റിസർവ് ബാങ്ക് അങ്ങനെ ഒരു ഗ്രേഡിംഗ് നടത്തിയിട്ടില്ല. സാധാരണ ഗതിയിൽ നബാർഡ് എല്ലാ വർഷവും ഇൻസ്പെക്ഷൻ നടത്തുകയും അപാകതകൾ കണ്ടാൽ തിരുത്താൻ മാർഗം ഉപദേശിക്കുകയും ചെയ്യും. ഇക്കാര്യത്തിനാണ് ഡീഗ്രേഡ് ചെയ്തുവെന്ന

വാർത്ത സകല പത്രങ്ങളും ഉണ്ടാക്കിയത്. ചില സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന തെറ്റായ ചില പ്രവണതകൾ .... ഞാൻ ഇക്കാര്യം സൂചിപ്പിക്കാനുള്ള കാരണം കാർഷിക മേഖലയ്ക്ക് താങ്ങും തണലുമായി പ്രവർത്തിക്കുന്നതാണ് പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികളും അതിനോട് അനുബന്ധിച്ചുള്ള കേരള ബാങ്കും. എന്തെങ്കിലും കേട്ടതിന് പിന്നാലെ, കാള പെറ്റുവെന്ന് പറഞ്ഞ് കയർ എടുത്ത് പ്രചരണം നടത്തുന്നത് എന്ത് മാത്രം ദുഷ്ട ഫലങ്ങൾ രാജ്യത്തുണ്ടാക്കും എന്നതിനെക്കുറിച്ച് പത്രങ്ങൾ ആലോചിക്കുന്നത് നന്നായിരിക്കുമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

കായിക രംഗവുമായി ബന്ധപ്പെട്ട് 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതി നല്ല ആശയമാണ്. ആ പദ്ധതി പ്രാവർത്തികമാക്കാൻ 50 ശതമാനം എം.എൽ.എ. ഫണ്ടും 50 ശതമാനം സ്പോർട്സ് വകുപ്പുംകൂടി ചെലവഴിക്കുന്ന തരത്തിലുള്ള പരിഗണന പദ്ധതിക്ക് ഗുണം ചെയ്യും. എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് ക്രിക്കറ്റിനും ഫുട്ബോളിനുമുള്ള സംവിധാനങ്ങൾ നാട്ടിലുണ്ട്. പാലക്കാട് ജില്ലയിലെ ചില ഗ്രാമങ്ങളിൽ പറളിക്കാട്, കാടാംകോട് എന്നീ പ്രദേശങ്ങളിൽ അവരായി

വളർത്തികൊണ്ടുവന്നതാണ് ഖോ ഖോ ഗെയിം, ഇന്നിപ്പോൾ അത് കേരളത്തിൽ പല സ്ഥലത്തുമുണ്ട്. അത് ഒളിമ്പിക്സിൽ സ്ഥാനം പിടിച്ചിട്ടില്ലെങ്കിലും ഏഷ്യാഡിലും ഏഷ്യൻ ഗെയിംസിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കാവുശ്ശേരി, പല്ലശ്ശന എന്നീ പ്രദേശങ്ങളിൽ നീന്തലിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. അത്തരം ഗ്രാമങ്ങളെ തിരഞ്ഞുപിടിച്ച് അത്തരം കായിക വിനോദങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വളർത്തിയെടുക്കാൻ ആവശ്യമായ നടപടി കായിക വകുപ്പ് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

തൊഴിലാളിക്ഷേമവുമായി ബന്ധപ്പെട്ട് ക്ഷേമനിധിയുടെ കാര്യം പറയാൻ ആഗ്രഹിക്കുന്നു. ബുദ്ധിമുട്ടും പ്രയാസവും അനുഭവിച്ച് സൂര്യന് താഴെയുള്ള എല്ലാ ജോലിയും ചെയ്യുന്നവരാണ് അങ്കണവാടി ജീവനക്കാർ. അവർ സർവ്വീസിൽനിന്ന് വിരമിക്കുമ്പോൾ പത്ത് പൈസയുടെ ആനുകൂല്യം അവർക്ക് ലഭിക്കുന്നില്ല. എന്തൊക്കെ പ്രതിസന്ധികളുണ്ടെങ്കിലും പാവങ്ങളിൽ പാവങ്ങളായ ആ വിഭാഗത്തിന് ക്ഷേമനിധി ആനുകൂല്യം നൽകാൻ നടപടി

സ്വീകരിക്കാൻ തൊഴിൽ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കർഷകർക്ക് താങ്ങുവില കൂട്ടിനൽകണമെന്നും ഇൻഷ്വറൻസ് നടപ്പാക്കണമെന്നും വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരം നടത്തണമെന്നും അങ്കണവാടി ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യം നൽകണമെന്നും ആവശ്യപ്പെടുന്ന സന്ദർഭത്തിലും നമ്മുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദമായി കാര്യങ്ങൾ അവതരിപ്പിച്ചു. ഈ വസ്തുതകൾ എല്ലാം പ്രതിപക്ഷത്തിന് അറിയാം, എങ്കിലും അവർ എല്ലാത്തിനേയും എതിർക്കുകയാണ്. മുഖ്യമന്ത്രിയുടെ ധാർഷ്ട്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണെങ്കിൽ ഇവിടെ വന്നതിനുശേഷം അങ്ങയുടെ അത്ര ധാർഷ്ട്യം മുഖ്യമന്ത്രി പ്രകടിപ്പിച്ചിട്ടേയില്ല. താങ്കൾ എല്ലാത്തിനെയും എതിർക്കുകയാണ്, എന്ത് രീതിയാണ് ഇത്? കേരളത്തിൽ കോൺഗ്രസും ബി.ജെ.പി.-യും തമ്മിൽ എന്താണ് വ്യത്യാസം? കോൺഗ്രസ് അധികാരത്തിൽ വന്നപ്പോഴും കേരളത്തോട് അവഗണന

കാണിച്ചതല്ലേ; കേന്ദ്ര നിക്ഷേപത്തിന്റെ തോത് സംബന്ധിച്ച് ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇക്കാര്യം മനസ്സിലാകുമല്ലോ. കോൺഗ്രസ് എത്ര കാലം അധികാരത്തിലിരുന്നു, അവർ കേരളത്തിന് ആവശ്യമായ പരിഗണന നൽകിയിട്ടുണ്ടോ? നൽകിയിട്ടില്ലല്ലോ. അതുമാത്രമല്ല, ഇപ്പോൾ ബി.ജെ.പി കേന്ദ്രം ഭരിക്കുമ്പോൾ കേരളത്തെ അവഗണിക്കുന്നു, ബുദ്ധിമുട്ടിക്കുന്നു, സാമ്പത്തികപരമായി ഞെരുക്കുന്നു. മലയാളികളുടെ വോട്ടുവാങ്ങി ഇവിടെനിന്നും തിരഞ്ഞെടുക്കപ്പെട്ട് പാർലമെന്റിൽ പോയവർ ചെയ്ത പണി എന്താണ്, കേരളത്തിന്റെ അവകാശങ്ങൾ പിടിച്ചുവാങ്ങുന്നതിനുള്ള എന്തെങ്കിലും ശ്രമങ്ങൾ നടത്തിയോ? നടത്തിയില്ലെന്ന് മാത്രമല്ല, അവരോടൊപ്പം ചേർന്ന് കേരളത്തെ ദ്രോഹിക്കുന്ന സമീപനമല്ലേ സ്വീകരിച്ചത്. പ്രതിപക്ഷം ഇവിടെ ഈ സർക്കാരിനെ ആക്ഷേപിച്ചുകൊണ്ട് അവർക്ക് പിന്തുണ നൽകുന്ന പ്രവർത്തനങ്ങളല്ലേ പ്രസംഗങ്ങളിലൂടെയും മറ്റും നടത്തുന്നത്. ഇതൊക്കെ നിങ്ങൾ സ്വയം നെഞ്ചിൽ കൈവച്ചുകൊണ്ട് ആലോചിക്കേണ്ട കാര്യങ്ങളല്ലേ, മലയാളികളുടെ വോട്ട് വാങ്ങി പാർലമെന്റിൽ പോയി കേരളത്തെ എതിർക്കുന്നതിനായി ബി.ജെ.പി.-

യോടൊപ്പം ചേരുകയല്ലേ ഇക്കഴിഞ്ഞ അഞ്ചുവർഷവും നിങ്ങൾ നടത്തിയത്. ഇനിയും അതുതന്നെ നടത്തുമെന്നാണല്ലോ നിങ്ങളുടെ പ്രസംഗങ്ങളിൽനിന്നും ബോധ്യമാകുന്നത്. ഈ നിലയ്ക്കാണ് പോകുന്നതെങ്കിൽ ഈ കേരളത്തെ നശിപ്പിക്കുമെന്ന കാര്യം മനസ്സിലാക്കുക. അധികാരം ലഭിക്കാൻ അല്ലെങ്കിൽ അധികാരം നിലനിർത്താൻ ഏതറ്റം വരെയും പോകാനും എന്ത് വൃത്തികേടും കാണിക്കാനും ഒരു മടിയുമില്ലാത്ത പാർട്ടിയല്ലേ കോൺഗ്രസ്. ഇന്നത്തെ ദിവസത്തിന് ഒരു പ്രത്യേകതയില്ലേ, 1975 ജൂൺ **25** അർധരാത്രിയെക്കുറിച്ച് നിങ്ങൾക്ക് ഓർമ്മയുണ്ടാകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. 1975 ജൂൺ 25-ന് എന്നത് അർധരാത്രിയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ദിവസമാണ്. നിങ്ങൾ പ്രഖ്യാപിത അടിയന്തരാവസ്ഥ നടപ്പാക്കി ജനാധിപത്യ മൂല്യങ്ങളെ ചവിട്ടിമെതിച്ചു. അപ്രഖ്യാപിതമായി കോൺഗ്രസ് നടപ്പാക്കുന്ന..... അവഗണനയുടെ കാര്യത്തെക്കുറിച്ച് ഞാൻ സൂചിപ്പിക്കട്ടെ. എന്റെ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് പ്രദേശത്തെ റെയിൽവെ കോച്ച് ഫാക്ടറിയുടെ കാര്യമാണ് നിങ്ങൾ പറഞ്ഞത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് കഞ്ചിക്കോട് 431 ഏക്കർ സ്ഥലം ഏറ്റെടുത്തത്

റെയിൽവെയെ ഏൽപ്പിച്ചു. 2012 ഫെബ്രുവരി മാസം 21-ാം തീയതി പിറവം ഉപതിരഞ്ഞെടുപ്പ് സമയമായപ്പോൾ നിങ്ങൾ കോട്ടമൈതാനത്ത് തറക്കലിടുകയും ആ സ്ഥലത്ത് ഇപ്പോൾ ആന പെറ്റുകിടക്കുകയുമാണ്. കേരളത്തോട് ആത്മാർഥതയില്ലാത്തവരാണ് നിങ്ങളെന്നുള്ളതിന്റെ ഏറ്റവും പ്രകടമായ ഒരു ഉദാഹരണമാണിത്. തറക്കല്ലിട്ടത് 2012-ലായിരുന്നു, 2014-വരെ കേന്ദ്രം ഭരിച്ചിരുന്നത് കോൺഗ്രസായിരുന്നു, അന്ന് രണ്ട് ക്യാബിനറ്റ് മന്ത്രിമാരടക്കം 8 മന്ത്രിമാർ കേരളത്തിൽനിന്നും കേന്ദ്രത്തിലുണ്ടായിരുന്നിട്ടും നിങ്ങൾ കോച്ച് ഫാക്ടറി നടപ്പാക്കിയോ? മുമ്പ് ഇന്ദിരാ ഗാന്ധിയാണ് 50000 ആളുകൾക്ക് ജോലി ചെയ്യാനാകുന്ന കോച്ച് ഫാക്ടറി പാലക്കാട് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചത്. എല്ലാ തിരഞ്ഞെടുപ്പുകാലത്തും മോഹനസുന്ദര വാഗ്ദാനങ്ങളായി ആകാശത്ത് കുട കെട്ടിത്തരാം, അറബിക്കടലിൽ പാലം കെട്ടിത്തരാമെന്നും പറയുകയും തിരഞ്ഞെടുപ്പ് കഴിഞ്ഞ് അധികാരം ലഭിച്ചാൽ ജനങ്ങളെ മറക്കുന്ന പാരമ്പര്യവുമുള്ളവരാണ് കോൺഗ്രസ്. എന്തൊരു തൊലിക്കട്ടിയാണ് നിങ്ങൾക്ക്, കേരളത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ

നടത്തിയിട്ടുണ്ടോയെന്നും ഒന്നും നടത്തിയിയിട്ടില്ലെന്നും നിങ്ങൾക്കുതന്നെ തിരിഞ്ഞുനോക്കിയാൽ മനസ്സിലാകും.

കേരളം രൂപംകൊണ്ടത് 1956 നവംബർ മാസം 1-ാം തീയതിയാണ്. 1957-ലെ തിരഞ്ഞെടുപ്പുമുതൽ ഇന്നുവരെ കേരളത്തോട് അവഗണനയും ശത്രുതാ മനോഭാവവും പകയും വച്ചുപുലർത്തിയ പാർട്ടിയാണ് കോൺഗ്രസ്. അതിനുശേഷം വന്ന ബി.ജെ.പി.-യും അതുചെയ്യുമ്പോൾ നിങ്ങൾ അവരോടൊപ്പം ചേർന്ന് കേരളത്തിന്റെ താൽപ്പര്യങ്ങളെ ചവിട്ടി മെതിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ ജനാധിപത്യാവകാശങ്ങൾ പറയാനുമുള്ള മുഖം നഷ്ടപ്പെട്ട ഒരു വിഭാഗമാണ് കോൺഗ്രസെന്ന് ചരിത്രമെടുത്ത് പരിശോധിച്ചാൽ തെളിയുമെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി ദെലീമ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. വർഷങ്ങൾക്കുമുമ്പ് ഒരു യാത്രയിൽ വഴിയോരത്ത് ഭക്ഷണം യാചിച്ചുനിൽക്കുന്ന ഒരു കുട്ടിയെ കണ്ടുമുട്ടിയതും ആ കുഞ്ഞിനെക്കുറിച്ച് ഒരു കവിത എന്റെ

ഹൃദയത്തിൽ രൂപപ്പെട്ടതും ഇപ്പോൾ എന്റെ ഓർമ്മയിൽ വരികയാണ്.

കവിതയുടെ  രണ്ടുവരി ഞാൻ പാടാം.

'കാറ്റിന്നു കൗതുകം തീർക്കുന്നു.

കുഞ്ഞിളം നേത്രത്താൽ പൈതലേ

നീയറിഞ്ഞില്ലല്ലോ

കാലത്തിൻ കൂരമ്പ് ഏറ്റേറ്റ്

നിൻ മൃദു ളുമേനിഇന്നതീ

കാഠിന്യം പുൽകുന്നു.

ഏറ്റും വിശപ്പിലായ് തേടുന്നു

നീയിന്ന് കൂറകൾ കേറി

പെരുകിയ കോണിന്ന്

ആരോ ചതിച്ചുഴി പുൽകുവാൻ

നിന്നെ യീ പാതയോരത്തെ

ചേറിതിൽ തള്ളീലേ

ഇന്നു നിൻ ജീവൻ പിടിച്ചിടാൻ

നീ തന്നെ ചെല്ലുക ഉണ്ണീ

ശിലാഹൃത്തുപേറുക.'

ഇതായിരുന്നു എന്റെ കവിത. അഭിനന്ദനങ്ങൾക്ക് നന്ദി.

ഈ കുട്ടി പഠിക്കാനും ഒരു നേരത്തെ ആഹാരത്തിനുമുള്ള അവകാശം നിഷേധിക്കപ്പെട്ട് ഉത്തരേന്ത്യൻ സംസ്ഥാനത്ത് നിന്നെത്തിയ കുഞ്ഞായിരുന്നുവെന്ന് ഓർത്താണ് ഈ കവിതയിലൂടെ ഞാൻ വിതുമ്പിയത്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ ഒരു കുട്ടിക്കുപോലും ഇത്തരത്തിലൊരു അവസ്ഥയില്ല. ഇന്ന് അന്യസംസ്ഥാനത്തെ കുട്ടികൾക്കുപോലും വിദ്യാഭ്യാസവും ഭക്ഷണവും നൽകിക്കൊണ്ട് ചേർത്തുപിടിക്കുന്ന ഒരു സർക്കാരാണ് നമുക്കുള്ളതെന്ന് അഭിമാനത്തോടെ ഞാൻ ഓർക്കുന്നു. ലോക ജനസംഖ്യയുടെ നാലിലൊന്ന് കുട്ടികളാണ്. വിവിധ രാജ്യങ്ങളിലെ സമരമുഖങ്ങളിലും വിവേചനം നിലനിൽക്കുന്നയിടങ്ങളിലും അഭയാർത്ഥി ക്യാമ്പുകളിലും യുദ്ധഭൂമിയിലുമൊക്കെയും എരിഞ്ഞുതീരുന്നത് ലോകത്തിന്റെ പ്രതീക്ഷകളാണ്. എന്നിരിക്കെ വിദ്യാലയത്തിന്റെ ചരടുവലിക്കൊപ്പം ആടുകയും പാടുകയും

പഠിക്കുകയും ചെയ്യുന്ന പാവകളായിട്ടോ കൃത്യമായി പ്രോഗ്രാം ചെയ്തുവിട്ട റോബോട്ടുകളെപ്പോലെയോ അല്ലല്ലോ നമ്മുടെ കുട്ടികൾ വളരേണ്ടത്. ജീവിതത്തിന്റെ പ്രതിസന്ധികളും പ്രതീക്ഷകളും ഒരുപോലെ കൈകാര്യംചെയ്യുംവിധം അവരെ ഒരുക്കുന്നതിലാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. ലോകം അതിവിശാലമാണെന്നത് അവർക്ക് ബോധ്യമാകണം. ഇന്ന് ഇന്ത്യയിൽ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും കുട്ടികളുടെ നിസ്സഹായത നിറഞ്ഞ രോദനം ഉയരുന്നുണ്ട്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നീറ്റ് പരീക്ഷയുൾപ്പെടെ മറ്റുസംസ്ഥാനങ്ങളിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന അഴിമതി. രാജ്യത്താകമാനമുള്ള ഒരു ലക്ഷത്തിലേറെ എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്ക് അതിന്റെ 24 ഇരട്ടിയോളം വിദ്യാർഥികൾ പങ്കെടുത്ത അഖിലേന്ത്യാ പ്രവേശനപരീക്ഷയാണ് നീറ്റ്. ഈ വർഷത്തെ നീറ്റ് പരീക്ഷയിൽ ഗുരുതരമായ വീഴ്ചയല്ലേ സംഭവിച്ചിരിക്കുന്നത്. സമർഥരായ വിദ്യാർഥികൾ പിന്തള്ളപ്പെടുകയും അനർഹർ ആദ്യറാങ്കുകളിലേയ്ക്ക് കടന്നുകൂടുകയും ചെയ്തിരിക്കുന്നുവെന്ന ഗുരുതരമായ ആരോപണമാണ് കേന്ദ്രസർക്കാരിനെതിരെ ഉയർന്നിരിക്കുന്നത്. ഇത് ഇന്ത്യയിലെ

മനുഷ്യജീവന്റെ വിഷയമാണ്, ലാഘവത്തോടെ കൈകാര്യം ചെയ്യേണ്ട ഒന്നല്ല. എന്നാൽ കേന്ദ്രസർക്കാരും എൻ.ടി.എ.-യും ഇതിനെ ലാഘവത്തോടെ കാണുന്നുവെന്നുള്ളത് എത്ര ഹീനമാണ്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഇടയിൽ നീന്തുന്ന കേന്ദ്രസർക്കാർ കുഞ്ഞുങ്ങളുടെ മനസ്സിൽ തീ കോരിയിടുകയല്ലേ. ഇതിൽനിന്നും വ്യത്യസ്തമായി കുട്ടികൾക്കുവേണ്ടി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ എത്രയെത്ര മാറ്റങ്ങളാണ് വഴിതുറന്നത്. അതിനുവേണ്ടി സംസ്ഥാന സർക്കാർ മുമ്പോട്ടുകുതിക്കുകയാണ്. ഇത് ഇവർ കണ്ടു പഠിക്കട്ടെ. നമ്മുടെ സംസ്ഥാനത്തെ ഒട്ടനവധി സ്കൂളുകൾ ഇന്ന് കുട്ടികൾക്കുവേണ്ടി ഹൈടെക് നിലവാരം പുലർത്തുന്നില്ലേ. എന്റെ മണ്ഡലത്തിൽത്തന്നെ ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഏകദേശം 20 കോടിയലധികം രൂപയാണ് സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചത്. വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾക്ക് ഒരുകുറവും വരുത്താതെ പ്രവർത്തിക്കുന്ന ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ മണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയ വികസനപ്രവർത്തനം ഞാൻ ഇവിടെ പ്രതിപാദിക്കുകയാണ്.

തിരുനെല്ലൂർ ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിടം -3 കോടി രൂപ

ഒറ്റപ്പുന്ന ഗവൺമെന്റ് എൽ.പി. സ്കൂൾ - 1.5 കോടി രൂപ

പല്ലുവേലിൽ ഗവൺമെന്റ് യു.പി. സ്കൂൾ - 2 കോടി രൂപ

തേവർവട്ടം ഗവൺമെന്റ് ഹൈസ്കൂൾ - 1 കോടി രൂപ

ഓടംപള്ളി ഗവൺമെന്റ് യു.പി. സ്കൂൾ - 1 കോടി രൂപ

പെരുമ്പളം എച്ച്.എസ്.എൽ. പി. സ്കൂൾ - 60 ലക്ഷം രൂപ

പെരുമ്പളം ഗവൺമെന്റ് എച്ച്.എസ്.എസ്. - 1 കോടി രൂപ

മറ്റത്തിൽ ഭാഗം ഗവൺമെന്റ് എൽ.പി. സ്കൂൾ - 1 കോടി രൂപ

അരൂർ ഗവൺമെന്റ് എച്ച്.എസ്. - 1 കോടി രൂപ

ചന്തിരൂർ ഗവൺമെന്റ് എച്ച്.എസ്.എസ്. - 2 കോടി രൂപ

വി.വി.എച്ച്.എസ്.എസ്. കോടംതുരുത്ത് - 2 കോടി രൂപ

ഗവൺമെന്റ് എൽ.പി. സ്കൂൾ, കോടംതുരുത്ത് - 1 കോടി രൂപ

തുറവൂർ വെസ്റ്റ് യു.പി. സ്കൂൾ - 3 കോടി രൂപ

എരമല്ലൂർ എൻ.എസ്.എസ്.എൽ.പി. സ്കൂൾ -55 ലക്ഷം രൂപ

തളിയാപറമ്പ് ജി.എൽ.പി. സ്കൂൾ -55 ലക്ഷം രൂപ

എന്റെ മണ്ഡലത്തിലെ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾ ഇങ്ങനെ പോകുന്നു. ഇതിൽ എനിക്ക് നമ്മുടെ സർക്കാരിനോടും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും വളരെ നന്ദിയുണ്ട്. ഇത് എന്റെ മണ്ഡലത്തിൽ മാത്രമല്ല, എല്ലാ മണ്ഡലങ്ങളിലും നടക്കുന്ന വികസന പ്രവർത്തനങ്ങളാണ്.

ഒരു കലാകാരിയെന്ന നിലയിൽ ഈ രംഗത്ത് കടന്നുവരുന്ന സമയം എനിക്ക് വലിയ ഉത്കണ്ഠയായിരുന്നു, കലാകാരന്മാരെ ചേർത്തുപിടിക്കാൻ നമ്മുടെ സർക്കാരിന് സാധിക്കുമോയെന്ന ഉത്കണ്ഠ. എന്നാൽ ഈ രംഗത്ത് അത്ഭുതകരമായ മാറ്റങ്ങളാണ് നമ്മുടെ സർക്കാർ നടപ്പിലാക്കിയത്. എല്ലാവർക്കും കലാകാരന്മാരാകാൻ സാധിക്കുകയില്ല. കല അപൂർവ്വങ്ങളിൽ അപൂർവ്വമാണ്. അങ്ങനെയുള്ള കലാകാരന്മാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുമ്പോൾ നാടിന്റെ നന്മയുടെ വളർച്ചയ്ക്ക് അത് കാരണമാകുന്നു. കേരളത്തിലെ തനതു കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും കലാകാരന്മാരെ സംരക്ഷിക്കുന്നതിനും അവർക്ക് കല ജീവനോപാധിയായി മാറ്റുന്നതിനും ആവശ്യമായ ഇടപെടലുകളാണ് കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ഈ സർക്കാർ നടത്തിവരുന്നത്.

കലാപ്രവർത്തനങ്ങളെയും സാംസ്കാരിക സംഘടനകളെയും പ്രോത്സാഹിപ്പിക്കുകയും വിവിധ വിഭാഗത്തിൽപ്പെടുന്ന പാവപ്പെട്ട കലാകാരന്മാരെ സംരക്ഷിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് ഈ സർക്കാർ മുന്നോട്ടുനീങ്ങുന്നത്.

മി. ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്....

ശ്രീമതി ദെലീമ: ഞാൻ പാട്ട് പാടിയതാണ്, എനിക്ക് സംസാരിക്കാൻ അല്പം സമയംകൂടി നൽകണം. അന്യംനിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിച്ച് നിലനിർത്തുന്നതിനും അവരെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുമായി വൈവിധ്യമാർന്ന പരിപാടികളും സർക്കാർ നടപ്പിലാക്കിവരുന്നു. ഇതിനെല്ലാം ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് വളരെയധികം നന്ദിയുണ്ട്. നമ്മുടെ കലാകാരന്മാർ അഭിമാനത്തോടെ ജീവിക്കാൻ ശ്രമിക്കുന്നവരാണ്. പൊതുവിൽ കലാകാരന്മാരെങ്കിലും ഭരിക്കുന്ന സർക്കാരിനോട് യാതൊരു പരിഭവവും അവർക്ക് ഉണ്ടാകാറില്ല. തങ്ങളുടെ കഴിവുകൾ സമൂഹത്തിന് സംഭാവന ചെയ്ത് പല കലാകാരന്മാരും കടന്നുപോകുന്നു. അങ്ങനെയുള്ള നിർധനരായ

കലാകാരന്മാരെയാണ് ഈ സർക്കാർ കരുണയോടെ ചേർത്തുപിടിക്കുന്നത്. വാർധക്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന നിരവധി കലാകാരന്മാരാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഇവർക്ക് ആശ്വാസം പകരുന്നതിനായി സർക്കാർ നടപ്പാക്കിവരുന്ന പെൻഷൻ പദ്ധതിയാണ് 'കലാകാര പെൻഷൻ' പദ്ധതി. കലാകാരന്മാർക്ക് ഇത്തരത്തിൽ പെൻഷൻ ലഭിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. അവരുടെ പെൻഷൻ തുക മൂവായിരം രൂപയാക്കി വർധിപ്പിച്ചുകൊടുക്കുന്നത് എന്റെ സ്വപ്നമാണ്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് അംഗങ്ങളായ കലാകാരന്മാർക്ക് നാലായിരം രൂപ നിരക്കിൽ നിലവിൽ പെൻഷൻ നൽകിവരുന്നുണ്ട്. ഇതിലും വളരെ അഭിമാനം തോന്നുന്നുണ്ട്.

വിദ്യാഭ്യാസവും കലയും സാഹിത്യവും എന്നതുപോലെ കായിക രംഗത്തും വലിയ മുന്നേറ്റമാണ് ഈ സർക്കാർ കാഴ്ചവയ്ക്കുന്നത്. സർക്കാർ പ്രോഗ്രാമുകൾ നടത്തുന്ന വേദികളിൽ ഭിന്നശേഷി കലാകാരന്മാർക്ക് കൂടി പ്രാധാന്യം കൊടുക്കണം. അവർക്ക് പ്രോഗ്രാം നടത്താനുള്ള അവസരം നൽകണം. കൂടാതെ, ഒരുപാട് ഉയരങ്ങളിലേയ്ക്ക് പോകാത്ത ചില കലാകാരന്മാർ

പിന്നാമ്പുറങ്ങളിലുണ്ട്. സർക്കാർ മുൻകൈയെടുത്ത് പ്രോഗ്രാമുകൾ നടത്താനുള്ള അവസരം കൊടുക്കുകവഴി അവർക്ക് ലഭിക്കുന്ന സാമ്പത്തിക സഹായം നമ്മൾ കൊടുക്കുന്ന ഏറ്റവും മികച്ച അംഗീകാരമാണ്. അവർ സമൂഹത്തിന് നൽകുന്ന വലിയൊരു സംഭാവനയാണ് കല. അവരെയും പ്രത്യേകമായി പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ഒരു സ്പോർട്സ് ഹബ്ബാകാൻ കുതിക്കുന്നുണ്ട്. ക്രിക്കറ്റിനും ഫുട്ബോളിനും പുതിയ രാജ്യാന്തര സ്റ്റേഡിയങ്ങൾ ലോകമത്സരങ്ങൾക്ക് വേദിയാകുന്നതോടെ കേരളത്തിന്റെ കായിക രംഗത്തിന്റെ മഹത്വം ലോകശ്രദ്ധയാകർഷിക്കും. കായിക സംരംഭങ്ങൾക്ക് വ്യവസായ പദവി നൽകുന്നതോടെ കായിക രംഗത്തേയ്ക്കുള്ള പുതിയ സംരംഭക ചുവടുവയ്പ്പ് നാടിന് ഉണർവേകും. ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി എല്ലാ നിയോജകമണ്ഡലങ്ങളിലും ഭിന്നശേഷി സൗഹൃദ സ്റ്റേഡിയങ്ങളും റീഹാബിലിറ്റേഷൻ സെന്ററുകളും അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് നടത്തപ്പെടുന്ന മാറ്റങ്ങളെ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. അതിനൊരു ഉദാഹരണമാണ് തിരുവനന്തപുരത്ത് ആരംഭിച്ച 'ബുക്ക്മാർക്ക് കഫേ'. നമ്മുടെ നാടിനെ നവീകരിച്ചതിൽ നാടകങ്ങളുടെ പങ്ക് വളരെ വലുതാണ്. സമൂഹത്തിലെ എല്ലാ ദുഷിപ്പുകൾക്കുമുള്ള ദിവ്യൗഷധമായിരുന്നു മലയാളത്തിലെ നാടകങ്ങൾ. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന ഒറ്റ നാടകം ഒരു സർക്കാരുണ്ടാകാൻ നിമിത്തമായ കഥ നാട്ടിലെ കമ്മ്യൂണിസ്റ്റുകാർ മറന്നാലും മലയാളികളും നാടകപ്രേമികളും ഒരുകാലത്തും മറക്കില്ല. അതുകൊണ്ടുതന്നെ ഈ സർക്കാരിന് നാടകത്തെയും നാടകപ്രവർത്തകരെയും സംരക്ഷിക്കാനുള്ള ബാധ്യത കൂടുതലായുണ്ടെന്ന് ഞാൻ സർക്കാരിനെ ഓർമ്മിപ്പിക്കുകയാണ്. സംഗീത നാടക അക്കാദമിയുടെ ഈ വർഷത്തെ നാടക മത്സരം കഴിഞ്ഞു. അവാർഡിന് അർഹരായ മുഴുവൻ കലാകാരന്മാരെയും ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ഒരു വർഷം കേരളത്തിൽ പുതുതായി നൂറിൽ കൂടുതൽ നാടക സമിതികളാണ് നാടകം അവതരിപ്പിച്ചുകൊണ്ട് രംഗത്തുവരുന്നത്.

പക്ഷേ, ഇതിൽ പത്ത് നാടകങ്ങൾക്ക് മാത്രമാണ് മത്സരത്തിൽ പങ്കെടുക്കാൻ കഴിയുന്നത്. അവസരങ്ങൾ അവാർഡുകളായി കാണുന്നവരാണ് കലാകാരന്മാർ. കാലത്തിനനുസരിച്ച് നാടക മത്സരങ്ങൾ പരിഷ്കരിച്ച് മേഖലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നാടക മത്സരങ്ങൾ സംഘടിപ്പിച്ചാൽ ധാരാളം നാടകസംഘങ്ങൾക്കും നാടക കലാകാരന്മാർക്കും അവസരം ലഭിക്കുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. സംഗീത നാടക അക്കാദമിയുടെ മത്സരത്തിന് പത്ത് നാടകങ്ങൾ എന്നുള്ളത് ഇരുപത് നാടകങ്ങളെങ്കിലും ആക്കി ഉയർത്തണമെന്ന് ആവശ്യപ്പെടുകയാണ്. കഴിഞ്ഞ വർഷം മുതലാണ് ആദ്യമായി മികച്ച ശബ്ദലേഖകനുള്ള അവാർഡ് കൊടുക്കാൻ ആരംഭിച്ചത്. ആ അവാർഡിന് അർഹനായത് എന്റെ പ്രിയപ്പെട്ട സുഹൃത്തും കരുനാഗപ്പള്ളിക്കാരനുമായ ശ്രീ. റജി ശ്രീരാഗാണ്. അദ്ദേഹത്തെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. നാടകരംഗത്തെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം എന്ന് പറയാവുന്നവരാണ് സെറ്റ് വർക്കർമാരും ടെക്നീഷ്യന്മാരും അതായത് ശബ്ദവും വെളിച്ചവും നിയന്ത്രിക്കുന്നവർ. ഇവരൊക്കെ പിന്നണിയിൽ ജോലി ചെയ്യുന്നവരാണ്. ഒരിക്കൽപോലും ഇവരുടെ കഴിവുകൾ

പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നിലപാട് അക്കാദമി എടുത്തിട്ടില്ല. ഈ മേഖലയിൽക്കൂടി അവാർഡ് പ്രഖ്യാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഏറ്റവും മികച്ച ഹാസ്യതാരത്തിന് നേരത്തെ അക്കാദമി അവാർഡ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇപ്പോൾ ആ അവാർഡും നിർത്തലാക്കി. അക്കാദമിയുടെ ഈ പരിഷ്കാരങ്ങൾക്കൊക്കെ സർക്കാർ അധിക ഫണ്ട് മാറ്റിവയ്ക്കേണ്ടതുണ്ട്. നാടക അവാർഡ് പ്രഖ്യാപിക്കുമ്പോൾ മന്ത്രിയുടെ സാന്നിധ്യമുണ്ടാകുന്നത് ഈ മേഖലയിലുള്ള ആളുകൾക്ക് പ്രോത്സാഹനവും സന്തോഷവും അംഗീകാരവും നൽകും. നൂറുകണക്കിന് കലാകാരന്മാർ പ്രവർത്തിക്കുന്ന മേഖലയാണ് നൃത്തനാടകങ്ങൾ. നാളിതുവരെ കേരളത്തിൽ നൃത്തനാടകത്തിന് അക്കാദമി മത്സരമോ അവാർഡോ സംഘടിപ്പിച്ചിട്ടില്ല. അടുത്ത വർഷം നൃത്തനാടക വിഭാഗത്തിന് മത്സരവും അവാർഡും സംഘടിപ്പിക്കാൻ സർക്കാർ തയ്യാറായാൽ അത് ഏറെ അഭിമാനകരമായിരിക്കും. നേരത്തെ ഒരംഗം ഇവിടെ പെൻഷൻ തുകയെക്കുറിച്ച് പരാമർശിച്ചു. പെൻഷൻ തുക പരിമിതമാണ്. കലാകാര പെൻഷൻ വർധിപ്പിക്കുകയും അവർക്ക് പെൻഷൻ കുടിശ്ശികയുണ്ടെങ്കിൽ അത്

കൊടുത്തുതീർക്കാനുമുള്ള നടപടി സ്വീകരിക്കുകയും വേണം. മുഖത്ത് ചായം തേച്ച് ഉറക്കമൊഴിഞ്ഞ് നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നവരാണ് കലാകാരന്മാർ. ഈയടുത്ത് സംസ്ഥാന പ്രൊഫഷണൽ നാടകമത്സരത്തിൽ മികച്ച നടനുള്ള അവാർഡ് ലഭിച്ച ചെറായി സ്വദേശിയായ ശ്രീ. ഗിരീഷ് രവിയുടെയും കഴിഞ്ഞ വർഷത്തെ മികച്ച നടനുള്ള അവാർഡ് ലഭിച്ച ശ്രീ. ബിജു ജയാനന്ദന്റെയും ഭവനങ്ങൾ ഞാൻ സന്ദർശിച്ചിരുന്നു. അവരൊക്കെയും നാടക അഭിനയത്തിനുശേഷം ലഭിക്കുന്ന സമയം ഓട്ടോറിക്ഷ ഓടിച്ചും മത്സ്യബന്ധനം നടത്തിയും പെയിന്റിംഗ് തൊഴിൽ ചെയ്തും ജീവിക്കുന്ന പാവപ്പെട്ട കലാകാരന്മാരാണ്. അതുകൊണ്ട് അവരെ പ്രോത്സാഹിപ്പിക്കാൻ അവരുടെ പെൻഷൻ തുക വർധിപ്പിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ ഉൾപ്പെടെയുള്ള പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് പ്ലസ്-വൺ അഡ്മിഷൻ. അത് മലബാറിന്റെ മാത്രം വിഷയമല്ല. അതിനാൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഒരു

കമ്മീഷനെ നിയമിച്ച് മലബാർ മേഖലയിലെ പ്രശ്നങ്ങൾ മാത്രമായി പഠിക്കരുത്. എന്റെ നിയോജകമണ്ഡലമായ കരുനാഗപ്പള്ളിയിലെ ചില രക്ഷകർത്താക്കൾ സങ്കടത്തോടുകൂടി എഴുതിത്തന്ന പരാതിയും മാർക്ക് ലിസ്റ്റിന്റെ കോപ്പിയുമാണ് എന്റെ കൈയ്യിലുള്ളത് (പരാതി ഉയർത്തി കാണിക്കുന്നു). അൻപതോളം വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ല. ഇത് പരീക്ഷയുടെ വിശ്വാസ്യത തന്നെ തകർക്കില്ലേ. പത്താം ക്ലാസിൽ പത്ത് വിഷയത്തിനും A+ ലഭിച്ച വിദ്യാർഥിക്ക് തൊട്ടടുത്ത സ്കൂളിൽ അവൻ ആഗ്രഹിച്ച വിഷയത്തിന് അഡ്മിഷൻ ലഭിച്ചില്ലെങ്കിൽ പരീക്ഷാ സംവിധാനത്തെ ആര് വിശ്വസിക്കും? അതുകൊണ്ട് പ്രദേശിക പരിഗണനയും മറ്റ് പക്ഷഭേദങ്ങളും കൂടാതെ, മികച്ച വിജയം നേടിയ മുഴുവൻ വിദ്യാർഥികൾക്കും അവർ ആഗ്രഹിക്കുന്ന വിഷയങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതിനുള്ള നടപടി വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കണം. കണക്ക് പറഞ്ഞതുകൊണ്ടോ ഇരുട്ടുകൊണ്ട് ഓട്ടയടച്ചിട്ടോ കാര്യമില്ല, എല്ലാ വിദ്യാർഥികൾക്കും അഡ്മിഷൻ ലഭിക്കാനുള്ള നടപടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീമതി ദെലീമയുടെ പാട്ട് വളരെ മനോഹരമായിരുന്നു, അഭിനന്ദിക്കുകയാണ്. അന്യസംസ്ഥാനത്തുനിന്നുള്ള കുട്ടികൾ ഇവിടെ പഠിക്കുന്നു എന്ന് അവർ സൂചിപ്പിച്ചു. അത് വളരെ സന്തോഷകരമായ കാര്യമാണ്. അങ്ങനെ കണക്കെടുക്കുമ്പോൾ പത്തുമുപ്പത് വർഷം നിങ്ങൾ ഭരിച്ച ബംഗാളിൽനിന്നുള്ള കുട്ടികളാണ് 90 ശതമാനവും ഇവിടെ പഠിക്കുന്നത്.

ഇപ്പോൾ പതിനെട്ട് നിയോജകമണ്ഡലങ്ങളിലെയും പരാജയത്തിന്റെ കണക്കെടുക്കുന്ന വാർത്തകളും വിശദാംശങ്ങളും വരുന്നുണ്ട്, അതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പതിനെട്ട് നിയോജകമണ്ഡലങ്ങളിലെ പരാജയത്തെക്കുറിച്ച് പഠിക്കുന്നതിനെക്കാൾ എളുപ്പം ഒരിടത്ത് എങ്ങനെ ജയിച്ചു എന്ന് പഠിക്കുന്നതായിരിക്കും. കഴിഞ്ഞ മൂന്ന് വർഷമായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ ഞങ്ങളെല്ലാവരും നിങ്ങളോട് പറഞ്ഞ കാര്യങ്ങൾ തന്നെയാണ്, പാർട്ടി ജില്ലാ കമ്മിറ്റി കൂടുമ്പോൾ ജില്ലാ കമ്മിറ്റി അംഗങ്ങളും യഥാർഥ പാർട്ടി അണികളും നിങ്ങളുടെ മുഖത്തുനോക്കി ചോദിക്കുന്നത് എന്ന വസ്തുത ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഈ സർക്കാരിനെ ഇത്രയും വെട്ടിലാക്കിയത് ആരാണ്; അത് നിങ്ങളാണ്.

ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തുമെല്ലാം പുട്ടിന് പീരയിടുന്നതുപോലെ സർക്കാരിനെയും മുഖ്യമന്ത്രിയെയും പുകഴ്ത്തി, പുകഴ്ത്തി, കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചിനെ ഇല്ലാതാക്കി എന്ന പ്രയോഗം പോലെ ഇടതുപക്ഷ പ്രസ്ഥാനത്തെ വെറും ഭക്തിപ്രസ്ഥാനമാക്കി നിങ്ങൾ മാറ്റി. അകമ്പടിക്കാർ, പക്കമേളക്കാർ, വാഴ്ത്തിപ്പാടലുകാർ, പാദസേവകർ, കുഴലൂത്തുകാർ, പുകഴ്ത്തലുകാർ, ഡെസ്കിലടിച്ചു താളം പിടിക്കുന്നവർ, നിങ്ങളാണ് ഈ സർക്കാരിനെ ഇത്രയേറെ കുഴപ്പത്തിലാക്കിയത്. പ്രതിപക്ഷ ശബ്ദങ്ങളെ കേൾക്കാൻ മനസ്സില്ലാത്തവരാണ് നിങ്ങൾ. അസഹിഷ്ണുതയുടെ ആൾരൂപങ്ങളായി നിങ്ങൾ മാറി. നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളല്ലാതായെന്ന്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 2002-ൽ 86-ാം ഭരണഘടനാ ഭേദഗതിയോടുകൂടിയാണ് വിദ്യാഭ്യാസം നമ്മുടെ മൗലികവകാശമായി മാറുന്നത്. നമ്മുടെ വിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ കുറെനാളുകളായി, പ്രത്യേകിച്ച് ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ നടത്തിയ നിരവധി ശ്രദ്ധേയമായ

പദ്ധതികളുണ്ട്. ഏകദേശം 5000-6000 കോടി രൂപയുടെ പദ്ധതികളാണ് പൊതുവിദ്യാഭ്യാസ രംഗത്തെ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിമാത്രം ഒരുക്കികൊടുത്തത്. അതിന്റെ ഭാഗമായി ഏകദേശം പത്ത് ലക്ഷം കുട്ടികളാണ് ഇന്ന് സ്വകാര്യ മേഖലയിൽനിന്ന് പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവന്നിട്ടുള്ളത്. അതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും സർക്കാരിനെയും ഞാൻ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ എസ്.സി.ഇ.ആർ.ടി.-യുടെ ഡയറക്ടർ ഡോ. ജയകുമാറിനെ പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട റെഫറൻസിനുവേണ്ടി വിളിക്കുകയുണ്ടായി. അതുകൊണ്ട് ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള സാമൂഹ്യപാഠത്തിന്റെ ടെക്സ്റ്റ് ബുക്കുകൾ ഞാൻ റെഫർ ചെയ്യുകയുണ്ടായി. അതിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും, എനിക്ക് തോന്നുന്നു, ഞാൻ സ്കൂളിൽ പഠിച്ചിട്ടുള്ള കാര്യങ്ങൾപോലും ആ പാഠ്യഭാഗത്ത് ഇപ്പോഴും കടന്നുവരുന്നുണ്ട്. ആ ടെക്സ്റ്റ് ബുക്കുകളെല്ലാം എന്റെ കൈവശമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കാനായി ഞാൻ ഏഴാം

ക്ലാസിലെ സാമൂഹ്യശാസ്ത്രം ഭാഗം ഒന്ന്, പാഠം 4, പേജ് നമ്പർ 57-ലെ ഒരു ഭാഗം ഇങ്ങനെയാണ്. 'താഴ്ന്ന ജാതി എന്ന് കരുതുന്നവർ ചരിത്രപരമായി വിദ്യാഭ്യാസ അവസരങ്ങൾ ഉയർന്ന ജാതി എന്ന് കരുതപ്പെട്ടുന്നവർ നിഷേധിച്ചിരുന്നു'. അതായത് താഴ്ന്ന ജാതിക്കാർക്ക് ഉയർന്ന ജാതിക്കാർ വിദ്യാഭ്യാസ അവസരങ്ങൾ നിഷേധിച്ചിരുന്നു. ഇത് ടെക്സ്റ്റ് ബുക്കിലുള്ള കുറിപ്പുകളാണ്. ആരാണ് ഈ ചരിത്രമെഴുതിയത്? ആർക്കുവേണ്ടിയാണ് ഈ ചരിത്രമെഴുതിയത്? അത് ഇപ്പോഴും നമ്മുടെ കുട്ടികളെ പഠിപ്പിക്കുകയാണ്. ഞാൻ സർക്കാർ സ്കൂളിൽ പഠിച്ച ഒരാളാണ്. ഞങ്ങൾ അഞ്ചാം ക്ലാസിലോ ആറാം ക്ലാസിലോ ആയിരുന്ന സമയത്ത് തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരും എന്ന് ഞങ്ങളെ പറഞ്ഞ് പഠിപ്പിച്ച് അടുത്ത ക്ലാസിലേയ്ക്ക് വരുമ്പോൾ ദളിതരായിട്ടുള്ള കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് വന്നിട്ടുണ്ടെന്ന് പറഞ്ഞ് ഞങ്ങളെ ക്ലാസിൽ എഴുന്നേൽപ്പിച്ച് നിർത്തും. അവിടെനിന്നും തുടങ്ങി ഞങ്ങളുടെ മനസ്സിലേയ്ക്ക് അപകർഷതാബോധം വളർത്തുന്ന ആ പാഠ്യ പദ്ധതിക്കെതിരെ ഇന്ന് ഈ ഫ്ലോറിൽ വന്ന് സംസാരിക്കാൻ എനിക്ക് അവസരമുണ്ടാക്കിയത്, കാലാകാലങ്ങളിൽ ഇവിടെ ഭരിച്ച, പ്രത്യേകിച്ച്

ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ പുതിയ പാഠ്യപദ്ധതിയുടെ കരട് പാഠ്യപദ്ധതി പരിഷ്കരണ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഇത്തരം കാലഹരണപ്പെട്ട ചരിത്രങ്ങൾ ആർക്കുവേണ്ടിയാണ്? എ. എൽ. ബാഷാമിന്റെ 'ഇന്ത്യ എന്ന വിസ്മയം' റഫറൻസ് പുസ്തകത്തിൽ, ആര്യവത്കരണത്തിന്റെ ഭാഗമായി ബി.സി. രണ്ടായിരമാണ്ട് കാലഘട്ടത്തിൽ കിഴക്കൻ പോളണ്ടിൽനിന്നടക്കമുള്ള ആട്ടിടയന്മാരായിരുന്ന ആളുകൾ അഫ്ഗാനിസ്ഥാൻ വഴി ഇന്ത്യയിലേയ്ക്ക് കടന്നുവരികയും അവരാണ് പിന്നീട് ആര്യന്മാരായി തീരുകയും ചെതതെന്നൊരു ചരിത്രമുണ്ട്. പക്ഷേ അത്തരം കാര്യങ്ങളൊന്നും പറയാതെ, മധ്യകാല ഇന്ത്യയുടെ ചരിത്രമായ ആര്യന്മാർ വന്നതിനുശേഷമുള്ള ചാതുർവർണ്യ വ്യവസ്ഥയെക്കുറിച്ചാണ് ഇവിടെ പഠിപ്പിക്കുന്നത്. അതിനുമുമ്പൊരു ചരിത്രമുണ്ട്. ഈ നാടിന്റെ മക്കളായിരുന്ന, കാവലാളായിരുന്ന ആളുകൾ ചരിത്രപരമായി പല കാരണങ്ങളാൽ അടിമകളാക്കപ്പെട്ട ഒരു ചരിത്രം എന്തുകൊണ്ട് നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കുന്നില്ല? അവിടെയാണിത് പുനർവിചിന്തനം ചെയ്യേണ്ട സാഹചര്യം

നിലനിൽക്കുന്നത്. അതുകൂടാതെ ഒമ്പതാം ക്ലാസിലെ സാമൂഹികപാഠപുസ്തകത്തിൽ പേജ് 53-ൽ "ചാതുർവർണ്യ വ്യവസ്ഥയ്ക്ക് പുറത്തായിരുന്ന അന്തിചർ എന്ന വിഭാഗത്തെ തൊട്ടുകൂടാത്തവരായി കാണക്കാക്കിയിരുന്നത്. ചണ്ഡാളരും ചർമകാരും ഇതിൽപ്പെടുന്നു," എന്നാണ് നൽകിയിരുന്നത്. ആ പേജിന്റെ അവസാനമായി ഒരു പട്ടികയിൽ 'ചണ്ഡാളർ എന്ന് ഫാഹിയാന്റെ വിവരണത്തിൽ' എന്ന തലക്കെട്ടോടുകൂടി ഒരു കാര്യംകൂടി എഴുതിയിട്ടുണ്ട്. 'നഗരത്തിലേയ്ക്കോ കമ്പോളത്തിലേയ്ക്കോ പ്രവേശിക്കുന്ന ചണ്ഡാളകർ ഒരു മരപലകയിൽ അടിച്ച് ശബ്ദമുണ്ടാക്കണമെന്നായിരുന്ന അന്നത്തെ നിയമം.' ഉയർന്ന ജാതികാർക്ക് വഴി മാറി പോകുന്നതിനുവേണ്ടിയാണ് അങ്ങനെയൊരു നിയമമുണ്ടാക്കിയത്. ഇത്തരം കാര്യങ്ങളാണോ പഠിപ്പിക്കേണ്ടത്? എന്റെ നിയോജകമണ്ഡലത്തിലെ പല സ്കൂളുകളിലും പോകുമ്പോൾ അധ്യാപകർ നമുക്ക് റെപ്രസെൻന്റേഷൻ നൽകും. ഫണ്ട് പാസ്സാക്കി തരണം അല്ലെങ്കിൽ സ്കൂളിന് ഫണ്ട് അനുവദിക്കണമെന്നൊക്കെ പറയും. അതുപോലെ ഞാൻ ഒരു സ്കൂളിൽ പോയപ്പോൾ ഇതുപോലെ ഒരു അധ്യപാകൻ ഫണ്ടിനെക്കുറിച്ച് ചോദിച്ചപ്പോൾ

ചോദിക്കുന്ന ഒരു ചോദ്യത്തിന് ഉത്തരം പറയുകയാണെങ്കിൽ അൻപത് ലക്ഷം രൂപ നൽകാമെന്ന് ഞാൻ പറഞ്ഞു. നമ്മുടെ ഗാലക്സി എന്നത് മിൽക്കിവേയാണ്. ഈ മിൽക്കിവേയുടെ തൊട്ടടുത്ത ഗാലക്സിയുടെ പേര് ആർക്കെങ്കിലും പറയാൻ കഴിയുമോയെന്ന് ഞാൻ ചോദിച്ചപ്പോൾ എന്നെപോലും അത്ഭുതപ്പെടുത്തികൊണ്ട് ഒരു ഏഴാം ക്ലാസ് വിദ്യാർത്ഥി ആ ഗാലക്സിയുടെ പേര് ആൻഡ്രോമിഡ ഗാലക്സിയെന്ന് പറഞ്ഞു. ഞാൻ തന്നെ അത്ഭുതപ്പെട്ടു. ആ സന്തോഷത്തിൽ അൻപത് ലക്ഷം രൂപ അവിടെ പ്രഖ്യാപിക്കുകയും ചെയ്തു. നമ്മുടെ വിദ്യാർത്ഥികൾ അത്ര അഡ്വാൻസ്ഡായിട്ടാണ് പഠിക്കുന്നത്. പ്രത്യേകിച്ച് ഇപ്പോൾ നാസയുടെ ജെയിംസ് വെബ് സ്പെയ്സ് ടെലസ്കോപ്പ് വന്നതിനുശേഷം ലോകത്തിനെക്കുറിച്ചുള്ള പുതിയ കാഴ്ചപാടുകൾ വരികയാണ്. സൂര്യന് തൊട്ടടുത്ത് നിൽക്കുന്ന, ഭൂമിയെപോലെയിരിക്കുന്ന ഒന്നാണ് പ്രോക്സിമ സെന്റോറി ബി എന്നുപറയുന്ന ഗ്രഹം. ജീവനുണ്ടെന്ന് കരുതുന്ന ഗ്രഹംകൂടിയാണത്. അങ്ങനെ നിരവധിയായ കാലഘട്ടത്തിൽ നമ്മൾ പഠിപ്പിക്കുമ്പോൾ അല്ലെങ്കിൽ അറിവിന്റെ പുതിയ ലോകത്തേയ്ക്ക് യാത്ര

ചെയ്യുമ്പോൾ, ഈ ജാതിവ്യവസ്ഥയെക്കുറിച്ച് ഇൻഡയറക്ടായി കുട്ടികളോട് പറയുകാണ്. ഇന്ന ജാതിക്കാർ തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരുമെന്ന് പറഞ്ഞ് നമുക്ക് വഴി മാറി പോകേണ്ടൊരു ചരിത്രം ഇനി സ്കൂളുകളിൽ പഠിപ്പിക്കേണ്ടതില്ലെന്നുള്ളതാണ് വിദ്യാഭ്യാസ വകുപ്പിനോടും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും പറയാനുള്ളത്. വേണമെങ്കിൽ അത്തരം കാര്യങ്ങൾ ഡിഗ്രി കാലത്ത് പഠിച്ചോട്ടെ. അവർക്ക് ഉയർന്ന ചിന്താഗതി വരുമ്പോൾ തൊട്ടുകൂടായ്മയെക്കുറിച്ചും അതുസംബന്ധിച്ച പഴയ ചരിത്രത്തെക്കുറിച്ചും പഠിക്കുന്നതിൽ ആർക്കും എതിർപ്പില്ല. പക്ഷേ ഈ ചെറിയ ക്ലാസുകളിൽ, പ്രത്യേകിച്ച് അഞ്ചാം ക്ലാസിലോ ആറാം ക്ലാസിലോ പഠിക്കുന്ന കുട്ടികൾക്ക് ഈ തെറ്റായ ചരിത്രം പഠിപ്പിക്കുന്നതിന് നിങ്ങൾ ഒരുകാരണവശാലും മുൻകൈയെടുക്കരുത്. ചരിത്രം നമുക്ക് വഴിമാറി പുതുചരിത്രം എഴുതേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. നേരത്തെ ഇവിടെ ആരോഗ്യത്തെയും നല്ല കായികവിദ്യാഭ്യാസത്തെയും സംബന്ധിച്ച് സൂചിപ്പിച്ചു. വിദ്യാഭ്യാസത്തിന്റെ പുസ്തകങ്ങളിലൂടെ ഞാൻ കടന്നുപോയപ്പോൾ, നിർഭാഗ്യകരമെന്ന് പറയട്ടെ, എട്ടാം ക്ലാസിലെ പുസ്തകത്തിൽ കായിക

വിദ്യാഭ്യാസത്തെക്കുറിച്ച് കേവലം ഒരു പരാമർശം മാത്രമാണുള്ളത്. അത് കായിക ക്ലബ്ബുകൾ രൂപീകരിക്കുക എന്നതാണ്. ഞാൻ അതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ ബജറ്റ് പരിശോധിച്ചപ്പോൾ ഏകദേശം പതിനായിരം കോടി രൂപയാണ് ആ വകുപ്പിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. പക്ഷെ കായിക വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത് 130 കോടി രൂപ മാത്രമാണ്. സ്വാഭാവികമായും ഇവിടെ പണം കുറയുമ്പോൾ അവിടെ കൂട്ടും. കാരണം, നല്ല വിദ്യാഭ്യാസമെന്ന് പറയുന്നത് നല്ല കായിക സംസ്കാരവുംകൂടി ഉൾപ്പെട്ടതാണ്. തീർച്ചയായും കായിക വകുപ്പിന് കൂടുതൽ പണം അനുവദിച്ചുകഴിഞ്ഞാൽ സ്വാഭാവികമായും ആരോഗ്യ മേഖലയിൽ പണം കുറയ്ക്കാൻ നമുക്ക് കഴിയും. അത്തരത്തിൽ കായിക വകുപ്പും വിദ്യാഭ്യാസ വകുപ്പും കൂടിയാലോചിച്ചുകൊണ്ട് നല്ലൊരു കായിക സംസ്കാരവും വിദ്യാഭ്യാസവും നൽകാൻ കഴിയണം. അതുകൂടാതെ കായിക വകുപ്പിനെക്കുറിച്ച് പറയുമ്പോൾ, മികച്ച രീതിയിലുള്ള പ്രവർത്തനമാണ് കായിക വകുപ്പ് നടത്തുന്നത്. പക്ഷെ അതിനനുസരിച്ച് സംസ്ഥാന സ്പോർട്സ് കൗൺസിൽ പോകുന്നുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. കാരണം, മുഖ്യമന്ത്രിയുടെ നൂറ് ദിന

പരിപാടിയിലുൾപ്പെടുത്തിക്കൊണ്ട് Under-14 girls-ന്റെ ഒരു ടീം സംസ്ഥാനത്ത് രൂപീകരിക്കുകയുണ്ടായി. പക്ഷേ നിർഭാഗ്യവശാൽ പ്ലസ്‌വൺ കഴിഞ്ഞപ്പോൾ ടീമിലെ ഗോൾകീപ്പർമാരായ രണ്ട് കുട്ടികൾക്ക് തിരുവല്ല മാർത്തോമയിലേയ്ക്കും രണ്ട് കുട്ടികൾക്ക് എറണാകുളത്തേയ്ക്കുമാണ് സീറ്റ് അനുവദിച്ചിരിക്കുന്നത്. ഫോർവേർഡായിട്ടുള്ള കുട്ടികൾക്ക് പാലക്കാടും തൃശ്ശൂരുമാണ് അനുവദിച്ചിരിക്കുന്നത്. ഇപ്പോൾ ആ സ്കീം തന്നെ നിന്നുപോകുന്ന അവസ്ഥയാണ്. ഇക്കാര്യം പലപ്രാവശ്യം കായിക വകുപ്പുമന്ത്രിയുടെയും സ്പോർട്സ് കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പക്ഷെ ഇക്കാര്യത്തിലൊരു കൂട്ടായ തീരുമാനം എടുക്കേണ്ടതുണ്ട്. സ്പോർട്സ് കൗൺസിലിന്റെ തലപ്പത്തിരിക്കുന്നവർ കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിക്കേണ്ട സാഹചര്യമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും ഇത്തരം കാര്യങ്ങൾകൂടി ചർച്ചയുടെ ഭാഗമായി പോസീറ്റിവായി എടുത്തുകൊണ്ട് ബഹുമാനപ്പെട്ട കായികം- വിദ്യാഭ്യാസം-ആരോഗ്യം എന്നീ വകുപ്പുമന്ത്രിമാർ ചേർന്നുകൊണ്ട് ഒരു പുതിയ നയത്തിന് രൂപം നൽകാൻ

കഴിയണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. വി. അൻവർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിൽ കഴിഞ്ഞ എട്ട് വർഷയമായി പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റം നേർക്കുനേരെ അറിയുന്ന എം.എൽ.എ.-മാരാണ് ഇവിടെ ഇരിക്കുന്നത്. 140 എം.എൽ.എ.- മാർക്കും കിഫ്ബി പദ്ധതിവഴി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതിയുടെ ഭാഗമായി കോടിക്കണക്കിന് രൂപ ലഭിക്കുകയും നമ്മുടെ വിദ്യാഭ്യാസ മേഖല വലിയ മാറ്റത്തിന് വിധേയമാകുകയും ചെയ്തു. സർക്കാർ സ്കൂളുകളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോകുകയും ഡിവിഷൻ ഫാൾ ഉണ്ടാകുകയും അതിന്റെ ഭാഗമായി അധ്യാപകർക്ക് അവരുടെ ജോലി നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥാവിശേഷത്തിൽനിന്ന് ഇന്ന് പൊതുവിദ്യാഭ്യാസത്തെ ഇവിടെയെത്തിച്ചത് ഈ ഇടതുപക്ഷ സർക്കാരാണ്. അതൊന്നും ആർക്കും ചോദ്യം ചെയ്യാൻ കഴിയില്ല. കേവലം മലബാറിലുണ്ടായ സീറ്റ് പരിമിതിയുടെ വിഷയം കഴിഞ്ഞ കുറെ ദിവസങ്ങളായി ചർച്ച ചെയ്യപ്പെടുമ്പോഴും, അത്

പരിഹരിക്കപ്പെടേണ്ട വിഷയമാണെന്ന കാര്യത്തിൽ തർക്കമില്ലെങ്കിലും അക്കാര്യം ചർച്ച ചെയ്യുമ്പോൾ പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ വലിയ മാറ്റങ്ങളെ സംബന്ധിച്ച് യാതൊന്നും ചർച്ചചെയ്യാതെ പോകുന്നത് ഇന്നത്തെ പ്രത്യേക രാഷ്ട്രീയത്തിന്റെ ഒരു ഭാഗമാണെന്നാണ് ഞാൻ മനസിലാക്കുന്നത്. ഇടതുപക്ഷ ഗവൺമെന്റ് കഴിഞ്ഞ എട്ടുവർഷമായി കേരളം ഭരിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്നതരത്തിൽ, അവർ ചെയ്യണമെന്നാഗ്രഹിക്കുന്നതും എന്നാൽ ഒരുകാലത്തും ചെയ്യാൻ സാധിക്കാത്തതുമായ ഒരുപാട് നല്ലകാര്യങ്ങൾ സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ചെയ്തിട്ടുള്ള ഒരു ഗവൺമെന്റാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. സാമൂഹ്യ മേഖലയിൽ മനുഷ്യർ ഏറ്റവും പ്രയാസപ്പെടുന്ന മേഖലകളെ മുഴുവൻ അഡ്രസ് ചെയ്തിട്ടുള്ള ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യമേഖലയിൽ തകർന്നടിഞ്ഞുകിടന്നിരുന്ന സർക്കാർ ആശുപത്രികളിലും ഹെൽത്ത് സെന്ററുകളിലുണ്ടായ മാറ്റങ്ങൾ, ഹെൽത്ത്

സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി മനുഷ്യർക്ക് നൽകികൊണ്ടിരിക്കുന്ന ചികിത്സാ സംവിധാനങ്ങൾ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന ക്ഷേമപെൻഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവയെല്ലാം ശ്രദ്ധേയമാണ്. ഏകദേശം 28 ലക്ഷം ആളുകൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ കൊടുത്തിരുന്ന ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽനിന്നിറങ്ങുമ്പോൾ 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. ആ പെൻഷൻ 1600 രൂപയാക്കി ഉയർത്തി അന്നുണ്ടായിരുന്ന 28 ലക്ഷത്തിന്റെ സ്ഥാനത്ത് 62 ലക്ഷത്തോളം ആളുകൾക്ക് സ്ഥിരമായി പെൻഷൻ നൽകിവരുന്ന സർക്കാരാണിത്. നാഷണൽ ഹൈവേയും ഗെയിൽ പൈപ്പ്ലൈനുമടക്കം ഒട്ടനവധി മേഖലകൾ.... ഒരുകാലത്തും കേരളത്തിൽ നടക്കില്ലെന്ന് ജനങ്ങൾ കണക്കുകൂട്ടിയത് മുഴുവൻ മാറ്റിമറിച്ച് ജനങ്ങൾക്ക് ആശ്വാസം നൽകി മുന്നോട്ടുപോകുകയാണ്. 2016 മുതൽ 2021 വരെയുള്ള 5 വർഷക്കാലം ഒരു ഗവൺമെന്റിനെ സംബന്ധിച്ച് നേരിടാവുന്ന ഏറ്റവും വലിയ പ്രതിസന്ധികളെ നേരിട്ട ഗവൺമെന്റായിരുന്നു ഇത്. അന്നുണ്ടായ ഓഖിയുൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ,

അതിനുശേഷമുണ്ടായ കോവിഡ് മഹാമാരി എന്നീ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം കേരളത്തിലെ മുഴുവൻ ജനങ്ങളെയും ചേർത്തുപിടിച്ച് അവർക്ക് ആശ്വാസം നൽകി, വീടില്ലാത്ത നാല് ലക്ഷം ജനങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുത്തു. അങ്ങനെ വളരെ ജനകീയമായി മുന്നോട്ടുപോയ ഒരു സർക്കാർ എങ്ങനെ ലോക്സഭാ തിരഞ്ഞെടുപ്പിൽ തോറ്റുപോയി? ഞങ്ങൾ തോറ്റിട്ടില്ല, തോറ്റുവെന്ന് അംഗീകരിക്കാൻ ഞങ്ങൾ തയ്യാറല്ല. ഞങ്ങളെ തോൽപ്പിച്ചതാണ്. ഞങ്ങളെ തോൽപ്പിച്ചതിൽ ഒരു വലിയ വിഭാഗം പ്രതിപക്ഷവും മറ്റൊരു വിഭാഗം കേന്ദ്ര ഗവൺമെന്റുമാണ്. ഈ സർക്കാർ എങ്ങനെയാണ് പരാജയപ്പെട്ടത്? ഈ സർക്കാരിനുമേൽ ഇന്ന് ആരോപിക്കുന്നത് സാമ്പത്തികവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. പെൻഷൻ കൊടുക്കാനും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് കോൺട്രാക്ടർമാർക്കുള്ള തുക കൊടുക്കാനും ഉദ്യോഗസ്ഥർക്ക് ഡി.എ., മറ്റ് അലവൻസുകൾ എന്നിവ കൊടുക്കാനും ഫണ്ടില്ല. എന്തിനേറെ പറയുന്നു, നിത്യനിദാന ചെലവുപോലും നടത്താൻ കഴിയാത്ത ഒരു സാമ്പത്തിക പ്രതിസന്ധിയിൽ ഗവൺമെന്റിനെകൊണ്ട് അകപ്പെടുത്തിയിട്ട് ഇതൊന്നും

സർക്കാർ നൽകുന്നില്ലെന്നുപറഞ്ഞ് കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് വോട്ട് വാങ്ങി അധികാരത്തിൽ വന്നവരാണ് നിങ്ങൾ. കേന്ദ്രം നൽകാനുള്ള എഴുപത്തിനാലായിരം കോടി രൂപയ്ക്ക് 2023 ഡിസംബറിൽ സുപ്രീംകോടതിയിൽ കേസ് കൊടുത്ത ഒരു ഗവൺമെന്റാണിത്. കേന്ദ്രത്തിൽനിന്നും തുകയൊന്നും കിട്ടാനില്ലെന്നും ഞങ്ങൾ നടത്തിയ ധൂർത്തിന്റെ അടിസ്ഥാനത്തിലാണ് വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായതെന്നും പ്രതിപക്ഷം ആവർത്തിച്ചുകൊണ്ടിരുന്നപ്പോൾ നിവൃത്തിയില്ലാതെ ഗവൺമെന്റിന് സുപ്രീംകോടതിയിൽ കേസ് കൊടുക്കേണ്ടിവന്നു. പ്രഥമദൃഷ്ട്യാ സംസ്ഥാന ഗവൺമെന്റിന്റെ ഈ പെറ്റീഷനിൽ കാര്യമുണ്ടെന്ന് മനസ്സിലാക്കിയ സുപ്രീംകോടതി ഇത് പരിഗണിക്കപ്പെടേണ്ട വിഷയമാണെന്നും അടിയന്തരമായി പതിമൂവായിരം കോടി രൂപ നൽകണമെന്നും ഉത്തരവിട്ടു. ആ പതിമൂവായിരം കോടി രൂപ ലഭ്യമായ സമയത്താണ് ഒന്നുരണ്ട് മാസത്തെ പെൻഷൻ നൽകാൻ കഴിഞ്ഞത്. കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള തുക സംബന്ധിച്ച് പറഞ്ഞത് ഇന്നത്തെ കണക്കുപ്രകാരമല്ല, ഇത്

ഡിസംബറിലെ കണക്കാണ്. ഈ ജൂണിലെ കണക്ക് പരിശോധിച്ചാൽ ഏകദേശം ഒരു ലക്ഷത്തി ചില്വാനം കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കാനുണ്ട്. അത് ലഭിക്കാൻവേണ്ടി എന്തെങ്കിലുമൊരു സമ്മർദ്ദം ചെലുത്താൻ കേരളത്തിലെ പ്രതിപക്ഷം ഇന്നുവരെ തയ്യാറായിട്ടില്ല. ഡൽഹിയിലേയ്ക്ക് സമരത്തിനുപോകുമ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി ആദ്യം ക്ഷണിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെയായിരുന്നു. പക്ഷെ പ്രതിപക്ഷം ആ സമരം ബഹിഷ്കരിച്ചു. ശ്രീ. കപിൽ സിബൽ അടക്കമുള്ള കോൺഗ്രസിന്റെ ഉന്നത നേതാക്കളും രാജ്യത്തിലെ വിവിധ പ്രതിപക്ഷ മുഖ്യമന്ത്രിമാരുമുൾപ്പെടെ എല്ലാവരും കേരളത്തിന്റെ ആവശ്യം ന്യായമാണെന്ന് പറഞ്ഞു. പക്ഷെ കേരളത്തിലെ കോൺഗ്രസ് അത് അംഗീകരിക്കാൻ തയ്യാറാകാതെ ഇപ്പോഴും ആ വാദഗതി ഉന്നയിച്ചുകൊണ്ടും കേന്ദ്ര സർക്കാരിന് സഹായകമായ നിലപാട് സ്വീകരിച്ചുകൊണ്ടും മുന്നോട്ടുപോകുകയാണ്. ആ ഒരു അവസ്ഥാവിശേഷം ഈ സംസ്ഥാനത്തിനുണ്ടാക്കിയത് നേരത്തെ സൂചിപ്പിച്ച വളഞ്ഞവഴിയിലൂടെ വോട്ട് വാങ്ങി വന്നവരാണ്. പക്ഷെ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ എടുത്ത നിലപാടുകളുമായി മുന്നോട്ടുപോകും.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 'ധാർഷ്ട്യം' എന്നാണ് ഇപ്പോൾ പറയുന്നത്. ഈ ധാർഷ്ട്യം ആണ് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരാജയകാരണമായി ചൂണ്ടിക്കാണിക്കുന്നത്. ആ മുഖ്യമന്ത്രിയുടെ ധാർഷ്ട്യത്തിന്റെ ഭാഗമായിട്ടാണ് ഇക്കാര്യങ്ങൾ മുഴുവൻ ഈ നാട്ടിൽ നടന്നത്. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ജനങ്ങൾ മരണപ്പെടുമായിരുന്ന കോവിഡ് മഹാമാരിയിൽനിന്നും രക്ഷപ്പെടുത്തിയെടുത്തത് ഈ മുഖ്യമന്ത്രിയുടെ ധാർഷ്ട്യമാണ്. വീടില്ലാത്ത ജനങ്ങൾക്ക് നാല് ലക്ഷത്തി ചില്വാനം വീട് നിർമ്മിച്ച് കൊടുത്തത് ശ്രീ. പിണറായി വിജയന്റെ ധാർഷ്ട്യമാണ്. ആ ധാർഷ്ട്യം ഞങ്ങൾ തുടരും; ആശുപത്രികളിൽ മരുന്നില്ലാതെ ഈ നാട്ടിലെ പ്രൈവറ്റ് ആശുപത്രികളെ മാത്രം സമീപിച്ചിരുന്ന ഇടത്തരക്കാരും പാവപ്പെട്ടവരുമായ മനുഷ്യർക്ക് എല്ലാവിധ ചികിത്സാ സൗകര്യങ്ങളും നൽകിയതാണ് ധാർഷ്ട്യമെങ്കിൽ ഇനിയും ആ ധാർഷ്ട്യം ഞങ്ങൾ തുടരും. ഞങ്ങളുടെ വിദ്യാഭ്യാസ മേഖലയിൽ പുതിയ ബാച്ച് അനുവദിക്കുകയും ഒരുപാട് സ്കൂളുകൾ ആരംഭിക്കുകയും അതിലൂടെ ഉന്നതവിദ്യാഭ്യാസം ഉയർത്തിക്കൊണ്ടുവരികയും ചെയ്യും. അങ്ങനെ സാധാരണക്കാർക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യും.

അതാണ് ശ്രീ. പിണറായി വിജയന്റെ ധാർഷ്ട്യമെങ്കിൽ ആ ധാർഷ്ട്യം ഞങ്ങൾ തുടരുകതന്നെ ചെയ്യും. ഒരുപക്ഷെ, ഇനിയും ഞങ്ങളെ തോൽപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞേക്കാം. എന്നാലും ഞങ്ങൾ നിലപാടിൽനിന്നും മാറുന്ന പ്രശ്നമില്ല. ഈ തിരഞ്ഞെടുപ്പിൽ ന്യൂനപക്ഷ പ്രീണനം നടത്തി, അതുകൊണ്ട് ഭൂരിപക്ഷത്തിന്റെ വോട്ട് പോയിയെന്ന് പറഞ്ഞു. ന്യൂനപക്ഷത്തിന്റെ വോട്ട് ആർക്കാണ് ലഭിച്ചത്? ഞങ്ങൾക്ക് ഇപ്പോൾ ന്യൂനപക്ഷവുമില്ല, ഭൂരിപക്ഷവുമില്ല. എന്തുതെറ്റാണ് ഞങ്ങൾ ചെയ്തത്? ഈ പാർട്ടി എടുത്ത നിലപാടെന്താണ്; മതേതരത്വ നിലപാടിനോടൊപ്പം ഉറച്ചുനിന്നു, സി.എ.എ. (സിറ്റിസൺഷിപ്പ് അമെന്റ്മെന്റ് ആക്ട്), എൻ.ആർ.സി. (നാഷണൽ രജിസ്റ്റർ ഓഫ് സിറ്റിസൺസ്) എന്നീ വിഷയങ്ങളിൽ അതിശക്തമായ നിലപാടെടുത്തു. ഒരു ഇടതുപക്ഷ പ്രസ്ഥാനത്തിന് അത്തരം നിലപാടുകളെടുക്കാതെ മുന്നോട്ടുപോകാൻ കഴിയുമോ? ആ നിലപാടാണോ ന്യൂനപക്ഷ പ്രീണനം; അവരോടൊപ്പം നിന്നതാണോ പ്രീണനം? അത് വിശദീകരിക്കപ്പെടേണ്ട കാര്യമാണ്. പക്ഷെ ഇതൊന്നുമല്ല, ഞങ്ങൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി തന്നെയാണ് ഈ തിരഞ്ഞെടുപ്പിൽ ഞങ്ങളെ

പരാജയപ്പെടുത്തിയത്. അതുപോലെ മുഖ്യമന്ത്രിക്ക് മൈക്കിനോട് ധാർഷ്ട്യമെന്ന് പറഞ്ഞു. പ്രസംഗം നടക്കുന്ന ഒരു വേദിയിൽ മൈക്ക് പ്രവർത്തിച്ചില്ലെങ്കിൽ സ്വാഭാവികമായും ഞാനായാലും ഇവിടെയിരിക്കുന്ന ആരായാലും, എന്താണ് ഈ മൈക്കെന്ന് ദേഷ്യത്തിൽ ചോദിക്കും. അത് ഒരു മനുഷ്യന്റെ റിഫ്ലക്സ് ആക്ഷനാണ്. അല്ലാതെ വാ മോനേ, എവിടെ മൈക്കിന്റെ ഓപ്പറേറ്റർ, ഒന്നു വിളിക്കൂ എന്ന് പറയുമോ? പക്ഷെ ഇവിടെ ഇത്രയും മതി, ആ പറഞ്ഞത് അദ്ദേഹത്തിന്റെ അഹങ്കാരമായി നിങ്ങൾ പറഞ്ഞു. എത്ര കാലമായി നിങ്ങൾ ഇതൊക്കെ പറഞ്ഞുകൊണ്ടുനടക്കുന്നു. അതുപോലെ പത്രക്കാർ കയറി വരാൻ പാടില്ലാത്ത ഒരു ഹാളിലേയ്ക്ക് അവർ കയറിവന്നപ്പോൾ, നിങ്ങൾ എന്താണ് ഇവിടെ; കടക്ക് പുറത്ത് എന്നുപറഞ്ഞു. ആ പത്രക്കാർ ആരാണെന്ന് ഞാൻ പറഞ്ഞ് തരേണ്ടല്ലോ; പത്രക്കാരിലെ ഒരു വിഭാഗത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇത്തരം പ്രതികരണങ്ങളെ വലിയ സംഭവമാക്കുകയാണ്. നവകേരള സദസ്സ്, പത്തിരുപത്തിമൂന്ന് മന്ത്രിമാരെയുംകൊണ്ട് കേരളത്തിലെ ജനങ്ങളെ മുഴുവൻ കാണാൻ പോയപ്പോൾ 'കോടാനുകോടി രൂപയുടെ ഒരു ബസ് എന്ന് നിങ്ങൾ പറഞ്ഞു. കെ.എസ്.ആർ.ടി.സി.-യുടെ

ഉടമസ്ഥതയിലുള്ള ബസ്സായിരുന്നു അത്. ഈ ഇരുപത്തിമൂന്ന് മന്ത്രിമാർക്കും കാറിൽ യാത്ര ചെയ്ത് ജനങ്ങളെ കാണാൻ സാധിക്കില്ലായിരുന്നോ; എങ്ങനെയൊക്കെ ചിലവ് ചുരുക്കാൻ കഴിയുമെന്ന് സർക്കാർ ആലോചിച്ചതിന്റെ ഭാഗമായാണ് ആ ബസ്സിൽ പോകാൻ തീരുമാനിച്ചത്. അതാണ് നിങ്ങൾ ധൂർത്തെന്നും പറഞ്ഞ് വലിയ വിഷയമാക്കിയത്. അതുസംബന്ധിച്ച കണക്ക് ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ; നവകേരള സദസ്സിൽ എന്ത് ധൂർത്താണ് നടത്തിയത്? നവകേരള സദസ്സിലൂടെ എന്ത് നേട്ടമാണുണ്ടായിട്ടുള്ളതെന്ന് ചോദ്യങ്ങളുണ്ടായി. നവകേരള സദസ്സിലൂടെ ധാരാളം പരാതികൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അതുസംബന്ധിച്ച മൂന്ന് മാസത്തെ കണക്ക് ഇവിടെ നൽകിയിട്ടുണ്ട്. ബി.പി.എൽ. കാർഡിനായി സമർപ്പിച്ച 863 അപേക്ഷകളിൽ അറുന്നൂറ്റി ചില്ല്വാനം പാസ്സായി. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയാത്ത ധാരാളം പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. 'പൂരം കലക്കി പിണറായി' അതായിരുന്നു നിങ്ങളുടെ മറ്റൊരു ആരോപണം. ആരാണ് തൃശ്ശൂർ പൂരം കലക്കിയത്; ശ്രീ. പിണറായി വിജയനാണോ? ആ

ജില്ലാ പോലീസ് കമ്മീഷണർ ആരുടെ നിർദ്ദേശപ്രകാരമാണ് അങ്ങനെ ചെയ്തത്? പോലീസ് സേനയിലെ ആർ.എസ്.എസ്. നിയന്ത്രണത്തിലുള്ള വലിയൊരു സംഘടനയാണ് പൂരം കലക്കിയതിന് നേതൃത്വം നൽകിയത്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ ഉൾപ്പെടെ ഇടപെട്ടിട്ടും പൂരം നടത്താൻ സാധിച്ചില്ല. പിന്നീട് സിനിമാ സ്റ്റൈലിൽ ശ്രീ. സുരേഷ് ഗോപി അവിടെ വരുന്നു, 'മാറിനിൽക്കെടാ അങ്ങോട്ട്, ഇങ്ങോട്ട് നിൽക്ക്, പൂരം അവിടെ നടക്കട്ടെ, ഇവിടെ നടക്കട്ടെ' എന്നൊക്കെ നിർദ്ദേശിച്ചപ്പോൾ ഒരു പ്രശ്നവുമുണ്ടാക്കാതെ ആ കമ്മീഷണർ അവിടെനിന്നും തിരികെപ്പോകുകയാണ് ചെയ്തത്. മുസ്ലീങ്ങൾക്കുവേണ്ടി ഹിന്ദുക്കളുടെ ആഘോഷം കലക്കി പിണറായി സർക്കാർ എന്ന് നിങ്ങൾ പ്രചരിപ്പിച്ചില്ലേ; പിന്നീട് എന്തുണ്ടായി? അതിന്റെ ഭാഗമായി നിങ്ങൾ ബി.ജെ.പി.-ക്ക് ഒരു സീറ്റ് നേടിക്കൊടുത്തു. ഉദ്യോഗസ്ഥരിൽ വലിയൊരു വിഭാഗം ഈ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അവരെ നിലയ്ക്കുനിർത്താൻ സാധിക്കണം. ഭരണവിരുദ്ധ വികാരമാണ് ഞങ്ങളുടെ പരാജയത്തിന്റെ കാരണമെങ്കിൽ മുഖ്യമന്ത്രി മാത്രമല്ല അതിനുത്തരവാദി, ഇവിടെയിരിക്കുന്ന മന്ത്രിമാരുൾപ്പെടെ

ഞങ്ങൾക്കെല്ലാവർക്കും അതിൽ ഉത്തരവാദിത്വമുണ്ട്. ഒരു ഗവൺമെന്റിനെതിരാണെങ്കിൽ ആ ഉത്തരവാദിത്വം ഏറ്റെടുക്കണം. ഒരു പിണറായിയെ മാത്രം ലക്ഷ്യംവച്ചുള്ള നീക്കമാണ് നിങ്ങൾ നടത്തുന്നത്. കാര്യങ്ങൾ നടക്കുമ്പോൾ അത് നമ്മുടെ നേട്ടമെന്നും കോട്ടം വരുമ്പോൾ അത് മുഖ്യമന്ത്രിയുടെ കുഴപ്പമാണെന്നുമുള്ള രീതിയിൽ പറഞ്ഞ് ഈ മുഖ്യമന്ത്രിയെയും സർക്കാരിനെയും തകർക്കാമെന്ന് പ്രതിപക്ഷം വിചാരിക്കുന്നെങ്കിൽ അത് നടക്കില്ല.

<u>ചെയർപേഴ്സൺ</u>: അങ്ങയുടെ സമയം അതിക്രമിച്ചു... പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. പി. വി. അൻവർ</u>: സർ, എനിക്ക് ഒരു മിനിട്ടുകൂടി അനുവദിക്കണം. നമ്മുടെ മുഖ്യമന്ത്രിയെക്കുറിച്ച് ഇങ്ങനെ പറയുമ്പോൾ, തിരഞ്ഞെടുപ്പിന് മൂന്നുമാസം മുമ്പ് ഈ പറയുന്ന ചാനലുകാരെല്ലാം ഒരു സർവെ നടത്തിയിരുന്നു. എല്ലാ സർവെകളിലും അമ്പത് ശതമാനത്തിലധികം അംഗീകാരം നേടിയ ഏറ്റവും നല്ല മുഖ്യമന്ത്രി ആരാണെന്ന ചോദ്യത്തിന് എല്ലാവരുടെയും അംഗീകാരം നേടിയത് ശ്രീ. പിണറായി വിജയനായിരുന്നു. ഇതൊന്നും മുഖ്യമന്ത്രിയുടെ തകരാറല്ല. ഈ രീതിയിൽ കേന്ദ്ര

ഗവൺമെന്റിനോടൊപ്പംനിന്ന് ജനങ്ങളെ പറ്റിച്ച്, സാമ്പത്തികമായി ഞെരുക്കി, ഈ അവസ്ഥയിലെത്തിച്ചതിന്റെ ഉത്തരവാദിത്വം പ്രതിപക്ഷത്തിനാണെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കൃഷി, തൊഴിലാളിക്ഷേമം, പ്രവാസി ക്ഷേമം, വിദ്യാഭ്യാസം എന്നീ ധനാഭ്യർത്ഥനകളിൽ കൃഷിയെക്കുറിച്ച് സംസാരിക്കാം. കാരണം ഞാൻ വരുന്നത് ഏറ്റവും കൂടുതൽ കൃഷിയുള്ള ഒരു പ്രദേശത്തിൽനിന്നായതുകൊണ്ടാണ് കൃഷിയെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നത്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് നമ്മുടെ കാർഷിക മേഖല ഇപ്പോൾ കുതിപ്പിന്റെ പാതയിലാണ്. ആയിരക്കണക്കിന് ഹെക്ടർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി കൃഷിക്കാരെയും കാർഷിക മേഖലയെയും നല്ല രീതിയിൽ പരിപോഷിപ്പിച്ച നല്ലൊരു മന്ത്രിയും ഗവൺമെന്റുമാണ് നമുക്കുള്ളത്. എന്ത് വിഷയമുണ്ടായാലും അതിൽ ഇടപെടുകയും വളരെ നല്ല രീതിയിൽ അതിനെ അതിജീവിക്കാനുള്ള ഉത്തേജനം നൽകുകയും ചെയ്യുന്ന ഒരു പ്രത്യേകതയാണ് ഞങ്ങളുടെ

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്കുള്ളത്. അതുകൊണ്ട് ഈ സന്ദർഭത്തിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. പ്രത്യേകിച്ച് ഞങ്ങളുടെ പ്രദേശമായ കുട്ടനാട്ടിൽ ഒരുപാട് തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കിത്തീർക്കാൻ അദ്ദേഹം വളരെയധികം സഹായിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ കാർഷിക നയങ്ങൾമൂലം രാജ്യവ്യാപകമായി കൃഷിക്കാർ വലിയ പ്രതിസന്ധിയിലാണ്. രാജ്യത്ത് ആയിരക്കണക്കിന് കർഷകരാണ് ആത്മഹത്യയുടെ വക്കിൽനിൽക്കുന്നത്. എന്നാൽ കേരളം കർഷകരെ ചേർത്തുപിടിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കർഷകരുൾപ്പെടെയുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ സമഗ്ര പുരോഗതിയാണ് ഈ സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. രണ്ട് മഹാപ്രളയത്തിലും കോവിഡ് മഹാമാരി സമയത്തും ഈ കരുതൽ നാം കണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് ഫെഡറൽ സംവിധാനത്തിന്റെ എല്ലാ തത്വങ്ങളും ലംഘിച്ചുകൊണ്ട് നടത്തുന്ന കടന്നാക്രമണങ്ങൾമൂലം സംസ്ഥാനത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായിയെന്നത് വസ്തുതതന്നെയാണ്. അതിലെല്ലാം വളരെ പോസിറ്റീവായ സമീപനമാണ് ഈ സർക്കാരും സംസ്ഥാനത്തുള്ള ജനങ്ങളും

സ്വീകരിച്ചിട്ടുള്ളത്. ഈ കാലം കടന്നുപോകും, ഭാവി കേരളത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നീങ്ങുന്ന ഈ സർക്കാരിന്റെ ദീർഘവീക്ഷണം തീർച്ചയായും കേരളത്തെ ഉന്നതിയിലെത്തിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ പ്രസംഗിച്ച പല അംഗങ്ങളും വളരെ നല്ലരീതിയിൽ പല കാര്യങ്ങളും സംസാരിച്ചു. പ്രിയങ്കരനായ കരുനാഗപ്പള്ളി അംഗം ശ്രീ. സി. ആർ. മഹേഷിന് എന്തുപറ്റിയെന്ന് അറിയില്ല, കാരണം ഈയിരിക്കുന്ന അംഗങ്ങളെല്ലാം സ്തുതിപാഠകരാണെന്നോ എല്ലാവരും കൈകൊട്ടുന്നുണ്ടെന്നോ ഡെസ്കിൽ അടിക്കുന്നുണ്ടെന്നോ എന്നൊക്കെയാണ് അദ്ദേഹത്തിന്റെ പരാതി. നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ നല്ലതെന്ന് പറയാൻ നിങ്ങൾക്കാർക്കും മനസ്സില്ല. നിങ്ങളൊരു മനുഷ്യന്റെ തെറ്റെന്താണെന്ന് നോക്കി നടക്കുകയാണ്. അതുകൊണ്ടാണ് നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെത്തന്നെ ഇങ്ങനെ ലക്ഷ്യംവയ്ക്കുന്നത്. കാരണം അദ്ദേഹത്തെ ലക്ഷ്യംവച്ചാൽ മാത്രമെ കാര്യം നടക്കുകയുള്ളൂ. അദ്ദേഹത്തിന്റെ തെറ്റുകളെന്താണ്; അദ്ദേഹം തിരിയുന്നത് തെറ്റ്, മൈക്കിൽ തൊട്ടാൽ തെറ്റ്, നടന്നാൽ തെറ്റ്, എന്തെങ്കിലും ചെയ്താൽ തെറ്റ്. തെറ്റിന്റെ വലിയൊരു ഘോഷയാത്രയല്ലാതെ ഇന്നുവരെ അദ്ദേഹം ചെയ്തൊരു

നല്ല കാര്യത്തെക്കുറിച്ച് നല്ല മനസ്സോടെ പറയാൻ നിങ്ങളാരെങ്കിലും ആർജ്ജവം കാണിച്ചിട്ടുണ്ടോ? ഒരു കാലത്ത്, അതായത് 2020-21 കാലഘട്ടങ്ങളിൽ വൈകുന്നേരം 6 മണിക്ക് ഞാനുൾപ്പെടെയുള്ളവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വരവും കാത്ത് ടി.വി.-യുടെ മുന്നിൽ കാത്തിരിക്കുമായിരുന്നു. ഈ ദേശത്തുണ്ടാകുന്ന കാര്യങ്ങൾ പറഞ്ഞുകഴിയുമ്പോൾ ഹൃദയത്തിനകത്ത് വലിയൊരു ആശ്വാസം കടന്നുവരുന്ന പ്രതീതിയാണ്. എന്താണ് കോവിഡ്; എന്താണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്; ഏതൊക്കെ രീതിയിൽ ഇതിനെ അതിജീവിക്കാൻ സാധിക്കും; എന്തെല്ലാം കാര്യങ്ങൾ ചെയ്താൽ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം പറയുമായിരുന്നു. ഈ നന്മയെപ്പറ്റി ആരും ഒന്നും പറയില്ല. ഈയൊരു കാര്യം ഹൈലറ്റ് ചെയ്യാൻ ഒരു പ്രതിപക്ഷ പാർട്ടികളും ആഗ്രഹിക്കില്ല. എന്ത് കുറ്റമുണ്ടെന്ന് കണ്ടുപിടിച്ച് അത് നിങ്ങൾ പൊക്കിപ്പിടിച്ചുകൊണ്ടുനടക്കും. ആരാധ്യനായ ഞങ്ങളുടെ അംഗം ശ്രീ. പി. വി. അൻവർ വളരെ വ്യക്തമായി അക്കാര്യങ്ങൾ ഹൈലൈറ്റ് ചെയ്തുകൊണ്ട് സംസാരിച്ചതിനാൽ ആ വിഷയങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. നിങ്ങൾ ഇതെല്ലാം മാറ്റിപ്പിടിച്ച്, വളരെ നല്ല രീതിയിൽ

കാര്യങ്ങൾ അവതരിപ്പിക്കാനുള്ള മനസ്സ് കാണിക്കണം, നിങ്ങൾ ആൾക്കാരെ ഉൾക്കൊള്ളണം, നല്ലതാണെങ്കിൽ നല്ലതെന്ന് പറയണം. ഞങ്ങൾ ഇതുവരെയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മോശമാണെന്ന രീതിയിൽ ഒരു പ്രസംഗത്തിലും പറഞ്ഞിട്ടില്ല. വളരെ നല്ല രീതിയിൽ പ്രതിപക്ഷത്തെ നയിക്കാൻ കഴിവുള്ള ഒരംഗമാണ് അദ്ദേഹം. ഭരണപക്ഷവും പ്രതിപക്ഷവും ശക്തമാകുമ്പോഴാണ് നല്ല ഭരണം കാഴ്ചവയ്ക്കാൻ സാധിക്കുന്നത്. അപ്പോൾ ആ രീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകണം. നമുക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാരാണ്; പ്രിയങ്കരനായ ശ്രീ. പി. വി. അൻവർ സൂചിപ്പിച്ചതുപോലെ, കേന്ദ്ര ഗവൺമെന്റ് നമ്മുടെ പണം പിടിച്ചുവച്ചിരിക്കുകയാണ്. എല്ലാ വീടുകളിലും പ്രശ്നമുണ്ടാകുന്നത് എപ്പോഴാണ്; ഈ വീടുകളിൽ ഭാര്യയും ഭർത്താവും തമ്മിൽ അടിയുണ്ടാകുന്നത് എപ്പോഴാണ്; കുഞ്ഞുങ്ങളുമായി പ്രശ്നമുണ്ടാകുന്നത് എപ്പോഴാണ്? സാമ്പത്തികമില്ലാതാകുമ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്. സാമ്പത്തിക ഭദ്രതയുണ്ടെങ്കിൽ എല്ലാ കാര്യങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. സാമ്പത്തികമാണ് ഏറ്റവും വലിയ വിഷയം, അതിന്

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ തലയിൽകയറിയിട്ട് ഒരു കാര്യവുമില്ല. ആ പാവം മന്ത്രി എന്തുചെയ്യാനാണ്? കഴിയുന്ന രീതിയിൽ അദ്ദേഹം എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. ഞാൻ സൂചിപ്പിക്കുന്നത്, നമുക്ക് കിട്ടാനുള്ള തുക കേന്ദ്രത്തിൽനിന്നും നേടിയെടുക്കാൻ ഇപ്പോൾ നല്ല അവസരമാണുള്ളത്. വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്ത് എങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും; ഏതൊക്കെ രീതിയിൽ നമുക്ക് ഡൽഹിയിൽ സമരം ചെയ്ത് കേന്ദ്ര ഗവൺമെന്റിനെ സമ്മർദ്ദത്തിലാക്കാൻ സാധിക്കും തുടങ്ങിയ കാര്യങ്ങൾ ചെയ്യാനുള്ള ആർജ്ജവം കോൺഗ്രസ്സുകാർക്കാണുള്ളത്. അതിന് മുൻകൈയെടുക്കേണ്ടത് ശ്രീ. രാഹുൽ ഗാന്ധിയുമാണ്. കേരളത്തെക്കൂടി സംരക്ഷിക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ട്. കാരണം കഴിഞ്ഞ ഇലക്ഷനിൽ  അമേഠിയിൽ തോറ്റപ്പോൾ അദ്ദേഹത്തെ വിജയിപ്പിച്ച സ്ഥലം കേരളമാണ്. അതുകൊണ്ട് കേരളത്തോട് അദ്ദേഹത്തിന് വലിയ പ്രതിബദ്ധതയാണുള്ളത്. ഒരു കാരണവശാലും കേരളത്തെ തള്ളിക്കളയാൻ അദ്ദേഹത്തിന് സാധിക്കില്ല. അദ്ദേഹം കേരളത്തിന്റെ എം.പി.-യാണ്, ഇപ്പോൾ രാജി സമർപ്പിച്ചിട്ടേയുള്ളൂ. എന്തായാലും വളരെ നല്ല രീതിയിൽ

കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള അവസരമാണുള്ളത്. ഇതെല്ലാം പറഞ്ഞുകൊണ്ടിരുന്നാൽ വിഷയത്തിലേയ്ക്ക് കടക്കാൻ കഴിയില്ല. കുട്ടനാട്ടിൽ ആകെ 420 പാടശേഖരങ്ങളാണുള്ളതെന്ന് പറയാതെതന്നെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. എല്ലാ പാടശേഖരങ്ങളും അങ്ങ് സന്ദർശിച്ചിട്ടുമുണ്ട്. മുൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. സുനിൽകുമാറും വളരെ നല്ല രീതിയിൽ ഈ കാര്യങ്ങളിൽ മുൻകൈയെടുത്ത് പ്രവർത്തിച്ച വ്യക്തിയാണ്. ഈ 420 പാടശേഖരങ്ങളും കല്ലുകെട്ടി ബലപ്പെടുത്തി, മൂന്ന് മീറ്റർ റോഡ് നിർമ്മിച്ച്, അതിന്റെ നടുവിൽക്കൂടി ട്രാക്ടർ റോഡ് കൊണ്ടുവന്നാൽ മാത്രമെ നല്ല രീതിയിൽ കൃഷി നടത്താൻ കഴിയുകയുള്ളൂ. ഒരുപാട് പ്രതിബന്ധതകളും പ്രതിസന്ധികളുമുണ്ട്. ട്രാക്ടർ റോഡുകളെന്ന് പറയുമ്പോൾ എല്ലാവർക്കും വലിയ പ്രശ്നമാണ്. അത്തരം റോഡ് നിർമ്മിക്കുന്നതിന് വലിയ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. കാരണം കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം എന്ന ഒരു കീറാമുട്ടി നിയമമുണ്ട്. കുട്ടനാടിനെ ഏറ്റവും കൂടുതൽ വലയ്ക്കുന്ന ഒരു നിയമമാണിത്. പണ്ട് എന്റെയെല്ലാം കുട്ടിക്കാലത്ത് കൊയ്ത്തുജോലിക്കായി വരുന്നവർക്ക് ടിക്കറ്റ്

കൊട്ടുത്തുകൊണ്ടാണ് പാടത്തേയ്ക്കിറക്കുന്നത്. പോലീസിന്റെ സാന്നിദ്ധ്യവുമുണ്ടായിരുന്നു. ഇന്ന് കൊയ്ത്തുജോലിക്കായി ആളുകളെ ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഈ സാഹചര്യത്തിൽ യന്ത്രം ഉപയോഗിച്ചുള്ള കൃഷിപ്പണികൾ നടത്തണമെങ്കിൽ ട്രാക്ടർ റോഡുകൾ അനിവാര്യമാണ്. അതുകൊണ്ട് എന്റെ ദേശത്തിന് ആവശ്യമായ രീതിയിൽ ട്രാക്ടർ റോഡുകൾ നൽകി, എല്ലാ പാടശേഖരങ്ങളും കല്ലുകെട്ടി ബലപ്പെടുത്തി മൂന്ന് മീറ്റർ കോൺക്രീറ്റ് റോഡുകൾ കൊണ്ടുവരേണ്ടതുണ്ട്. കാരണം, കുട്ടനാടും പാലക്കാടും കേരളത്തിന്റെ നെല്ലറയാണ്. ഈയൊരു സംവിധാനത്തിൽ വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്തെങ്കിൽ മാത്രമേ ഫലപ്രദമായ രീതിയിൽ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അങ്ങയുടെ നല്ലൊരു ഇടപെടൽ ഇതിൽ ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഏറ്റവും ഹൃദയശുദ്ധിയുള്ള മന്ത്രി ആരാണെന്ന് എന്നോട് ചോദിച്ചാൽ ഞാൻ പറയും ശ്രീ. വി. ശിവൻകുട്ടിയാണെന്ന്. അതിൽ യാതൊരു സംശയവുമില്ല, ഉള്ളകാര്യം ഉള്ളതുപോലെ പറയുന്നൊരു വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്.

ഇന്നത്തെ ചോദ്യോത്തരവേളയിലും അങ്ങയുടെ മറുപടി കേട്ടപ്പോൾ ഞങ്ങൾക്ക് വളരെയധികം സന്തോഷം തോന്നി. അങ്ങനെ പറയാൻ ആർജവമുള്ളൊരു മന്ത്രിയാണ് അങ്ങ്. ഞങ്ങളുടെ പ്രദേശമായ കുട്ടനാട്ടിൽ രണ്ടും മൂന്നും അഞ്ചും കോടി രൂപയൊക്കെ നൽകി ഒരുപാട് സ്കൂളുകൾ ഉദ്ഘാടനം ചെയ്യാൻ അങ്ങ് വന്നിട്ടുണ്ട്. കുട്ടനാട്ടിലെ ഏറ്റവും വലിയ പ്രശ്നം, അവിടെയുള്ള എല്ലാ ഗ്രൗണ്ടുകളും വെള്ളത്തിനടിയിലാണെന്നുള്ളതാണ്. അതിനാൽ ആ ഗ്രൗണ്ടുകളെ ഉയർത്തി, വെള്ളമില്ലാത്ത രീതിയിൽ, ഞങ്ങളുടെ പിള്ളേർക്ക് ഷൂ ഇട്ട് കളിക്കത്തക്ക രീതിയിലുള്ള ഒരു സംവിധാനം ഒരുക്കിത്തരണമെന്നാണ് പറയാനുള്ളത്. അതായത് കുട്ടനാട്ടിന് നല്ല സ്കൂളുകളും ഗ്രൗണ്ടുകളും നൽകണമെന്ന് അഭ്യർഥിക്കുന്നു. വളരെ നല്ല രീതിയിൽ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നുണ്ട്. ഞങ്ങളുടെ പ്രിയങ്കരനായ സഖാവ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ മറ്റ് 20 മന്ത്രിമാരും വളരെ ശക്തിയോടുകൂടി പ്രവർത്തിച്ച് നല്ല രീതിയിൽ മുന്നോട്ടുപോകുന്നതിന് എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിക്കുന്നു. ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, കോഴിക്കോട് ജില്ലയിൽ ഏറ്റവുമധികം കുട്ടികൾ പരീക്ഷ എഴുതിയ ചക്കാലക്കൽ ഹയർ സെക്കൻഡറി സ്കൂൾ എന്റെ നിയോജകമണ്ഡലത്തിലാണ്. ആകെ 943 വിദ്യാർഥികളെ പരീക്ഷയ്ക്കിരുത്തിയതിൽ 183 വിദ്യാർഥികൾക്കും ഫുൾ എ പ്ലസ് ലഭിച്ചു. ഈ എ പ്ലസ് ലഭിച്ച കുട്ടികൾക്കുതന്നെ ആ സ്കൂളിൽ പഠിക്കാൻ സാധിക്കാത്തവിധം കുറച്ച് ബാച്ചുകൾ മാത്രമേ അവിടെയുള്ളൂ. അലോട്ട്മെന്റുകളെല്ലാം പൂർത്തിയായാലും കോഴിക്കോട് ജില്ലയിൽ 7500 കുട്ടികൾക്ക് സീറ്റ് ലഭിക്കാതെ പുറത്ത് നിൽക്കേണ്ട അവസ്ഥയാണ്. 48156 വിദ്യാർഥികളാണ് കോഴിക്കോട് ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ളത്. ഇതിനുപുറമെ സമീപ ജില്ലയിലെ വിദ്യാർഥികൾകൂടി ഈ ജില്ലയിൽ അപേക്ഷിക്കുന്നുണ്ട്. പ്ലസ് വൺ സീറ്റ് ക്ഷാമത്തെക്കുറിച്ച് പഠിക്കാൻ രണ്ടംഗ സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. മലപ്പുറം ജില്ലയിലാണ് ഏറ്റവും സങ്കീർണ്ണമായ പ്രശ്നമുള്ളത്. പക്ഷേ, സമാനപ്രശ്നം നേരിടുന്ന മലബാറിലെ രണ്ടാമത്തെ ജില്ല കോഴിക്കോടാണ്. അതുപോലെ കണ്ണൂരും കാസർഗോഡും വയനാട്ടും പാലക്കാട്ടുമൊക്കെ ഈ വിഷയത്തിൽ

വരുന്നുണ്ട്. മേൽസൂചിപ്പിച്ച എല്ലാ ജില്ലകളിലുമുള്ള സീറ്റ് ക്ഷാമത്തെക്കുറിച്ചുള്ള വിഷയം പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

അതുപോലെതന്നെ, പ്രധാനാധ്യാപകരുടെ വിഷയം. ഇന്ന് പല സ്കൂളുകളിലും പ്രധാനാധ്യാപകർ ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അത് ഏതുവിധേനയും പരിഹരിക്കപ്പെടേണ്ടതാണ്. പ്രധാനാധ്യാപകർ ഇല്ലാത്തതിനാൽ എല്ലാ സ്കൂളുകളുടെയും പ്രവർത്തനം താളം തെറ്റിയിരിക്കുകയാണ്. സ്ഥലംമാറ്റ ഉത്തരവ് സ്കൂൾ തുറന്നിട്ടും ഇതുവരെ നടത്തിയിട്ടില്ല. ഹയർ സെക്കൻഡറി അധ്യാപകരുടെ സ്ഥലംമാറ്റം വിചിത്രമായ കാര്യമായി മാറിയിരിക്കുകയാണ്. 2024-ലെ പൊതുപരീക്ഷയ്ക്ക് മുമ്പാണ് ഇത് ചെയ്തത്. ഇതുസംബന്ധിച്ച് വ്യാപക പരാതികളുണ്ടായതിനെത്തുടർന്ന് സ്ഥലംമാറ്റ ഉത്തരവ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. കോടതി അലക്ഷ്യത്തിന് പാവം ഡി.ജി. (Director of General Education)-യെകൊണ്ട് ട്രൈബ്യൂണലിൽ മാപ്പും പറയിപ്പിച്ചു. എന്നിട്ടും ഇപ്പോഴും സ്ഥലംമാറ്റം നടത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് സത്യം.

ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട്, ബിരുദ പഠനം 4 വർഷ കോഴ്സാക്കാൻ പോകുകയാണ്. അതിന്റെ പ്രവേശനവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ഒന്നുകിൽ 75 ശതമാനമായിരിക്കണം അല്ലെങ്കിൽ 177 ക്രെഡിറ്റ് വേണമെന്നാണ്. ഇത് നടപ്പാക്കുന്നതോടുകൂടി കേരളത്തിൽ നിലവിലുള്ള സംവരണ സാധ്യതകൾ പോകുകയാണ്. എസ്.സി./എസ്.റ്റി., ഒ.ബി.സി. എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ 4 വർഷം ഡിഗ്രി കോഴ്സിന്റെ പടിക്ക് പുറത്തുനിൽക്കുന്ന സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നത്. ഇവിടെ എന്റെ പ്രിയ സുഹൃത്ത് പറയുകയുണ്ടായി, പിന്നാക്കം നിൽക്കുന്ന ഏറ്റവും അധഃസ്ഥിതരായ ആളുകളെയും മുന്നോട്ട് കൊണ്ടുവന്നിട്ടുള്ള പ്രസ്ഥാനമാണ് ഇടതുപക്ഷമെന്ന്. എന്നാൽ യാതൊന്നും നോക്കാതെ ഇത്തരം നടപടികളുമായി മുന്നോട്ട് പോകുകയാണെങ്കിൽ ഏറ്റവും അധഃസ്ഥിതരായ ആളുകൾ വീണ്ടും പടിക്ക് പുറത്തുനിൽക്കുന്ന സാഹചര്യത്തിലേക്ക് കാര്യങ്ങൾ നീങ്ങും. ഇതുമായി ബന്ധപ്പെട്ട് ചോദിക്കുമ്പോൾ NEP (National Education Policy) പ്രകാരം ചെയ്യുകയാണെന്നാണ് പറയുന്നത്. NEP-യെ നമ്മൾ വളരെയധികം എതിർത്തതാണ്. ആ NEP-യെ അതുപോലെ ഇവിടെ പകർത്തിവയ്ക്കേണ്ട

ആവശ്യമെന്താണ്; അതുകൊണ്ട് കേരളത്തിന് അനുയോജ്യമായ രീതിയിൽ കുറച്ചുകൂടി ചർച്ചകൾക്ക് വിധേയമായശേഷം...

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, അങ്ങ് തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഓണേഴ്സ് ബിരുദം നേടുന്നതിനാണ് 177 ക്രെഡിറ്റ് ആർജിക്കേണ്ടത്. കോഴ്സിന് ചേർന്നുകഴിഞ്ഞതിനുശേഷം 177 ക്രെഡിറ്റ് 4 വർഷംകൊണ്ട് ആർജിക്കുമ്പോഴാണ് വിദ്യാർഥിക്ക് ഓണേഴ്സ് ബിരുദം ലഭിക്കുന്നത്.

ഡോ. എം. കെ. മുനീർ: സർ, പ്രവേശനത്തിന്റെ മാനദണ്ഡത്തിൽ ഇതെല്ലാം വരുന്ന സമയത്തുണ്ടാകുന്ന പ്രശ്നമെന്താണെന്നുവച്ചാൽ ഏറ്റവും അധഃസ്ഥിത വിഭാഗത്തിന്..., NEP ഇവിടെ നടപ്പിലാക്കില്ലെന്ന് ആദ്യം പറഞ്ഞു. പിന്നെ, അവിടെനിന്ന് പല ആനുകൂല്യങ്ങളും ലഭിക്കണമെങ്കിൽ ഇത് നടപ്പാക്കണമെന്ന് വന്നപ്പോൾ ഗവൺമെന്റ് NEP അതേപടി നടപ്പാക്കാനുള്ള തീരുമാനവുമായി മുന്നോട്ട് പോകുകയാണ്. ഇതുതന്നെയാണ് ഓരോ കാര്യത്തിലും സംഭവിക്കുന്നത്. National Register of Citizens (NRC) വിഷയം വന്നപ്പോഴും നമ്മൾ പറഞ്ഞു. NRC എന്നതും ഇതുപോലെ

അംഗീകരിച്ചുകൊടുക്കേണ്ട അവസ്ഥയുണ്ടാകും. അതുകൊണ്ട് അത് ഇല്ലാതാക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ മാത്രമേ അത് ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നമ്മൾ ബംഗാളിൽ നോക്കിയില്ലേ; ബംഗാളിൽ നടപ്പാക്കില്ലെന്ന് ശ്രീമതി മമതാ ബാനർജി പറഞ്ഞല്ലോ; എന്നിട്ട് അവിടെ എത്രപേർക്ക് പുതിയ പൗരത്വം നൽകി? അതുകൊണ്ട് അങ്ങനെയൊന്നും നമ്മൾ വെറുതെ പറഞ്ഞതുകൊണ്ട് കാര്യമില്ല. അത് എങ്ങനെ യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്നാണ് പരിശോധിക്കേണ്ടത്. ഇവിടെ അടിയന്തരാവസ്ഥ എന്ന കറുത്ത കാലഘട്ടത്തെക്കുറിച്ച് പറയുകയുണ്ടായി. അത് കഴിഞ്ഞയുടൻ മറ്റൊരു കറുത്ത അധ്യായം തുടങ്ങി. ഇന്ത്യയിലെ ഇടതുപക്ഷം ഭാരതീയ ജനസംഘവുമായി ചേർന്ന് തിരഞ്ഞെടുപ്പിൽ മത്സരിച്ച കാലമാണത്. അന്ന് ആരംഭിച്ചതാണ് ബി.ജെ.പി.-യുടെ തുടക്കം. അന്ന് ജനതാ പാർട്ടിയായി, പിന്നീട് അതിൽനിന്ന് ബി.ജെ.പി. ഉണ്ടായി. ആ ഗവൺമെന്റിൽ അടൽ ബിഹാരി വാജ്പേയി ഉണ്ടായിരുന്നു. കേരളത്തിൽ നിങ്ങൾ ഒരുമിച്ചുനിന്ന് പ്രചരണം നടത്തി. എന്നിട്ട് എപ്പോൾ പറയുമ്പോഴും കോൺഗ്രസ് ബി.ജെ.പി.-യെയുണ്ടാക്കിയെന്ന്

പറയുന്നു, ബി.ജെ.പി.-യും കോൺഗ്രസും ഒറ്റക്കെട്ടാണെന്ന് പറയുന്നു. ഞാൻ ചോദിക്കട്ടെ, ഉത്തർപ്രദേശിൽ ഫൈസാബാദ് എന്ന നിയോജകമണ്ഡലമുണ്ട്. ഏറ്റവും വലിയ പ്രശ്നമുണ്ടായിരുന്ന സ്ഥലമല്ലേ; ബി.ജെ.പി. അവരുടെ പ്രചരണ ആയുധമാക്കിയിട്ടുള്ള അയോധ്യ ഉൾപ്പെടുന്ന നിയോജകമണ്ഡലമാണ് ഫൈസാബാദ്. അവിടെ ഇന്ത്യാ മുന്നണിയുടെ സ്ഥാനാർഥി ശ്രീ. അവദേശ് പ്രസാദും ബി.ജെ.പി.-യുടെ സ്ഥാനാർഥി ശ്രീ. ലല്ലു സിംഗുമാണ്. ആ ഇന്ത്യാ മുന്നണിക്കെതിരെ സി.പി.ഐ.-യുടെ സ്ഥാനാർഥിയായ ശ്രീ. അരവിന്ദ് സെന്നിനെ നിങ്ങൾ എന്തിനാണ് നിർത്തിയത്; ആരെ തോൽപ്പിക്കാനാണ്; ഇന്ത്യാ മുന്നണിയും ബി.ജെ.പി.-യും തമ്മിൽ നേരിട്ട് മത്സരിക്കുന്ന സ്ഥലത്ത് എന്തിനാണ് അദ്ദേഹത്തെ നിർത്തിയത്? ഉത്തർപ്രദേശിൽ അഞ്ച് സ്ഥലത്താണ് ഇന്ത്യാ മുന്നണിക്കെതിരെ ഇടതുപക്ഷം സ്ഥാനാർഥികളെ നിർത്തിയത്. ഞാൻ പറയുന്നത്, ഈ കളിയൊക്കെക്കൊണ്ട് തന്നെയാണ് നിങ്ങൾക്ക് ആളുകൾ ചോർന്ന് പോയിക്കൊണ്ടിരിക്കുന്നത്. നിങ്ങൾ മനസ്സിലാക്കണം, രാജസ്ഥാൻ, ഗുജറാത്ത്, മധ്യപ്രദേശ് എന്നിവിടങ്ങളിലൊക്കെ കോൺഗ്രസ് പലപ്പോഴും തോറ്റിട്ടുണ്ടെങ്കിലും അവരുടെ

ശതമാനം ഇപ്പോഴും 30-ൽ അധികമുണ്ട്. എന്നാൽ കേരളത്തിൽ ഇപ്പോൾ ബി.ജെ.പി. 15 ശതമാനമായി. എത്രയോ കാലം ഭരിച്ച ബംഗാളിൽ നിങ്ങളുടെ ഇപ്പോഴത്തെ ശതമാനം എത്രയാണെന്ന് അറിയാമോ; 7 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ത്രിപുരയിൽ ഇവർ വരുന്നതിന് മുമ്പ് നിങ്ങൾക്ക് 42 ശതമാനമുണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ 17 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. കോൺഗ്രസിൽനിന്നും ബി.ജെ.പി.-യിലേക്ക് ചിലപ്പോൾ ഒന്നോരണ്ടോ വ്യക്തികൾ പോകും. പക്ഷേ, മുഴുവൻ അണികളും വോട്ടർമാരും പാർട്ടി ഓഫീസുമടക്കം പോകുന്ന ഏതെങ്കിലും പാർട്ടിയുണ്ടെങ്കിൽ അത് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ആണ്. പക്ഷേ, ഇവിടെ നിങ്ങൾ കോൺഗ്രസ് വോട്ട് അങ്ങോട്ട് മറിച്ചു ഇങ്ങോട്ട് മറിച്ചു എന്നൊക്കെ പറയുമ്പോൾ നിങ്ങളുടെ വോട്ട് ചോർന്നുകൊണ്ടിരിക്കുകയാണെന്ന യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ പ്രധാനപ്പെട്ട പാർട്ടി കേന്ദ്രങ്ങളിൽ എങ്ങനെ വോട്ട് ചോരുന്നു എന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബൂത്തിൽ ബി.ജെ.പി.-യുടെ വോട്ട് ഇരട്ടിയായി. മുഖ്യമന്ത്രിയുടെ ബൂത്തിൽ കോൺഗ്രസിന്റെ വോട്ടാണോ

മാറുന്നത്? മുഖ്യമന്ത്രിയുടെ സ്വന്തം ബൂത്തിൽ ബി.ജെ.പി.-ക്ക് 50 വോട്ടുണ്ടായിരുന്നത് 100 വോട്ടായി ഉയർന്നിട്ടുണ്ടെങ്കിൽ അവിടെ കുറഞ്ഞിരിക്കുന്നത് സി.പി.ഐ.(എം.)-ന്റെ വോട്ടാണ്. നിങ്ങൾ പല സമയത്തും എടുത്തിട്ടുള്ള നിലപാടുകളുണ്ടല്ലോ, ശ്രീ. വെള്ളാപ്പള്ളി നടേശനും ശ്രീ. സി. പി. സുഗതനുമൊക്കെ വർഗ്ഗീയ മതിലാണ് ഉണ്ടാക്കിയതെന്ന് അന്ന് ഞാൻ പറഞ്ഞപ്പോൾ നിങ്ങൾ അതെല്ലാം സഭാരേഖയിൽനിന്നും മാറ്റി. പക്ഷേ ഇപ്പോൾ മനസ്സിലായില്ലേ; ഏറ്റവും കൂടുതൽ വർഗ്ഗീയത സംസാരിക്കുന്നത് ഈ ആളുകളാണെന്ന്. അവരെവച്ച് കളിച്ചതിന്റെ ദുരന്തമാണ് നിങ്ങൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകഴിഞ്ഞ് പിന്നെ നിങ്ങൾ Citizenship Amendment Act (CAA) എന്നൊക്കെ പറഞ്ഞുകൊണ്ട് ആളുകളെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയുള്ള കാപട്യമാണ് നടത്തിയതെന്ന് ജനങ്ങൾക്ക് ബോധ്യമായതുകൊണ്ടാണ് നിങ്ങൾക്ക്... പ്രിയപ്പെട്ട പി. വി. അൻവർ ഒരു സത്യസന്ധമായ കാര്യം പറഞ്ഞു, അദ്ദേഹം ചില സമയത്ത് തുറന്ന് പറയും. 'ഞങ്ങൾക്ക് അവസാനം ന്യൂനപക്ഷവോട്ടും കിട്ടിയില്ല, ഭൂരിപക്ഷ വോട്ടും കിട്ടിയില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ കാരണമെന്താണെന്ന്

നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അന്വേഷിച്ചാൽ മനസ്സിലാകും. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. വാഴൂർ സോമൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെക്കുറിച്ചാണ് ഇന്ന് ചർച്ച ചെയ്യുന്നത്. സമയക്കുറവുമൂലം ഇടുക്കി ജില്ലയിലെയും സംസ്ഥാനത്തെയും തോട്ടം മേഖലയിലെ തൊഴിലാളികളുടെ സങ്കീർണ്ണമായ പ്രശ്നങ്ങളെക്കുറിച്ചാണ് കൂടുതലായി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 58 വയസ്സിൽനിന്നും 60 വയസ്സിലേക്ക് ഉയർത്തിയതിനും വിവിധ ക്ഷേമനിധി ബോർഡുകൾ മുഖാന്തരം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഇതുവരെ 2764.37 കോടി രൂപ നൽകിയതിനും എൽ.ഡി.എഫ്. സർക്കാരിനെ ഈയവസരത്തിൽ അഭിവാദ്യം ചെയ്യുന്നു. ഗ്രാമീണ തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ കേരളം ഒന്നാമതാണെന്നതും കാർഷിക-കാർഷികേതര-നിർമ്മാണ

മേഖലകളിൽ ദേശീയ ശരാശരിയെക്കാൾ ഇരട്ടിയിലധികം കൂലി നൽകുന്നുണ്ടെന്നതും രാജ്യത്ത് ഏറ്റവും കൂടുതൽ മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണെന്നതും തൊഴിലാളികളുടെ ക്ഷേമത്തിന് എൽ.ഡി.എഫ്. സർക്കാർ ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്നുവെന്നതിന്റെ തെളിവാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തിനായി രൂപീകരിച്ചിട്ടുള്ള 'പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി' മുഖേന അത്തരം തോട്ടങ്ങളിലെ തൊളിലാളികൾക്ക് വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, ഭാഗികമായോ പൂർണ്ണമായോ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് നൽകുന്ന ധനസഹായം, ചികിത്സാ ധനസഹായം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് മെരിറ്റടിസ്ഥാനത്തിൽ വിദ്യാഭ്യാസ ധനസഹായം, കൂടാതെ തൊഴിലാളികളുടെ മക്കൾ സ്വാശ്രയാടിസ്ഥാനത്തിൽ പഠിക്കുന്നുണ്ടെങ്കിൽ ഒറ്റത്തവണയായി വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകാൻ മുൻകൈയെടുത്ത സംസ്ഥാന സർക്കാരിനും വകുപ്പുമന്ത്രിക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. സംസ്ഥാനത്തെ തോട്ടം

തൊഴിലാളികളുടെ ലേബർ ലയങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി ആരംഭിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പലതും കാലപ്പഴക്കംമൂലം വാസയോഗ്യമല്ലാതായതിനാൽ മേപ്പടി ലയങ്ങൾ പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷന്റെ ശിപാർശ പരിഗണിച്ചുകൊണ്ട് സർക്കാർ അംഗീകരിച്ച പ്ലാന്റേഷൻ നയത്തിൽ, തോട്ടം ഉടമകളുടെ സഹകരണത്തോടെ തോട്ടം തൊഴിലാളികൾക്ക് സ്വന്തം വീട് എന്നത് യാഥാർഥ്യമാക്കാനും വിഭാവന ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തൊഴിലാളികളെയും സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ LIFE-ൽ ഉൾപ്പെടുത്തി 32452 തൊഴിലാളികളുടെ ലിസ്റ്റ് ഭവനം ഫൗണ്ടേഷന് സമർപ്പിക്കുകയും ചെയ്തത് ഈ സർക്കാരിന്റെ കാലത്താണ്. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ ശോച്യാവസ്ഥ

പരിഹരിക്കുന്നതിനായി ലയങ്ങൾ നവീകരിക്കുന്നതിനും തോട്ടം ഉടമയുടെ സഹായത്തോടെ ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കഴിഞ്ഞ ദിവസമാണ് ഹാരിസൺസ് മലയാളം കമ്പനിയുടെ അധീനതയിലുള്ള വാളാടി എസ്റ്റേറ്റ് ഒന്നാം ഡിവിഷനിൽ 6 തൊഴിലാളി കുടുംബങ്ങളുടെ വീടുകൾ നിലംപൊത്തിയത്. അവർക്ക് മറ്റൊരു താമസസൗകര്യമൊരുക്കേണ്ട ഉത്തരവാദിത്വം മാനേജ്മെന്റിനുണ്ട്. കാലങ്ങളായി ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താതെ തകർന്നുവീണുകൊണ്ടിരിക്കുന്ന പ്രശ്നത്തിൽ സർക്കാർ ഗൗരവമായി ഇടപെടണമെന്ന് അഭ്യർഥിക്കുകയാണ്. ബോണക്കാട് എസ്റ്റേറ്റിൽ പുതുക്കിപ്പണിയേണ്ട നിലയിലുള്ള 42 ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടി ജില്ലാകളക്ടർ മുഖേന നൽകിയിട്ടുള്ള റിപ്പോർട്ടും ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പൂട്ടിക്കിടക്കുന്ന കോട്ടമല, വാഗമൺ, ബോണാമി എന്നീ തോട്ടങ്ങളിലെ ലയങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര-മുട്ടം മുഖേന നൽകിയിട്ടുള്ള റിപ്പോർട്ട് പരിശോധിച്ച് ശിപാർശ

അംഗീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അടച്ചിട്ട തോട്ടങ്ങൾ തുറന്നുപ്രവർത്തിക്കുന്നത് സംബന്ധിച്ച ചർച്ചകൾ വളരെ സജീവമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 2000 ഡിസംബർ 23 മുതൽ തോട്ടം ഉടമകൾ ഉപേക്ഷിച്ചുപോയവയാണ് ഇപ്പോഴും അടഞ്ഞുകിടക്കുന്ന ഈ നാല് തോട്ടങ്ങൾ. ഇത്തരം തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുകയും ഏതെങ്കിലും ഏജൻസിയെക്കൊണ്ടോ സഹകരണ സംഘങ്ങൾ മുഖേനയോ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഭൂപരിഷ്കരണ നിയമപ്രകാരം തോട്ടം ഭൂമിയുടെ പരിരക്ഷ നേടിയിട്ടുള്ള പീരുമേട്ടിലെ എം.എം.ജെ. പ്ലാന്റേഷൻസിന്റെ അധീനതയിലുണ്ടായിരുന്ന ബോണാമി, കോട്ടമല എസ്റ്റേറ്റുകളും പീരുമേട് ടീ കമ്പനിയുടെ ചീന്തലാർ, ലോൺട്രി എസ്റ്റേറ്റുകളും ഇവിടെയുള്ള ആയിരക്കണക്കിന് ഏക്കർ തോട്ടഭൂമിയും കഴിഞ്ഞ 24 വർഷമായി യാതൊരുവിധ കൃഷിയും ചെയ്യാനോ തൊഴിലാളികൾക്കുതന്നെ നൽകാനോ നടപടി സ്വീകരിക്കാതെ ഉപേക്ഷിച്ചുപോയവയാണ്. ഉടമകൾ ഭൂമി കൈവശപ്പെടുത്തിയതും ആയിരക്കണക്കിന് ഏക്കർ വരുന്ന ഭൂമിയിൽ കൃഷി

ചെയ്യാത്തതിനാൽ നിലവിൽ തരിശ് ഭൂമിയായി കിടക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമുള്ളവയാണ് നിലവിലെ പല തോട്ടങ്ങളും. തോട്ടം ഉടമകളുടെ ഇത്തരം തെറ്റായ നടപടികളിലൂടെ സർക്കാരിന് ലഭിക്കേണ്ട നികുതി ലഭിക്കാതെ വരികയും കാർഷിക മേഖലയുടെ ഉൽപാദനക്ഷമത കുറയ്ക്കാനിടയാകുകയും രാജ്യത്തെ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭിക്കാതെ വരികയും ചെയ്യുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ ഇത്തരം ഭൂമി സർക്കാർ ഏറ്റെടുക്കുകയോ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് നടത്തിപ്പിനുള്ള ചുമതല അവരെ എൽപ്പിക്കുകയോ ചെയ്യുന്നതിനാവശ്യമായ നിയനിർമ്മാണം നടത്താൻ നടപടികൾ സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്. അതുപോലെ നമ്മുടെ സ്കൂളുകളുടെ നവീകരണത്തെക്കുറിച്ചും മറ്റുമുള്ള നിരവധിയായ നിർദ്ദേശങ്ങൾ ഇവിടെ വന്നുകഴിഞ്ഞു. എന്നാൽ സ്കൂളുകളിലെ പാചകത്തൊഴിലാളികളായി ജോലിചെയ്യുന്ന ആയമാർ, കഞ്ഞിയമ്മയെന്നാണ് ഇവരെ ഞങ്ങളുടെ നാട്ടിൽ സാധാരണയായി വിളിക്കാറുള്ളത്. അവർക്ക് കൃത്യസമയത്ത് ശമ്പളം നൽകുന്നതിനോ മറ്റ് ആനുകല്യങ്ങൾ നൽകുന്നതിനോ

തയ്യാറാകുന്നില്ല. തീരെ പട്ടിണിപ്പാവങ്ങളായ അവരുടെ ആവശ്യം വളരെ അടിയന്തരമായി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. തോട്ടം മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ആ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ ഗൗരവതരമായ രീതിയിലുള്ള ചർച്ചകൾ തോട്ടം മാനേജ്മെന്റിനെയും തൊഴിലാളി സംഘടനകളെയും വിളിച്ചുചേർത്ത് നടത്തണമെന്നും അല്ലാത്തപക്ഷം വളരെ ഗുരുതരമായ സാഹചര്യം തോട്ടം മേഖലയിൽ സംജാതമാകുമെന്നും ഞാൻ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ താല്പര്യമെടുത്ത് പ്രവർത്തിക്കുമെന്ന് കരുതുന്നു. കാർഷിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ദീർഘമായി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സമൂലമായ മാറ്റം ഈ മേഖലയിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ശ്രീ. പി. പ്രസാദിന് കഴിഞ്ഞിട്ടുണ്ടെന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഞാൻ കൂടുതലായി സംസാരിക്കുന്നില്ല. ഈ ധനാഭ്യർഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു. രാജ്യത്തെ കർഷകരെ നന്ദിയോടെ സ്മരിക്കുകയാണ്. രാജ്യത്തിന് ഭക്ഷ്യസുരക്ഷ നൽകിയ വിവാദമെന്ന നിലയിൽ മാത്രമല്ല, ഇന്ത്യൻ ജനാധിപത്യവും ഭരണഘടനയും സംരക്ഷിക്കുന്നതിൽ ധീരോജ്വലമായി പടപൊരുതിയ പടയാളികളെന്ന നിലയിലും കൂടിയാണ് ഞാൻ അവരെ സ്മരിക്കുന്നത്. ഫാസിസത്തിന്റെ തരിശുഭൂമിയിൽ കർഷകർ എറിഞ്ഞ സമരവിത്തിന് നൂറുമേനി നേടാൻ കഴിഞ്ഞില്ലെങ്കിലും ഇന്ത്യൻ പാർലമെന്റിൽ പരിമിതമായ രൂപത്തിൽ വിളഞ്ഞുനിൽക്കുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. ഇന്ത്യയുടെ നട്ടെല്ലായ കർഷകരോട് എത്ര ക്രൂരമായിട്ടാണ് പത്തുവർഷക്കാലമായി നരേന്ദ്ര മോദി സർക്കാർ പെരുമാറിയിട്ടുള്ളതെന്ന് നമുക്ക് അറിയാവുന്നതാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആവിഷ്കരിച്ച കാർഷിക നയങ്ങൾ മുഴുവനും അട്ടിമറിച്ച് 1991-ൽ നരസിംഹ റാവു സർക്കാർ കൊണ്ടുവന്ന പുത്തൻ സാമ്പത്തിക നയമാണ് ഇന്ത്യാ രാജ്യത്തെ കാർഷിക പ്രശ്നത്തിന്റെ നട്ടെല്ല് ഒടിച്ചതെന്ന് നമുക്കെല്ലാം അറിയാം. ആ മാതൃകയാണ് ശ്രീ. നരേന്ദ്ര മോദി പിന്തുടരുന്നത്. കാർഷിക നയത്തിൽ മാത്രമല്ല

കോൺഗ്രസ് കഴിഞ്ഞ കാലഘട്ടങ്ങളിൽ അവലംബിച്ച പല നയങ്ങളിലും ശ്രീ. നരേന്ദ്ര മോദി കോൺഗ്രസ്സിനെ മാതൃകയാക്കി മുന്നോട്ടുപോകുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്.

ഇന്നലെ ജൂൺ 25 ആയിരുന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് 49 വർഷം തികയുകയാണ്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതോടുകൂടി പ്രതിപക്ഷ നേതൃത്വത്തെ മുഴുവനും ജയിലടച്ചു. അടിയന്തരാവസ്ഥ പ്രഖ്യാപനത്തിനുശേഷം പ്രധാനമന്ത്രിയുടെ തിരഞ്ഞെടുപ്പിനെ അസാധുവാക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് അധികാരമില്ലെന്ന ഭേദഗതിയാണ് ആദ്യമായി കൊണ്ടുവന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സീനിയർ ജഡ്ജിമാരെ മുഴുവനും മറികടന്നുകൊണ്ട് ജസ്റ്റിസ് എ. എൻ. റേ-യെ ചീഫ് ജസ്റ്റിസായി നിയമിച്ച കാര്യവും നമ്മുടെയെല്ലാം മുന്നിലുണ്ട്. 'നാവടക്കൂ പണിയെടുക്കൂ' അതായിരുന്നു ആ കാലത്ത് ഉയർന്നുവന്ന ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യം. 'ഇന്ദിരയാണ് ഇന്ത്യ, ഇന്ത്യയാണ് ഇന്ദിര' എന്ന മുദ്രാവാക്യം എ.ഐ.സി.സി.-യുടെ പ്രസിഡന്റുതന്നെ ഉയർത്തിക്കൊണ്ടുവന്ന കാലഘട്ടമായിരുന്നു. 116806 പേരെ അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ

തടവിലിരുന്ന കാലഘട്ടമായിരുന്നു അതെന്നറിയാം. ഇന്ദിരാഗാന്ധിയുടെ ഏകാധിപത്യ പ്രവണതകളിൽ പ്രതിഷേധിച്ചുകൊണ്ട് അഡീഷണൽ സോളിസിറ്റർ ജനറൽ പദവി ഫാലി സാം നരിമാൻ രാജിവയ്ക്കുകയുണ്ടായി. റിസർവ് ബാങ്ക് ഉപദേശകനായി തുടരാൻ എം. എൽ. ദന്തേവാല വിസമ്മതിച്ച സന്ദർഭവുമുണ്ടായി. അടിയന്തരാവസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ട് ശിവറാം കാരന്ത് തനിക്ക് കിട്ടിയ പത്മവിഭൂഷൻ തിരികെ നൽകി. ജോർജ് ഫെർണാണ്ടസിനെ രാജ്യം മുഴുവനും തിരഞ്ഞുകൊണ്ട് ഇന്ദിരാഗാന്ധിയുടെ പോലീസ് ചുറ്റിത്തിരിയുകയായിരുന്നു. അവസാനം അദ്ദേഹത്തിന്റെ സുഹൃത്തും നടിയുമായ സ്നേഹലത റെഡ്ഡിയെ മൃഗീയമായി പീഡിപ്പിച്ച് കൊന്ന സംഭവവും അടിയന്തരാവസ്ഥക്കാലത്തുണ്ടായി. ഇനിയൊരിക്കലും ഇന്ത്യാ രാജ്യത്ത് ജനാധിപത്യം തിരികെ വരില്ലെന്ന അവസ്ഥയായിരുന്നു അന്ന് ഉണ്ടായിരുന്നതെന്ന് കാണാം. ഇന്ദിരാഗാന്ധിയുടെ മകൻ സഞ്ജയ് ഗാന്ധിയുടെ ചുറ്റും അമിതാധികാര പ്രവണതകൾ മുഴുവൻ നടപ്പിലാക്കി മുന്നോട്ടുപോകുന്ന കാഴ്ച നമ്മൾ കണ്ടു. കരുനാഗപ്പള്ളി അംഗം നേരത്തെ ഇവിടെ പുകഴ്ത്തലിനെ സംബന്ധിച്ച് വിശേഷിപ്പിക്കുന്നത് കേട്ടു. അടിയന്തരാവസ്ഥ കാലഘട്ടത്തിൽ

സഞ്ജയ് ഗാന്ധിയെ പുകഴ്ത്തുന്നതിനുവേണ്ടി കോൺഗ്രസ് നേതാക്കൾ എന്തെല്ലാം ചെയ്തുവെന്ന് പഴയ ചരിത്രം തിരിഞ്ഞ് നോക്കിയാൽ മതി. സഞ്ജയ് ഗാന്ധിയുടെ അപ്രീതിക്ക് വിധേയനായ ഐ. കെ. ഗുജറാളിനെ വാർത്താവിനിമയ വകുപ്പുമന്ത്രി സ്ഥാനത്തുനിന്നും നീക്കം ചെയ്തു. സഞ്ജയ് ഗാന്ധിയുടെ പെട്ടിയെടുപ്പുകാരായ വി. സി. ശുക്ലയ്ക്കും ബൻസി ലാലിനും സുപ്രധാന പദവികൾ ലഭിച്ചത് അടിയന്തരാവസ്ഥക്കാലത്ത് നാം കണ്ടതാണ്. ആൾ ഇന്ത്യ റേഡിയോയിൽ മുഴുവനും സഞ്ജയ് ഗീതം മാത്രമേ അക്കാലത്തുണ്ടായിരുന്നുള്ളൂവെന്ന വസ്തുതയും നാം മനസ്സിലാക്കേണ്ടതാണ്. ലഖ്നൗ വിമാനത്താവളത്തിൽ സഞ്ജയ് ഗാന്ധി വന്നിറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ചെരുപ്പ് അൽപ്പം തെന്നിപ്പോയി. സംസ്ഥാന മുഖ്യമന്ത്രിയാണ് ആ ചെരുപ്പെടുത്ത് കൊണ്ടുപോയി കൊടുത്തതെന്ന ലജ്ജാകരമായ അവസ്ഥയും അക്കാലത്ത് ഇന്ത്യൻ ജനത കാണുകയുണ്ടായി. രാജ്യത്തിന്റെ ക്ഷേമത്തിനായി ഇന്ദിരാഗാന്ധി ഇരുപതിന പരിപാടി പ്രഖ്യാപിച്ചു. മകന്റെ അഞ്ചിന പരിപാടിയുമുണ്ടായിരുന്നു. അതായിരുന്നു അക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രകടനവും പരിപാടികളുമെന്ന് കാണാം. കോൺഗ്രസ്സിന്റെ കാർഷിക നയം

മാത്രമല്ല ശ്രീ. നരേന്ദ്ര മോദി പിന്തുടർന്നത്. ഉത്തർപ്രദേശിൽനിന്ന് ആരംഭിച്ച് ഡൽഹിയിൽ അവസാനിപ്പിച്ച് കഴിഞ്ഞിരിക്കുന്ന ബുൾഡോസർ ഭരണത്തിന്റെ മാതൃകയും കോൺഗ്രസ്സിന്റേതാണെന്നറിയാം. സഞ്ജയ് ഗാന്ധിയുടെ നേതൃത്വത്തിൽ ഡൽഹിയിലെ Turkman Gate-ൽ ആയിരക്കണക്കിന് കുടുംബങ്ങളെ കുടിയൊഴിപ്പിക്കുകയും എതിർത്തവരെ മുഴുവൻ വെടിവയ്ക്കുകയും നൂറിലധികം പേർ മരണപ്പെടുകയും ചെയ്തു. യഥാർത്ഥത്തിൽ ഇന്ത്യാ രാജ്യത്ത് ആ മാതൃക നടപ്പാക്കിയാണ് മുന്നോട്ടുപോകുന്നത്. 1977-ൽ അടിയന്തരാവസ്ഥയിൽ അയവുവരുത്തിക്കൊണ്ട് തിരഞ്ഞെടുപ്പ് നടന്നപ്പോൾ അന്ന് Turkman Gate-ലെ കുടിയൊഴിപ്പിക്കലും ബുൾഡോസർ ഭരണവും ഏറ്റവും പ്രധാനപ്പെട്ട ചർച്ചയായിരുന്നു. അക്കാലത്ത് മുസ്ലീം ലീഗിന്റെ ചില നേതാക്കന്മാർ Turkman Gate തുർക്കിയിലാണെന്ന് പ്രസംഗിച്ച കാര്യം ഞാൻ ഇപ്പോഴും ഓർമ്മിക്കുകയാണ്. ആ രൂപത്തിൽ തിരഞ്ഞെടുപ്പ് രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട വിഷയമായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. ശ്രീ. നരേന്ദ്ര മോദി മറ്റൊരു കാര്യംകൂടി കോൺഗ്രസ്സിനെ മാതൃകയാക്കാൻ പോകുന്നു. ഇന്ത്യാ രാജ്യത്ത് മതന്യൂനപക്ഷങ്ങളുടെ ജനസംഖ്യ

വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇനി എന്ത് തുടരാൻ പോകുന്നുവെന്ന് നമ്മൾ കാണാൻ പോകുകയാണ്. അടിയന്തരാവസ്ഥ കാലഘട്ടത്തിലാണ് സഞ്ജയ് ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നിർബന്ധ വന്ധ്യംകരണ നടപടികൾ ആരംഭിച്ചത്. 80 ലക്ഷം പേരെയാണ് വന്ധ്യംകരിച്ചത്. യുവാക്കളും യുവതികളും ഉൾപ്പെടെയുള്ളവർ അതിന് വിധേയരായി എന്നതാണ് വസ്തുത. ആ മാതൃക ശ്രീ. നരേന്ദ്ര മോദി നാളെ ആരംഭിച്ചാൽ അത്ഭുതപ്പെടാനില്ല. ഇതിനെല്ലാം മാതൃക കോൺഗ്രസ്സാണെന്ന് നമുക്ക് കാണാൻ കഴിയും. വന്ധ്യംകരണത്തിന് പണം കണ്ടെത്താൻവേണ്ടി മഹാഗായകനായ കിഷോർ കുമാറിനോട് ഒരു പരിപാടിയിൽ പങ്കെടുക്കണമെന്ന് സഞ്ജയ് ഗാന്ധി ആജ്ഞാപിച്ചു. അദ്ദേഹം അത് സ്നേഹപൂർവ്വം നിരസിച്ചതിന്റെ ഭാഗമായി അദ്ദേഹത്തിന്റെ ഗാനങ്ങൾ ആൾ ഇന്ത്യ റേഡിയോയിൽ ഒരു ഘട്ടത്തിലും പിന്നീട് പ്രക്ഷേപണം ചെയ്യാറുണ്ടായിരുന്നില്ല. ആ രൂപത്തിലുള്ള നടപടികളാണ് ആ കാലത്ത് നടന്നതെന്ന് കാണാൻ കഴിയും. അടിയന്തരാവസ്ഥക്കാലത്ത് ലക്ഷക്കണക്കിന് പാവപ്പെട്ട ജനങ്ങളെ മുഴുവനും തെരുവാധാരമാക്കി മുന്നോട്ടുപോയതിന്റെ

ചരിത്രം നമ്മുടെ മുമ്പിൽ തുറന്നുകിടക്കുന്നുണ്ട്. ആ സ്മരണകളുടെ 49 വർഷം പൂർത്തിയാകുന്ന ഘട്ടം കൂടിയാണ് ഇതെന്ന് നാം കാണേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവരെ അറസ്റ്റുചെയ്ത് കൽത്തുറങ്കിൽ കൊണ്ടുപോയി കാൽ തല്ലിയൊടിച്ചത് ആ കാലഘട്ടത്തിലായിരുന്നുവെന്ന് നമ്മൾ ഓർമ്മിക്കേണ്ടതാണ്. അത് പീഡനത്തിന്റെയും ക്രൂരതയുടെയും എല്ലാ അവകാശങ്ങളുടെയും നിഷേധത്തിന്റെയും കാലഘട്ടമായിരുന്നുവെന്ന് അറിയാം. മഹാപ്രളയം വന്നുകഴിഞ്ഞാൽ പ്രളയത്തിൽ കുടുങ്ങിയ ജീവജാലങ്ങൾ മുഴുവനും കാണുന്ന തുരുത്തിൽ രക്ഷ നേടും. അവിടെ കീരിയും പാമ്പും തേളും മറ്റ് ജീവജാലങ്ങളുമുണ്ടാകും. ആ അവസ്ഥയായിരുന്നു അടിയന്തരാവസ്ഥ കാലങ്ങളിലുണ്ടായിരുന്നത്. അടിയന്തരാവസ്ഥയെ വലിച്ച് താഴെയിറക്കുന്നതിനുവേണ്ടി ആരൊക്കെ സഹായിക്കുമോ അവരെയെല്ലാം യോജിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുകയെന്ന നിലപാടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ മാർക്സിസ്റ്റും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനവും ഇന്ത്യാ രാജ്യത്ത് സ്വീകരിച്ചതെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. അന്ന് ആ

രൂപത്തിലുള്ള നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. ഇനിയും അത്തരമൊരു അവസ്ഥ വന്നുകഴിഞ്ഞാൽ ജനാധിപത്യ വിശ്വാസികൾ ഇപ്പോൾ കൂടിച്ചേർന്നതുപോലെതന്നെ..... ഞങ്ങൾ അന്ന് കോൺഗ്രസ്സിനെ നഖശിഖാന്തം എതിർത്തവരാണ്. പക്ഷേ ഇന്ത്യാ രാജ്യത്ത് പ്രത്യേക സാഹചര്യത്തിലാണ് ഇന്ത്യാ മുന്നണിയിൽ ഭാഗഭാക്കാക്കിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനം മുന്നോട്ടുപോകുന്നത്. ആ സാഹചര്യം തന്നെയാണ് അടിയന്തരാവസ്ഥയിലുണ്ടായിരുന്നതെന്ന് നാം മനസ്സിലാക്കണം. അന്ന് ഇന്ദിരാഗാന്ധിയെ റായ്ബറേലിയിലും സഞ്ജയ് ഗാന്ധിയെ അമേഠിയിലും വലിച്ചുതാഴെയിട്ടതും കോൺഗ്രസ്സിനെ പരാജയപ്പെടുത്തിയതും ഇന്ത്യാ രാജ്യത്തെ കർഷകരും ദരിദ്രരും ഇടത്തരക്കാരും ദളിതരും ന്യൂനപക്ഷങ്ങളുമായിരുന്നു. അതേ സന്ദർഭം തന്നെയാണ് ഇപ്പോഴും നമുക്ക് കാണാൻ കഴിയുന്നത്. നരേന്ദ്രമോദിയുടെ കിരാതമായ ഭരണം അവസാനിപ്പിക്കാൻവേണ്ടിയുള്ള പോരാട്ടത്തിൽ ഏറ്റവും ഉജ്ജ്വലമായ പങ്കുവഹിച്ചത് ഇന്ത്യൻ കർഷകരാണ്. കർഷക സമരത്തെ മുഴുവൻ ക്രൂരമായി അടിച്ചമർത്താൻ ശ്രമിച്ചു. അതിനെതിരായി ധീരമായി പോരാടിക്കൊണ്ട് അവർ

മുന്നോട്ടുപോയി. എവിടെയെല്ലാം കർഷക സമരം ശക്തിപ്രാപിച്ചുവോ അവിടെയെല്ലാം ഇന്ത്യാ മുന്നണി വിജയിച്ചതായി കാണാം. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, മഹാരാഷ്ട്ര, പടിഞ്ഞാറൻ യു.പി. എന്നീ മേഖലകളിലാണ് ഇന്ത്യാ മുന്നണിക്ക് ഏറ്റവും ഉജ്ജ്വലമായ വിജയം കരസ്ഥമാക്കാൻ കഴിഞ്ഞത്. ബി.ജെ.പി.-യും കോൺഗ്രസ്സും നേർക്കുനേർ ഏറ്റുമുട്ടിയ ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഡ് കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടക എന്നിവിടങ്ങളിലെല്ലാം കോൺഗ്രസ്സ് പരാജയപ്പെടുകയാണ് ചെയ്തത്. ബി.ജെ.പി.-യെ നേരിടാൻ കെൽപ്പുള്ള പാർട്ടിയല്ല കോൺഗ്രസ്സെന്ന് ഈ തിരഞ്ഞെടുപ്പിൽ ഒരിക്കൽക്കൂടി തെളിയിക്കുകയുണ്ടായി. ഈ രൂപത്തിൽ നല്ല നിലയിൽ ഇന്ത്യാ രാജ്യത്തെ കർഷകർ പ്രതികരിച്ചതിന്റെ ഫലമായാണ് ഈ അവസ്ഥയുണ്ടായത്. ഉൽപ്പന്നങ്ങളുടെ വിലയിടിവും ഉത്പ്പാദന ചെലവിന്റെ വർദ്ധനവും കടക്കെണിയിൽ കുടുങ്ങിയ കൃഷിക്കാർ പിടിച്ചുനിൽക്കാൻ കഴിയാതെ ആത്മഹത്യയിലേക്ക് പോകുന്ന ചിത്രം നമ്മൾ കണ്ടു. 2012-2013 വർഷത്തിൽ ഇന്ത്യാ രാജ്യത്തെ കാർഷികോൽപ്പാദന രംഗം 9.4 ശതമാനമായി ഉയർന്നു. എന്നാൽ 2023-24-ൽ വളർച്ചാനിരക്ക് 3.7

ശതമാനമായി താഴ്ന്നു. മാത്രമല്ല, പണ്ട് കോൺഗ്രസ്സുകാർ ഭരണത്തുവച്ച സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് മോദിയുടെ കാലത്ത് തട്ടിയെടുത്ത് ഞങ്ങൾ നടപ്പിലാക്കുമെന്ന് പറഞ്ഞു. എന്നാൽ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടും നടപ്പാക്കില്ലെന്ന അവസ്ഥ വന്നപ്പോഴാണ് മറ്റൊരു ഗതിയുമില്ലാതെ കൃഷിക്കാർ സമരാങ്കണത്തിലിറങ്ങിയതെന്ന് നാം കാണേണ്ടതാണ്. ഭീകരമായ അടിച്ചമർത്തലിനെയാണ് അവർ നേടിടേണ്ടിവന്നതെന്ന് നാം മനസ്സിലാക്കണം. ഈ രൂപത്തിൽ ബി.ജെ.പി-ക്കെതിരായി ഉജ്ജ്വലമായ പോരാട്ടം നടത്തിക്കൊണ്ട് കർഷകർ മുന്നോട്ടുപോയ പ്രദേശങ്ങളിൽ മുഴുവനും ജനാധിപത്യപ്രസ്ഥാനത്തിന് പിടിച്ചുനിൽക്കാനും ഉയർന്നുനിൽക്കാനും കഴിഞ്ഞുവെന്നതാണ് വസ്തുത. കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന കർഷക വിരുദ്ധ ജനവിരുദ്ധ നിലപാടുകൾക്ക് ബദൽ നയം തീർത്തുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണ് കേരളത്തിലുള്ളതെന്ന് അഭിമാനപൂർവ്വം പറയാൻ ആഗ്രഹിക്കുകയാണ്. ബദൽ കാർഷിക നയരേഖയാണ് നേരത്തെ ഈ സഭയിൽ അവതരിപ്പിച്ച ബജറ്റ് എന്നത് അഭിമാനപൂർവ്വം പറയാൻ ആഗ്രഹിക്കുന്നു.

കേരളം നാളികേരത്തിന്റെ നാടാണ്. നാളികേര ഉൽപാദന രംഗത്ത് ഒരു ഘട്ടത്തിൽ വലിയ രൂപത്തിലുള്ള സ്ഥാനം കേരളത്തിലുണ്ടായിരുന്നു. ഇന്ത്യാരാജ്യത്ത് ഉൽപാദന രംഗത്തും ഉൽപാദനക്ഷമതയിലുമെല്ലാം കേരളമാണ് മുന്നിൽ നിന്നിരുന്നത്. എന്നാൽ ഇന്ന് നമ്മൾ വളരെ പുറകോട്ടുപോയിരിക്കുന്നുവെന്നതാണ് വസ്തുത.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കൊച്ചിയിൽനിന്നും വിയറ്റ്നാമിൽനിന്നും കുരുമുളകും നിലവിൽ ബർമ്മയിൽനിന്നും അടയ്ക്കയും ഇറക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ടാണ് കാർഷിക മേഖല ഇത്രയും തകർച്ചയിലെത്തിയത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കോൺഗ്രസ് ആവിഷ്കരിച്ച പുത്തൻ സാമ്പത്തികനയവും ഇറക്കുമതി നയവുമാണ് നാളികേരത്തിന്റെയും റബ്ബറിന്റെയുമെല്ലാം വിലത്തകർച്ചയ്ക്ക് പ്രധാന കാരണമായി മാറിയിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ഇന്ത്യൻ വിപണിയിൽ മുഴുവനും ഇതുപോലുള്ള ഉൽപന്നങ്ങൾ വന്നുകൊണ്ടിരിക്കുന്നതെന്നതാണ് വസ്തുത. കേരളത്തിലെ നാളികേരത്തിന്റെ ഇന്നത്തെ അവസ്ഥയിൽ മാറ്റം വരുത്തുന്നതിനുവേണ്ടി

ശാസ്ത്രീയമായ കൃഷിരീതി ആരംഭിക്കണം. ദൗർഭാഗ്യകരമെന്നുപറയട്ടെ, കേരളത്തിൽ ശാസ്ത്രീയമായ തെങ്ങ് കൃഷി ഇല്ല എന്നതാണ് വസ്തുത. ബഹുമാന്യനായ മന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ പ്രദേശത്ത് ഇക്കാര്യം നടപ്പിലാക്കിയിട്ടുണ്ടെന്ന് അഭിമാനപൂർവ്വം പറയാൻ ഞാനാഗ്രഹിക്കുകയാണ്. മണ്ണ് പരിശോധന, ശാസ്ത്രീയമായ വളപ്രയോഗം എന്നിവ നടത്തുകയും ഡ്രിപ്പ് ഇറിഗേഷൻ നടത്താനുള്ള ക്രമീകരണവും ഏർപ്പെടുത്തിയാൽ നാളികേര ഉൽപ്പാദനം ഇരട്ടിയാക്കി മാറ്റാൻ കഴിയും. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി അത്തരമൊരു പരിപാടി ആരംഭിച്ചിട്ടുണ്ട്. 'മണ്ണ് ആരോഗ്യ കാർഡ്' അതിന്റെ ഭാഗമാണ്. 2023-24-ൽ 165088 കാർഡുകൾ കൊടുത്തിട്ടുണ്ട്. കേരളത്തിൽ 42 ലക്ഷം കൃഷിക്കാരുണ്ട്. അവർക്കെല്ലാവർക്കും മണ്ണ് ആരോഗ്യ കാർഡ് കൊടുക്കുന്നതിന് ജില്ലാടിസ്ഥാനത്തിലുള്ള മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ അപര്യാപ്തമാണ്. അതുകൊണ്ട് താലൂക്കടിസ്ഥാനത്തിൽ മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് സമയബന്ധിതമായി എല്ലാവർക്കും മണ്ണ് ആരോഗ്യ കാർഡ് നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു കാര്യംകൂടി പറയാൻ

ആഗ്രഹിക്കുകയാണ്. ഏറ്റവും ഗുണനിലവാരമുള്ള നാളികേരം ഉൽപ്പാദിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിൽനിന്നാണ് കഴിഞ്ഞ 65 വർഷമായി വിത്ത് നാളികേരം ശേഖരിക്കുന്നത്. 'കുറ്റ്യാടി തേങ്ങ്' എണ്ണയുടെ അംശത്തിലും തൂക്കത്തിലും ഏറ്റവും മെച്ചപ്പെട്ടതാണ്. രോഗബാധ, കീടബാധ, തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം, വിലയിടിവ് എന്നിവമൂലം വിത്ത് നാളികേര മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ അടിസ്ഥാന വില 32-ൽനിന്നും 34 ആയി വർദ്ധിപ്പിച്ചത് സ്വാഗതാർഹമായ നടപടിയാണ്. നാഫെഡ് (നാഷണൽ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്) ഇവിടെ ഏജൻസിയായി തീരുമാനിച്ചത് കേര ഫെഡ് (കേരള കേരകർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ്)-നെ ആയിരുന്നു. കേരഫെഡും 912 അംഗങ്ങളും ചേർന്നുകൊണ്ടാണ് കേരളത്തിലെ ഗ്രാമാന്തരങ്ങളിൽനിന്നും സംഭരണ പരിപാടി നേരത്തെ നടത്തിയിരുന്നത്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, നാഫെഡ് കേരഫെഡിനെ കൊപ്ര ശേഖരിക്കുന്ന സ്ഥാപനമെന്ന രൂപത്തിൽ ഒഴിവാക്കിയിരിക്കുകയാണ്.

കേന്ദ്രത്തിന്റെ ഈ ദ്രോഹനടപടികളൊന്നും കാണാൻ അപ്പുറത്തുള്ളവർ തയ്യാറല്ല. എൽ.ഡി.എഫ്. സർക്കാരിനെ കുറ്റം പറയുന്നതിലാണ് അവർക്ക് വിനോദം. യഥാർത്ഥത്തിൽ കേന്ദ്രത്തിന്റെ ദ്രോഹനടപടികളുടെ ഫലമായിട്ടാണ് ഇത്തരത്തിൽ നാളികേരത്തിന്റെ വിലയിടിവുണ്ടായതും സംഭരണം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെ പോയതെന്നതും വസ്തുതയാണ്. തകർന്നുകൊണ്ടിരിക്കുന്ന വിത്ത് നാളികേര മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഇവിടെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ കേരളത്തിലെ കർഷകരുടെ, പ്രത്യേകിച്ച് നാളികേര കർഷകരുടെ ദയനീയ അവസ്ഥയെക്കുറിച്ച് സംസാരിക്കാൻ നിർബന്ധിതനായി. കേരളത്തിലെ കാർഷിക മേഖല ആന കയറിയ കരിമ്പിൻതോട്ടം പോലെയാണ്. സമസ്ത മേഖലകളിലും സർക്കാരിന്റെ അനാസ്ഥയും അവഗണനയും

വാഗ്ദാനലംഘനവുമാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. കടബാധ്യതമൂലമുള്ള കർഷക ആത്മഹത്യകളാണ് നാം കേൾക്കുന്ന വാർത്തകൾ. എന്റെ നിയോജകമണ്ഡലത്തിൽ ക്ഷീരകർഷക സൊസൈറ്റി പ്രസിഡന്റ് കൂടിയായിരുന്ന എം. ആർ. ആൽബർട്ട് എന്ന ക്ഷീര കർഷകൻ കേരള ബാങ്കിന്റെ പേരാവൂർ ശാഖയിൽനിന്നുവന്ന ജപ്തി നോട്ടീസിന്റെ മറുവശത്ത് ആത്മഹത്യ കുറിപ്പ് എഴുതിവച്ചുകൊണ്ടാണ് ആത്മഹത്യ ചെയ്തത്. നമുക്കറിയാം, ആലപ്പുഴയിലെ നെൽകർഷകന്റെ ആത്മഹത്യാ വാർത്തയിൽ നാം കേട്ടതെന്താണ്? താനൊരു പരാജയപ്പെട്ട കൃഷിക്കാരനാണെന്ന് സുഹൃത്തിനോട് സംസാരിച്ചാണ് നെൽകർഷകൻ ആത്മഹത്യ ചെയ്തതെങ്കിൽ വന്യമൃഗ ശല്യത്തിന്റെ ഭീഷണിമൂലമാണ് എന്റെ തന്നെ സ്ഥലത്ത് സുബ്രഹ്മണ്യൻ എന്നയാൾ ആത്മഹത്യ ചെയ്തത്. അദ്ദേഹത്തിന് രണ്ട് ഏക്കർ കൃഷി സ്ഥലവും അവിടെ താമസിക്കാൻ വീടുമുണ്ടെങ്കിലും വനാതിർത്തിയോട് ചേർന്നതായതിനാൽ ആന ശല്യംകൊണ്ട് താമസിക്കാൻ കഴിയില്ല. അദ്ദേഹവും ഭാര്യയും മക്കളും രണ്ട് വർഷമായി മറ്റൊരു സ്ഥലത്തേയ്ക്ക് മാറി താമസിക്കുകയായിരുന്നു. എന്നാൽ ആ വീട്ടുടമസ്ഥൻ വീട് ഒഴിഞ്ഞുകൊടുക്കാൻ

ആവശ്യപ്പെട്ടതിനെത്തുടർന്ന് താമസിക്കാൻ സ്ഥലമില്ലാതെ വന്ന സാഹചര്യത്തിലാണ് സുബ്രഹ്മണ്യൻ ആത്മഹത്യ ചെയ്തത്. നാളികേര കർഷകരുടെ യഥാർത്ഥ പ്രശ്നം സർക്കാർ പച്ചത്തേങ്ങ സംഭരിക്കുന്നില്ല എന്നതാണ് . പച്ചത്തേങ്ങയ്ക്ക് 34 രൂപ സംഭരണ വില പ്രഖ്യാപിച്ചെങ്കിലും 28 രൂപയ്ക്ക് മാർക്കറ്റിൽ തേങ്ങ വിൽക്കാൻ കൃഷിക്കാർ നിർബന്ധിതരാകുകയാണ്. സർക്കാർ സംവിധാനത്തിൽ ഒരു തേങ്ങയും സംഭരിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. റബ്ബറിന് 250 രൂപ വില നൽകുമെന്ന് വാഗ്ദാനം നൽകിക്കൊണ്ടാണ് എൽ.ഡി.എഫ്. തെരഞ്ഞെടുപ്പിന് വോട്ടുപിടിച്ചതെങ്കിൽ 150 രൂപയാണ് അവസാനം പ്രഖ്യാപിച്ചത്. അതിലും കൂടുതൽ തുക മാർക്കറ്റിൽ കിട്ടും. അതുകൊണ്ട് വിലസ്ഥിരതാ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഒരു കിലോ റബ്ബർ ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാരന് സർക്കാർ ഒരു രൂപയും കൊടുക്കേണ്ട ആവശ്യം വരുന്നില്ല. അതുകൊണ്ട് സർക്കാർ റബ്ബർ കർഷകരെയും വഞ്ചിക്കുക തന്നെയാണ് ചെയ്തത്. കൃഷി നാശം, പ്രകൃതിക്ഷോഭം, രോഗങ്ങൾ തുടങ്ങിയവയിലൊന്നിനും നഷ്ടപരിഹാരത്തിന് നടപടിയുണ്ടായില്ല. പേരാവൂരിലെ കണിച്ചാർ പഞ്ചായത്തിലെ പൂളക്കുറ്റിയിൽ മുപ്പതിലേറെ

ഉരുൾപ്പൊട്ടലുകൾ നടന്നിട്ടുണ്ട്. അതിനാൽ അവിടത്തെ കൃഷിക്കാർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഭൂമി പൂർണ്ണമായും ഒഴുകിപ്പോയവർക്കോ കൃഷി പൂർണ്ണമായും നശിച്ചവർക്കോ നഷ്ടപരിഹാരമായി പത്ത് പൈസപോലും ഗവൺമെന്റ് നൽകിയില്ല. ഇതിനെയാണ് ഈ ബഡ്ജറ്റിലൂടെ അല്ലെങ്കിൽ രാഷ്ട്രീയ പ്രസംഗങ്ങളിലൂടെ എൽ.ഡി.എഫ്. ന്യായീകരിക്കുന്നതെങ്കിൽ അങ്ങനെ ചെയ്യാൻ ഞങ്ങൾക്ക് കഴിയില്ല. രാജ്യത്തെ തെരഞ്ഞെടുപ്പ് ഫലത്തെ എൽ.ഡി.എഫ്.-ന് സത്യസന്ധമായി വിലയിരുത്താൻ സാധിക്കുന്നില്ല. ലോകത്തെ മുഴുവൻ മതേതര ശക്തികൾക്കും ജനാധിപത്യവാദികൾക്കും ആവേശവും ആശ്വാസവും പങ്കാളിത്തവും നൽകിയ തെരഞ്ഞെടുപ്പാണ് ഇന്ത്യയിലെ തെരഞ്ഞെടുപ്പ്. അതിൽ നിഷ്ക്രിയരും നിസംഗരുമായി നിൽക്കുന്നത് കേരളത്തിലെ സി.പി.ഐ. (എം) ആണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും ഇന്ത്യാ മുന്നണിയുടെയും മുന്നേറ്റത്തിന്റെ ഭാഗമായി അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള സി.പി.ഐ. (എം) നിൽക്കുമ്പോൾ കേരളത്തിലെ സി.പി.ഐ. (എം) മാത്രമാണ് പിന്തിരിഞ്ഞ് നിൽക്കുന്നത്. ജനാധിപത്യത്തിന്റെ

തിരിച്ചുവരവില്ലുള്ള മതേതര സംരക്ഷണത്തിൽ കേരളത്തിലെ സി.പി.ഐ. (എം)-ന്റെ പങ്ക് തീർത്തും നാമമാത്രമായിരുന്നു. തെരഞ്ഞെടുപ്പിൽ ബി.ജെ.പി. സ്വപ്നം കണ്ടതും ലക്ഷ്യം വച്ചതും കോൺഗ്രസ് മുക്തഭാരതമായിരുന്നു. ഇവിടെ സി.പി.ഐ. (എം)-ന്റെ ആവശ്യമെന്തായിരുന്നു? കേരളത്തെ കോൺഗ്രസ് ശക്തമല്ലാത്ത സംസ്ഥാനമാക്കുക എന്നതായിരുന്നു. എന്നാൽ ഈ രണ്ട് ലക്ഷ്യങ്ങളെയും ജനങ്ങൾ അവരുടെ വിധിയിലൂടെ പരാജയപ്പെടുത്തി കോൺഗ്രസ്സ് ശക്തഭാരതമായി ഇന്ത്യാ രാജ്യത്ത് മാറ്റി എന്നുള്ളതാണ് യാഥാർത്ഥ്യം. ഇന്ത്യാ മുന്നണിയുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ സി.പി.ഐ. (എം)-ന്റെ പ്രതിനിധികൾ ആദ്യം പങ്കെടുത്തില്ല, അതിന് സി.പി.ഐ.(എം) പറഞ്ഞ മുടന്തൻ ന്യായമെന്താണ്? AICC(All India Congress Committee) സംഘടനാ ചുമതലയുള്ള സെക്രട്ടറി ശ്രീ. കെ. സി. വേണുഗോപാൽ ആ കമ്മിറ്റിയിലെ കോൺഗ്രസ്സിന്റെ പ്രതിനിധിയാണ് എന്നുള്ളതുകൊണ്ടാണ് കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെ നിർബന്ധപ്രകാരം ഇന്ത്യാ മുന്നണിയുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഇന്ത്യയിലെ മാർക്സിസ്റ്റ് പാർട്ടി പങ്കെടുക്കാതിരുന്നത് എന്നത് ഒരു

ചരിത്രയാഥാർത്ഥ്യമായി നിൽക്കുകയാണ്. സി.പി.ഐ.ക്കാർ പങ്കെടുത്തു, എന്നിട്ടും സി.പി.ഐ. (എം) പങ്കെടുത്തില്ല. ഇന്ന് ജനാധിപത്യ ഇന്ത്യയുടെ കാവൽക്കാരനായി നിൽക്കുന്ന ശ്രീ. രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ യാത്രയെ എൽ.ഡി.എഫ്. കണ്ടെയ്നർ യാത്രയെന്നാണ് ആക്ഷേപിച്ചത്. ആ യാത്രയുടെ സമാപനത്തിൽ സി.പി.ഐ.യുടെ അഖിലേന്ത്യാ സെക്രട്ടറി ഉൾപ്പെടെ ജനലക്ഷങ്ങൾ പങ്കെടുത്തപ്പോൾ കേരള ഘടകത്തിലെ സി.പി.ഐ. (എം) പാർട്ടി പ്രതിനിധികൾ മാത്രം നിർബന്ധപൂർവ്വം അതിൽനിന്നും മാറിനിൽക്കുകയായിരുന്നു. ഈ സഭയിൽ സി.പി.ഐ. (എം)-കാർ എന്താണ് പറഞ്ഞത്? ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിച്ചത് തെറ്റായിപ്പോയി എന്ന്. സത്യത്തിൽ ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ വയനാട്ടിൽ ഇടതുപക്ഷം സ്ഥാനാർത്ഥിയെ നിർത്തിയതാണ് തെറ്റെന്നാണ് വയനാട്ടിലെ ജനങ്ങൾ വിധിയെഴുതിയത്. അതാണ് ജനവിധി, എൽ.ഡി.എഫ്. അത് മനസ്സിലാക്കണം. രണ്ട് പ്രാവശ്യം ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിച്ച് ലക്ഷങ്ങളുടെ ഭൂരിപക്ഷത്തിന് സി.പി.ഐ. (എം) അനുഭാവികളുടെയും അണികളുടെയും പിന്തുണയോടെ അവിടെനിന്നും ജയിക്കുന്നുവെങ്കിൽ

സത്യത്തിൽ എൽ.ഡി.എഫ്. ശ്രീ. രാഹുൽ ഗാന്ധിയുടെ സ്ഥാനാർത്ഥിത്വത്തെ എതിർത്തതാണ് തെറ്റ്. ആ തെറ്റ് തിരുത്താൻ എൽ.ഡി.എഫ്.-ന് അവസരം നൽകുന്നു. ശ്രീമതി പ്രിയങ്കാ ഗാന്ധി വയനാട്ടിൽ മത്സരിക്കുമ്പോൾ എൽ.ഡി.എഫ്. അവരെ പിന്തുണയ്ക്കാൻ തയ്യാറാകണം. ഇന്ത്യയിലെ ഇടതുപക്ഷം അത് ആഗ്രഹിക്കുന്നു. സി.പി.ഐ.യുടെയും സി.പി.ഐ.(എം)ന്റെയും അഖിലേന്ത്യാ നേതാക്കന്മാർക്ക് ശ്രീമതി പ്രിയങ്കാ ഗാന്ധിക്കുവേണ്ടി വോട്ട് ചോദിക്കാൻ ആഗ്രഹമുണ്ട്. ഇവിടത്തെ ഇടതുപക്ഷം അനുവദിച്ചാൽ അവർ വരും. അതിനുള്ള അവസരം കേരളത്തിലെ ഇടതുപക്ഷം ഒരുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. വി. അൻവറിന്റെ പ്രസംഗത്തിൽ മുഖ്യമന്ത്രിയെ പൂർണ്ണമായും ന്യായീകരിക്കുന്നതിനോടൊപ്പം പറഞ്ഞു, മുഖ്യമന്ത്രി മാത്രം രാജി വച്ചാൽ പോരാ, രാജി വയ്ക്കുകയാണെങ്കിൽ എല്ലാവരും രാജി വയ്ക്കണമെന്ന്. അദ്ദേഹത്തെ അയയ്ക്കേണ്ടത് എങ്ങോട്ടാണ്? സഭയിൽ ഞങ്ങൾക്ക് രാഷ്ട്രീയ ക്ലാസ്സ് എടുക്കാനല്ല, സി.പി.ഐ.(എം), സി.പി.ഐ. ജില്ലാ കമ്മിറ്റി യോഗങ്ങളിൽ പാർട്ടി നയം വിശദീകരിക്കാൻ അദ്ദേഹത്തെ അയയ്ക്കുയാണെങ്കിൽ ശ്രീ. എം.

എ. ബേബിക്കും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്കും ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനും അധികം ബുദ്ധിമുട്ടില്ലാതെ അദ്ദേഹം ന്യായീകരിച്ചോളും. ഈ സർക്കാരിന്റെ പിടിപ്പുകേടുകളെ ന്യായീകരിക്കാൻ പറ്റിയ ഏറ്റവും നല്ല നേതാവ് ശ്രീ. പി. വി. അൻവർ തന്നെയാണ്. ഈ സർക്കാരിന്റെ മുഖമുദ്ര എന്താണ്? ബോംബ് നിർമ്മാണം നടത്തുന്ന എതിരാളികളെ കൊല്ലുന്ന, കൊലക്കേസ് പ്രതികളെ രക്ഷിക്കുകയും ആദരിക്കുകയും ചെയ്യുന്ന, ബോംബ് നിർമ്മാണത്തിൽ മരിക്കുന്നവരെ രക്തസാക്ഷികളായി പ്രഖ്യാപിക്കുന്ന ഈ സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെയാണ് ജനങ്ങൾ വിധിയെഴുതിയത്. കണ്ണൂരിലെ പരാജയം മാത്രം എൽ.ഡി.എഫ്.-നെ പാഠം പഠിപ്പിക്കാൻ പര്യാപ്തമല്ലേ? ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ 108000 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ജയിക്കുമ്പോൾ അവിടെ വോട്ടു ചെയ്തത് ആരൊക്കെയാണ്? കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, എൽ.ഡി.എഫ്. കൺവീനർ ശ്രീ. ഇ. പി. ജയരാജൻ, കേന്ദ്ര കമ്മിറ്റി അംഗം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ

സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എന്നിവർ കണ്ണൂർ പാർലമെന്റ് മണ്ഡലത്തിലെ വോട്ടർമാരാണ്. ഇവരെല്ലാം വോട്ട് ചെയ്തു, പ്രസംഗിച്ച, പ്രവർത്തിച്ച, പ്രചാരണങ്ങൾ നടത്തിയ ആ സ്ഥലത്താണ് കോൺഗ്രസ് സ്ഥാനാർത്ഥി 108000 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ജയിച്ചതെങ്കിൽ അത് എൽ.ഡി.എഫ്.ന്റെ നയങ്ങൾക്കെതിരെയുള്ള ഒരു വിധിയെഴുത്താണ്. അത് മനസ്സിലാക്കാൻ സാധിക്കണം. തെറ്റ് തിരുത്താൻ എൽ.ഡി.എഫ്.-ന് സാധിച്ചാൽ അവർക്കുതന്നെയാണ് നല്ലതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഏഴ് മന്ത്രിമാർ സംസാരിക്കേണ്ടതുള്ളതിനാൽ മന്ത്രിമാർ സമയക്രമം പാലിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പിനുകീഴിലുള്ള കൈറ്റ്, എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., സ്കോൾ-കേരള, എസ്.ഐ.ഇ.ടി., എസ്.ഐ.എം.സി., എസ്.ആർ.സി. മഹിളാ സമഖ്യ, സാക്ഷരതാ മിഷൻ, വിദ്യാകിരണം മിഷൻ, ലേബർ ലാ, Kerala Academy for Skills Excellence

(KASE), ODEPC, ഐ.ടി.ഐ., എംപ്ലോയ്മെന്റ്, ഇ.എസ്.ഐ., ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, Kerala Institute of Local Administration (KILA) എന്നിവയെപ്പറ്റി ഓരോ വാക്കെങ്കിലും പറയണ്ടേ.

രാജ്യത്താകെ കോൺഗ്രസ് വൻഭൂരിപക്ഷം നേടിയെന്ന തരത്തിലുള്ള പ്രസ്താവനകളാണ് ഏറ്റവും അവസാനം സംസാരിച്ച കോൺഗ്രസ്സിന്റെ സുഹൃത്ത് ഇവിടെ നടത്തിയിരിക്കുന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് പരാജയമുണ്ടായിട്ടുണ്ട്. ജനാധിപത്യ സംവിധാനത്തിൽ ആ പരാജയത്തെ ഞങ്ങൾ അംഗീകരിക്കുന്നു. ഞങ്ങൾ തിരിച്ചുവരും അതിന് ഒരു തർക്കവുമില്ല. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും പരാജയമുണ്ടായിട്ടും അതിൽനിന്നും തിരിച്ചുവന്ന കാലഘട്ടം കേരളത്തിലുണ്ടായിട്ടുണ്ട്. തെറ്റ് തിരുത്തുമെന്ന് പറഞ്ഞാൽ, ഞങ്ങൾക്കുണ്ടായ കുറവുകളും പോരായ്മകളും ഞങ്ങളുടെ കമ്മിറ്റികളിൽ ചർച്ച ചെയ്യുന്നുണ്ട്. പത്രങ്ങളിൽ വരുന്ന വാർത്തകളുമായി യാതൊരു ബന്ധവുമില്ല. ചില പത്രങ്ങളിൽ എത്രയോ നാളുകളായി കരുതിക്കൂട്ടി പടച്ചുകുട്ടുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. കോൺഗ്രസ് വലിയ നേട്ടമുണ്ടാക്കിയെന്ന്

പറഞ്ഞല്ലോ. ഹിമാചൽ പ്രദേശിൽ ആരാണ് ഭരിക്കുന്നത്? കോൺഗ്രസ്സല്ലേ. അവിടെ നിങ്ങൾക്ക് വലിയ വട്ടപൂജ്യമാണ് ലഭിച്ചത്. അത് ഭരണവിരുദ്ധ വികാരമാണോ; ഇന്ത്യാരാജ്യത്തിലെ 12 സംസ്ഥാനങ്ങളിൽ കോൺഗ്രസിന് ആനമുട്ടയായിരുന്നു ലഭിച്ചത്. ബാക്കി കോൺഗ്രസ് അടക്കമുള്ള ഇന്ത്യാമുന്നണിക്ക് കോൺഗ്രസ്സിന്റെ മാത്രം വോട്ടല്ല ലഭിച്ചത്. ഇന്ത്യാരാജ്യത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെകൂടി വോട്ടുകൊണ്ടാണ് കോൺഗ്രസ്സിന് ഇന്ന് ഈ നിലയിൽ നിൽക്കാൻ കഴിഞ്ഞതെന്ന കാര്യം മറക്കണ്ട. ബി.ജെ.പി.-യെ കേരളത്തിൽ കൊണ്ടുവന്നതും ബി.ജെ.പി.-ക്ക് സ്ഥാനമുണ്ടാക്കി കൊടുത്തതും ആരാണ്? ഞാൻ നേമം മണ്ഡലത്തിൽ മത്സരിക്കുന്ന അവസരത്തിൽ യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥി ശ്രീ. വി. സുരേന്ദ്രൻ പിള്ളയായിരുന്നു. അവിടെ ശ്രീ. ഒ. രാജഗോപാലും മത്സരിക്കുകയായിരുന്നു. ത്രികോണമത്സരം നടന്നു. രണ്ടാമത്തെ പ്രാവശ്യം ഞാൻ അവിടെനിന്ന കാര്യമാണ് പറയുന്നത്. ആദ്യത്തെ പ്രാവശ്യം ഞാൻ ജയിച്ചു. ദേശീയ രാഷ്ട്രീയ പാർട്ടിയായ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായ ശ്രീ. സുരേന്ദ്രൻ പിള്ളയ്ക്ക് ഒരു

മണ്ഡലത്തിൽനിന്നും ആകെ പന്ത്രണ്ടായിരം വോട്ടാണ് ലഭിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ അവിടെ ബി.ജെ.പി. ജയിച്ചു. അവിടെ മതേതര ജനാധിപത്യ പ്രസ്ഥാനത്തിന്റെ പ്രതിനിധിയായ ഞാൻ തോറ്റു. ആരാണ് ഇവിടെ ബി.ജെ.പി.-യെ കൊണ്ടുവന്നത്; ഇടതുപക്ഷമാണോ കോൺഗ്രസ്സാണോ? കോലീബിയെല്ലാം പണ്ടത്തെ ചരിത്രം അതൊക്കെ പോട്ടെ. ശ്രീ. കെ. മുരളീധരനെ സ്ഥിരം ഓരോ മണ്ഡലത്തിൽ നിർത്തി നിങ്ങൾ കാലുവാരുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നേമത്ത് കൊണ്ടുവന്നു നിർത്തി. നേമത്ത് ആദ്യം ഉമ്മൻ ചാണ്ടിയുടെ പേര് ചർച്ച ചെയ്തു, പിന്നെ ശ്രീ. രമേശ് ചെന്നിത്തലയുടെയും ഇവിടെയിരിക്കുന്ന പലരുടെയും പേര് ചർച്ച ചെയ്തു. അവസാനം നേമത്ത് ബി.ജെ.പി.-യിൽനിന്നും സീറ്റ് പിടിച്ചെടുക്കാൻ ഒരു ശക്തനെ നിർത്താൻ പോകുകയാണെന്ന് പറഞ്ഞു. അങ്ങനെ ശക്തനായ ശ്രീ. കെ. മുരളീധരനെ നേമത്ത് കൊണ്ട് നിർത്തി. അവിടെയും അദ്ദേഹത്തെ നിങ്ങൾ കാലുവാരി. തോൽപ്പിച്ചു. അവിടെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ പ്രതിനിധിയായ ഞാൻ ജയിച്ചു. ശ്രീ. കെ. മുരളീധരനെ നിങ്ങൾ തൃശ്ശൂരും നിർത്തി. മര്യാദയ്ക്ക് അദ്ദേഹം മറ്റേതെങ്കിലും മണ്ഡലത്തിൽ

നിൽക്കുമായിരുന്നു. വടകരയിൽ നിൽക്കാനായിരുന്നു അദ്ദേഹത്തിന് താൽപ്പര്യം. കാലുവാരലല്ല, വളഞ്ഞിട്ട് കാലുവാരലായിരുന്നു നടന്നത്. ഇപ്പോൾ അതിന്റെ ഫലമായി 'ഒരു കോൺഗ്രസ്സുകാരും മേലാൽ എന്റെ വീട്ടിൽ പ്രവേശിക്കാൻ പാടില്ല' എന്ന് ശ്രീ. കെ. മുരളീധരൻ വീട്ടിൽ ഒരു ബോർഡ് എഴുതി വച്ചിരിക്കുകയാണ്. ഈ വീടിന്റെ ഐശ്വര്യം ദേവിയാണ്, ആറ്റുകാൽ അമ്മയാണ് എന്ന് എഴുതുന്നതുപോലെ ഈ വീട്ടിൽ ഒരു കോൺഗ്രസ്സുകാരും കയറാൻ പാടില്ലെന്ന് എഴുതി വച്ചിരിക്കുകയാണ്. അവിടെ ശ്രീ. സുരേഷ് ഗോപിയാണ് ജയിച്ചത്. കേരളത്തിൽ രണ്ട് സീറ്റുകളിലും കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടിയാണ് ബി.ജെ.പി. ജയിച്ചത്. കേരളത്തിൽ ബി.ജെ.പി.-യെ കൊണ്ടുവന്നത് കോൺഗ്രസ്സാണ്. ഒളിമ്പിക് ഡേയുടെ ഭാഗമായി ഒളിമ്പിക് റൺ ഇന്നലെ തിരുവനന്തപുരത്ത് നടന്നു. നോട്ടീസിൽ ശ്രീ. സുരേഷ് ഗോപിയുടെ പേരില്ലായിരുന്നെങ്കിലും കേന്ദ്ര സഹമന്ത്രിയെന്ന നിലയിൽ അദ്ദേഹം അതിൽ പങ്കെടുത്തു. അവിടെ എന്നോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. ആർ. അനിലുമുണ്ടായിരുന്നു. ബഹുമാനപ്പെട്ട ഗവർണ്ണറും പങ്കെടുത്തിരുന്നു. മഴ പെയ്തപ്പോൾ ശ്രീ. സുരേഷ് ഗോപി അവിടെയുള്ള

കുട്ടികളുടെ ഇടയിലേയ്ക്കിറങ്ങി. അതോടുകൂടി ഗവർണ്ണറുടെ പ്രസംഗവും പോയി, ജനഗണമനയും പോയി. എല്ലാം അലങ്കോല സീനായി, പ്രോട്ടോകോൾ ലംഘനമായി. ഇത് ഞാനോ ശ്രീ. ജി. ആർ. അനിലോ ആണ് ചെയ്തിരുന്നതെങ്കിൽ ഇവിടുത്തെ മാധ്യമങ്ങളിൽ എന്തെല്ലാം വാർത്ത വരുമായിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് മാധ്യമങ്ങളിൽ ഒരു വാർത്തയുമില്ല. അതിൽ ഒരു കോൺഗ്രസ്സുകാരും പ്രതിഷേധിച്ചില്ല. ജനഗണമനയെ ആക്ഷേപിച്ചു, പ്രോട്ടോകോൾ ലംഘിച്ചു എന്നിട്ടും ഒന്നും ചെയ്തിട്ടില്ലല്ലോ.... ഇത് പത്രത്തിലും ടി.വി.-യിലുമുണ്ടായിരുന്നു. താങ്കൾ വായിക്കാത്തതുകൊണ്ടാണ്.

ശ്രീ. എം. വിൻസെന്റ്: സർ, (മൈക്ക് ഓഫ്.)

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. എം. വിൻസെന്റേ പേപ്പർ എടുത്ത് താങ്കളുടെ പേരുണ്ടോയെന്നുമാത്രം വായിച്ചാൽ പോരാ. എല്ലാം വായിക്കണം.

കിഫ്ബിയെയും ജനകീയാസൂത്രണ പ്രസ്ഥാനത്തെയും സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. നല്ല കാര്യം. എല്ലാ എം.എൽ.എ.-മാരും നന്നായി സഹകരിക്കുന്നവരാണ്. എല്ലാ മണ്ഡലങ്ങളിലും അവർ ഞങ്ങളെ വിളിക്കാറുണ്ട്. 1913-ൽ നമ്മുടെ തലസ്ഥാന നഗരിയിൽ ശ്രീ. എം. വിൻസെന്റിന് അറിയാവുന്ന

ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി.എസ്. എന്ന സ്കൂളിൽ ഒരു സംഭവം നടന്നു. അവിടെ പഞ്ചമി എന്ന ദളിത് വിഭാഗത്തിൽപ്പെട്ട കുട്ടി പഠിക്കാൻ പോകുകയും മുന്നോക്ക വിഭാഗത്തിൽപ്പെട്ട ആൾക്കാർ വന്ന് സ്കൂൾ തീയിടുകയും ചെയ്തു. അപ്പോൾ മഹാത്മ അയ്യങ്കാളി അതിലിടപ്പെടുകയും ആദ്യത്തെ കർഷകതൊഴിലാളി പ്രക്ഷോഭത്തിന് അദ്ദേഹം ആഹ്വാനം ചെയ്യുകയും ചെയ്തു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനം വന്നതിനുശേഷം ആ സ്കൂളിന് അയ്യങ്കാളി പഞ്ചമി സ്കൂൾ എന്ന് പേരിടുന്നതിന് തയ്യാറായെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു ഗവൺമെന്റ് ഇക്കാര്യങ്ങളിലെടുക്കുന്ന സമീപനമാണിത്. നാലേകാൽ കോടി രൂപ മുടക്കിയാണ് ആ സ്കൂളിന്റെ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചത്. മറ്റൊരു കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നത്, ഇന്ന് പല സ്കൂളുകളിലും ലിഫ്റ്റുണ്ട്. അതൊക്കെ കേരളത്തിന്റെ ചരിത്രത്തിൽ വലിയ സംഭവമാണ്. ലോകത്ത് അപൂർവ്വം ചില രാജ്യങ്ങളിൽ മാത്രമാണ് സ്കൂളിൽ ലിഫ്റ്റുള്ളത്. കഴിഞ്ഞ ദിവസം ഞാൻ തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ ഹയർ സെക്കണ്ടറി സ്കൂൾ സന്ദർശിച്ചു. 7.6 കോടി രൂപ മുടക്കി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിൽ ലിഫ്റ്റുണ്ട്.

ഒരു ഉത്സവം പോലെ കുട്ടികൾ അവിടത്തെ ലിഫ്റ്റിൽ കയറി മുകളിലോട്ടും താഴോട്ടും പോകുകയാണ്. വയനാട് ജില്ലയിൽ പാമ്പ് കടിയേറ്റ് ഒരു കുട്ടി മരിച്ച സ്കൂളിൽ ഞാനും ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-യും കൂടി പോയി. ഇപ്പോൾ ആ സ്കൂളിൽ ലിഫ്റ്റും എയർകണ്ടീഷനുള്ള ക്ലാസ് റൂമുമുണ്ട്. ഞാനും ശ്രീ. ടി. സിദ്ദിഖുംകൂടിയാണ് അവിടത്തെ പരിപാടിയിൽ പങ്കെടുത്തത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് കിഫ്ബി വഴി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയത്. 5 കോടി രൂപയുടെ 111 സ്കൂൾ കെട്ടിടങ്ങൾ, 3 കോടി രൂപയുടെ 385 സ്കൂൾ കെട്ടിടങ്ങൾ, 1 കോടി രൂപയുടെ 446 സ്കൂൾ കെട്ടിടങ്ങൾ എന്നിങ്ങനെ 973 കെട്ടിടങ്ങൾക്കാണ് പ്രവേശനം നൽകിയിട്ടുള്ളത്. 2,595 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ആകെയുള്ള 973 സ്കൂളുകളിൽ 488 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. അതിൽ 386 കെട്ടിടങ്ങളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലത്താണ് പൂർത്തീകരിച്ചത്. 200 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, കെട്ടിട നിർമ്മാണ ചട്ടം പാലിക്കാൻ സാധിക്കാത്തതുകൊണ്ട് കിഫ്ബി പദ്ധതിയിൻകീഴിൽ അനുവദിച്ച ചില കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കാത്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കിഫ്ബിയിലേത് മാത്രമല്ല പ്ലാൻ ഫണ്ടിൽനിന്നും കുറെ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതുസംബന്ധിച്ച കണക്ക് എന്റെ കൈവശമുണ്ട്. സമയക്കുറവുമൂലം അത് വായിക്കുന്നില്ല. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം വകുപ്പുമന്ത്രിയും ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും യോഗം ചേർന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ലൈസൻസ് നൽകാത്ത കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും ഒരുവർഷത്തിനകം ലൈസൻസ് പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടിയുമുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആ പ്രശ്നത്തിന് അത്തരത്തിൽ പരിഹാരം കണ്ടെത്തിയിട്ടുണ്ട്.

ഡോ. എം. കെ. മുനീർ, മുൻമന്ത്രിയും വളരെയധികം രാഷ്ട്രീയ പാരമ്പര്യവുമുള്ള ആളാണ്. എന്നാൽ അദ്ദേഹം പറഞ്ഞതിൽ കുറച്ച് തെറ്റുണ്ട്.

കോഴിക്കോട് ജില്ലയിൽ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് 7500 സീറ്റിന്റെ കുറവുണ്ടെന്ന് ഡോ. എം. കെ. മുനീർ പറഞ്ഞത് തെറ്റാണ്. അതുസംബന്ധിച്ച വ്യക്തമായ കണക്ക് അങ്ങയെ ബോധ്യപ്പെടുത്തുന്നതിനായി ഞാൻ അവതരിപ്പിക്കാം. കോഴിക്കോട് ജില്ലയിൽ ആകെ അപേക്ഷകർ 48156 ആണ്. മറ്റുജില്ലകളിൽ പ്രവേശനം നേടിയത് 2573. ബാക്കി അപേക്ഷകൾ 45583; അലോട്ട്മെന്റ് എടുക്കാത്തവർ 4525, ബാക്കിയുള്ള അപേക്ഷകൾ 41058, പ്രവേശനം ലഭിച്ചവർ 34362. ...........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഈ കണക്കുകൾ രാവിലെ വായിച്ചതാണ്. വീണ്ടും വായിക്കേണ്ടതില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, സംശയം ഉന്നയിച്ചതിനാൽ......

ശ്രീ. ടി. വി. ഇബ്രാഹിം: സർ,........(മൈക്ക് ഓഫ്).......

മി. സ്പീക്കർ: അങ്ങ് വഴങ്ങേണ്ടതില്ല..... അനുവദിച്ച സമയം മാത്രമേ ലഭിക്കുകയുള്ളൂ. അംഗങ്ങൾ എണീൽക്കും..........

ശ്രീ. വി. ശിവൻകുട്ടി: സർ, പ്രസ്തുത മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കാം.[1] ഡോ. എം. കെ. മുനീറിന് ഇത് കൈമാറുകയും ചെയ്യാം. മറ്റെന്തെങ്കിലും കുറവുണ്ടെങ്കിൽ പരിഹാരം കാണുന്നതിനുള്ള പരിശ്രമം നടത്താം. .......

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.......... ബഹുമാനപ്പെട്ട മന്ത്രി പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്.......... പ്ലീസ്..... പ്ലീസ്....... മന്ത്രി യീൽഡ് ചെയ്യാൻ തയ്യാറല്ല, ദയവായി സഹകരിക്കണം.

ശ്രീ. വി. ശിവൻകുട്ടി: സർ, അധ്യാപകർ സമരം ചെയ്യുവെന്ന് ഇവിടെ ഉന്നയിക്കുകയുണ്ടായി. നീറ്റ് പരീക്ഷയുടെ ചർച്ച നടക്കുന്നതിനിടെ പൊതുപരീക്ഷയെ സംബന്ധിച്ച് ഡോ. മാത്യു കുഴൽനാടൻ ഒരു ആക്ഷേപം ഉന്നയിച്ചു. അധ്യാപകർ സമരം ചെയ്യുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. കേരളത്തിൽ 192000-ഓളം വരുന്ന അധ്യാപകരുണ്ട്. അവർക്ക് ഒരുപ്രശ്നവുമില്ല. കൃത്യമായി പരീക്ഷ നടത്തുന്നുണ്ട്, സ്കൂളുകൾ കൃത്യമായി തുറന്നു, വെക്കേഷൻ സമയത്ത് സ്കൂളുകൾ അടച്ചു, മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകി, ഈ വർഷം എൺപതിനായിരത്തോളം

1 അനുബന്ധമായി ചേർക്കുന്നു.

വരുന്ന അധ്യാപകർക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) ട്രെയിനിംഗ് നൽകി. 220 ദിവസമാണ് സ്കൂൾ പ്രവൃത്തി ദിവസമെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിൽ പറയുന്നു, കോടതി അത് സമ്മതിച്ചു. എങ്കിലും അധ്യാപക സംഘടനകളുടെ യോഗം വിളിച്ചുചേർത്ത് ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളുടെ പ്രവൃത്തി ദിവസം കുറയ്ക്കുന്നതിന് തയ്യാറായി. അവർക്ക് ശമ്പള കുടിശ്ശികയില്ല, മറ്റൊരു കുടിശ്ശികയുമില്ല, എവിടെയാണ് കുടിശ്ശികയില്ലാത്തത്, നമ്മുടെ വീട്ടിലും കുടിശ്ശിക ഉണ്ടാകുകയില്ലേ; ചെറിയ കുടിശ്ശിക എല്ലായിടത്തും ഉണ്ടാകുന്നതാണ്..........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രീ, കമന്റ്സ് എല്ലാം ഒഴിവാക്കി പോയിന്റിലേയ്ക്ക് വരൂ.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, യഥാർത്ഥത്തിൽ ഇന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗവും അധ്യാപകരും വളരെ ശാന്തമാണ്. അങ്ങ് പറഞ്ഞതുപോലെയുള്ള യാതൊരു അസ്വസ്ഥതയും അധ്യാപകർക്കില്ലെന്ന കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റെന്തെങ്കിലും അസ്വസ്ഥത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ നമുക്ക് പരസ്പരം സംസാരിച്ച് ആ പ്രശ്നം

പരിഹരിക്കാം. നീറ്റ് പരീക്ഷയുടെ ചർച്ച നടന്നകൂട്ടത്തിൽ ചോദ്യപേപ്പർ ചോർന്ന സംഭവവുമായി ബന്ധപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ കേരളത്തിലെ പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുകയുണ്ടായി. മുഖ്യമായും എല്ലാവർഷവും ഏറ്റവും വലിയ പരീക്ഷ നടത്തുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. അങ്ങനെയൊരു ചോദ്യപേപ്പർ ചോർച്ച നടന്നിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, പ്രസ്തുത വിഷയം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞു. അതിനാൽ വീണ്ടും ആവർത്തിക്കേണ്ടതില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, പൊതുവിദ്യാഭ്യാസ വകുപ്പിൽ 2021 മേയ് മാസത്തിനുശേഷം സർക്കാർ എയ്ഡഡ് മേഖലയിലാകെ 30564 അധ്യാപകരെ നിയമിക്കാൻ സാധിച്ചു. ഇതിൽ പി.എസ്.സി. നിയമനങ്ങൾ 15050-ഉം എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ 15514-ഉം ആണ്. ഇത് വലിയ നേട്ടമാണെന്നാണ് എനിക്ക് തോന്നുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, സമയം എക്സീഡ് ചെയ്യുന്നു. ഇന്ന് മുഖ്യമന്ത്രി ഉൾപ്പെടെ 7 മന്ത്രിമാരാണ് മറുപടി പറയാനുള്ളത്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ മറുപടി പറഞ്ഞ് പെട്ടെന്ന് അവസാനിപ്പിക്കാം. സ്കൂളുകളുടെ ആധുനികവത്കരണത്തിന് ഊന്നൽ കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്കൂളുകളുടെ അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ തയ്യാറാക്കും. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു സ്കൂളിനെ മോഡൽ സ്കൂളായി ഉയർത്തും. സ്കൂളുകളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തും. ആറ് മാസത്തിലൊരിക്കൽ അധ്യാപകർക്ക് റെസിഡൻഷ്യൽ പരിശീലനം നൽകും. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഡി.ഡി.ഇ., ഡി.ഇ.ഒ., എ.ഇ.ഒ., അധ്യാപകർ തുടങ്ങിയവരുടെ പെർഫോമൻസ് വിലയിരുത്തും. വ്യാജ വാർത്തകൾ ഉയർത്തുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞ രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി സംസ്ഥാന വ്യാപകമായി മാധ്യമ വിവര സാക്ഷരത പരിപാടി നടത്തികൊണ്ടാണ് ഇതിനെതിരെ പ്രതികരിച്ചത്. ആർട്ടിഫിഷ്യൽ

ഇന്റലിജൻസും ഡീപ്ഫേക് സാങ്കേതിക വിദ്യയും നമ്മുടെ വിവിധ ഭൂപ്രകൃതിയെ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു. AI-ഉം അതിന്റെ അനുബന്ധ സാങ്കേതികവിദ്യകളും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ടെന്ന വിവരം സഭയെ അറിയിക്കുകയാണ്.

ഇന്ത്യാ രാജ്യത്ത് തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. ഏതാണ്ട് എൺപതോളം ഇനങ്ങളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, തൊഴിൽ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റാണെങ്കിൽ തൊഴിലാളി വിരുദ്ധ നിലപാടുകൾ സ്വീകരിക്കുകയും തൊഴിൽ നിയമങ്ങൾ റദ്ദാക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈയൊരു സാഹചര്യത്തിൽ സംസ്ഥാനത്തെ തൊഴിലാളികളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ തൊഴിൽ മേഖലയുടെ അഭിഭാജ്യഘടകമായി മാറിക്കൊണ്ടിരിക്കുന്ന തൊഴിലാളി സമൂഹമാണ് ഗിഗ് ആൻഡ് പ്ലാറ്റ്ഫോം തൊഴിലാളികൾ. ഇവരിൽ ഏറിയപങ്കും യുവാക്കളാണ്.

നിലവിൽ അവർക്ക് തൊഴിൽ നിയമങ്ങളോ തൊഴിലുടമ ബന്ധമോ ഈ മേഖലയിലില്ല. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും നിയമനിർമ്മാണവും ക്ഷേമപദ്ധതികളും നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ അന്തിമ ഘട്ടത്തിലാണ് തൊഴിൽ വകുപ്പ്. ഇന്നത്തെ തൊഴിൽ മേഖലയിൽ ഏറെ അസംഘടിതരും സ്ത്രീകളും ജോലി ചെയ്യുന്ന മേഖലയാണ് ഗാർഹിക മേഖല. ഗാർഹിക തൊഴിലാളികളുടെ ജോലി സുരക്ഷയും വിവിധ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനുമുള്ള നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്. ചുമട്ടുതൊഴിലാളി മേഖല ഇന്ന് ഏറെ വെല്ലുവിളികൾ നേരിടുന്നൊരു മേഖലയായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ മേഖല യന്ത്രവൽകൃതമാകുന്ന സാഹചര്യത്തിൽ നിലവിൽ ചുമട്ടുതൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കുന്നുവെന്നത് ഗൗരവമേറിയ പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിനായി ചുമട്ടുതൊഴിലാളി ക്ഷേമനിധി മുഖേന 'നവശക്തി' എന്ന പേരിൽ ചുമട്ടുതൊഴിലാളികൾക്കായി ഒരു പരിശീലന പരിപാടിക്ക് തുടക്കമിട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ ഏകദേശം എഴുപതുലക്ഷത്തോളം

തൊഴിലാളികൾ അംഗങ്ങളാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമനിധി ബോർഡുകളിലൂടെകുടുംബാംഗങ്ങൾക്കും ഇതുവരെ 2764.37 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം മികച്ച തൊഴിലാളികൾക്കും മികച്ച തൊഴിലിടങ്ങൾക്കും പുരസ്കാരം ഏർപ്പെടുത്തുന്നത്. തൊഴിൽ മേഖലയിലെ മികവിന് തൊഴിൽ വകുപ്പ് നൽകിവരുന്ന അംഗീകാരമാണ് 'തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം' . തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം നൽകുന്ന കാര്യത്തിലും കേരളം ഒന്നാമതാണ്. കാർഷിക-കാർഷികേതര നിർമ്മാണ മേഖലയിൽ ദേശീയ ശരാശരിയേക്കാൾ ഇരട്ടിയിലധികം കൂലിയാണ് നൽകുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിൽ മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. നേരത്തെ സൂചിപ്പിച്ചതുപോലെ 80 മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കാനായി നടപ്പിലാക്കിയിട്ടുള്ള ഇൻകം സപ്പോർട്ട് സ്കീമിനായി നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ 90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കുവേണ്ടി ഒട്ടേറെ

പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അക്കാര്യങ്ങളൊന്നും സൂചിപ്പിക്കുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ട് പ്രധാന വകുപ്പുകൾക്കുകീഴിൽ പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ടുമെന്റുകൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

പാവപ്പെട്ട പാചകത്തൊഴിലാളികളുടെ കാര്യം കൂടി സൂചിപ്പിക്കേണ്ടതുണ്ട്.

ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്തുവരുന്ന പാചകത്തൊഴിലാളികൾക്ക് 2024 മാർച്ച് മാസത്തെ കേന്ദ്ര-സംസ്ഥാന മാൻഡേറ്ററി വിഹിതത്തിൽനിന്നുള്ള ഓണറേറിയം ആയിരം രൂപ വീതം ഏപ്രിൽ 22-ന് വിതരണം ചെയ്തിരുന്നു. ഈയിനത്തിൽ ശേഷിക്കുന്ന സംസ്ഥാന അധിക വിഹിതത്തിൽ നിന്നുമുള്ള ഓണറേറിയം വിതരണം ചെയ്യുന്നതിനാവശ്യമായ 12.99 കോടി രൂപ 2024 ജൂൺ 15-ന് സർക്കാർ ഉത്തരവുപ്രകാരം അനുവദിക്കുകയും അത് സംസ്ഥാനത്തെ മുഴുവൻ പാചക തൊഴിലാളികളുടേയും ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികളുടെ ഏപ്രിൽ-മേയ് മാസത്തെ 2000 രൂപ വീതമുള്ള അവധിക്കാല സമാശ്വാസം വിതരണം ചെയ്യുന്നതിനാവശ്യമായ

അവസാനഘട്ട നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു. സമാശ്വാസം അനുവദിക്കുവാൻ 5.2 കോടി രൂപ ഇനിയും ആവശ്യമുണ്ട്. ഈ തുക ഉടൻ തന്നെ പാചകത്തൊഴിലാളികൾക്ക് നൽകുന്നതാണെന്നുള്ള കാര്യം ഞാനിവിടെ സൂചിപ്പിക്കുന്നു. ഇനിയും ധാരാളം കാര്യങ്ങൾക്ക് മറുപടി പറയാനുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, സമരം ചെയ്തവരുടെ കേസ്സിന്റെ കാര്യം കൂടി പറയൂ.

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്... പ്ലീസ്...

ശ്രീ. വി. ശിവൻകുട്ടി: സർ, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇരുകൂട്ടരും സമരവും പിക്കറ്റിംഗുമൊക്കെ ചെയ്തിരുന്നവരും അതിന്റെ ഭാഗമായി അറസ്റ്റ് വരിച്ചവരും ജയിലിൽ പോയിട്ടുള്ളവരും ബെയിലബിൾ നോൺ-ബെയിലബിൾ കേസ്സുകളിൽ പ്രതികളായിട്ടുള്ളവരുമൊക്കെയാണ്. തുടർന്നുവരുന്ന ഇരുകൂട്ടരുടെയും സർക്കാരുകൾ ചില കേസ്സുകൾ പിൻവലിക്കാറുണ്ട്. കേസ്സിന്റെ സ്വഭാവം പരിശോധിച്ചതിനുശേഷം മാത്രമേ അത് സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. തീർച്ചയായും ഈ അഭിപ്രായം ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാംനമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാംനമ്പർ ധനാഭ്യർത്ഥനയേയും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, നവകേരള സൃഷ്ടിയുടെ ഭാഗമായി കേരളത്തെ ഒരു ജനപക്ഷ വൈജ്ഞാനിക സമൂഹമാക്കി രൂപപ്പെടുത്താനുള്ള പരിശ്രമങ്ങളുടെ ഭാഗമായി പതാകവാഹകരായി മുന്നിൽ നടക്കേണ്ടുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഗണ്യമായ പരിഗണനയാണ് ഈ സർക്കാരിന്റെ കാലത്ത് നല്കുന്നത്. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ആർജ്ജിച്ച മികവാർന്ന നേട്ടങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിലും സ്വാഭാവിക തുടർച്ചയുണ്ടാക്കി മുന്നോട്ടുകൊണ്ടുപോകണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് പ്രഥമ പരിഗണന നല്കുന്നത്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയ്ക്ക് ജാഗ്രതാ പൂർണ്ണമായ ഇടപെടലുകളാണ് ഈ

രംഗത്തുണ്ടായിട്ടുള്ളത്. വിദ്യാർത്ഥികളുടെ Gross Enrolment Ratio അഥവാ പ്രവേശന അനുപാതം വർദ്ധിപ്പിക്കുകയെന്നതിന് പ്രാധാന്യം നല്കിക്കൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ 900 ബിരുദ പ്രോഗ്രാമുകളും 204 ബിരുദാനന്തര പ്രോഗ്രാമുകളും അനുവദിച്ചു. 36 കോളേജുകൾ പുതുതായി സംസ്ഥാനത്തുണ്ടായി. സർവ്വകലാശാല കേന്ദ്രങ്ങളിൽ പ്രൊജക്ട് മോഡ് കോഴ്സുകൾ അനുവദിച്ചതിലൂടെ 30,000-ത്തിലധികം സീറ്റുകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 4 വർഷ ബിരുദ കോഴ്സുകളുടെ ആവിർഭാവത്തോടെ സർവ്വകലാശാല ക്യാമ്പസുകളിൽ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതോടെ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് പഠനം നടത്തുന്നതിനുള്ള സൗകര്യം വർദ്ധിക്കുകയാണ്. കഴിഞ്ഞ 4 വർഷക്കാലത്തിനുള്ളിൽ 6000 കോടി രൂപ കേരളം ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിന്യസിച്ചിട്ടുണ്ടെന്നുള്ളത് കേന്ദ്ര ഗവൺമെന്റിന്റെ ഇക്കണോമിക് റിവ്യൂവിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യമാണ്. കിഫ്ബി, റൂസ (Rashtriya Uchchatar Shiksha Abhiyan (RUSA)), സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ട് വിഹിതം എന്നിവ ഉപയോഗിച്ചുകൊണ്ട് 2000 കോടിയിൽപ്പരം തുക

വിനിയോഗിച്ച് അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക ലാബുകൾ, മോഡണൈസ്ഡ് ലൈബ്രറികൾ, അക്കാദമിക് ആൻഡ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ എന്നിവ ഇതിന്റെ ഭാഗമായി സർവ്വകലാശാലകളിലും കലാലയങ്ങളിലും പുതുതായി ആരംഭിച്ചിട്ടുണ്ട്. കേരള-എം.ജി. സർവ്വകലാശാലകളിലെ Centralised Laboratory Facilities രാജ്യത്തിനുതന്നെ മികച്ചവയായി മാറിയിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പംതന്നെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട പരിഷ്കാരങ്ങളെ സംബന്ധിച്ച് ഈ സർക്കാർ അധികാരമേറ്റ ഉടനെ നിയോഗിക്കപ്പെട്ട മൂന്ന് കമ്മീഷനുകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ ഓരോന്നായി നടപ്പാക്കിവരികയാണ്. അതിന്റെ ഭാഗമായാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമൂലവും സമഗ്രവുമായ പരിവർത്തനം സാധ്യമാക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന 4 വർഷ ബിരുദ കരിക്കുലം ഫ്രെയിം വർക്ക് തയ്യാറാക്കിയത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മാവർദ്ധനവിനുവേണ്ടി സർക്കാർ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ

ദേശീയവും അന്തർദേശീയവുമായിട്ടുള്ള ഗുണനിലവാര പരിശോധനകളിൽ പ്രതിഫലിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 247 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ NAAC-ന്റെ അക്രെഡിറ്റേഷൻ കരസ്ഥമാക്കിയിട്ടുണ്ട്. കേരള സർവ്വകലാശാലയും എം.ജി. സർവ്വകലാശാലയും A++ അംഗീകാരവും കാലിക്കറ്റ്-കാലടി സർവ്വകലാശാലകളും കൊച്ചിൻ യൂണിവേഴ്സിറ്റിയും A+ അംഗീകാരവും നേടി. ഇതോടുകൂടി ആകെ 24 കോളേജുകൾ A++ അംഗീകാരവും 43 കോളേജുകൾ A+ അംഗീകാരവും 68 കോളേജുകൾ A ഗ്രേഡും നേടുകയുണ്ടായി. എൻ.ഐ.ആർ.എഫ്. (National Institutional Ranking Framework) റാങ്കിങ്ങിൽ ആദ്യ 200 സ്ഥാനങ്ങളിൽ കേരളത്തിലെ 42 കോളേജുകൾക്ക് ഇടംനേടാനായി. അതായത്, നമ്മുടെ രാജ്യത്തെ ഏറ്റവും മികച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 21 ശതമാനവും കേരളത്തിൽ നിന്നുള്ളതാണ്. ടൈംസ് ഹയർ എഡ്യൂക്കേഷൻ റാങ്കിങ്ങിൽ 401, 500 റാങ്കിലുൾപ്പെട്ട മഹാത്മാഗാന്ധി സർവ്വകലാശാല രാജ്യത്തെ സർവ്വകലാശാലകളിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുകയാണ്.

എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിൽ കേരള സർവ്വകലാശാല 24-ാം സ്ഥാനത്തും

മഹാത്മാഗാന്ധി 31-ാം സ്ഥാനത്തും കുസാറ്റ് 37-ാം സ്ഥാനത്തും കാലിക്കറ്റ് യൂണിവേഴ്സിറ്റി 70-ാം സ്ഥാനത്തുമാണ് ഇടം പിടിച്ചിട്ടുള്ളത്. ആദ്യ നൂറിൽ 26-ാം സ്ഥാനത്തുള്ള യൂണിവേഴ്സിറ്റി കോളേജ്, 30-ാം സ്ഥാനത്തുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് എന്നിവയുൾപ്പെടെ 14 കോളേജുകൾ ഇടംപിടിച്ചിട്ടുണ്ട്. അതുപോലെ ആദ്യ 30 ആർക്കിടെക്ചർ കോളേജുകളിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് 17-ാം സ്ഥാനത്താണ്. ഇവയൊക്കെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മയ്ക്ക് ഉദാഹരണങ്ങളായി, സെന്റർ ഓഫ് എക്സലൻസായി വളർന്നുകൊണ്ടിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ സാങ്കേതിക മേഖലയിൽ ദേശീയ ഗുണനിലവാര പരിശോധനാ സംവിധാനമായ എൻ.ബി.എ. (National Board of Accreditation) അക്രഡിറ്റേഷന് കേരളത്തിലെ ആറ് സർക്കാർ പോളിടെക്നിക്കുകളിലേയും എഞ്ചിനീയറിംഗ് കോളേജുകളിലെയും വിവിധ പഠന വകുപ്പുകൾ അർഹരായത് ഈ സർക്കാരിന്റെ കാലത്താണ്. ഈ വർഷം കാലിക്കറ്റ്, എം.ജി, കെ.ടി.യു എന്നീ

സർവ്വകലാശാലകളിലെ അവസാന വർഷത്തെ പരീക്ഷ നടത്തുകയും റെക്കോർഡ് വേഗതയിൽ ഫലം പ്രസിദ്ധീകരിക്കുകയും ചെയ്തു. 2024-25 അക്കാദമിക് വർഷത്തേയ്ക്കുള്ള ഏകീകൃത അക്കാദമിക കലണ്ടർ വിവിധ സർവ്വകലാശാല പ്രതിനിധികൾ അംഗങ്ങളായ സമിതി തയ്യാറാക്കി നൽകുകയും അത് സർവ്വകലാശാലകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പഠന-പാഠ്യേതര പ്രവർത്തനങ്ങൾ ഈ കലണ്ടറനുസരിച്ച് ഏകോപിതമായ നിലയിൽ നടക്കുന്നതാണ്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ബിരുദ വിദ്യാഭ്യാസം പൂർണ്ണമായും സമഗ്രമായും അടിസ്ഥാനപരമായും പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞിരിക്കുകയാണ്. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് കരിക്കുലം രൂപീകരിച്ച് സർവ്വകലാശാലകൾക്ക് നൽകുമ്പോൾ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഇതപര്യന്തമുള്ള ചരിത്രത്തിൽ ആദ്യമായിട്ടാണ് ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കായി കരിക്കുലം ഫ്രെയിം വർക്ക് തയ്യാറാക്കികൊടുക്കപ്പെടുന്നത്. നാലുവർഷ കരിക്കുലം നടപ്പിലാക്കുന്നതിനാവശ്യമായ റെഗുലേഷനുകളും മാതൃകാ

സിലബസ്സുകളുമെല്ലാം ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കി നൽകുകയുണ്ടായി. അധ്യാപകർ, അനധ്യാപകർ എന്നിവർക്കൊക്കെ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. അവധാനതയോടെ ഒന്നരവർഷക്കാലം കൃത്യമായി ഹോംവർക്ക് ചെയ്ത് വിവിധ പരിശീലനങ്ങൾ പൂർത്തീകരിച്ചുകൊണ്ട് എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച ചെയ്തുകൊണ്ടാണ് ഈ മാറ്റത്തിലേയ്ക്ക് നാം പ്രവേശിക്കുന്നത്. വിദ്യാർത്ഥി കേന്ദ്രീകൃതമായ ബിരുദ വിദ്യാഭ്യാസം സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും  നടപ്പാക്കുമ്പോൾ തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തികൊണ്ട് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുകയും അതോടൊപ്പംതന്നെ ആഴത്തിൽ അറിവ് അന്വേഷിക്കാൻ കൗതുകമുള്ള ഗവേഷണ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അതിനുവേണ്ടുന്ന എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയെന്നത് ഈ മാറ്റത്തിന്റെ കേന്ദ്ര ബിന്ദുവായിട്ടുള്ള ആശയങ്ങളാണ്. കേന്ദ്രത്തിൽ നടപ്പാക്കുന്ന എൻ.ഇ.പി. (National Education Policy)-യുടെ അതേപടിയുള്ള ആവിഷ്കാരമല്ല ഇതെന്ന് ഡോ. എം. കെ. മുനീർ സാഹിബിനെ ബോധ്യപ്പെടുത്താൻ ഞാൻ ഈ

അവസരം ഉപയോഗിക്കുകയാണ്. മൾട്ടിപ്പിൾ എക്സിറ്റ് പോലുള്ള കാര്യങ്ങൾ, അതായത് ഒന്നാം വർഷവും രണ്ടാം വർഷവും എക്സിറ്റ് നൽകി യാതൊന്നും കയ്യിലില്ലാതെ തൊഴിൽ സേനയിലേയ്ക്ക് പോകേണ്ടിവരുന്ന അനാഥത്വത്തിൽനിന്ന് വിദ്യാർത്ഥികളെ രക്ഷിക്കാൻ കഴിയുംവിധം മൂന്നാം വർഷം പൂർത്തീകരിച്ചശേഷം മാത്രമാണ് എക്സിറ്റ് നൽകുന്നത്. മാത്രമല്ല, ശാസ്ത്രീയമായിട്ടുള്ള അവബോധവും സാമൂഹ്യനീതി സങ്കൽപ്പനങ്ങളും കൃത്യമായ ചരിത്രബോധവുമെല്ലാം ഉറപ്പിച്ചെടുക്കുംവിധമാണ് അതിന്റെ കരിക്കുലവും അതത് വിഷയത്തിന്റെ സിലബസ്സും തയ്യാറാക്കുന്നത്. വികലമായ ചരിത്രബോധവും അശാസ്ത്രീയമായ കാഴ്ചപ്പാടും അന്ധവിശ്വാസങ്ങളുമൊക്കെ തിരിച്ചുകൊണ്ടുവരാൻ സഹായകരമായ രീതിയിൽ ഇന്ത്യൻ നോളജ് സിസ്റ്റംസ് എന്ന കാര്യത്തിന് പ്രാധാന്യം നൽകുന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനം കേരളത്തിലെ കരിക്കുലത്തിനോ വിഷയങ്ങളുടെ സിലബസ്സുകൾക്കോ ഉണ്ടാകുന്നതല്ല. അതുപോലെ 148 യുവഗവേഷകരെ ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾക്കായി തിരഞ്ഞെടുക്കുകയും കഴിഞ്ഞ മൂന്ന് വർഷങ്ങളായി ആ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ

നടക്കുകയും ചെയ്യുകയാണ്. കേരളീയ സമൂഹത്തിനാവശ്യമായ വിഷയങ്ങളിന്മേലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാർഗം നിർദേശിക്കാവുന്ന രീതിയിലാണ് ഈ യുവഗവേഷകർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിനായി ഈ വർഷം 100 ഫെല്ലോഷിപ്പുകൾ കൊടുക്കാൻ സാധിക്കേണ്ടതുണ്ട്. K-REAP (Kerala Resource for Educational Administration and Planning) എന്ന പേരിൽ അഡ്മിനിസ്ട്രേഷനും അക്കാദമിക് പ്രവർത്തനങ്ങൾക്കുമൊക്കെ ഏകോപിതമായ സോഫ്റ്റ്‌വെയർ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുകയാണ്. ഇതിന്റെ ഭാഗമായി അഡ്മിഷൻ, അക്കാഡമിക് ആൻഡ് ക്ലാസ് മോണിറ്ററിംഗ്, എക്സാമിനേഷൻ, അഫിലിയേഷൻ തുടങ്ങിയ മോഡ്യൂളുകൾ വികസിപ്പിക്കുകയും അതിന്റെ ഭാഗമായി പ്രവർത്തന കാര്യക്ഷമത വർധിക്കുകയും ചെയ്യുമെന്ന കാര്യം തർക്കരഹിതമാണ്. ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനുള്ള സംവിധാനം ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ ഒരുക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ രാജ്യത്തുതന്നെ ഏറ്റവും മികച്ച കൗൺസിലുകളിലൊന്നാണ്. 'ഉന്നത വിദ്യാഭവൻ' എന്ന പേരിൽ

KSSTM (Kerala State Science and Technology Museum) -ന്റെ ക്യാമ്പസിൽ ആസ്ഥാനമന്ദിരം പണിയുന്നതിനുള്ള പദ്ധതിക്ക് 48.8 സെന്റ് സ്ഥലം അനുവദിച്ച് ലഭ്യമായ സാഹചര്യത്തിൽ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ധിഷണാശാലികളായ പലരും വിദേശങ്ങളിലെ സർവ്വകലാശാലകളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ അവരുടെ വിപുലമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് സാധ്യമായ നിലയിലുള്ള പരിപാടിയാണ് ERUDITE-Scholar-in Residence Programme അതുപോലെ Brain Gain Scheme. അക്കാദമിക് വിദഗ്ധരുടെ നെറ്റ്‌വർക്ക് വികസിപ്പിച്ച് വിദ്യാർത്ഥികൾക്ക് അവരുമായി ആശയവിനിമയവും നോളജ് ട്രാൻസാക്ഷനും നടത്തുന്നതിനുള്ള പരിപാടിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസത്തിന്റെ മുഖ്യധാരകളായ ഗവേഷണവും തൊഴിലും ഒരുപോലെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നൈപുണ്യവും വികസനവും സ്റ്റാർട്ടപ്പ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യുകയെന്ന ഉദ്ദേശത്തോടുകൂടി ഇന്നവേഷൻ-ഇൻകുബേഷൻ സ്റ്റാർട്ടപ്പ് അന്തരീക്ഷം എല്ലാ ഉന്നത വിദ്യാഭ്യാസ

സ്ഥാപനങ്ങളിലും വളർത്തിയെടുക്കുകയെന്ന സമീപനത്തോടുകൂടി നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

മി. സ്പീക്കർ: യെസ്. മിനിസ്റ്റർ. പ്ലീസ്... പ്ലീസ്..

ഡോ. ആർ. ബിന്ദു: സർ, ഞാൻ അവസാനിപ്പിക്കാൻ പോകുകയാണ്. നോളജ് ട്രാൻസിലേഷണൽ ഗവേഷണ കേന്ദ്രങ്ങളും റിസർച്ച് ലബോറട്ടറികളും സ്ഥാപിച്ചുകൊണ്ട് സൈദ്ധാന്തികമായ അറിവിന്റെ പ്രായോഗിക തലത്തിലേക്കുള്ള പരാവർത്തനം സാധ്യമാക്കുകയാണ്. 24,63,75,316/- രൂപ ചെലവിൽ കേരള സർവ്വകലാശാലയിൽ ട്രാൻസിലേഷണൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 20 കോടി രൂപ ചെലവിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലും 25 കോടി രൂപ ചെലവിൽ കൊച്ചി സർവ്വകലാശാലയിലും 22.9 കോടി രൂപ ചെലവിൽ കണ്ണൂർ സർവ്വകലാശാലയിലും ട്രാൻസിലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിതമാകും. സാങ്കേതിക സർവ്വകലാശാലയിൽ 21.8 കോടി രൂപയാണ് ട്രാൻസിലേഷണൽ റിസർച്ചിനായി അനുവദിച്ചിട്ടുള്ളത്. അതുപോലെ ഇന്റർ ഡിസിപ്ലിനറി-ഇന്റർ യൂണിവേഴ്സിറ്റി റിസർച്ച് സെന്റേഴ്സ്, സെന്റേഴ്സ് ഓഫ്

എക്സലെൻസ് എന്ന രീതിയിൽ വികസിപ്പിക്കുകയാണ്. ലോകോത്തര മലയാളി ശാസ്ത്രജ്ഞനായ ഡോ. താണു പത്മനാഭന്റെ അനുസ്മരണാർത്ഥം കേരള സർവ്വകലാശാലയിൽ 88 കോടി രൂപ ചെലവിട്ടുകൊണ്ട് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആസ്ട്രോണമി ആൻഡ് ആസ്ട്രോ ഫിസിക്സ് എന്ന പേരിൽ പഠനകേന്ദ്രം ആരംഭിക്കുകയാണ്. ആസ്ട്രോണമിയിലും ആസ്ട്രോഫിസിക്സിലും പോസ്റ്റ് ഗ്രാജുവേറ്റ്, പി.എച്ച്.ഡി. തലങ്ങളിൽ ഈ കേന്ദ്രത്തിൽ പഠന സൗകര്യമൊരുക്കും. എം.ജി. സർവകലാശാലയിൽ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി ഗവേഷണത്തിന് മികവിന്റെ കേന്ദ്രത്തിന് അനുമതി നൽകിയിരിക്കുകയാണ്. നാനോ സയൻസ് പഠന ഗവേഷണ മേഖലയിലുള്ള എം.ജി. സർവകലാശാലയുടെ മികവിനുള്ള അംഗീകാരമാണത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ Centre for Excellence in Neurodegeneration and Brain Health (CENBH) സ്ഥാപിച്ച് മുന്നോട്ടുപോകുകയാണ്. വിളപ്പിൽശാലയിൽ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയോട് ചേർന്ന് തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്ക് സ്ഥാപിക്കുന്നതിന് 50 ഏക്കർ

സ്ഥലമേറ്റെടുത്ത് കിഫ്ബി മുഖേന 190.60 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. ഈ സ്ഥലം ഉപയോഗിച്ച് വിപുലമായ ഇൻകുബേഷൻ സ്റ്റാർട്ടപ്പ് സൗകര്യങ്ങളുള്ള റിസർച്ച് പാർക്ക് സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി സർവ്വകലാശാലകളിൽ വികസനത്തിനുവേണ്ടി 416.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ ‘ PLEASE’ സ്കീമിലുൾപ്പെടുത്തി Advanced Centre for Regenerative Medicine and Stem Cell Research സ്ഥാപിക്കുന്നതിനായി 4.44 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള പദ്ധതികൾക്കായി 287.66 കോടി രൂപയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ വികസനത്തിനായി 373.19 കോടി രൂപയും ചെലവഴിച്ചു. മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം എന്ന പദ്ധതിയിലുൾപ്പെടുത്തി 20 കോടി രൂപ ചെലവിൽ 2000 വിദ്യാർത്ഥി പ്രതിഭകൾക്ക് പ്രതിവർഷം ഒരു ലക്ഷം രൂപയെന്ന നിലയ്ക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 'വിശപ്പുരഹിത ക്യാമ്പസ് പദ്ധതി' നടപ്പിലാക്കി 1.35 കോടി

രൂപ ചെലവാക്കി 7859 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 15.70 കോടി രൂപ ഇതിനായി ആവശ്യമുണ്ട്. ' Jeevani Mental Wellbeing' പദ്ധതി കുട്ടികളുടെ മാനസികമായിട്ടുള്ള ആകുലതകൾ പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ്. ഇതിന്റെ ഭാഗമായി 5 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ എല്ലാ കോളേജുകളിലും കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. ഈ വർഷം രണ്ട് കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലും വിദ്യാഭ്യാസവും കണക്ക് ചെയ്ത് പഠിക്കുകയും അതിലൂടെ തൊഴിൽ ആഭിമുഖ്യം വളർത്താൻ സഹായകരമായ ' Earn While You Learn' പദ്ധതിക്കായി 30 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

മി. സ്പീക്കർ: യെസ്. മിനിസ്റ്റർ പ്ലീസ്... ഇനി അഞ്ച് മന്ത്രിമാർ സംസാരിക്കാനുണ്ട്.

ഡോ. ആർ. ബിന്ദു: ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അഭിമാനകരമായ പദ്ധതിയായി ' Industry On Campus' -നെ മുന്നോട്ടുകൊണ്ടുപോകുകയാണ്.

കോഴിക്കോട് വെസ്റ്റ്ഹിൽ പോളിടെക്നിക് കോളേജിലെ കുട്ടികൾ അവിടത്തെ കോർപ്പറേഷന്റെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഇ-ഓട്ടോറിക്ഷകൾ നിർമ്മിച്ച് നൽകുകയുണ്ടായി. ‘ Industry On Campus' പദ്ധതിയുടെ ഭാഗമായി മിനി ഫാബ് ലാബുകളും ഉല്പാദനപരിശീലന കേന്ദ്രങ്ങളും തിരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ സ്ഥാപിച്ച് മുന്നോട്ടുപോകുകയാണ്. എൽ.ഇ.ഡി. ബൾബുകൾ, ട്യൂബുകൾ, ഇലക്ട്രോണിക് കിറ്റുകൾ, കാർഷിക മിഷനറികൾ, ഇലക്ട്രിക് വെഹിക്കിൾ എന്നിങ്ങനെ എല്ലാം ഇതിന്റെ ഭാഗമായിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: 15 മിനിട്ട് കഴിഞ്ഞിരിക്കുകയാണ്. എല്ലാ വകുപ്പുമന്ത്രിമാർക്കുമായി 30 മിനിട്ടാണ് സമയം അനുവദിച്ചിരിക്കുന്നത്. പ്ലീസ്......പ്ലീസ്.....ബാക്കി ഭാഗം മേശപ്പുറത്ത് വച്ചാൽ മതിയാകും.

<u>ഡോ. ആർ. ബിന്ദു</u>: 116.92 ലക്ഷം രൂപ മുടക്കി മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിക്കുകയും സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി ‘ SHE' പദ്ധതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. എഞ്ചിനീയറിംഗ് പഠനരംഗത്ത് ഇന്നവേഷൻ, പേറ്റൻസ്, സാങ്കേതിക കൈമാറ്റം, ഗവേഷണ പിന്തുണ തുടങ്ങിയവ

ഉൾപ്പെടുത്തിക്കൊണ്ട് ‘ Kerala Transforming Engineering Education for Knowledge Economy’ എന്ന പദ്ധതി നടപ്പാക്കുകയാണ്. വൈദ്യുതി വാഹനങ്ങൾക്കായി തദ്ദേശീയ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് ഇ-മൊബിലിറ്റിയുടെ മികവിന്റെ കേന്ദ്രം ആരംഭിക്കുകയും തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ Robotics & Artificial Intelligence മികവിന്റെ കേന്ദ്രം വികസിപ്പിക്കുകയുമാണ്. ഇൻഡസ്ട്രീസ് വകുപ്പുമായി കൈകോർത്തുപിടിച്ച് Campus Industrial Park എന്ന ആശയം സാക്ഷാത്കരിക്കുന്നതോടൊപ്പം കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളേജിൽ IHRD (Institute of Human Resources Development)-യുടെ ആദ്യത്തെ 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്' പദ്ധതി ആരംഭിച്ചു കഴിഞ്ഞു.

മി. സ്പീക്കർ: Please go to your last para. കൺക്ലൂഷനിലേയ്ക്ക് വരണം.

ഡോ. ആർ. ബിന്ദു: സർ, എൽ.ബി.എസ്. വനിതാ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിനികൾ നിർമ്മിച്ച Very Small Aperture Terminal (VSAT) എന്ന ഉപഗ്രഹത്തിന് 31 ലക്ഷം രൂപയാണ് സർക്കാർ ധനസഹായം നൽകിയത്. വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും പ്രവർത്തിച്ച

അദ്ധ്യാപികമാരുടെ സാങ്കേതിക ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച VSAT പദ്ധതി ഇന്ന് കേരളത്തിനാകെ അഭിമാനമായി മാറിയിരിക്കുകയാണ്.

ASAP എന്ന സ്കിൽ എൻഹാൻസ്മെന്റ് ഏജൻസി ഹയർ എഡ്യൂക്കേഷന്റെ അഭിമാന സ്ഥാപനമായി മാറിയിരിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സുമെല്ലാമുൾപ്പെടെ 140 സ്കിൽ കോഴ്സുകളിൽ മികച്ച പരിശീലനം നൽകുന്നതിന് സാധ്യമാകുന്ന വിധത്തിലാണ് ASAP ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സ്കിൽ ഇന്ത്യ റിപ്പോർട്ടിൽ പരാമർശം ലഭിച്ച ഏജൻസി കൂടിയായ ASAP-ന്റെ നേതൃത്വത്തിൽ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സംസ്ഥാനത്ത് സ്കിൽ എൻഹാൻസ്മെന്റുമായി ബന്ധപ്പെട്ട് ശ്ലാഘനീയമായ സേവനം നൽകി പ്രവർത്തിച്ചുവരികയാണ്.

ബഹുമാനപ്പെട്ട അംഗം ശ്രീ. മാണി സി. കാപ്പൻ പറഞ്ഞതുപോലെ ലാ കോളേജുകൾ ഇപ്പോൾ സ്വാശ്രയ മേഖലയിൽ അനുവദിക്കുന്നതിനാൽ ബാർ കൗൺസിലിന്റെ NOC ലഭ്യമാക്കിയാൽ ലാ കോളേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞതുപോലെ ദേശീയ വിദ്യാഭ്യാസ നയം ഒരു വ്യത്യാസവുമില്ലാതെയല്ല

കേരളത്തിൽ നടപ്പാക്കുന്നത്. മറിച്ച് അതിന് നല്ല പ്രതിരോധം സൃഷ്ടിച്ചുകൊണ്ടുതന്നെ നടപ്പാക്കാൻ കഴിയുന്ന ഗുണപരമായിട്ടുള്ള അംശങ്ങൾ ഉൾക്കൊണ്ട് പ്രതിലോമകരമായ അംശങ്ങളെ പാടെ മാറ്റിക്കൊണ്ടാണ് കേരളത്തിൽ പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുന്നത്. നാം നിയോഗിച്ച ഉന്നതതല കമ്മീഷനുകളുടെ നിർദ്ദേശപ്രകാരമുള്ള കാര്യങ്ങളാണ് സമഗ്രമായ മാറ്റം സൃഷ്ടിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നത്. ഒരു പുതിയ നവവൈജ്ഞാനിക സമ്പദ്ഘടന കെട്ടിപ്പടുത്തുകൊണ്ടും കേരളത്തിന്റെ സാമ്പത്തികഘടനയുടെ വിപുലീകരണത്തിനും ജനങ്ങളുടെ ജീവിതനിലവാര വർദ്ധനവിനുമായി ഉന്നത വിദ്യാഭ്യാസ മേഖലയെ കൈകോർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുനയിക്കുന്നതിനാവശ്യമായ ഡിമാന്റ് അംഗീകരിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ കായികരംഗത്ത്

വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്. സംസ്ഥാനത്ത് 1200 കോടി രൂപയുടെ പുതിയ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പുതിയ കളിക്കളങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുവരികയുമാണ്. സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും കളിക്കളം നിർമ്മിക്കുകയെന്നുള്ള ഗവൺമെന്റിന്റെ പ്രഖ്യാപിതമായിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അംഗങ്ങളുടെ ആസ്തി വികസന ഫണ്ടും സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്തുകൊണ്ട് 140 കളിക്കളങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു.

സ്പോർട്സ് സ്കൂളുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കായിക കേരളത്തിന് അഭിമാനമായിട്ടുള്ള ഒരു കായിക വിദ്യാലയമായി ജി.വി. രാജ സ്പോർട്സ് സ്കൂളിനെ ഉയർത്തുന്നതിനും അതിന്റെ അടിസ്ഥാനസൗകര്യ വികസനങ്ങൾക്കുമായി ഏകദേശം 18 കോടിയോളം രൂപ ചെലവഴിച്ചു. 50-ാം വാർഷികത്തിലേയ്ക്ക് കടക്കുന്ന ജി.വി. രാജ സ്കൂളിന്റെ നിലവിലെ അക്കാദമിക് നിലവാരം

ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ഈ വിദ്യാലയത്തിന് കായിക പാഠപുസ്തകങ്ങൾ പ്രത്യേകം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും ആ പാഠപുസ്തകത്തിന്റെ ഫ്രെയിം വർക്ക് ഇപ്പോൾ നടന്നുവരികയുമാണ്. ചരിത്രത്തിലാദ്യമായി ഇത്തവണ ജി.വി. രാജ ഹൈസ്കൂളിൽ അക്കാദമിക് നിലവാരത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ മുഴുവൻ വിദ്യാർത്ഥികൾക്കും 'എ പ്ലസ്'-ഓടുകൂടി വിജയിക്കാൻ കഴിഞ്ഞുവെന്നുള്ളത് കായികപ്രവർത്തനങ്ങളോടൊപ്പം അക്കാദമിക് നിലവാരത്തിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്നതിന് ഏറ്റവും വലിയ തെളിവായി കാണാൻ കഴിയും. കായികപ്രവർത്തനങ്ങളുടെ രീതി മാറ്റുന്നതിന്റെ ഭാഗമായി മൈക്രോ ലെവൽ സ്പോർട്സ്യൂണിവേഴ്സിറ്റിതലങ്ങളിൽ കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി ലീഗ് മത്സരങ്ങൾ ആരംഭിക്കുന്ന കാര്യം ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ കോളേജുകളും

യൂണിവേഴ്സിറ്റികളും കേന്ദ്രീകരിച്ചിട്ടുള്ള ലീഗ് മത്സരങ്ങൾ ആരംഭിക്കുന്നതിലൂടെ കായിക രംഗത്ത് വലിയ മാറ്റങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആരംഭിക്കുന്നതിനുവേണ്ടി പഞ്ചായത്തുതലങ്ങളിൽ പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാനതല കായികവികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകളിലേയ്ക്ക് കൂടുതൽ ഫണ്ട് അനുവദിച്ചുകൊണ്ട് പ്രവർത്തനം വ്യാപിപ്പിക്കാനുള്ള നടപടികൾ കായിക വകുപ്പ് എടുത്തിട്ടുണ്ട്. യൂണിവേഴ്സിറ്റിതലങ്ങളിൽ കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി ലീഗ് മത്സരങ്ങൾ ആരംഭിക്കുന്ന കാര്യം ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ കോളേജുകളും യൂണിവേഴ്സിറ്റികളും കേന്ദ്രീകരിച്ചിട്ടുള്ള ലീഗ് മത്സരങ്ങൾ ആരംഭിക്കുന്നതിലൂടെ കായിക രംഗത്ത് വലിയ മാറ്റങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

യൂണിവേഴ്സിറ്റിതലങ്ങളിൽ കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി ലീഗ് മത്സരങ്ങൾ ആരംഭിക്കുന്ന കാര്യം ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ കോളേജുകളും യൂണിവേഴ്സിറ്റികളും കേന്ദ്രീകരിച്ചിട്ടുള്ള ലീഗ് മത്സരങ്ങൾ ആരംഭിക്കുന്നതിലൂടെ കായിക രംഗത്ത് വലിയ മാറ്റങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കായികമേഖലയെ മാറ്റിയെടുക്കുന്നതിന്റെയും സ്പോർട്സ് എക്കോണമി വിപുലപ്പെടുത്തുന്നതിന്റെയും ഭാഗമായി കേരളത്തിൽ രാജ്യത്താദ്യമായി കായിക ഉച്ചകോടി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി 5000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ഉച്ചകോടിയുടെ ഭാഗമായി ധാരാളം പ്രോജക്ടുകൾ ഇപ്പോൾ നടപ്പിൽ വന്നുകൊണ്ടിരിക്കുകയാണ്. BCCI അടക്കമുള്ള അസോസിയേഷനുകൾ, 1200 കോടി രൂപയാണ് BCCI ഇതിനുവേണ്ടി മുതൽ മുടക്കുന്നത്. അതിന്റെ ഒന്നാംഘട്ടമായി ആലുവയിൽ പുതിയ സ്ഥലം

കണ്ടെത്തുകയും അവിടെ സ്റ്റേഡിയത്തിന്റെ പണി ആരംഭിക്കാൻ പോകുകയുമാണ്. കായികമേഖലയിൽ പുതിയ ഉണർവ് നൽകുന്ന സ്പോർട്സ് എക്കോണമി, ഇന്ന് രാജ്യാന്തരതലത്തിൽ ആരംഭിക്കുന്ന ഏക സംസ്ഥാനമായി കേരളം മാറുകയാണ്. ലോകത്തുതന്നെ കായിക എക്കോണമിയെ വിപുലപ്പെടുത്തിയിട്ടുള്ള 5 രാജ്യങ്ങളിൽ ചൈനയടക്കമുള്ള രാജ്യങ്ങൾ കടന്നുവരികയും ഏറ്റവും പുതിയതായി സൗദി അറേബ്യ ഇത്തരത്തിൽ കായിക എക്കോണമിയെ വളർത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുള്ളത്. അങ്ങനെയാണ് മെസ്സി, റൊണാൾഡോ എന്നിവരെപ്പോലെയുള്ള ലോക ഫുഡ്ബോൾ താരങ്ങൾ സൗദി അറേബ്യയിൽ എത്തപ്പെട്ടത്. യൂണിവേഴ്സിറ്റിതലങ്ങളിൽ കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി ലീഗ് മത്സരങ്ങൾ ആരംഭിക്കുന്ന കാര്യം ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ കോളേജുകളും യൂണിവേഴ്സിറ്റികളും കേന്ദ്രീകരിച്ചിട്ടുള്ള ലീഗ് മത്സരങ്ങൾ ആരംഭിക്കുന്നതിലൂടെ

കായിക രംഗത്ത് വലിയ മാറ്റങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുപോലെ ഏറ്റവും അനുയോജ്യമായ കായിക പ്രവർത്തനങ്ങൾ നടത്താൻ പറ്റിയൊരു മണ്ണാണ് കേരളം. ഇതിനനുസൃതമായാണ് കായിക എക്കോണമി കൊണ്ടുവന്നിട്ടുള്ളത്. ഈ സാമ്പത്തികവർഷം ആയിരത്തോളം പുതിയ തൊഴിലവസരങ്ങൾ കായിക മേഖലയിൽ കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാത്രമല്ല, അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പതിനായിരത്തിലധികം തൊഴിലവസരങ്ങൾ കായിക മേഖലയിൽ സൃഷ്ടിക്കുകയെന്ന ലക്ഷ്യവുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇതിന്റെ ഭാഗമായി യൂണിവേഴ്സിറ്റികളിൽ കായിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പുതിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആരംഭിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം അഞ്ഞൂറോളം കായികയിനങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോച്ചിംഗ് സർട്ടിഫിക്കറ്റ് നൽകുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ നിരവധി പ്രവർത്തനങ്ങളുമായി കായിക വകുപ്പ് മുന്നോട്ടുപോവുകയാണ്. കേരളത്തിലെ

പുതിയ തലമുറയ്ക്ക് കായിക വിദ്യാഭ്യാസം നൽകുന്നതിനും അതോടൊപ്പം കായിക പ്രവർത്തനങ്ങൾ നടത്തുന്നതിനുംവേണ്ടിയുള്ള നടപടികൾ കായികവകുപ്പ് സ്വീകരിക്കുന്നുണ്ട്. 'കായികക്ഷമതാ മിഷൻ' എന്ന പദ്ധതിയുടെ പ്രവർത്തനം ഏറ്റവും നല്ലരീതിയിൽ നടന്നുവരികയാണ്. 'എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം' എന്ന മുദ്രാവാക്യത്തോടുകൂടി കായികവകുപ്പ് ഏറ്റവും നല്ല പ്രവർത്തനങ്ങളാണ് നടത്തുന്നത്. ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ., ഉൾപ്പെടെയുള്ള അംഗങ്ങൾ പറഞ്ഞ പ്രസക്തമായ കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇക്കാര്യങ്ങളിൽ ധനകാര്യവകുപ്പിന്റെ കൂടുതൽ സഹായമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ധനാഭ്യർത്ഥനയിന്മേലുള്ള വിഹിതം അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ടും നിർത്തുന്നു, നന്ദി.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പ്രസ്തുത ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യമുള്ള ചില പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിനുള്ള

മറുപടിയായി ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറഞ്ഞ് അവസാനിപ്പിക്കാൻ തീരുമാനിക്കുകയാണ്.

മി. സ്പീക്കർ: സമയ കൃത്യത പാലിക്കണം.

ശ്രീ. സജി ചെറിയാൻ: സർ, അങ്ങ് പറയുന്നതിനെക്കാൾ മുമ്പ് നിർത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: Thank you.

ശ്രീ. സജി ചെറിയാൻ: സർ, ശ്രീ. സി. ആർ. മഹേഷ് എം.എൽ.എ., കലാകാരന്മാരുടെ പെൻഷനുമായി ബന്ധപ്പെട്ട കാര്യം ഇവിടെ പറഞ്ഞു. കലാകാരൻമാർക്ക് നിലവിൽ ഒരു കുടിശ്ശികയുമില്ലാതെ 1600 രൂപ പെൻഷൻ നൽകുന്നുണ്ട്. സംഗീത നാടക അക്കാദമിയെ സംബന്ധിച്ച മൂന്ന് ഫെല്ലോഷിപ്പുകളെക്കുറിച്ച് പറഞ്ഞിരുന്നു. വിവിധ കലാമേഖലയിലുള്ളവർക്ക് 17 അവാർഡുകളും മുതിർന്ന കലാകാന്മാർക്ക് 22 ഗുരുപൂജ അവാർഡുകൾ ഉൾപ്പെടെ സംസ്ഥാന പ്രൊഫഷണൽ നാടക മത്സരത്തിൽ 20 വിഭാഗങ്ങളിലും അവാർഡുകൾ നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ സംഗീതരംഗത്ത് ദേശീയ പുരസ്കാരമായി സ്വാതി പുരസ്കാരം നൽകുന്നുണ്ട്. രണ്ടുലക്ഷം രൂപയും ശില്പവും

പ്രശസ്തിപത്രവുമാണ് നൽകുന്നത്. നാടകത്തിന് സമഗ്ര സംഭാവന നൽകിയവർക്ക് എസ്.എൽ.പുരം സദാനന്ദൻ പുരസ്കാരവും സംസ്ഥാന സർക്കാർ പുരസ്കാരവും നൽകുന്നുണ്ട്. ഒരു ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവുമാണ് നൽകുന്നത്. നാടകത്തിന്റെ സെറ്റ് പ്രവർത്തകർക്ക് നിലവിൽ അവാർഡുകൾ നൽകുന്നില്ല. അതുസംബന്ധിച്ച് മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും ശ്രീ. ഗോപിനാഥ് കോഴിക്കോട് ചെയർമാനും ശ്രീ. ജോൺ ഫെർണാണ്ടസ് അംഗവും സംഗീത നാടക അക്കാദമി സെക്രട്ടറി ശ്രീ. കരിവെള്ളൂർ മുരളി മെമ്പർ സെക്രട്ടറിയുമായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നാടകവുമായി ബന്ധപ്പെട്ട് നാടക കലാകാരന്മാരെ സഹായിക്കാൻ വേണ്ടിയുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ ഒരു സ്ഥിരം നാടകവേദി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്; കായംകുളം മണ്ഡലത്തിൽ തോപ്പിൽ ഭാസിയുടെ നാമധേയത്തിൽ ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അഭിമാനകരമായൊരു പദ്ധതിയായി അത് പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്.

ഭിന്നശേഷി കലാകാരന്മാർക്കുവേണ്ടി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീമതി ദെലീമ ഇവിടെ പറഞ്ഞു. കേരളത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഭിന്നശേഷിക്കാർക്കുവേണ്ടി രണ്ട് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ ആദ്യത്തേത് ഭാരത് ഭവൻ വഴി നടപ്പിലാക്കിയ സർഗോത്സവവും രണ്ടാമത്തേത് കേരളീയം പരിപാടിയിൽ അവർക്ക് പ്രത്യേക വേദി നൽകി പ്രോത്സാഹിപ്പിക്കുക എന്നതുമാണ്. സാംസ്കാരിക വകുപ്പിനുകീഴിൽ ധാരാളം അക്കാദമികളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്ഥാപനങ്ങളെയും ഫലപ്രദമായി നയിക്കുന്ന നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി ഈ മൂന്നുവർഷക്കാലംകൊണ്ട് എല്ലാ സ്ഥാപനങ്ങളേയും മെച്ചപ്പെട്ട നിലയിലെത്തിക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് സർക്കാർ വിലയിരുത്തുന്നത്. അതിൽ താരതമ്യേന പിന്നിൽനിന്ന കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ നേതൃത്വത്തിൽ എല്ലാ സ്ഥലങ്ങളിലും വായനാ പഠന കേന്ദ്രങ്ങൾ ഇപ്പോൾ ആരംഭിച്ചുവരുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഇത്തരത്തിലുള്ള രണ്ട് കേന്ദ്രങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

വാസ്തുവിദ്യാ ഗുരുകുലത്തെ ഒരു ലോക പ്രസിദ്ധ സ്ഥാപനമാക്കി വളർത്തുന്നതിനുവേണ്ടിയുള്ള പരിശ്രമം തുടങ്ങിയിട്ടുണ്ട്. മുൻകാലങ്ങളിലേതിൽ നിന്നും കേരള ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനം വളരെയധികം മുന്നോട്ടുപോയിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ധാരാളം പുതിയ പദ്ധതികൾ ഏറ്റെടുത്തുവരികയാണ്. അതുപോലെതന്നെ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.എഫ്.ഡി.സി.)-ൽ ഇപ്പോൾ 150 കോടി രൂപയുടെ പദ്ധതി നടപ്പാക്കുകയാണ്. കെ.എസ്.എഫ്.ഡി.സി.-യ്ക്കുപുറെ ഭാരത് ഭവന്റെയും മലയാള മിഷന്റെയും പ്രവർത്തനങ്ങളിൽ നല്ലരീതിയിൽ മാറ്റമുണ്ടായിട്ടുണ്ട്. നിലവിൽ ശാക്തീകരിക്കപ്പെട്ട സ്ഥാപനങ്ങളോടൊപ്പം പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന എല്ലാ സ്ഥാപനങ്ങളെയും മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഒരുഭാഗത്ത് ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ ശാക്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം വർത്തമാനകാലത്തെ സാമൂഹിക യാഥാർത്ഥ്യങ്ങൾകൂടി മനസ്സിലാക്കിക്കൊണ്ടുള്ള ചില പദ്ധതികൾ ഗവൺമെന്റ് ഏറ്റെടുക്കുന്നുണ്ട്. അതിലൊന്ന്,

നവോത്ഥാനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. അങ്ങേയ്ക്ക് അറിയാവുന്നപോലെ ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ 1924 മാർച്ച് 13-ന് ആലുവയിൽ വച്ചുനടന്ന സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം വിപുലമായ തരത്തിലാണ് കേരള ഗവൺമെന്റ് ഏറ്റെടുത്തത്. നവോത്ഥാന സന്ദേശങ്ങളുടെ ഭാഗമായുള്ള സർവ്വമത സമ്മേളനങ്ങൾ തിരുവനന്തപുരത്തെ ചെമ്പഴന്തിയിലും ആലപ്പുഴയിലും കൊല്ലത്തും നടത്തുകയുണ്ടായി. ബാക്കിയുള്ള മുഴുവൻ ജില്ലകളിലും നടത്താൻ സാധിക്കുന്ന വിധത്തിലൊരു പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

അതുപോലെ, വൈക്കം സത്യാഗ്രഹത്തിന്റെ 100-ാം വാർഷികവുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ചരിത്രത്തെക്കുറിച്ച് പുതുതലമുറയേയും ജനങ്ങളേയും പഠിപ്പിക്കേണ്ടൊരു സാഹചര്യം വർത്തമാനകാല രാഷ്ട്രീയത്തിൽ വന്നിട്ടുണ്ടെന്ന കാര്യം മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അതുപോലെതന്നെ സർവ്വമേഖലാ സ്പർശിയായ കലാപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ

പ്രധാനപ്പെട്ടൊരു പദ്ധതിയായ ആദിവാസി മേഖലയിലെ ഗോത്രോൽസവങ്ങൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കാൻ സാധിച്ചു. പാലക്കാട് ജില്ലയിൽനടന്ന ഈ ഗോത്രോൽസവത്തിൽ ആയിരക്കണക്കിന് ആളുകളാണ് പങ്കെടുത്തത്. ഏതാണ്ട് ആയിരം കലാപ്രതിഭകൾക്ക് മൂവായിരം രൂപ വീതമാണ് ഗോത്ര കലോത്സവത്തിലൂടെ ചെലവഴിച്ചത്. ഭിന്നശേഷി സർഗോത്സവത്തിലൂടെ 645 കലാപ്രതിഭകൾക്ക് 3000 രൂപ വീതം വിതരണം ചെയ്യാനും മികച്ച കലാപ്രവർത്തനം നടത്താനും സാധിച്ചു. കോവിഡ് കാലത്തും അതിനുശേഷവും നടപ്പിലാക്കിയ 'മഴമിഴി' പദ്ധതിയിലൂടെ ഏതാണ്ട് 1681 കലാപ്രതിഭകൾക്ക് 2500 രൂപ വീതം നൽകുകയുണ്ടായി. 2024 ജൂലൈ മാസത്തിൽ കേരളത്തിലെ 9 തീരമേഖലകളിലും 'കടലോര കലകളുടെ സമഗ്രോത്സവം' എന്ന പദ്ധതി നടപ്പിലാക്കുകയാണ്. കേരളത്തിൽ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ കലാപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ധാരാളം പദ്ധതികൾ സാംസ്കാരിക വകുപ്പ് ആവിഷ്കരിക്കുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള ഒ.ടി.ടി. പ്ലാറ്റ്ഫോമായ 'സി സ്പേസ്' ഇന്ത്യയിൽ ആദ്യമായി കൊണ്ടുവന്നത് കേരളത്തിലാണെന്ന്

അഭിമാനത്തോടെ പറയാൻ സാധിക്കുന്നതാണ്; അതിന്റെ ഉദ്ഘാടനവും നടത്തിക്കഴിഞ്ഞു. 150 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവർത്തനങ്ങളാരംഭിക്കുകയും ആയതിന്റെ 60 ശതമാനം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. പട്ടികജാതി വിഭാഗത്തിനും വനിതകൾക്കുമുള്ള സിനിമ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ആരംഭിച്ചത്. ഇപ്പോൾ രണ്ടുമൂന്ന് സിനിമകൾ നിർമ്മിച്ച് നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. എല്ലാ കാര്യങ്ങളും ഞാനിവിടെ വിശദീകരിക്കുന്നില്ല; ഇതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ പറയാനുണ്ട്. സാംസ്കാരിക സമുച്ചയങ്ങളുടെ കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ; നവോത്ഥാന നായകൻ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം കൊല്ലത്ത് ഉദ്ഘാടനം ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാടും കാസർഗോഡും സമുച്ചയത്തിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ഇടുക്കി, കോട്ടയം, കണ്ണൂർ, ആലപ്പുഴ എന്നീ നാലിടത്തും സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ

പ്രവർത്തനങ്ങൾ ഏറ്റവും വേഗത്തിലാരംഭിക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

രാഷ്ട്രീയം പറയരുതെന്ന് കരുതിയാണ് ഇവിടെ വന്നതെങ്കിലും അതുമായി ബന്ധപ്പെട്ടൊരു പ്രശ്നം പറയാതിരിക്കാൻ സാധിക്കില്ല. ജനങ്ങളാകെ നിരാകരിച്ച ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ എന്തിനാണ് പിന്തുണക്കുന്നതെന്ന് ബഹുമാനപ്പെട്ട സണ്ണി ജോസഫും ശ്രീ. അൻവർ സാദത്തും പ്രസംഗമധ്യേ ഇവിടെ ചോദിക്കുകയുണ്ടായി. അതിന് ഒറ്റവാക്കിൽ ഞാൻ മറുപടി പറയാം. കേരളത്തിൽ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിന്റെയും നിയമസഭാ തിരഞ്ഞെടുപ്പിന്റെയും ട്രെൻഡ് വ്യത്യസ്തങ്ങളാണ്. 2004-ൽ 38.38-ൽനിന്ന് 2009-ൽ 47.73, 2014-ൽ 41.98, 2019-ൽ 47.48, 2024-ൽ 45.21 ഇതാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ലഭിച്ച വോട്ടിന്റെ പാറ്റേൺ. ഇന്ത്യ ഭരിക്കാൻ പോകുന്ന ഒരു രാഷ്ട്രീയ വികാരം ഈ തിരഞ്ഞെടുപ്പിനുണ്ട്. മുഴുവൻ ജനങ്ങളെയും വലയിട്ട് കോരിയതുപോലെ കിട്ടിയെന്ന് യു.ഡി.എഫ്. ധരിക്കരുത്. രണ്ടാമത്തെ ട്രെൻഡ് എന്താണെന്നതുകൂടി നിങ്ങൾ മനസ്സിലാക്കണം. ഇവിടെ നിങ്ങൾക്ക് 10 ശതമാനം വോട്ട് കുറയുമ്പോൾ

നിയമസഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് 2001-ൽ 43.7, 2006-ൽ 48.63 2013-ൽ 44.94, 2016-ൽ 43.48, 2021-ൽ 45.43. ലോക്സഭ തിരഞ്ഞെടുപ്പുകളിലെ പാറ്റേൺ വച്ച് എൽ.ഡി.എഫ്-ന്റെ 12 ശതമാനം വോട്ട് കുറയുമ്പോൾ 2001 മുതലുള്ള നിയമസഭാ തിരഞ്ഞെടുപ്പുകളുടെ കണക്കെടുത്താൽ യു.ഡി.എഫ്-ന്റെ 11 ശതമാനം വോട്ട് കുറഞ്ഞു. ഇടതുപക്ഷത്തിന് കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ തുടർച്ചയായ മുന്നേറ്റം വരികയും ലോക്സഭ തിരഞ്ഞെടുപ്പിൽ തുടർച്ചയായ വോട്ട് കുറവും വരുന്ന ട്രെൻഡാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തവണ ഇത്രയും സീറ്റ് ലഭിച്ചതുകൊണ്ട് അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ ജയിക്കുമെന്ന് വിചാരിച്ച് യു.ഡി.എഫ്. അഹങ്കരിക്കേണ്ട. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ എൽ.ഡി.എഫ്-ന് തുടർഭരണമുണ്ടാകുമെന്ന് ഞാനീ സഭയിൽ പറഞ്ഞിരുന്നു. ഈ നിയമസഭാ സമ്മേളനത്തിൽ ഞാൻ വീണ്ടും പറയുകയാണ്; യു.ഡി.എഫ്-ന്റെ ഈ അഹങ്കാരത്തിന് തിരിച്ചടി നേരിടാൻ പോകുന്നു. തുടർച്ചയായ ഭരണത്തിലേയ്ക്ക്

ഇടതുപക്ഷം വരുമെന്ന കാര്യംകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പുരാവസ്തു, പുരാരേഖ, മ്യൂസിയം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ബജറ്റ് നിർദേശങ്ങളെക്കുറിച്ച് നിരവധി കാര്യങ്ങൾ സംസാരിക്കാനുണ്ടെങ്കിലും സമയപരിമിതിയുള്ളതിനാൽ വളരെ ചുരുക്കിയാണ് പറയുന്നത്. കേരള ചരിത്രവും സംസ്കാരവുമൊക്കെ മാറ്റിയെഴുതാനും ചരിത്ര നേതാക്കന്മാരെ തമസ്കരിക്കാനുള്ള ശ്രമങ്ങളും രാജ്യത്ത് നടക്കുമ്പോഴാണ് നമ്മുടെ മഹത്തായ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും ശേഷിപ്പുകളും ചരിത്ര സ്മാരകങ്ങളും പുരാരേഖകളും സംരക്ഷിക്കുന്നതിനുള്ള കാര്യക്ഷമവും സമഗ്രവുമായ ഇടപെടലുകൾ അത്യാവശ്യമായി വരുന്നത്. നമ്മുടെ നിരവധി ചരിത്രസൂക്ഷിപ്പുകളിൽ അടുത്ത കാലത്ത് നടന്നുകൊണ്ടിരിക്കുന്ന ചില കാര്യങ്ങൾ ഏറെ ഉത്കണ്ഠാകുലമാക്കുന്നതാണ്. ഗാന്ധിജിയുടെ ഘാതകനെ ചരിത്ര പുരുഷനായി മാറ്റണമെന്നും നാട്ടിലുടനീളം ക്ഷേത്രങ്ങളും പ്രതിമകളും സ്ഥാപിക്കണമെന്നുമാണ് പാർലമെന്റിലെ ഒരു ഭരണകക്ഷിയംഗം

സംസാരിച്ചത്. രാജ്യത്തെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വലിയൊരു സംഭാവനയായ പഞ്ചവത്സര പദ്ധതിയേയും പ്ലാനിംഗ് കമ്മീഷനേയും കേന്ദ്ര സർക്കാർ പാടെ അവഗണിച്ചു. പ്രതിഷേധിക്കേണ്ട പലരുമുണ്ടായിരുന്നു. പക്ഷെ, ഈ രണ്ട് കാര്യങ്ങളും സംരക്ഷിച്ചുകൊണ്ട് എന്റെ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്ന് പറയാൻ ആത്മധൈര്യമുള്ള ഇന്ത്യയിലെ ഏക മുഖ്യമന്ത്രി സഖാവ് പിണറായി വിജയനായിരുന്നു. താളിയോല ഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠന ഗവേഷണങ്ങൾക്ക് വേണ്ടത്ര സൗകര്യം നിലവിലില്ലാത്തതിനാൽ ആയതിന് പരിഹാരമായി തിരുവനന്തപുരത്ത് അന്താരാഷ്ട്ര നിലവാരത്തിലൊരു ആർക്കൈവൽ സ്റ്റഡീസ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരികയാണ്. കേരള സർവ്വകലാശാലയുമായി സഹകരിച്ച് കാര്യവട്ടം കാമ്പസിൽ സ്ഥാപിക്കപ്പെടുന്ന ഈ കേന്ദ്രം അന്താരാഷ്ട്ര സൗകര്യങ്ങളുള്ള ആധുനിക റിസർച്ച് സെന്ററാക്കി മാറ്റാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. 'തീമാറ്റിക് മ്യൂസിയങ്ങൾ അഥവാ കഥ പറയുന്ന മ്യൂസിയങ്ങൾ' എന്ന ആധുനിക മ്യൂസിയം സങ്കല്പങ്ങൾക്കനുസരിച്ച്

സംസ്ഥാന മ്യൂസിയം വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളെല്ലാം അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായാണ് പയ്യന്നൂരിലെ ഗാന്ധി സ്മൃതി മ്യൂസിയം, വൈക്കം സത്യാഗ്രഹ ഗാന്ധിസ്മാരക മ്യൂസിയം, കൈത്തറി മ്യൂസിയം, രാജാ രവിവർമ്മ ആർട്ട് ഗ്യാലറി, എ.കെ.ജി. മ്യൂസിയം, കുടിയേറ്റ മേഖലയിലെ വെള്ളാപ്പിള്ളി പിതാവിന്റെ സ്മാരകമായിട്ടുള്ള സ്മാരക മ്യൂസിയം ഇവയെല്ലാം പ്രാവർത്തികമാകുന്നത്. ഇതുപോലുള്ള നിരവധി സംഭാവനകൾ സൃഷ്ടിക്കപ്പെടണമെന്ന് ആഗ്രഹമുണ്ട്. അതിനാവശ്യമായ പിന്തുണകൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായാൽ ഇവയൊക്കെ വേഗത്തിൽ പൂർത്തീകരിക്കാൻ സാധിക്കും. വ്യത്യസ്തമായ കഥ പറയുന്ന നിരവധി മ്യൂസിയങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കപ്പെടുകയാണ്. ഇവയെ അവലോകനം ചെയ്യുന്നതിനും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുംവേണ്ടി മ്യൂസിയം കമ്മീഷൻ രൂപീകരിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നത്. നമ്മുടെ ചരിത്രത്തെയും ചരിത്ര നായകന്മാരെയും അവരുടെ മഹത്തായ

സംഭാവനകളെയും തമസ്കരിക്കാനും വികലവും വികൃതവുമാക്കാനുള്ള ഗൂഢശ്രമങ്ങൾക്കെതിരെ ജീവസുറ്റ തെളിവായി ഈ ശേഷിപ്പുകൾ സംരക്ഷിക്കപ്പെടുകയും പരിരക്ഷിക്കപ്പെടുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള നിർദേശങ്ങളാണ് മ്യൂസിയം, പുരാവസ്തു, പുരാരേഖ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്. ആ ബജറ്റ് നിർദേശങ്ങളെല്ലാംതന്നെ സ്വീകരിച്ചുകൊണ്ടും പ്രാവർത്തികമാക്കിക്കൊണ്ടും സർക്കാർ രൂപീകരിച്ചിട്ടുള്ള ബഹുമുഖമായ പരിപാടികൾ പ്രാവർത്തികമാക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, കേരളത്തിന്റെ കാർഷിക മേഖലയിൽ വലിയ മുന്നേറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞൊരു കാലഘട്ടമാണിത്. സാധാരണഗതിയിൽ കാർഷികമേഖലയിലെ ഉല്പാദനത്തെക്കുറിച്ചാണ് എപ്പോഴും പറഞ്ഞിരുന്നത്; അത് പ്രൈമറി അഗ്രികൾച്ചർ ആണ്. പ്രൈമറി അഗ്രികൾച്ചറിനോടൊപ്പം സെക്കണ്ടറി അഗ്രികൾച്ചറിനും പ്രാധാന്യം

നൽകിയാൽ മാത്രമേ കാർഷിക മേഖലയിൽ കർഷകന് മെച്ചമുണ്ടാക്കാൻ കഴിയുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ ഉല്പാദനം കഴിഞ്ഞാൽ പിന്നീട് വരുന്ന സംസ്കരണം, മൂല്യവർധനവ് എന്നിങ്ങനെയുള്ള സെക്കണ്ടറി അഗ്രികൾച്ചറിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ട്, ഉയർന്ന നിലവാരത്തിലുള്ള രുചിയും ഗുണമേന്മയുമുള്ള കാർഷികോല്പന്നങ്ങൾക്ക് ഈ നാട് ലോക ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. എന്നാലും കാർഷിക മേഖലയിൽ ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഉല്പാദനത്തിന്റെ കുറവ്, വരുമാനത്തിന്റെ കുറവ്, കാലാവസ്ഥയിലുണ്ടാകുന്ന പ്രശ്നങ്ങൾ, പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവയെല്ലാം കാരണം കാർഷികമേഖലയിൽനിന്നും ആളുകൾ പിന്തിരിയുന്ന പ്രവണതയ്ക്ക് മാറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ടൊരു കാര്യമാണ്. ടെക്കികൾ ഉൾപ്പെടെയുള്ളവർ കേരളത്തിന്റെ കാർഷിക മേഖലയിൽ സജീവമാകുന്നുവെന്ന് മുഖ്യധാരാ കാർഷിക പ്രസിദ്ധീകരണങ്ങളടക്കം വരുന്ന വാർത്തകളെപ്പറ്റി ഞാൻ പ്രത്യേകമായി പറയുന്നില്ല. കൃഷിയിൽ ജനകീയ

പങ്കാളിത്തമുറപ്പാക്കാൻ വേണ്ടിയാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ഈ ഗവൺമെന്റ് ആവിഷ്കരിച്ചത്. അതിന്റെ ഭാഗമായി വ്യക്തമായ കാഴ്ചപ്പാടോടെ നടപ്പിലാക്കപ്പെട്ട 'വിഷൻ 2026' എന്ന പദ്ധതി ഏറെ പ്രാധാന്യമുള്ള ഒന്നായിത്തന്നെയാണ് കണക്കാക്കപ്പെടുകയാണ്. നെല്ല്, പച്ചക്കറി, നാളികേരം, പഴവർഗങ്ങൾ എന്നിവ കേരളത്തിന്റെ പ്രധാനപ്പെട്ട വിളകളായതിനാൽ അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെല്ലാം കേരളത്തിൽ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കേരളത്തോടുള്ള വിവേചനത്തെത്തുടർന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും നേരത്തെ പരാമർശിച്ച കാർഷികയിനങ്ങളുമായി ബന്ധപ്പെട്ട് കാർഷിക മേഖലയ്ക്ക് വലിയ സഹായങ്ങൾ ചെയ്യുന്നുണ്ട്. നെൽകൃഷിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സമഗ്ര നെൽകൃഷി വികസന പദ്ധതിയിലൂടെ 269 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന ചരിത്രത്തിലാദ്യമായി നെല്ലിന്റെ ഉല്പാദന ക്ഷമത ഏറ്റവും ഉയർന്നതലത്തിൽ അതായത്, ഹെക്ടറിന് 4744 കിലോഗ്രാമായി മാറിയെന്നതും ഏറ്റവും

പ്രധാനപ്പെട്ട നേട്ടം തന്നെയാണ്. തരിശുനിലത്തിലെ കൃഷി പ്രോത്സാഹിപ്പിച്ചും നെൽവയലുകൾ തരം മാറ്റുന്നത് തടഞ്ഞും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞതുകൊണ്ടും പ്രോത്സാഹന ബോണസ്, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിപ്രകാരം വിത്തുകൾ ഉല്പാദിപ്പിച്ച് നൽകിയുമാണ് ഈ നേട്ടങ്ങളിലെല്ലാം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. നാളികേരത്തിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം 232 കേരഗ്രാമങ്ങളാണ് കേരളത്തിൽ സൃഷ്ടിച്ചെടുത്തത്. പദ്ധതിയുടെ ഭാഗമായി 202.1 കോടി രൂപ ചെലവിൽ 33486 ഹെക്ടറിൽ നാളികേരകൃഷി പ്രോത്സാഹിപ്പിക്കാനായി. ഉല്പാദനത്തിന്റെ കാര്യത്തിലും ഉല്പാദനക്ഷമതയുടെ കാര്യത്തിലും പുറകിലോട്ട് പോയിരുന്നൊരനുഭവം കേരളത്തിലുണ്ടായിരുന്നു. എന്നാൽ കേരഗ്രാമങ്ങളുണ്ടായ ഇടങ്ങളിൽ ഹെക്ടറിന് 10739 തേങ്ങ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടെന്ന് അഗ്രികൾച്ചർ പ്രൈസസ് ബോർഡിന്റെ പഠനത്തിൽ കണ്ടെത്തിയത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കർഷകർക്ക് ഇടവിളകളുൾപ്പെടെ നൽകുമ്പോൾ ഹെക്ടർ ഒന്നിന് 20927 രൂപ അധിക

വരുമാനമുണ്ടാക്കാൻ കഴയുന്നുവെന്നതും കണക്കുകൾ തെളിയിക്കുന്നുണ്ട്. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ ചില പ്രയാസങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട അംഗങ്ങളിൽ ചിലർ ചൂണ്ടിക്കാണിച്ചു. എവിടെയെങ്കിലും നാളികേരം സംഭരിക്കേണ്ടതുണ്ടെങ്കിലോ സംഭരിക്കുന്നതിൽ എന്തെങ്കിലും പ്രയാസങ്ങൾ നേരിടുന്നുണ്ടെങ്കിലോ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചാൽ അവിടെയെല്ലാം സംഭരണശാലകൾ തുറക്കാൻ തയ്യാറാണെന്ന് നേരത്തെയും സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അങ്ങനെ ചൂണ്ടിക്കാട്ടിയ ഇടങ്ങളിലെല്ലാം സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന് 17.21 ലക്ഷം ടൺ പച്ചക്കറി ഉല്പാദനത്തിലേയ്ക്ക് എത്താൻ സാധിച്ചിട്ടുണ്ട്. 2015-16-ൽ പച്ചക്കറിയുല്പാദനം 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നിടത്ത് നിന്നാണ് ഉല്പാദനം ഇരട്ടിയിലധികമാക്കി കേരളത്തിന് മുന്നേറാൻ കഴിഞ്ഞതെന്നത് ചെറിയൊരു കാര്യമല്ല. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്ന അവസരത്തിലും പച്ചക്കറി വികസന പദ്ധതിക്ക് 21.48 കോടി രൂപയും അതിന്റെ കുടിശ്ശിക 17 കോടി രൂപയും അടുത്തിടെ അനുവദിച്ചിട്ടുണ്ട്.

ഏകദേശം ഒരാഴ്ചയ്ക്കകം കർഷകർക്ക് ആ പണം ലഭ്യമാകുന്ന തരത്തിലേയ്ക്കെത്തും.

പച്ചക്കറിയുടെ കാര്യത്തിൽ ഇന്ന് രാവിലെയും ചർച്ച നടന്നതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. ഇടുക്കി ജില്ലയുടെ കാര്യത്തെ ആദരണീയനായ പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചു. വളരെ ഗൗരവമായാണ് അക്കാര്യത്തിൽ ഇടപെട്ടത്. കർഷകരിൽനിന്ന് പച്ചക്കറി സംഭരിക്കുകയെന്നതിന് തന്നെയാണ് സർക്കാർ ഇപ്പോൾ പ്രാധാന്യം നൽകുന്നത്. കർഷകരെ മുന്നിൽനിർത്തി ചില ഇടനിലക്കാർ ഈ മേഖലയിൽ പ്രവർത്തിക്കുന്നത് സർക്കാർ സംവിധാനങ്ങളെയാകെ ദുർബലപ്പെടുത്താൻ നടത്തുന്ന നീക്കമായിട്ടുതന്നെയാണ് ബോധ്യപ്പെട്ടത്. ഇടുക്കി ജില്ലയിൽ ശീതകാല പച്ചക്കറികളുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രം വട്ടവട, കാന്തല്ലൂർ മേഖലകളാണ്. അവിടെ കൃഷിഭവനിൽ അല്ലെങ്കിൽ ഹോർട്ടികോർപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരിൽനിന്നുള്ള (രജിസ്റ്റർ ചെയ്ത എന്ന ഒരു മാനദണ്ഡം പറയുമ്പോൾ, രജിസ്റ്റർ ചെയ്യാൻ മറ്റ് തടസ്സങ്ങളൊന്നുമില്ല; യഥാർത്ഥ കർഷകരാണെന്ന് ഉറപ്പുവരുത്തുക മാത്രമെ ചെയ്യുന്നുള്ളൂ) മുഴുവൻ

പച്ചക്കറിയും സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ എന്നീ പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറിയും ഹോർട്ടികോർപ്പിലൂടെ സംഭരിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതായിരിക്കും. ഇന്ന് രാവിലെ ഇടുക്കി ജില്ലയുടെ കാര്യം ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് ഇക്കാര്യം പറയുന്നത്. കർഷകൻ ഉല്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറിയും കർഷകരിൽനിന്ന് നേരിട്ട് സംഭരിക്കുന്നതിന് സർക്കാർ തയ്യാറാണെന്ന് അറിയിക്കുന്നു. കഴിഞ്ഞ വർഷം ഓണക്കാലത്തെ മുഴുവൻ പച്ചക്കറികളും സംഭരിച്ചിട്ടുണ്ട്. രാവിലെ വിലക്കയറ്റത്തിന്റെ കാര്യം പറഞ്ഞതുപോലെ, ഇക്കൊല്ലവും ഓണക്കാലംകൂടി കണക്കിലെടുത്തുകൊണ്ട് അതിനനുസരിച്ച് കഴിഞ്ഞ ദിവസംകൂടിയ യോഗത്തിൽ നിർദേശം നൽകിയിട്ടുണ്ട്. 2024 മാർച്ച് 31 വരെയുള്ള മുഴുവൻ തുകയും കർഷകർക്ക് കൊടുത്തുതീർത്തിട്ടുണ്ടെന്ന വിവരവും സഭയെ അറിയിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ സാധാരണക്കാരായ ആളുകളും ഇടത്തരം കർഷകരുമാണ് വട്ടവടയിൽ പച്ചക്കറി

കൃഷി നടത്തുന്നത്. അവർക്ക് ഓണത്തിനുശേഷം എത്രയോ മാസം കഴിഞ്ഞാണ് തുക നൽകിയത്; ബാക്കി കുടിശ്ശികയും ലഭിക്കാനുണ്ട്. ആറുമാസം കഴിഞ്ഞിട്ടും പച്ചക്കറി സംഭരിച്ചതിന്റെ വില നൽകിയിട്ടില്ല. അതുകൊണ്ട് കൃഷിക്കാർ ഹോർട്ടികോർപ്പിന് പച്ചക്കറി നൽകുന്നത് അവസാനിപ്പിച്ച് ഇടനിലക്കാർവഴി വിലകുറച്ച് വിറ്റുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പ്രസാദ്: സർ, ഈ പറയുന്ന കാര്യത്തിൽ യാഥാർത്ഥ്യമില്ല. കർഷകർക്ക് ഒരു മാസത്തിൽ കൂടുതൽ കുടിശ്ശികയുണ്ടാകില്ലെന്ന് ഞാൻ ഉറപ്പുതരുന്നു. അവിടെ ഇടനിലക്കാരുണ്ട്; അവർക്ക് ഒരുപാട് ഉദ്ദേശ്യങ്ങളുമുണ്ട്. അതിന് നിന്നുകൊടുക്കാൻ നമുക്കാർക്കും സാധിക്കില്ല. അക്കാര്യം ആര് ചൂണ്ടിക്കാണിച്ചാലും നേരിട്ടിടപെടുന്നതിന് ഞാൻ തയ്യാറാണെന്ന് സഭയെ അറിയിക്കുന്നു. ഇക്കാര്യത്തിൽ 2024 മാർച്ച് 31 വരെ കർഷകരിൽനിന്ന് സംഭരിച്ച മുഴുവൻ പച്ചക്കറിയുടെയും തുക നൽകിയിട്ടുണ്ട്. പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ വട്ടവട പ്രദേശത്തെ വളരെ പാവപ്പെട്ടവരായ കർഷകരുടെ തുക മുഴുവനും നൽകിയിട്ടുണ്ട്. ഇതിനായൊരു റിവോൾവിംഗ് ഫണ്ട്

ഏർപ്പാടാക്കുന്നകാര്യം രാവിലെ ചർച്ചയിൽ പരാമർശിച്ചതിന്റെ ഭാഗമായി പ്രത്യേകം പരിഗണിക്കുമെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

2023 ഇന്റർനാഷണൽ ഇയർ ഓഫ് മില്ലറ്റ്സ് ആയിരുന്നു. മില്ലറ്റിന്റെ പ്രാധാന്യം കൂടുതലായി പറയുന്നില്ല. അട്ടപ്പാടി കേന്ദ്രീകരിച്ച് 940 ഹെക്ടറിൽ മില്ലറ്റ് കൃഷി ചെയ്തിട്ടുണ്ട്. ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. അവിടത്തെ ഉല്പന്നങ്ങൾ സെക്കണ്ടറി അഗ്രികൾച്ചർ എന്ന മൂല്യവർധിത ഉല്പന്നങ്ങളുടെ ഭാഗമായി വിപണനം ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷംതന്നെ എല്ലാ ജില്ലകളിലും മില്ലറ്റ് കഫേകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു. കേരളത്തിലെ ഫാമുകൾ ഏറ്റവും കൂടുതൽ ശക്തിപ്പെട്ട ഒരു കാലയളവാണിത്. തൈകളും വിത്തുകളും കൂടുതലായി ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ ഫാമുകൾക്ക് സാധിച്ചിട്ടുണ്ട്. നേരത്തെ ഓരോ വിളകളെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിയായിരുന്നു ഉണ്ടായിരുന്നത്. അതിൽനിന്നും കൃഷിയിടത്തെ അടിസ്ഥാനപ്പെടുത്തിയ കൃഷിയിലേയ്ക്ക്

മാറിയിരിക്കുകയാണ്. ഇന്ന് കേരളത്തിൽ 21520 ഫാം പ്ലാനുകകളുണ്ടായിട്ടുണ്ട്. ഈ ഫാം പ്ലാനുകളുടെ അടിസ്ഥാനത്തിൽ 100 എഫ്.പി.ഒ.-കൾ (Farmer Producer Organization) സൃഷ്ടിക്കാനായെന്നതാണ് ഏറ്റവും പ്രധാനപ്പെട്ടൊരു നേട്ടം. 2026-ഓടെ ഒരു ലക്ഷം ഹെക്ടറിലേയ്ക്ക് എത്തിക്കുന്നതിനും 3000 കോടി രൂപയുടെ വിറ്റുവരവും നേരിട്ടും അല്ലാതെയുമായി മൂന്ന് ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. 'സ്മാർട്ട് കൃഷി ഭവൻ' പദ്ധതിയെക്കുറിച്ച് ഈ സഭയിൽ ഞാൻ നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. 56 കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. കർഷകർക്ക് ഐ.ടി. അധിഷ്ഠിതമായി സേവനങ്ങൾ എത്തിച്ചുകൊടുക്കുകയെന്നത് കണക്കിലെടുത്ത് സാങ്കേതികവിദ്യകളിലൂടെ വളരെ വേഗത്തിൽ സേവനമെത്തിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിൽ നിലവിലുള്ള സോഫ്റ്റ്‌വെയറുകളെല്ലാം സംയോജിപ്പിച്ചുകൊണ്ട് 'കതിർ' സോഫ്റ്റ്‌വെയറും മൊബൈൽ ആപ്പും ജൂലൈ മാസത്തോടെ പൂർണ്ണമായും സജ്ജമാകുമെന്ന കാര്യംകൂടി അറിയിക്കുന്നു. വളരെ വേഗത്തിൽ ഈ

സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കും. കൃഷി വകുപ്പിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരെ കൂടുതലായി കൃഷിയിടങ്ങളിലേയ്ക്കെത്തിക്കാൻ ഇതിലൂടെ സാധിക്കും.

കേന്ദ്ര-സംസ്ഥാന പദ്ധതിയാണ് കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (സ്മാം-SMAM). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 96154 വ്യക്തിഗത ഗുണഭോക്താക്കൾക്കും 272 ഗ്രൂപ്പുകൾക്കും ആനുകൂല്യം നൽകുന്നതിനുവേണ്ടി 299.98 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കൂൺ ഗ്രാമത്തെക്കുറിച്ച് അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. 100 കൂൺ ഗ്രാമങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂൺ ഗ്രാമം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പുനലൂർ അഞ്ചലിലെ ഏരൂരിൽ വെള്ളിയാഴ്ച നടക്കാൻ പോകുകയാണ്. കൂണിന്റെ കാര്യത്തിൽ കൊല്ലം ജില്ല ഉൾപ്പെടെയുള്ള ജില്ലകൾ മുന്നോട്ടുവന്നിട്ടുണ്ട്. കൂണുമായി ബന്ധപ്പെട്ട മൂല്യവർധിത ഉല്പന്നങ്ങൾ അന്താരാഷ്ട്ര വിപണികളിലേയ്ക്കെത്തിക്കാൻ സാധിക്കും. കണ്ണൂർ ജില്ലയിൽ ധാരാളം മികച്ച മാതൃകകളുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. വിവിധ വിളകളുടെ സംഭരണത്തിന്റെ

കാര്യത്തിൽ ചില ആശങ്കകളും പ്രശ്നങ്ങളുമൊക്കെ ഇവിടെ പറയുകയുണ്ടായി. നാളികേരത്തിന്റെ കാര്യവും നേരത്തെ ഞാൻ പറഞ്ഞതാണ്. മില്ലുകൾക്ക് കൊടുത്തുതീർക്കാനുള്ള തുക വേഗത്തിൽ കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് സ്വീകരിക്കുന്നുണ്ട്. അതോടൊപ്പംതന്നെ നെല്ലിന്റെ വിലവർധനവിന്റെ കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും കേന്ദ്ര സർക്കാരിന്റെ വിലവർധനവിന്റെ അടിസ്ഥാനത്തിൽ അതിനനുസരിച്ചുള്ള വിലയിലേയ്ക്കെത്തണമെന്ന കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ട്. അക്കാര്യത്തിൽ അനുഭാവപൂർണ്ണമായ പരിഗണന സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് സഭയോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വില നിലവാരം പിടിച്ചുനിർത്തുന്നതിനെക്കുറിച്ച് നേരത്തെ പറഞ്ഞതുകൊണ്ട് അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിന്റെ വിവിധയിടങ്ങളിൽനിന്ന് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സമാഹരിച്ച് മറ്റിടങ്ങളിലേയ്ക്ക് എത്തിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടതായി കണക്കാക്കുന്നത്.

വടകരപ്പതി, അട്ടപ്പാടി എന്നിവിടങ്ങളിൽ തക്കാളി ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾ സംഭരിക്കുന്നതിനെക്കുറിച്ച് രാവിലെയും പരാമർശിച്ചതാണ്. വിലവർധനവുള്ള സ്ഥലങ്ങളിലേയ്ക്ക് മൊബൈൽ സേവനങ്ങൾ ഇന്നുമുതൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്നും എവിടെയെല്ലാമാണോ ആവശ്യമായി വരുന്നത് അവിടങ്ങളിലേയ്ക്കെല്ലാം ഈ സേവനങ്ങൾ എത്തിക്കുന്നതാണെന്നും അറിയിക്കുന്നു. സെക്കണ്ടറി അഗ്രികൾച്ചറിന്റെ ഭാഗമായി ഒരു കൃഷി ഭവനിൽനിന്ന് ഒരു ഉല്പന്നം എന്നതരത്തിലേയ്ക്ക് നമ്മൾ മാറിയിട്ടുണ്ട്. 'കേരള അഗ്രോ' എന്ന ബ്രാൻഡ് നാമത്തിൽ 1000 മൂല്യവർധിത ഉൽപ്പന്നങ്ങൾ കേരളത്തിലുണ്ടാവുകയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ബന്ധപ്പെട്ട് 840 കർഷകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. 'കേരള അഗ്രോ' ബ്രാൻഡ് ഷോപ്പുകൾ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്രത്യേകം ആരംഭിക്കാൻ പോകുകയാണ്.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി വന്യജീവി പ്രശ്നത്തെക്കുറിച്ച് പറയുകയുണ്ടായി. ഇതിലൂടെ കാർഷിക മേഖലയാണ് ഏറ്റവും വലിയ പ്രശ്നങ്ങൾ നേരിടുന്നത്. ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത് വനം വകുപ്പാണെങ്കിലും

കൃഷി വകുപ്പ് മുൻകയ്യെടുത്ത് 2023-24-ൽ 1.88 കോടി രൂപ ഇതിനായി വകയിരുത്തിയിരുന്നു. വനമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ വന്യമൃഗശല്യം ഒഴിവാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് തുക വകയിരുത്തിയത്. അതുകൂടാതെ, ആർ.കെ.വി.വൈ. പദ്ധതിവഴി കൃഷി വകുപ്പ് 25 കോടി രൂപയും ഇതിനുവേണ്ടി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിക്കുന്നതുസംബന്ധിച്ച് കൃഷി-വനം വകുപ്പുകൾ തമ്മിൽ പ്രൊപ്പോസൽ തയ്യാറാക്കി ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി ആലോചിച്ച് നടപടിയെടുക്കുന്നതാണ്. കേരളത്തിൽ ആദ്യമായാണ് കൃഷി വകുപ്പ് വനമേഖലയിലെ കർഷകരെ സഹായിക്കാൻവേണ്ടി ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നത്.

ഇൻഷ്വറൻസിന്റെ കാര്യം പറഞ്ഞപ്പോൾ, ഇൻഷ്വറൻസ് നിലച്ചുവെന്നൊക്കെ ബഹുമാനപ്പെട്ട എ. പ്രഭാകരൻ പറഞ്ഞു; എന്നാൽ അങ്ങനെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പി.എം.എഫ്.ബി.വൈ. എന്നപേരിലുണ്ടായിരുന്ന ഇൻഷ്വറൻസ് പദ്ധതിയേക്കാൾ മെച്ചപ്പെട്ട തരത്തിലുള്ള ഇൻഷ്വറൻസ് പദ്ധതിയായി അത് മാറിയിരിക്കുന്നത്. അതിന്റെ

അടിസ്ഥാനത്തിൽ കർഷകർക്ക് ആനുകൂല്യങ്ങൾ കൂട്ടുകയേയുള്ളൂ. കർഷകർക്ക് എവിടെയാണോ ബുദ്ധിമുട്ടുണ്ടാകുന്നത് അതിനനുസരിച്ച് പരിഹാരമുണ്ടാക്കാൻ ഇതിലൂടെ സാധിക്കും. മാത്രമല്ല, സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ആദ്യ പാദത്തിൽതന്നെ 30 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നതിൽ 22 കോടി രൂപ അനുവദിച്ചുവെന്ന വിവരം അറിയിക്കാൻ ആഗ്രഹിക്കുന്നു. ധനാഭ്യർത്ഥന പാസ്സാക്കുന്ന ഈ കാലയളവിൽ സാമ്പത്തിക പ്രതിസന്ധിക്കിടയിലും വിളനാശത്തിനെതിരായ ഇൻഷ്വറൻസ് പദ്ധതിക്കായി വലിയൊരു തുക ധനകാര്യ വകുപ്പ് അനുവദിക്കുകയും ആയത് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ടെന്നുമുള്ള കാര്യം സഭയെ അറിയിക്കുകയാണ്.

ബഹുമാനപ്പെട്ട പാലാ അംഗം പ്രസംഗിച്ചപ്പോൾ കാപ്കോയുടെ കാര്യം പരാമർശിച്ചതേയുള്ളൂ, അതിന്റെ നടപടികൾ ഒന്നുമായിട്ടില്ലെന്നാണ് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കാപ്കോ യാഥാർത്ഥ്യമായി കഴിഞ്ഞിരിക്കുന്നു. അതിന്റെ ഭാഗമായി 'അഗ്രോ പാർക്കുകൾ' ആരംഭിക്കാൻ പോകുകയാണ്. പാലായിൽ സ്ഥലലഭ്യത ഉറപ്പുവരുത്തിയാൽ അവിടെയുള്ള

ഉല്പന്നങ്ങൾ ബന്ധപ്പെടുത്തിക്കൊണ്ട് 'അഗ്രോ പാർക്ക്' ആരംഭിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. കാപ്കോ മുൻകയ്യെടുത്താണ് അതെല്ലാം നടത്തുന്നത്. കർഷക സേവന കേന്ദ്രങ്ങളെ സംബന്ധിച്ച് നേരത്തെ ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ. പറഞ്ഞിരുന്നു. കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് കൃഷി ഭവനുമായി ബന്ധപ്പെടുത്തി നൂറിടങ്ങളിൽ കർഷക സേവന കേന്ദ്രങ്ങൾ ഇക്കൊല്ലംതന്നെ ആരംഭിക്കുന്നതായിരിക്കും. ഇതുവരെ ചെയ്ത കാര്യങ്ങൾ പൊതുജനങ്ങൾകൂടി വിലയിരുത്തേണ്ടത് അനിവാര്യമാണ്. കൃഷി വകുപ്പിൽ നടപ്പാക്കുന്ന കാര്യങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വിലയിരുത്തുന്ന സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. 82 കൃഷി ഭവനുകളിൽ സോഷ്യൽ ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ കൃഷി ഭവനുകളിലും സോഷ്യൽ ഓഡിറ്റുകൾ നടപ്പിലാക്കുന്നതായിരിക്കും. ഇതുമായി ബന്ധപ്പെട്ട നയങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. കൃഷി ചെയ്യാൻ ആഗ്രഹിക്കുന്ന കർഷകർക്ക് കൃഷി ഭൂമിയില്ലാത്ത പ്രശ്നമുണ്ട്. കൃഷി ചെയ്യുന്നതിനുവേണ്ടി കൃഷി ഭൂമി ലഭ്യമാക്കുന്നതിനും മറ്റ് തടസ്സങ്ങളില്ലാത്ത തരത്തിൽ കൃഷി ചെയ്യുന്നതിനുമുള്ള സംവിധാനമുണ്ടാകും. Crop Cultivator

Rights Card നൽകുന്നതിനെക്കുറിച്ചാണ് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

കേരളത്തിന്റെ കാർഷിക സർവകലാശാലയെക്കുറിച്ചുകൂടി പറയേണ്ടത് അനിവാര്യമാണ്. ഇക്കാലയളവിനുള്ളിൽ കാർഷിക സർവകലാശാല 14 സാങ്കേതികവിദ്യകൾ വികസിപ്പിച്ച് കൈമാറിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി കേരളത്തിന്റെ കാർഷിക സർവകലാശാല വിവിധ മേഖലകളിൽ 15 പേറ്റന്റുകൾ കരസ്ഥമാക്കിയിട്ടുണ്ട്. അതോടൊപ്പം എക്സൈസ് പോളിസിയിന്മേൽ 'വൈൻ' ഉല്പാദനവുമായി ബന്ധപ്പെട്ട് ഒരു മാറ്റമുണ്ടായിരുന്നു. പഴങ്ങളിൽനിന്ന് വൈൻ ഉല്പാദിപ്പിക്കാനുള്ള അനുവാദം ലഭിച്ചാൽ കർഷകർക്ക് ഏറ്റവും ഗുണകരമാകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരത്തിലൊരു നീക്കം ആരംഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വൈൻ പെർമിറ്റ് സർവകലാശാലയ്ക്ക് ലഭിക്കുകയും ചെയ്തു. പൈനാപ്പിൾ, കശുമാങ്ങ, പാളയൻകോടൻപഴം എന്നിവയിൽനിന്ന് വൈൻ ഉല്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചു. ഉല്പാദനത്തിനായി എക്സൈസ് വകുപ്പിൽനിന്ന്

ലൈസൻസ് ലഭ്യമായിട്ടുണ്ട്. വില്പനയുടെ പെർമിറ്റ് ലഭിക്കുന്നതിന് എക്സൈസ് വകുപ്പിൽ അപേക്ഷ നൽകിയിട്ടുണ്ട്. സംരംഭകരായ കർഷകർക്ക് അതിന്റെ സാങ്കേതികവിദ്യ കൈമാറുന്നതിന് തയ്യാറായിട്ടുണ്ട്. അതോടൊപ്പംതന്നെ Western Sydney University-യുമായി പി.ജി., പി.എച്ച്.ഡി. കോഴ്സുകൾക്ക് ധാരണപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. കേന്ദ്ര നയങ്ങൾ സംസ്ഥാനത്തിന് പ്രതിസന്ധിയും പ്രയാസവും സൃഷ്ടിക്കുന്നുണ്ട്. പതിനാല് സ്വതന്ത്ര വ്യാപാര കരാറുകളുമായി ബന്ധപ്പെട്ട് ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിന്റെ ഭാഗമായുള്ള പ്രതിസന്ധി ഇപ്പോഴുണ്ട്. ഇക്കാര്യങ്ങൾ നേരത്തെ ഇവിടെ സൂചിപ്പിച്ചതായതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. 2033 ലക്ഷ്യംവച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനോടൊപ്പം കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി 107 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് 'കൃഷി സമൃദ്ധി' എന്ന പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പാക്കുന്നുണ്ട്. കേരളത്തിനാവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കാനുള്ള മണ്ണും മനുഷ്യരും

ഇവിടെയുണ്ട്. നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമായി മാറേണ്ട ഒരു കാര്യമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശാനുസരണം സമഗ്രമായ ഒരു ജനകീയ പച്ചക്കറി പദ്ധതി ജൂലൈ മാസത്തോടുകൂടി ആരംഭിക്കാൻ ശ്രമിക്കുന്നുണ്ട്. എല്ലാവരുടെയും പിന്തുണയും പിൻബലവും അക്കാര്യത്തിലുണ്ടാകണം. ബഡ്ജറ്റ് തുക അപര്യാപ്തമായ സാഹചര്യത്തിൽ പുറത്തുനിന്നുകൂടി ധനസമാഹാരണം ആവശ്യമായതിനാലാണ് 'കേര' എന്ന പദ്ധതിയിലേക്ക് നീങ്ങിയത്. ഐക്യരാഷ്ട്രസഭ 2026 വനിതാ കർഷക വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനാണ് കൃഷിവകുപ്പ് തീരുമാനിച്ചിരിക്കുന്നത്.

റബ്ബർ മേഖലയിൽ പണം നൽകുന്നില്ലെന്ന് ഇവിടെ ചിലർ സൂചിപ്പിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം 150 കോടിയോളം രൂപ റബ്ബറുമായി ബന്ധപ്പെട്ട പ്രൊഡക്ഷൻ ഇൻസെന്റീവിന്റെ ഭാഗമായി ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ഒന്നും കൊടുക്കുന്നില്ലെന്ന് ചിലർ പറയുന്നത് വളരെ രസകരമായി പറയുന്നതുപോലെ തോന്നുന്നു. അത് തീർത്തും ശരിയായ കാര്യമല്ലെന്ന് അറിയിക്കുകയാണ്. ആലുവയിലെ ചുഴലിക്കാറ്റിനെക്കുറിച്ച്

ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രാഥമിക കണക്കെടുപ്പിൽ ഏതാണ്ട് പതിനാറ് ലക്ഷത്തോളം രൂപയുടെ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. യഥാർഥ കണക്കെടുപ്പിൽ ഇനിയും വ്യത്യാസമുണ്ടാകാൻ സാധ്യതയുണ്ട്. അതിനനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

‘ KAMCO’ (Kerala Agro Machinery Corporation Ltd.)-യുടെ അവസ്ഥയെക്കുറിച്ചും പ്രതിസന്ധിയെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. ഉല്പാദനവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രശ്നമുണ്ടായത് കോവിഡ് കാലഘട്ടത്തിലാണ്. ആ സമയത്ത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കാണ് നമ്മുടെ ഉല്പന്നങ്ങൾ കൂടുതലായും കയറ്റുമതി ചെയ്തിരുന്നത്. അവിടെയും ചില ബുദ്ധിമുട്ടുകളുണ്ടായിരുന്നു. തിരഞ്ഞെടുപ്പ് സമയത്തും ഉല്പാദനമേഖലയിൽ ചില പ്രതിസന്ധികളുണ്ടായി. അവയൊക്കെ തരണം ചെയ്ത് ‘ KAMCO’ മെച്ചപ്പെട്ട നിലയിലെത്തുമെന്ന് ഞാൻ ഉറപ്പ് നൽകുന്നു.

നെല്ലുമായി ബന്ധപ്പെട്ട കാര്യം നേരത്തെ സൂചിപ്പിച്ചു. നെല്ലിന് ഏറ്റവും ഉയർന്ന വില കിട്ടുന്നത് കേരളത്തിലാണ്. ഇൻഷ്വറൻസിന്റെ കാര്യത്തിൽ

യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാകുകയില്ല. കുട്ടനാട് പദ്ധതിയുടെ ഭാഗമായി സാധ്യമാകുന്ന കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാം. 'നെൽവയൽ നികത്തൽ സംരക്ഷണ നിയമം' കേരളത്തിന് അത്യന്താപേക്ഷിതമായ കാര്യമാണ്. അതിനെ അവഗണിച്ചുകൊണ്ട് യാതൊന്നും നടപ്പാക്കാൻ നമുക്ക് കഴിയില്ല. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് കേരഫെഡിന് പ്രതിസന്ധികളും പ്രയാസങ്ങളുമുണ്ടാക്കിയത് കേന്ദ്ര നിലപാടുകളാണ്. ഇക്കാര്യങ്ങളെല്ലാം കേന്ദ്രമന്ത്രിയെ നേരിൽക്കണ്ട് ബോധ്യപ്പെടുത്തുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. ജൂലൈ മാസം രണ്ടാം തീയതിയാണ് കേന്ദ്രമന്ത്രിയുമായുള്ള കൂടിക്കാഴ്ച നിശ്ചയിച്ചിരിക്കുന്നത്. ‘ soil health card’ ഘട്ടംഘട്ടമായി എല്ലാവർക്കും നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. താമസംവിനാ അത് നൽകുന്നതായിരിക്കും. കർഷക ആത്മഹത്യ കൂടിവരുന്നെന്ന് ശ്രീ. സണ്ണി ജോസഫ് ഇവിടെ പറയുകയുണ്ടായി. ഈ വൈകിയ വേളയിൽ, അക്കാര്യങ്ങൾ ഖണ്ഡിക്കാൻ ഞാൻ വേറൊന്നും പറയുന്നില്ല. കഴിഞ്ഞ ഓരോ സർക്കാരിന്റെ കാലഘട്ടത്തിലും നടന്ന സംഭവങ്ങളുടെ കണക്ക് പരിശോധിച്ചതിനുശേഷം ഈ വാചകം

പറയുന്നതായിരിക്കും ഉചിതമെന്ന് തോന്നുന്നു. ഒരാളും ആത്മഹത്യ ചെയ്യാൻ പാടില്ലെന്നുതന്നെയാണ് നമ്മുടെ ഓരോരുത്തരുടേയും അഭിപ്രായം. കൃഷിക്കാർ ആത്മഹത്യ ചെയ്യാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കും. ഇതൊരു രാഷ്ട്രീയപ്രശ്നം മാത്രമാക്കി സർക്കാരിനുമേൽ പഴിചാരുമ്പോൾ മുൻകാലങ്ങളിലെ സർക്കാരുകളുടെ കാര്യംകൂടി അങ്ങ് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. പറഞ്ഞുപറ്റിച്ചു, നിലവിൽ റബ്ബറിന്റെ വില 250 അല്ല, 170 രൂപയാണ്. ഈ മേഖലയിൽ 2000 കോടിയിലധികം രൂപ സർക്കാർ നൽകിയിട്ടുണ്ടെന്നുള്ളതും നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് നടപടികളൊന്നുമില്ലെന്ന് പറയുന്നത് ശരിയല്ല.

ബഹുമാനപ്പെട്ട നിരവധി അംഗങ്ങൾ കൃഷി വകുപ്പുമായി ചേർന്ന് അവരവരുടെ നിയോജകമണ്ഡലത്തിൽ ധാരാളം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. 'ഹരിതം ഹരിപ്പാട്' , 'സുസ്ഥിര തൃത്താല' , 'കൃഷിക്കൊപ്പം കളമശ്ശേരി' , ഇരിങ്ങാലക്കുട-'പച്ചക്കുട' , 'ഒല്ലൂർ കൃഷി സമൃദ്ധി' , 'ചെങ്ങന്നൂർ സമൃദ്ധി' , ചേർത്തല-'കരപ്പുറം വിഷൻ' , 'കാർബൺ ന്യൂട്രൽ കാട്ടാക്കട' ,

അടൂർ-'നിറപൊലിവ്, 'ഗ്രീൻ ഗുരുവായൂർ' , കല്ല്യാശ്ശേരി-'ഔഷധഗ്രാമം' , ചാത്തന്നൂർ-'പുനർജ്ജനി' , ആലത്തൂർ- 'നിറ' , കടുത്തുരുത്തി-'സമഗ്ര കാർഷിക വികസന പദ്ധതി' , പുതുക്കാട്-'പൊലിമ, തരൂർ 'സമൃദ്ധി,' ചേലക്കര- 'സമഗ്ര പദ്ധതി' , കയ്പമംഗലം-'തളിർ', വട്ടിയൂർക്കാവ്-'നമ്മുടെ ഓണം നമ്മുടെ പച്ചക്കറി' തുടങ്ങി തലശ്ശേരി നിയോജകമണ്ഡലത്തിലടക്കം നടത്തുന്ന പദ്ധതികളുണ്ട്. പ്രസ്തുത പദ്ധതികൾക്കെല്ലാം അതത് നിയോജകമണ്ഡലങ്ങളിൽ വളരെ വിജയകരമായ കഥകളുണ്ട്. അതെല്ലാം നമ്മുടെ അനുഭവങ്ങളാണ്. കേരളത്തിൽ കൃഷിയുമായി ബന്ധപ്പെട്ട് പുറത്തിറങ്ങുന്ന നിരവധി പ്രസിദ്ധീകരണങ്ങളുണ്ട്. കർഷകശ്രീ, കർഷകൻ, കേരള കർഷകൻ തുടങ്ങിയവയെല്ലാം പരിശോധിക്കണം. ഈ പദ്ധതികളുമായി ബന്ധപ്പെട്ട വിജയകഥകളുടെ കാര്യമാണ് അതിലൊക്കെയുള്ളത്. ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ് നാം മുന്നോട്ടുപോകേണ്ടതുണ്ട്. നമ്മൾ ഒത്തൊരുമിച്ച് കേരളത്തിന്റെ കാർഷിക മേഖലയെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുകയും പിൻബലം നൽകുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. രാഷ്ട്രീയത്തിനപ്പുറം ജീവിതവുമായി ബന്ധപ്പെട്ട

വിഷയമായി കണക്കാക്കി മുന്നോട്ടുപോയാൽ നല്ല മെച്ചമുണ്ടാക്കാൻ സാധിക്കും. ഓരോ സ്ഥലങ്ങളുമായും ബന്ധപ്പെട്ട് മെച്ചപ്പെട്ട ഇനം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ലോകത്തിന്റെ വിവിധ ഇടങ്ങളിലേയ്ക്ക് എത്തിക്കേണ്ടതുണ്ടെന്ന കാര്യം കണക്കിലെടുക്കേണ്ടതുണ്ട്. കേരളത്തിൽ സഹകരണവകുപ്പാണ് ഇക്കാര്യത്തിൽ മുൻകൈ എടുക്കുന്നത്. വിദേശ രാജ്യങ്ങളിലേക്ക് കാർഷികോല്പന്നങ്ങൾ കയറ്റുമതിചെയ്യുന്നതിനെക്കുറിച്ചുള്ള വാർത്തകൾ മാധ്യമങ്ങളിൽ കണ്ടതാണ്. സത്യസന്ധമായ വാർത്തകൾ വളച്ചൊടിച്ചാണ് മാധ്യമങ്ങൾ ചിത്രീകരിക്കുന്നതെന്ന കാര്യം നമ്മൾ മനസ്സിലാക്കണം. ഈ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് സാധിക്കും. നേരത്തെ സൂചിപ്പിച്ച പദ്ധതികളുമായി ബന്ധപ്പെട്ട് നിരവധി സ്ഥലങ്ങളിലേയ്ക്ക് കേരളത്തിലെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുവെന്നത് യാഥാർത്ഥ്യമാണ്. കേന്ദ്രസർക്കാരിന്റെ നയങ്ങൾ സംസ്ഥാന സർക്കാരിന് പല തരത്തിലുള്ള ബുദ്ധിമുട്ടുകളുമുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് നാം ഒരുമിച്ച് നിൽക്കേണ്ടതുണ്ട്. നമുക്ക് ഒരിക്കലും മാറ്റിനിർത്താൻ സാധിക്കാത്ത ഒരു മേഖലയാണ് കാർഷിക മേഖല. അതുകൊണ്ട് ആ അർത്ഥത്തിലുള്ള എല്ലാ ഇടപെടലും ഉണ്ടാകണമെന്ന്

ഒരിക്കൽക്കൂടി സൂചിപ്പിക്കുന്നു. ഇവിടെ ഉന്നയിച്ച രാഷ്ട്രീയകാര്യങ്ങൾക്കൊന്നും ഞാൻ മറുപടി പറയുന്നില്ല. എല്ലാവരും തോറ്റുതകിടം മറിഞ്ഞുവെന്ന് ചിന്തിച്ച് സായൂജ്യം കൊള്ളുന്നത് നല്ലതായിരിക്കും. വരുന്ന പഞ്ചായത്ത്/നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ആരാണ് തഴയപ്പെടുന്നത്; ആരാണ് സ്വീകരിക്കപ്പെടുന്നതെന്നത് കണ്ടറിയേണ്ട കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഉജ്ജ്വലമായ വിജയം നേടുമെന്ന കാര്യത്തിൽ ആർക്കും ഒരു തർക്കവും ഉണ്ടാകേണ്ടതില്ല. ഇന്ത്യാ മുന്നണിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിങ്ങൾ അങ്ങനെ മത്സരിച്ചില്ലേ; വയനാട് മത്സരിക്കുന്നില്ലേ; ആദരണീയനായ ഡോ. എം. കെ. മുനീർ ഫൈസാബാദിന്റെ കാര്യമുൾപ്പെടെ പറഞ്ഞു. ഇന്ത്യാ മുന്നണിയുടെ യോജിപ്പിനെക്കുറിച്ചും എല്ലാവരെയും കൂട്ടിയോജിപ്പിക്കുന്നതിനെക്കുറിച്ചും അതിൽ കോൺഗ്രസും മറ്റുചില പാർട്ടികളും സ്വീകരിച്ച സമീപനത്തെക്കുറിച്ചുമൊക്കെ ആദരണീയനായ മുഖ്യമന്ത്രി സംസാരിക്കുകയുണ്ടായി. യു.പി.-യിലും ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ട്. അയോദ്ധ്യ ഉൾപ്പെടുന്ന ഫൈസാബാദ് ഏറ്റവും പ്രധാനപ്പെട്ട നിയോജകമണ്ഡലമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച

മിത്രസെൻ യാദവ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് മത്സരിച്ച് വിജയിച്ചതാണ്. എല്ലാവരെയും കൂട്ടിയോജിപ്പിക്കുന്നതിനപ്പുറം നമ്മൾ മാത്രം മതിയെന്ന സങ്കുചിതമായ ചിന്തയിൽ യു.പി.-ൽ അടക്കം ഭരിച്ചപ്പോഴാണ് ഇടതുപക്ഷത്തെ വേണ്ടതില്ലെന്ന തീരുമാനത്തിലെത്തിയത്. അല്ലായിരുന്നെങ്കിൽ ഇതിനേക്കാൾ ഉജ്ജ്വലമായ ഫലം ഉണ്ടാകുമായിരുന്നെന്ന് അങ്ങയോടൊപ്പമിരിക്കുന്ന ആളുകളോടാണ് പറയേണ്ടത്. ഇടതുപക്ഷം എല്ലാ സ്ഥലങ്ങളിലും സഹകരിക്കാൻ കഴിയുന്ന തരത്തിലാണ് പ്രവർത്തിച്ചത്. കേരളത്തിൽ നമുക്ക് അങ്ങോട്ടുമിങ്ങോട്ടും മത്സരിക്കാം. മറ്റിടങ്ങളിലൊക്കെ അതല്ല, ആ യോജിപ്പിന്റെ രീതിയല്ല പലയിടങ്ങളിലും നിങ്ങൾ പിന്തുടർന്നത്. അതുകൊണ്ടുതന്നെ പല സംസ്ഥാനങ്ങളിലും നമുക്ക് അന്യോന്യം എതിർക്കുന്ന തരത്തിൽ എത്തേണ്ടിവന്നു. വോട്ടിന്റെ എണ്ണത്തിന്റെ കാര്യത്തിലല്ല, നിലപാടുകളുടെ പേരിൽ ഫാസിസത്തെ എതിർക്കാൻ ഇടതുപക്ഷത്തിനല്ലാതെ വേറെ ആരെക്കൊണ്ട് സാധിക്കും; ആരെങ്കിലും അങ്ങനെ എതിർത്തിട്ടുണ്ടോയെന്നും ആലോചിക്കണം. ഓരോയിടങ്ങളിലും അൽപ്പം പോലും വിട്ടുവീഴ്ചയില്ലാതെ ഇന്ത്യൻ ഫാസിസത്തെ തുടക്കം മുതൽ

എതിർക്കുന്നവരാണ് ഞങ്ങളെന്ന കാര്യത്തിൽ ഫാസിസത്തെക്കുറിച്ച് പുസ്തകമെഴുതിയ ഡോ. എം. കെ. മുനീറിനുപോലും സംശയമുണ്ടാകില്ലെന്ന് എനിക്ക് ഉറച്ചവിശ്വാസമുണ്ട്. ഫാസിസ്റ്റുകളോട് എതിരിടുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്നുവെന്നത് ഇടതുപക്ഷത്തിന്റെ പ്രത്യേകതയാണ്. ഇടതുപക്ഷം വേണ്ടെന്ന് തീരുമാനിക്കുന്നിടത്ത് നിങ്ങൾ ആർക്കാണ് പരിഗണന കൊടുത്തതെന്ന് ആലോചിച്ചുനോക്കുക. ഇത് ഇന്ത്യയുടെ ചുവരെഴുത്താണ്. അത് മനസ്സിലാക്കി ഇനിയെങ്കിലും അത്തരത്തിൽ തിരുത്തുകയെന്നത് അനിവാര്യമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യങ്ങളിൽ എല്ലാ അംഗങ്ങളുടെയും പിന്തുണയും പിൻബലവും ഉണ്ടാകണം. ഇതിലൂടെ നമ്മുടെ പ്രദേശങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുന്നതാണ്. എല്ലാവരുടെയും സജീവമായ ഇടപെടൽ ഉണ്ടാകണം. ഇക്കാര്യങ്ങളിന്മേൽ നിങ്ങൾകൂടി മുൻകയ്യെടുത്ത് അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നതിൽ അങ്ങേയറ്റം സന്തോഷമേയുള്ളൂ. മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ ആവശ്യമായ ഇടപെടൽ നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർഥന നമ്പർ XVII
## വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

മി. സ്പീക്കർ: സർവശ്രീ അനൂപ് ജേക്കബ്, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, അൻവർ സാദത്ത്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. വിൻസെന്റ്, ടി. സിദ്ദിഖ്, സി. ആർ. മഹേഷ്, ടി. വി. ഇബ്രാഹിം, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XVII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, പോളിംഗിന് ബെൽ മുഴങ്ങിക്കഴിഞ്ഞാൽ ചെയറിൽനിന്നും നിർദേശം വരുന്നതാണ്. അതിനുശേഷം 'സ്റ്റാർട്ട് പോളിംഗ്' എന്ന് ചെയർ അറിയിക്കുമ്പോൾ മാത്രമേ ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്താൻ പാടുള്ളൂ. വോട്ടിംഗ് ആരംഭിക്കുമ്പോൾ സാമാജികർക്ക് വോട്ടിംഗിനുള്ള സ്ക്രീൻ ലഭിക്കും. അത് ലഭിക്കാത്തവർക്ക് കമ്പ്യൂട്ടറിലെ വോട്ടിംഗ് ബട്ടൺ പ്രസ്സ് ചെയ്താൽ വോട്ടിംഗിനുള്ള സ്ക്രീൻ ലഭിക്കും.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

**അനുകൂലിക്കുന്നവർ:**

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. പി. വി. അൻവർ
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. കെ. എൻ. ബാലഗോപാൽ
12. ഡോ. ആർ. ബിന്ദു
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീമതി ജെ. ചിഞ്ചുറാണി
15. ശ്രീ. പി. പി. ചിത്തരഞ്ജൻ

16. ശ്രീമതി ദെലീമ
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോബ് മൈക്കിൾ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി

33. ശ്രീ. എം. എം. മണി

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹസിൻ

38. ശ്രീ. സി. സി. മുകുന്ദൻ

39. ശ്രീ. പി. നന്ദകുമാർ

40. ശ്രീ. എ. പ്രഭാകരൻ

41. ശ്രീ. പ്രമോദ് നാരായൺ

42. ശ്രീ. പി. പ്രസാദ്

43. ശ്രീ. വി. കെ. പ്രശാന്ത്

44. ശ്രീ. കെ. ഡി. പ്രസേനൻ

45. ശ്രീമതി യു. പ്രതിഭ

46. ശ്രീ. കെ. പ്രേംകുമാർ

47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. എം. രാജഗോപാലൻ

49. ശ്രീ. കെ. രാജൻ

50. ശ്രീ. പി. രാജീവ്

51. ശ്രീ. എം. ബി. രാജേഷ്

52. ശ്രീ. കെ. കെ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. ടി. പി. രാമകൃഷ്ണൻ

55. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

56. ശ്രീ. റോഷി അഗസ്റ്റിൻ

57. ശ്രീ. കെ. എം. സച്ചിൻദേവ്

58. ശ്രീ. സജി ചെറിയാൻ

59. ശ്രീ. എച്ച്. സലാം

60. ശ്രീമതി ശാന്തകുമാരി കെ.

61. ശ്രീ. എ. കെ. ശശീന്ദ്രൻ

62. ശ്രീ. ഐ. ബി. സതീഷ്

63. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

64. ശ്രീ. വി. ശിവൻകുട്ടി

65. ശ്രീ. വാഴൂർ സോമൻ

66. ശ്രീ. പി. വി. ശ്രീനിജിൻ

67. ശ്രീ. ജി. സ്റ്റീഫൻ

68. ഡോ. സുജിത് വിജയൻപിള്ള

69. ശ്രീ. കെ. വി. സുമേഷ്

70. ശ്രീ. പി. പി. സുമോദ്

71. ശ്രീ. പി. എസ്. സുപാൽ

72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

73. ശ്രീ. തോമസ് കെ. തോമസ്

74. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

75. ശ്രീ. വി. എൻ. വാസവൻ

76. ശ്രീമതി വീണാ ജോർജ്ജ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

79. ശ്രീ. എം. വിജിൻ

80. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ**:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. ശ്രീ. മഞ്ഞളാംകുഴി അലി

3. ശ്രീ. എ. പി. അനിൽ കുമാർ

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീ. സി. ആർ. മഹേഷ്

11. ശ്രീ. കെ. പി. എ. മജീദ്

12. ഡോ. മാത്യു കുഴൽനാടൻ

13. ഡോ. എം. കെ. മുനീർ

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

15. ശ്രീമതി കെ. കെ. രമ

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. എൻ. ഷംസുദ്ദീൻ

18. ശ്രീ. സനീഷ്കുമാർ ജോസഫ്

19. ശ്രീ. വി. ഡി. സതീശൻ

20. ശ്രീ. ടി. സിദ്ദിഖ്

21. ശ്രീ. സണ്ണി ജോസഫ്

22. ശ്രീ. പി. ഉബൈദുള്ള

23. ശ്രീമതി ഉമ തോമസ്

24. ശ്രീ. എം. വിൻസെന്റ്

25. ശ്രീ. ടി. ജെ. വിനോദ്

26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 80 |
| പ്രതികൂലിക്കുന്നവർ | - | 26 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV
## തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും

മി.സ്പീക്കർ: സർവ്വശ്രീ കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, എൽദോസ് പി. കുന്നപ്പിള്ളിൽ, സജീവ് ജോസഫ്, സനീഷ് കുമാർ ജോസഫ്, എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, ടി. വി. ഇബ്രാഹിം, ശ്രീ. ടി. ജെ. വിനോദ്, അനൂപ് ജേക്കബ്, കെ. ബാബു (തൃപ്പൂണിത്തുറ), അൻവർ സാദത്ത്, ടി. സിദ്ദിഖ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. വിൻസെന്റ്, സി. ആർ. മഹേഷ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XXIV-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള

ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ**:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. പി. വി. അൻവർ
8. ശ്രീ. എം. എസ്. അരുൺ കുമാർ

9. ശ്രീമതി സി. കെ. ആശ

10. ശ്രീ. കെ. ബാബു (നെന്മാറ)

11. ശ്രീ. കെ. എൻ. ബാലഗോപാൽ

12. ഡോ. ആർ. ബിന്ദു

13. ശ്രീ. ഇ. ചന്ദ്രശേഖരൻ

14. ശ്രീമതി ജെ. ചിഞ്ചുറാണി

15. ശ്രീ. പി. പി. ചിത്തരഞ്ജൻ

16. ശ്രീമതി ദെലീമ

17. ശ്രീ. കെ. ബി. ഗണേഷ് കുമാർ

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ഡോ. കെ. ടി. ജലീൽ

20. ശ്രീമതി കാനത്തിൽ ജമീല

21. ശ്രീ. ജി. എസ്. ജയലാൽ

22. ഡോ. എൻ. ജയരാജ്

23. ശ്രീ. കെ. യു. ജനീഷ് കുമാർ

24. ശ്രീ. ജോബ് മൈക്കിൾ

25. ശ്രീ. വി. ജോയി

26. ശ്രീ. ഒ. ആർ. കേളു

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. ലിന്റോ ജോസഫ്

31. ശ്രീ. ടി. ഐ. മധുസൂദനൻ

32. ശ്രീ. പി. മമ്മിക്കുട്ടി

33. ശ്രീ. എം. എം. മണി

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹസിൻ

38. ശ്രീ. സി. സി. മുകുന്ദൻ

39. ശ്രീ. പി. നന്ദകുമാർ

40. ശ്രീ. എ. പ്രഭാകരൻ

41. ശ്രീ. പ്രമോദ് നാരായൺ

42. ശ്രീ. പി. പ്രസാദ്

43. ശ്രീ. വി. കെ. പ്രശാന്ത്

44. ശ്രീ. കെ. ഡി. പ്രസേനൻ

45. ശ്രീമതി യു. പ്രതിഭ

46. ശ്രീ. കെ. പ്രേംകുമാർ

47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. എം. രാജഗോപാലൻ

49. ശ്രീ. കെ. രാജൻ

50. ശ്രീ. പി. രാജീവ്

51. ശ്രീ. എം. ബി. രാജേഷ്

52. ശ്രീ. കെ. കെ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. ടി. പി. രാമകൃഷ്ണൻ

55. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

56. ശ്രീ. റോഷി അഗസ്റ്റിൻ

57. ശ്രീ. കെ. എം. സച്ചിൻദേവ്

58. ശ്രീ. സജി ചെറിയാൻ

59. ശ്രീ. എച്ച്. സലാം

60. ശ്രീമതി ശാന്തകുമാരി കെ.

61. ശ്രീ. എ. കെ. ശശീന്ദ്രൻ

62. ശ്രീ. ഐ. ബി. സതീഷ്

63. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

64. ശ്രീ. വി. ശിവൻകുട്ടി

65. ശ്രീ. വാഴൂർ സോമൻ

66. ശ്രീ. പി. വി. ശ്രീനിജിൻ

67. ശ്രീ. ജി. സ്റ്റീഫൻ

68. ഡോ. സുജിത് വിജയൻപിള്ള

69. ശ്രീ. കെ. വി. സുമേഷ്

70. ശ്രീ. പി. പി. സുമോദ്

71. ശ്രീ. പി. എസ്. സുപാൽ

72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

73. ശ്രീ. തോമസ് കെ. തോമസ്

74. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

75. ശ്രീ. വി. എൻ. വാസവൻ

76. ശ്രീമതി വീണാ ജോർജ്ജ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

79. ശ്രീ. എം. വിജിൻ

80. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ**:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. ശ്രീ. മഞ്ഞളാംകുഴി അലി

3. ശ്രീ. എ. പി. അനിൽ കുമാർ

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീ. സി. ആർ. മഹേഷ്

11. ശ്രീ. കെ. പി. എ. മജീദ്

12. ഡോ. മാത്യു കുഴൽനാടൻ

13. ഡോ. എം. കെ. മുനീർ

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

15. ശ്രീമതി കെ. കെ. രമ

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. എൻ. ഷംസുദ്ദീൻ

18. ശ്രീ. സനീഷ്കുമാർ ജോസഫ്

19. ശ്രീ. വി. ഡി. സതീശൻ

20. ശ്രീ. ടി. സിദ്ദിഖ്

21. ശ്രീ. സണ്ണി ജോസഫ്

22. ശ്രീ. പി. ഉബൈദുള്ള

23. ശ്രീമതി ഉമ തോമസ്

24. ശ്രീ. എം. വിൻസെന്റ്

25. ശ്രീ. ടി. ജെ. വിനോദ്

26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 80 |
| പ്രതികൂലിക്കുന്നവർ | - | 26 |

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX
## കൃഷി

മി.സ്പീക്കർ: സർവ്വശ്രീ കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, പി. ഉബൈദുള്ള, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. പി. അനിൽകുമാർ, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യു കുഴൽനാടൻ, കെ. ബാബു (തൃപ്പൂണിത്തുറ), അൻവർ സാദത്ത്, സനീഷ്കുമാർ ജോസഫ്, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, സജീവ് ജോസഫ്, ടി. വി. ഇബ്രാഹിം, അനൂപ് ജേക്കബ്, സി. ആർ. മഹേഷ്, ടി. ജെ. വിനോദ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ**:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ

6. ശ്രീ. ആന്റണി രാജു

7. ശ്രീ. പി. വി. അൻവർ

8. ശ്രീ. എം. എസ്. അരുൺ കുമാർ

9. ശ്രീമതി സി. കെ. ആശ

10. ശ്രീ. കെ. ബാബു (നെന്മാറ)

11. ശ്രീ. കെ. എൻ. ബാലഗോപാൽ

12. ഡോ. ആർ. ബിന്ദു

13. ശ്രീ. ഇ. ചന്ദ്രശേഖരൻ

14. ശ്രീമതി ജെ. ചിഞ്ചുറാണി

15. ശ്രീ. പി. പി. ചിത്തരഞ്ജൻ

16. ശ്രീമതി ദെലീമ

17. ശ്രീ. കെ. ബി. ഗണേഷ് കുമാർ

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ഡോ. കെ. ടി. ജലീൽ

20. ശ്രീമതി കാനത്തിൽ ജമീല

21. ശ്രീ. ജി. എസ്. ജയലാൽ

22. ഡോ. എൻ. ജയരാജ്

23. ശ്രീ. കെ. യു. ജനീഷ് കുമാർ

24. ശ്രീ. ജോബ് മൈക്കിൾ

25. ശ്രീ. വി. ജോയി

26. ശ്രീ. ഒ. ആർ. കേളു

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. ലിന്റോ ജോസഫ്

31. ശ്രീ. ടി. ഐ. മധുസൂദനൻ

32. ശ്രീ. പി. മമ്മിക്കുട്ടി

33. ശ്രീ. എം. എം. മണി

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹസിൻ

38. ശ്രീ. സി. സി. മുകുന്ദൻ

39. ശ്രീ. പി. നന്ദകുമാർ

40. ശ്രീ. എ. പ്രഭാകരൻ

41. ശ്രീ. പ്രമോദ് നാരായൺ

42. ശ്രീ. പി. പ്രസാദ്

43. ശ്രീ. വി. കെ. പ്രശാന്ത്

44. ശ്രീ. കെ. ഡി. പ്രസേനൻ

45. ശ്രീമതി യു. പ്രതിഭ

46. ശ്രീ. കെ. പ്രേംകുമാർ

47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. എം. രാജഗോപാലൻ

49. ശ്രീ. കെ. രാജൻ

50. ശ്രീ. പി. രാജീവ്

51. ശ്രീ. എം. ബി. രാജേഷ്

52. ശ്രീ. കെ. കെ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. ടി. പി. രാമകൃഷ്ണൻ

55. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

56. ശ്രീ. റോഷി അഗസ്റ്റിൻ

57. ശ്രീ. കെ. എം. സച്ചിൻദേവ്

58. ശ്രീ. സജി ചെറിയാൻ

59. ശ്രീ. എച്ച്. സലാം

60. ശ്രീമതി ശാന്തകുമാരി കെ.

61. ശ്രീ. എ. കെ. ശശീന്ദ്രൻ

62. ശ്രീ. ഐ. ബി. സതീഷ്

63. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

64. ശ്രീ. വി. ശിവൻകുട്ടി

65. ശ്രീ. വാഴൂർ സോമൻ

66. ശ്രീ. പി. വി. ശ്രീനിജിൻ

67. ശ്രീ. ജി. സ്റ്റീഫൻ

68. ഡോ. സുജിത് വിജയൻപിള്ള

69. ശ്രീ. കെ. വി. സുമേഷ്

70. ശ്രീ. പി. പി. സുമോദ്

71. ശ്രീ. പി. എസ്. സുപാൽ

72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

73. ശ്രീ. തോമസ് കെ. തോമസ്

74. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

75. ശ്രീ. വി. എൻ. വാസവൻ

76. ശ്രീമതി വീണാ ജോർജ്ജ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

79. ശ്രീ. എം. വിജിൻ

80. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ:**

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. ശ്രീ. മഞ്ഞളാംകുഴി അലി

3. ശ്രീ. എ. പി. അനിൽ കുമാർ

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീ. സി. ആർ. മഹേഷ്

11. ശ്രീ. കെ. പി. എ. മജീദ്

12. ഡോ. മാത്യു കുഴൽനാടൻ

13. ഡോ. എം. കെ. മുനീർ

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

15. ശ്രീമതി  കെ. കെ. രമ

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. എൻ. ഷംസുദ്ദീൻ

18. ശ്രീ. സനീഷ്കുമാർ ജോസഫ്

19. ശ്രീ. വി. ഡി. സതീശൻ

20. ശ്രീ. ടി. സിദ്ദിഖ്

21. ശ്രീ. സണ്ണി ജോസഫ്

22. ശ്രീ. പി. ഉബൈദുള്ള

23. ശ്രീമതി ഉമ തോമസ്

24. ശ്രീ. എം. വിൻസെന്റ്

25. ശ്രീ. ടി. ജെ. വിനോദ്

26. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും 2024 ജൂൺ 27 വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 27-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.42-ന് പിരിഞ്ഞു.)

*****